പാണാവള്ളി ഗ്രാമ പഞ്ചായത്ത്

ഒമ്പതാം പഞ്ചവത്സരപദ്ധതി

1997-2002

ജനകീയാസൂത്രണം

സമഗ്രവികസനരേഖ

കേരളം
പാണാവള്ളി
ആലപ്പുഴ ജില്ല

പ്രസിഡന്റ്

എൻ. ആർ. രാധാമണി



വൈസ് പ്രസിഡന്റ്

എം. കെ. വേലായുധൻ



സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻ

കെ. രവീന്ദ്രൻ

<u>ഗ്രാമ പഞ്ചായത്ത് സാരഥികൾ</u>

എം. ആർ. രവി
കെ. എം. ഖാലീദ്
വി. ആർ. പത്മനാഭൻ നായർ
എ. കെ. സദാനന്ദൻ
പി. മനീഷ
ലതാ പങ്കജാക്ഷൻ
ചന്ദ്രികാ ഗുപ്തൻ
കെ. വി. ജീവപ്രസാദ്

ലേ ഔട്ട്
ബിസന്ത് കെ. ബി.
ഫോൺ: 0478 522225

ഉള്ളടക്കം

1. ആമുഖം.
2. പഞ്ചായത്ത് പൊതുവിവരണം.
3. സാമൂഹിക – സാംസ്ക്കാരിക ചരിത്രം.
4. ഭൂപ്രകൃതി, ജനപ്രകൃതി, ജലവിഭവം.
5. സാമൂഹിക – സാമ്പത്തിക മേഖലകൾ.
   - 5. 1. കൃഷിയും ജലസേചനവും.
   - 5. 2. മൃഗസംരക്ഷണവും. മത്സ്യബന്ധനവും.
   - 5. 3. വ്യവസായം.
   - 5. 4. വിദ്യാഭ്യാസം.
   - 5. 5. കുടിവെള്ളവും പൊതുജനാരോഗ്യവും.
   - 5. 6. ഗതാഗതം, ഊർജ്ജം, മാർക്കറ്റ്.
   - 5. 7. പാർപ്പിടവും സാമൂഹ്യക്ഷേമവും.
   - 5. 8. സംസ്ക്കാരം.
   - 5. 9. വനിത.
   - 5.10. സഹകരണം.
   - 5.11. പട്ടികജാതി, പട്ടികവർഗ്ഗക്ഷേമം.
6. ഉപസംഹാരം.

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

പാണാവള്ളി ഗ്രാമ പഞ്ചായത്ത്

ഗ്രാമപഞ്ചായത്ത് വികസന സെമിനാർ

സമഗ്ര വികസന രേഖ

പാണാവള്ളി

1 ആമുഖം

അധികാരം ആരുടേയും ദാനമല്ല. അത് നമ്മുടെ അവകാശമാണ്. ജനാധിപത്യം സാക്ഷാത്ക്കരിക്കണമെങ്കിൽ അധികാരവിനിയോഗത്തിൽ ജനങ്ങൾക്ക് ഫലപ്രദമായ അവസരങ്ങൾ ഉണ്ടാകണം. 73-ാം ഭരണഘടനാ ഭേദഗതിയോടെ ഗ്രാമസഭകൾ ഭരണഘടനാപരമായ അധികാരസ്ഥാനങ്ങളായി. പഞ്ചായത്തുകൾക്ക് അധികാരം കൈമാറുന്നത് സംബന്ധിച്ച തീരുമാനങ്ങൾ സെൻ കമ്മറ്റി റിപ്പോർട്ടനുസരിച്ച് സംസ്ഥാന ഗവണ്മെന്റ് നടപ്പാക്കും. പ്രാഥമിക റിപ്പോർട്ട് ഇതിനകം നൽകിക്കഴിഞ്ഞു. ഗ്രാമസഭകൾക്കും പഞ്ചായത്തുകൾക്കും ലഭിക്കുന്ന അധികാരങ്ങൾ നീതിപൂർവ്വകമായും കാര്യക്ഷമമായും വിനിയോഗിക്കുവാൻ നമുക്ക് കഴിയണം. ഇതിന് മതിയായ ബോധവത്ക്കരണവും ആവേശഭരിതമായ ജനപങ്കാളിത്തവും വേണം. ഇന്ന് ഓരോ പ്രവൃത്തിയുടേയും പുറകിൽ പ്രവർത്തിക്കുന്ന മനസ്സിൽ "എനിക്ക് എന്തുകിട്ടും?" എന്നുമാത്രമാണ് ചിന്ത. "എനിക്ക് എങ്ങിനെ എന്തുചെയ്യാം? അതിന് എന്തുകിട്ടണം" എന്നു ചിന്തിക്കുന്ന ജനതയാണ് നമുക്കു വേണ്ടത്. എങ്കിലേ അനുക്ഷണം വളരുന്ന ലോകക്രമത്തോടൊപ്പം പോകാനും സ്വന്തം ജീവിതം അതിനുവേണ്ടി സുസജ്ജമാക്കാനും കഴിയൂ. വസ്തുതകൾക്കുനേരെ കണ്ണടക്കുന്നത് മൗഢ്യമാകും.

നിലവിലുള്ള പഞ്ചായത്തു സംവിധാനങ്ങളിൽ വളരെ പോരായ്മകൾഉണ്ട്. വേണ്ടത്ര അധികാരങ്ങളില്ല, ശക്തമായ ജനപങ്കാളിത്തമില്ല, പ്രവർത്തനങ്ങളിൽ ഒട്ടും സുതാര്യതയില്ല, ഇങ്ങനെ നീളുന്നു പോരായ്മകളുടെ പട്ടിക. ആസൂത്രണവും വികസനപദ്ധതികളും അധികാരകേന്ദ്രങ്ങളിൽ നിന്നുള്ള നിർദ്ദേങ്ങൾ മാത്രമായിരുന്നു ഇതുവരെ. ഈ സ്ഥാനത്തുനിന്നു ചിന്തിക്കുമ്പോൾ ജനകീയ ആസൂത്രണത്തിന്റെ ആവശ്യകത നമുക്കു ബോദ്ധ്യപ്പെടും. നമ്മുടെ 9-ാം പഞ്ചവത്സര പദ്ധതി ജനകീയ പദ്ധതിയായി കേരളസർക്കാർ പ്രഖ്യാപിച്ചു കഴിഞ്ഞു. സ്ഥായിയായ, നീതിപൂർവ്വമായ, ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയാണ് ഈ പദ്ധതിയുടെ ലക്ഷ്യം.

ഈ ലക്ഷ്യം നേടുന്നതിന് ആദ്യമായി ഗ്രാമസഭകളിൽ വിഷയാടിസ്ഥാനത്തിൽ ഇനം തിരിച്ച് നാം ചർച്ചകൾ നടത്തിക്കഴിഞ്ഞു. തുടർന്ന് ജനപ്രതിനിധികളും ജനങ്ങളും വിദഗ്ദ്ധരും ചേർന്ന് ചർച്ചചെയ്തു മുൻഗണനാക്രമം നിശ്ചയിച്ച് ആസൂത്രണത്തിന്റെ കാതലായ വികസനരേഖ ഉണ്ടാക്കുന്നു. ആ വിധം അന്തിമമായി അംഗീകരിക്കപ്പെട്ട, വികസനരേഖയിൽപട്ടികപ്പെടുത്തുന്ന ആവശ്യങ്ങൾ വിവിധ കർമ്മസമിതികളിലൂടെ അടുത്ത അഞ്ചുവർഷക്കാലംകൊണ്ട് നടപ്പാക്കണം. ഗ്രാമതലത്തിൽ പരിഹാരം കണ്ടെത്താനാവാത്ത ആവശ്യങ്ങളുണ്ടാകും. അവ പഞ്ചായത്ത്, ബ്ലോക്ക്, ജില്ലാ, സംസ്ഥാനതലങ്ങളിൽ പ്രശ്നങ്ങളുടെ വലിപ്പമനുസരിച്ച് ക്രോഡീകരിക്കപ്പെടുകയും പരിഹാരനിർദ്ദേശങ്ങളുടെ, അടിസ്ഥാനത്തിൽ 9-ാം പഞ്ചവത്സര പദ്ധതി രൂപം കൊള്ളുകയും നടപ്പിലാകുകയും ചെയ്യും. എല്ലാ തലങ്ങളിലും ഉണ്ടായിരിക്കേണ്ട ബഹുജനപങ്കാളിത്തവും സാമ്പത്തിക കാര്യങ്ങളിൽ ഉൾപ്പടെയുള്ള സുതാര്യതയും ഈ പദ്ധതി ആസൂത്രണത്തിന്റെ നെടുംതൂണുകളാണ്. മുൻപ് പദ്ധതിച്ചെലവിന്റെ 15% പ്രയോജനം മാത്രമാണ് ഗുണഭോക്താക്കൾക്ക് ലഭ്യമായിരുന്നത് എന്ന് പഠനങ്ങൾ കാണിക്കുന്നു. എന്നാൽ ഈ ജനകീയ പദ്ധതി തികച്ചും വ്യത്യസ്തമാണ്. ഇവിടെ ബഹുജനപങ്കാളിത്തം ഉറപ്പാക്കുന്നതിനാൽ ഓരോ പരിപാടി നടത്തിപ്പും വൈകാരികമായി നമ്മുടേതു കൂടിയാണ് എന്ന ബോധം നൽകുന്നു. സുതാര്യത സൂക്ഷിക്കുന്നതിനാൽ അഴിമതി കുറയുന്നു. ഉദ്യോഗസ്ഥപങ്കാളിത്തം പ്രവർത്തന സങ്കല്പങ്ങൾക്കനുസരിച്ച് മാറേറണ്ട ആവശ്യം വന്നുചേരുന്നതോടെ പരിഹാരമാർഗ്ഗങ്ങൾക്ക് വേഗതയേറുന്നു. ജനകീയ ആവശ്യങ്ങൾക്കും ഭൂപ്രകൃതിക്കും അനുസൃതമായ പദ്ധതികളാകയാൽ സമ്പത്തിന്റെ നീതിപൂർവ്വമായ വിതരണം ഉറപ്പാക്കാൻ കഴിയുന്നു. സന്നദ്ധപ്രവർത്തനങ്ങളിലൂടെ, വിഭവസമാഹരണങ്ങളിലൂടെ കാര്യശേഷി കൂട്ടുന്നതിനും കുറഞ്ഞ ചെലവിൽ വലിയ കാര്യങ്ങൾ ചെയ്യുന്നതിനും കഴിയുന്നു. ജനങ്ങൾ സ്വയം തിരിച്ചറിഞ്ഞ പ്രശ്നപരിഹാരനിർദ്ദേശങ്ങളിലൂന്നിയ വികസനമാകയാൽ അത് സ്ഥായിയായ നേട്ടങ്ങൾ തരുന്നു

പാണാവള്ളി ഗ്രാമ പഞ്ചായത്തിൽ ജനകീയാസൂത്രണ പ്രസ്ഥാനത്തിനു തുടക്കം കുറിച്ചത് 96 സെപ്റ്റംബർ ആദ്യവാരത്തിലാണ്. ഒൻപതാം പദ്ധതിയുടെ കരടുരൂപത്തിലേക്ക് ഈ ഗ്രാമപഞ്ചായത്തിലെ വികസനരേഖ്

ഉൾപ്പെടുത്തുന്നതിന് സമയബന്ധിതമായ പ്രവർത്തനങ്ങളാണ് നടത്തിയത്. റിപ്പോർട്ട് തയ്യാറാക്കുന്നതിനുവേണ്ട മുൻ ഒരുക്കങ്ങൾ വളരെ വേഗം നടപ്പിലാക്കി. സംസ്ഥാനതല ത്തിലും ജില്ലാതലത്തിലും പഞ്ചായത്തുതല ത്തിലും പരിശീലനം ലഭിച്ച പരിശീലകർ പഞ്ചായത്തുകമ്മറിയുടെ നേതൃത്വത്തിൽ ഒത്തുചേർന്നു. ഒരുവിധ വിഭാഗീയ ചിന്തകളും കൂടാതെ ബഹുജനസഹകരണത്തോടെ, '96 സെപ്റ്റംബർ 29 മുതൽ ഒക്ടോബർ 6 വരെയുള്ള കാലയളവിനുള്ളിൽ വളരെ ഫലപ്രദമായും ചിട്ടയായും എല്ലാ വാർഡുകളിലും വിശേഷാൽ ഗ്രാമസഭകൾ ചേർന്നു. അതോടെ ഓരോ വാർഡുകളിലുമുള്ള വികസനപ്രശ്നങ്ങൾ വിഷയാടിസ്ഥാനത്തിൽ ഗ്രൂപ്പുകളായി ചർച്ച ചെയ്ത് പട്ടികപ്പെടുത്തുവാനും, കണക്കുകളും സ്ഥിതിവിവരങ്ങളും തയ്യാറാക്കുവാനും പ്രശ്നപരിഹാരനിർദ്ദേശങ്ങളും വിഭവവിനിയോഗ സാദ്ധ്യതകളും കണ്ടെത്തുവാനും കഴിഞ്ഞു. നിരന്തരം വിളിച്ചുകൂട്ടിയിരുന്ന പഞ്ചായത്തു കമ്മറിയുടേയും വാർഡ് മെമ്പർമാരുടേയും പരിശീലകരുടേയും ഒറ്റയ്ക്കും, ഒരുമിച്ചുമുള്ള ശ്രമഫലമായി ദ്വിതീയ വിവരശേഖരണങ്ങൾ നടത്തി. അറിവ് നൈപുണ്യവും നൈപുണ്യം പ്രായോഗികതയുമായി. പ്രായോഗികതയുടെ മാറ്റുരച്ചുനോക്കുംവിധം കേരളപ്പിറവി ദിനത്തിൽ വാർഡുകളിൽ ജനപങ്കാളിത്തത്തോടെ വികസന പ്രവർത്തനങ്ങൾ ഏറ്റെടുത്തു. നവംബർ 9, 10 തീയതികളിലായി രണ്ടാംഘട്ട പരിശീലനവും പൂർത്തിയാക്കി.പ്രാഥമിക വിവര ശേഖരണ ത്തിനു വേണ്ട പ്രവർത്തനങ്ങൾക്ക് ഒപ്പംതന്നെ ഉദ്യോഗസ്ഥന്മാരെ വിളിച്ചുകൂട്ടി റിവ്യൂ റിപ്പോർട്ടുകൾ ശേഖരിച്ച് നടപ്പുപദ്ധതികൾ അവലോകനം ചെയ്യുകയും ഇതോടൊപ്പം പ്രാദേശിക ചരിത്രപഠനത്തിനുള്ള ഗ്രൂപ്പ് നിശ്ചയിച്ച് പ്രവർത്തനം തുടങ്ങുകയും ചെയ്തു. ഭൂപ്രകൃതി പഠനപര്യടനവുംകൂടി നടത്തിക്കഴിഞ്ഞപ്പോൾ സമഗ്രമായ ഒരു റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള വിഭവങ്ങൾ ലഭ്യമായി. റിപ്പോർട്ട് എഴുതുന്നതിനുള്ള കോർഗ്രൂപ്പ് നിശ്ചയിക്കപ്പെടുകയും സമയബന്ധിത മായി പ്രവർത്തിച്ചുകൊണ്ട് ആ റിപ്പോർട്ടിന് അന്തിമരൂപം കൊടുക്കുകയുംചെയ്തു. 16-12-1996ൽ പഞ്ചായത്തുകമ്മറി പ്രത്യേകം ചേർന്ന് വിശദമായി ചർച്ച ചെയ്ത് വിലയിരുത്തി ക്കൊണ്ട് ഈ റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.

സമയബന്ധിത പരിപാടികൾവെല്ലുവിളി കളായി ഏറെറടുക്കേണ്ടിവന്നപ്പോഴും അർപ്പണ ബോധത്തോടെ സ്ഥിതിഗതികൾ നേരിടാനെത്തിയ ഒരു വലിയനിര പ്രവർത്തകരുടെ ആത്മ വിശ്വാസങ്ങളും വ്യക്തമായ ദിശാഗതി നിയന്ത്രണം നടത്തിയ പഞ്ചായത്തുകമ്മറിയുടേയുംപരിശീല കരുടേയും മറ്റ് നേതാക്കളുടേയും നിർദ്ദേശങ്ങളും പാണാവള്ളി ഗ്രാമപഞ്ചായത്തിലെ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ ഉൾക്കരുത്താണ്.

പാണാവള്ളി ഗ്രാമപഞ്ചായത്ത് ചരിത്ര ത്തിന്റെ ഏടുകളിൽ സ്ഥാനം പിടിക്കേണ്ടി വരുന്ന അടുത്ത അഞ്ചുവർഷക്കാലത്തേക്കുള്ള ഈ സമഗ്ര വികസനരേഖ യാഥാർത്ഥ്യമാക്കുവാൻ ഈ ഗ്രാമവാസികളായ നമുക്ക് പ്രതിജ്ഞാ ബദ്ധത യോടെ ഇതിനെ സ്വീകരിക്കാം.

2
പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	:	പാണാവള്ളി
ഗ്രേഡ്	:	'എ' ഗ്രേഡ്
റവന്യൂ വില്ലേജ്	:	പാണാവള്ളി
ബ്ലോക്ക് പഞ്ചായത്ത്	:	തൈക്കാട്ടുശ്ശേരി
താലൂക്ക്	:	ചേർത്തല
ജില്ല	:	ആലപ്പുഴ

അസംബ്ലിമണ്ഡലം	:	ചേർത്തല
പാർലമെന്റ് മണ്ഡലം	:	ആലപ്പുഴ
വിസ്തീർണ്ണം	:	19.328 ച: കി. മീ.
ജനസംഖ്യ-പുരുഷന്മാർ	:	13091
സ്ത്രീകൾ	:	13506
ആകെ	:	26597 (ആസ്പദം. 1991 സെൻസസ്)
വാർഡുകളുടെ എണ്ണം	:	11
പഞ്ചായത്ത് രൂപീകൃത വർഷം	:	1953
അതിർത്തികൾ വടക്ക്	:	9°51'00" പുത്തൻതോട് (പള്ളിത്തോട്)
കിഴക്ക്	:	76°22'15" വേമ്പനാട്ട് കായൽ
തെക്ക്	:	9°47'30" പൂച്ചാക്കൽ തോട്
പടിഞ്ഞാറ്	:	76°19'40" ഉളവയ്പ്, വേമ്പനാട്ട് കായൽ
കൈവഴി, അരൂക്കുറ്റി പഞ്ചായത്ത്		
ഏറ്റവും കൂടിയ നീളം	:	6.5 കി. മീ.(പുത്തൻതോട് - ചിറയ്ക്കൽ)
ഏറ്റവും കൂടിയ വീതി	:	5.25 കി.മീ. (അഞ്ചുതുരുത്ത് - വലിയകരി)
പ്രസിഡന്റ്	:	ശ്രീമതി. എൻ. ആർ. രാധാമണി
വൈസ് പ്രസിഡന്റ്	:	ശ്രീ. എം. കെ. വേലായുധൻ
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	;	ശ്രീ. കെ. രവീന്ദ്രൻ

പഞ്ചായത്തിലുള്ള വിവിധ വകുപ്പുകളുടെ ഓഫീസുകൾ

കൃഷിഭവൻ
പോലീസ് സ്റ്റേഷൻ
ഇലക്ട്രിസിറ്റി ഓഫീസ് സബ് ഡിവിഷൻ
പി. എച്ച്. സെന്റർ
മൃഗാശുപത്രി
പഞ്ചായത്ത് ഓഫീസ്
ബ്ലോക്ക് ഓഫീസ്
വി. ഇ. ഒ. ഓഫീസ്
എസ്. ഡബ്ലിയൂ. ടി. സി. ഓഫീസ്
കൃഷി അസി. ഡയറക്ടർ ഓഫീസ്
കയർ ഇൻസ്പെക്ടർ ഓഫീസ്
വില്ലേജ് ഓഫീസ്
സബ് രജിസ്ട്രാർ ഓഫീസ്
പോസ്റ്റ് ഓഫീസ്
ടെലിഫോൺ എക്സ്ചേഞ്ച്
ഹോമിയോ ആശുപത്രി



സാമൂഹിക സാംസ്ക്കാരിക ചരിത്രം

ആലപ്പുഴ ജില്ലയിലെ ചേർത്തല താലൂക്കിൽ ഉൾപ്പെട്ട ഒരു തനിനാട്ടിൻ പുറമാണ് 'പാണാവള്ളി' എന്ന കൊച്ചു ഗ്രാമം. പത്തൊൻപത് ചതുരശ്ര കിലോമീറ്ററോളം വിസ്തൃതിയുണ്ട് ഇതിന്.

പഴയ തിരുവിതാംകൂറിന്റെ വടക്കറ്റത്തുള്ളകരപ്പുറം ഭാഗത്തെ് ഒരു തീരസമതല പ്രദേശമാണിത്. വടക്ക് അരൂക്കുറ്റി പഞ്ചായത്ത്, കിഴക്ക് വേമ്പനാട്ടുകായൽ, തെക്ക് തൈക്കാട്ടുശ്ശേരി പഞ്ചായത്ത്, പടിഞ്ഞാറ് വേമ്പനാട്ടു കായൽ കൈവഴി. (ഉളവയ്പ് കായൽ)

പുരാണ കഥാപാത്രങ്ങളായ പാണ്ഡവർ ദേശാടനത്തിനിടയിൽ വളരെ നാൾ ഇവിടെ താമസിച്ചിരുന്നുവെന്നും അങ്ങിനെ പാണ്ഡവർ വെളിയായി അന്ന് അറിയപ്പെട്ട ഈ ദേശം പിന്നീട് പാണാവള്ളിയായി ലോപിച്ചു എന്നുമാണ് പഴമക്കാരുടെ വാമൊഴികൾ. പഞ്ചായത്ത് ഓഫീസ് സ്ഥിതിചെയ്യുന്ന സ്ഥലത്ത് ഓർമ്മയെത്താക്കാലം മുതൽ നിലനില്ക്കുന്ന നാലു കല്ലുകൾക്കും പറയാനുണ്ട് ഒത്തിരി വാമൊഴിക്കഥകൾ. പണ്ട് നിലനിന്നിരുന്ന ഏതോ മനകളിൽനിന്ന് അറിവുതേടി കടൽ കടന്ന് തിരികെവന്ന നാലു ബ്രാഹ്മണർ പിന്നീട് 'ഭൃഷ്ട്' കല്പിക്കപ്പെട്ട് ഇസ്ലാം മതക്കാരായി എന്നും അവരുടെ സ്മരണയ്ക്ക്നാലുകല്ലുകൾ നാല്പത്തെണ്ണീശ്വരം നടയ്ക്കുനേരെ സ്ഥാപിയ്ക്കപ്പെട്ടു എന്നുമാണ് ഒരു കഥ. ഏതായാലും കുറേക്കാലം മുമ്പുവരെയെങ്കിലും ഹിന്ദുക്കളും മുസ്ലീങ്ങളും ഈനാലു കല്ലുകൾക്ക് ദിവ്യത്വം കല്പിച്ചിരുന്നു. രാജാവിന്റെ പള്ളിയോടം അടുത്തിരുന്നത് ഓടംപള്ളി കിഴക്കേ കടവിലാണത്രേ.

ഇവിടെയും തൊഴിലധിഷ്ഠിതമായിട്ടാണ് ജാതി സമ്പ്രദായങ്ങൾ നിലനിന്നിരുന്നത്. പണ്ടത്തെ ഒരു സമ്പൂർണ്ണ ഗ്രാമത്തിന്റെ ദൈനംദിന കാര്യങ്ങൾക്കുവേണ്ട പ്രവൃത്തികൾ കുലത്തൊഴിലാക്കിയ കുടുംബ പരമ്പരകൾ ഇവിടെയുണ്ട്. ഹിന്ദുക്കളും മുസ്ലീങ്ങളും ക്രിസ്തുമതക്കാരും സമൃദ്ധമാക്കിയ ഈ നാട്ടിൽ മതലഹളയുടെ ഒരു ചരിത്രവും കേൾക്കാനില്ല.

പണ്ട് ഉണ്ടായിരുന്ന നമ്പൂതിരി മനകളും ക്ഷേത്രദേവസ്വങ്ങളുമായിരുന്നു അന്നത്തെ ഭൂവുടമകൾ. മലയാള ബ്രാഹ്മണരും തുളുബ്രാഹ്മണരും ഇളയത് വംശജരും ഗൗഡസാരസ്വത ബ്രാഹ്മണരും വൈദികവൃത്തി പൌരോഹിത്യവൃത്തി മുതലായവ സ്വീകരിച്ചിരുന്നു. കേരള സാമൂഹ്യ ചരിത്രത്തെ തിരുത്തിക്കുറിച്ച സാമൂഹ്യ പരിഷ്കർത്താവായ ശ്രീനാരായണ ഗുരുവിന്റെ സാന്നിദ്ധ്യം പാണാവള്ളിയെ ധന്യമാക്കിയിട്ടുണ്ട്. അദ്ദേഹം തെളിച്ച ദീപശിഖകൾ ശ്രീകണ്ഠേശ്വരത്ത് ആരാധനാരംഗത്തും വിദ്യാഭ്യാസരംഗത്തും ദീപ്തി പകർന്ന് ഇന്നും നിലനില്ക്കുന്നു. ഗുരുദേവനെ കാണാനും വചനങ്ങൾ കേൾക്കാനും കഴിഞ്ഞവർ ഇന്നും ഇവിടെ ജീവിക്കുന്നു. ഖരമുനി പ്രതിഷ്ഠിതമായ നാല്പത്തെണ്ണീശ്വരം ക്ഷേത്രം സാംസ്ക്കാരിക തനിമയ്ക്ക് ആട്ടവിളക്ക് തെളിയിച്ച് നിലനില്ക്കുന്നു.നമ്മുടെ തനതുകലയായ കഥകളിയെ ഒരു ദേവപ്രസാദമാക്കി മാറ്റാൻ കഴിഞ്ഞതിന്റെ ദാർശനീകത പ്രകാശ വലയം പോലെ ഈ ഗ്രാമത്തിൽ നിലനില്ക്കുന്നു.

അയിത്തവും പടികാഴ്ചയും കെട്ട്കല്യാണവും പടിയടക്കലും കുടിയിറക്കും തുടങ്ങി പല അനാചാരങ്ങളും അന്ന് നിലവിലിരുന്നു. നായർ, ശൈവവെള്ളാളർ, പത്മശാലിയർ, ഈഴവർ, വിശ്വകർമ്മജർ, വേലൻ, പുലയർ, കുറവർ, ഉള്ളാടൻ, വേലപ്പണിക്കർ, പുള്ളുവർ എന്നിങ്ങനെ ഒട്ടുമിക്ക ഹിന്ദുവിഭാഗങ്ങളും മുസ്ലീങ്ങളും ക്രിസ്ത്യാനികളും പരമ്പരയായി ഈ ഗ്രാമത്തിലുണ്ട്. വസ്ത്രം നെയ്ത്ത്, മദ്യവ്യവസായം, കയർപിരി, ഗൃഹനിർമ്മാണം,

മരപ്പണി, ആഭരണ നിർമ്മാണം, ഇരുമ്പുപണി, ഓട്ടുപാത്രനിർമ്മാണം, തെങ്ങുകയറ്റം, മത്സ്യ ബന്ധനം; മറ്റ് കാർഷികവൃത്തികൾ, തഴപ്പായ നെയ്ത്ത്, നാളികേര സംസ്ക്കരണം, വ്യാപാരം, വൈദ്യം എന്നിങ്ങനെ വിവിധ മേഖലകളിൽ ഈ ഗ്രാമത്തിന്റെ മുഴുവൻ ആവശ്യത്തിനും വേണ്ട ആളുകൾ ഇവിടെ ജീവിച്ചുപോന്നു. മേലാളർ, കീഴാളർ ആചാരങ്ങളും ജന്മികുടിയാൻ സമ്പ്രദായങ്ങളും ജാതിമതചിന്തകൾ അനുസരിച്ച് ഉച്ചനീചത്വങ്ങളും ഈ ഗ്രാമത്തിൽ നിലനിന്നിരുന്നു. മനുഷ്യാവകാശങ്ങൾ നിഷേധിക്കപ്പെട്ടിരുന്നു. സമസ്തരുടേയും നിലനില്പിനുവേണ്ടി കാർഷികജോലികളിലും മറ്റ് മേഖലകളിലും എല്ലുമുറിയെ പണിയെടുത്തിരുന്ന കീഴാളർക്ക് ഒട്ടേറെ മർദ്ദനങ്ങൾ ഏല്ക്കേണ്ടിവന്നിട്ടുണ്ട്.

ഭാരത സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമായി രാജവാഴ്ചയ്ക്കും ദിവാൻഭരണത്തിനുമെതിരെ 1932 ൽ ധർമ്മസമരം നയിച്ച പ്രമുഖരുടെ നിലപാട് തറയും ഈ ഗ്രാമമായിരുന്നു. രാജഭരണത്തിൻ കീഴിൽ സർ. സി. പി.യുടെ തേർവാഴ്ചയെ നേരിടുന്നതിൽ താളം തെറ്റിയപ്പോൾ വായനയുടെയും അറിവിന്റേയും വെളിച്ചം ഉൾക്കൊണ്ട് പുരോഗമന പ്രസ്ഥാനങ്ങളിലൂടെ ആരംഭിച്ച് പടയൊരുക്കിയവർ ഈ ഗ്രാമത്തിലുള്ളവരായിരുന്നു. ഇതിഹാസ സമരങ്ങളുടെ മുന്നണി പോരാളികളായിരുന്ന അവർ വ്യത്യസ്ത രാഷ്ട്രീയ പാർട്ടികളിൽപെട്ടിരുന്നു. ക്രൈസ്തവരും മുസ്ലീങ്ങളും ന്യൂനപക്ഷമാണെങ്കിലും നിർണ്ണായക സ്വാധീനത്തോടെ ഇവിടുത്തെ മുഖ്യധാരയിൽ ലയിച്ചു ചേർന്നിരിയ്ക്കുന്നു.

മറ്റെവിടെയുംപോലെ ഇവിടെയും ക്ഷേത്രങ്ങൾ ആരാധനാലയങ്ങളോടൊപ്പം കലാ സാംസ്ക്കാരിക കേന്ദ്രങ്ങളും ആയിരുന്നു. തൃച്ചാറ്റുകുളം മഹാദേവക്ഷേത്രം, അരയൻകാവ് അന്നപൂർണ്ണേശ്വരി ക്ഷേത്രം, ഇടപ്പങ്ങഴി ശ്രീകൃഷ്ണസ്വാമിക്ഷേത്രം, തളിയാപറമ്പ് ദേവീക്ഷേത്രം, നാല്പത്തെണ്ണീശ്വരം മഹാദേവർ ക്ഷേത്രം, ശ്രീകണ്ഠേശ്വരം മഹാദേവർക്ഷേത്രം, ഓടമ്പള്ളി ഭഗവതിക്ഷേത്രം, കാരാളപ്പതി ക്ഷേത്രം, ഊരാളിപറമ്പ് ശാസ്താക്ഷേത്രം തുടങ്ങിയവ കാലങ്ങളായി ഈ ഗ്രാമത്തിന്റെ ദൈവതങ്ങളായി നിലകൊള്ളുന്നു.കേരളത്തനിമ വിളിച്ചോതുന്ന കഥകളി, വഴിപാടിനങ്ങളിൽപ്പെടുത്തി വളർത്തിയ നാല്പത്തെണ്ണീശ്വരം ക്ഷേത്രം എടുത്തുപറയത്തക്ക പൗരാണികത അർഹിക്കുന്നു. ക്ഷേത്രങ്ങളോട് അനുബന്ധിച്ച് കഥകളി സോപാനസംഗീതം, വാദ്യമേളങ്ങൾ, ഗരുഡൻ തൂക്കം, അരിക്കൂത്ത്, ഓട്ടംതുള്ളൽ, മുടിയാട്ടം തുടങ്ങിയ ഒട്ടനവധി ക്ഷേത്രകലകൾ നിലനിന്നിരുന്നു. ഇതിൽ തളിയാപറമ്പ് വലിയ മുടി പ്രാധാന്യം അർഹിക്കുന്നു. ഇവയിൽ പല ക്ഷേത്രങ്ങളിലേയും ഉത്സവങ്ങൾ ഈ നാടിന്റെ കാർഷിക വ്യാപാര സ്ഥാനങ്ങൾ കൂടിയാണ്. മാനംകുറിച്ചിപ്പള്ളിയും അരങ്കരശ്ശേരി പള്ളിയും മുസ്ലീം മതവിഭാഗത്തിന്റെയും പാണാവള്ളി പള്ളി ക്രിസ്ത്യൻ മതവിഭാഗത്തിന്റെയും പുരാതനമായ ആരാധനാലയങ്ങളാണ്

ഈ ഗ്രാമത്തിന്റെ രാഷ്ട്രീയ, സാമൂഹ്യ, സാംസ്ക്കാരിക ചരിത്രം നോക്കുമ്പോൾ ഈ രംഗത്തെ അതികായന്മാരായിരുന്ന പൂർവ്വീകരെ സ്മരിയ്ക്കാതെ വയ്യ. സ്വാതന്ത്ര്യലബ്ധിക്കുമുമ്പ് രാജവാഴ്ചക്കാലത്ത് കരംതീരുവ ഉള്ളവർക്ക് മാത്രം വോട്ടവകാശം നിലനിന്നിരുന്നു. അന്നത്തെ ആദ്യത്തെ പ്രജാസഭാ മെമ്പർ ആയിരുന്നു ശ്രീമാൻ കൊച്ചുപിള്ളക്കൈമൾ. ഈ കാലഘട്ടത്തിലെ സാമൂഹ്യ ഉച്ചനീചത്വങ്ങൾക്കെതിരെ ധീരമായി പോരാടിയ നേതാവായിരുന്നു ദേശത്ത് ശ്രീ. കൃഷ്ണപ്പണിക്കർ വൈക്കം സത്യാഗ്രഹത്തിൽ പങ്കെടുത്ത് മർദ്ദനം ഏൽക്കേണ്ടിവന്ന ശ്രീ. കാട്ടുതറ കേശവൻ, ശ്രീ. പണിക്കംവീട്ടിൽ നാരായണൻ തുടങ്ങിയവർ ഇത്തരുണത്തിൽ സ്മരണീയരാണ്. സർ സി. പി.യുടെ കിരാത ഭരണത്തിനെതിരെ അണിനിരന്ന യൂത്ത് ലീഗ് പ്രവർത്തകനായ കുഴിക്കാട്ട് ശ്രീ. വി. കെ. വേലായുധൻ ഇന്നും ജീവിച്ചിരിക്കുന്നു.

പുന്നപ്ര-വയലാർ സമരവുമായി ബന്ധപ്പെട്ട പടനായകന്മാരും ഈ ഗ്രാമത്തിലുണ്ടായിരുന്നു. സമരനായകന്മാരിൽ കരുത്തനായിരുന്നു ശ്രീ. സി. ജി. സദാശിവൻ. കയർ ഫാക്ടറിതൊഴിലാളികളായിരുന്ന സർവ്വശ്രീ. കെ. കെ. സുകുമാരൻ, ദാമോദരൻ, സി. കെ. നാരായണൻ, എം. കെ. കരുണാകരൻപിള്ള എന്നിവർ ഇന്നും ജനഹൃദയങ്ങളിൽ ജീവിക്കുന്നു. ശ്രീ. പി. ഇ. പത്മനാഭൻ, ശ്രീ. കെ. എ. കുഞ്ഞപ്പൻ

എന്നിവരുടെ സാന്നിദ്ധ്യം ഇന്നുമുണ്ട്.

കാർഷിക വ്യവസായ മേഖലകളിൽ മിനിമംകൂലിനേടിയെടുക്കുവാൻ സംഘടിത സമരങ്ങൾ ഗ്രാമത്തിൽ നടന്നിട്ടുണ്ട്. കൊയ്ത്തിലെ പതത്തിനും കൂടികിടപ്പവകാശത്തിനും മിച്ച ഭൂമിക്കും സമരങ്ങൾ നടന്നിട്ടുണ്ട്. 170 കുടുംബങ്ങൾക്ക് മിച്ചഭൂമി പതിച്ച് കിട്ടിയിട്ടുമുണ്ട്. ഇളംകുളം പാടശേഖരത്തിൽ നിർമ്മിച്ച ഏലാതോട് താലൂക്ക് കർഷകതൊഴിലാളി യൂണിയൻ ഏറെടുത്ത് നിർവ്വഹിച്ച സംരംഭമാണ്.

നമ്മുടെ സാംസ്ക്കാരിക ചരിത്രത്തിലെ സ്മരണീയരായ ഒട്ടേറെ പേരുണ്ട്. സംസ്കൃത പാണ്ഡിത്യത്തിലും തച്ചുശാസ്ത്രത്തിലും കേരളം മുഴുവൻ പേരുകേട്ട കരുപ്പുരുത്തിൽ താർക്കികൻ രാമക്കൈമളാശാനും, അതുപോലെ വൈദ്യ ശാസ്ത്രരംഗത്ത് കേൾവികേട്ട പാണാവള്ളി കൃഷ്ണൻ വൈദ്യനും മാനംകുറിച്ചിയിലേയും പുത്തൻതറയിലേയും കുഞ്ഞരത്തേയും ചിറയിലേയും വൈദ്യകുടുംബങ്ങളിലേയും മഹാവൈദ്യന്മാരും പണ്ഡിതന്മാരും നമ്മുടെ അഭിമാനങ്ങളാണെന്നും. കേരളത്തിലെ അറിയപ്പെടുന്ന അക്ഷരശ്ലോക നിപുണൻ ശ്രീ. പി. കെ. പട്ടമന ഇന്നും ജീവിച്ചിരിക്കുന്നു. വൈജ്ഞാനിക രംഗത്ത് ഗ്രാമാതിർത്തിക്കുള്ളിൽ പ്രകാശം ചൊരിയുന്ന തൃച്ചാറ്റുകുളത്തെ ആസാദ് ലൈബ്രറിയും ഓടമ്പള്ളി ലൈബ്രറിയും പൂച്ചാക്കൽ യംഗ് മെൻസ് ലൈബ്രറിയും വളരെ പഴക്കം ചെന്നവയാണ്. കലാരംഗത്ത് ആദ്യകാല കാഥികനായിരുന്ന ശ്രീ. കെ. വി. വൈദ്യർ സ്മരണീയനാണ്. അതുപോലെ ആർട്ടിസ്റ്റ് ശ്രീ. സി. കെ.കേശവന്റെ നേതൃത്വത്തിൽ ഉടലെടുത്ത മിനർവ്വാ തീയേറേഴ്സും പ്രസിദ്ധമായിരുന്നു.

വേമ്പനാട്ടുകായലിന്റെ താരാട്ടുകേട്ടു വളർന്ന ഈ ഗ്രാമം മത്സ്യബന്ധനത്തിനും, കയർ വ്യവസായത്തിനും ഇന്നും പ്രസക്തി നിലനില്ക്കുന്നു. കയർ ഫാക്ടറികളിൽ ഇഴചേർത്തുവളർത്തിയ തൊഴിലാളി സംസ്ക്കാരം കേരളത്തിന് പുത്തൻ പ്രതിച്ഛായ നല്കാൻ പര്യാപ്തമായി. സംഘടിത ശക്തിയുടെ കരുത്ത് ഗ്രഹിച്ചവരെങ്കിലും ഗ്രാമീണർ സൗമ്യതയുടെ സമരസപ്പെടുത്തലുകളെ ആദരിക്കുന്നവരാണ്.

പാണാവള്ളി ഗ്രാമ പഞ്ചായത്തിന്റെ ചരിത്ര പശ്ചാത്തലം 1953ൽ തുടങ്ങുന്നു. തൊഴിലാളി വർഗ്ഗത്തിന്റെയും പുരോഗമന പ്രസ്ഥാനങ്ങളുടേയും നായകർ തന്നെയാണ് ആദ്യകാല പഞ്ചായത്ത് സാരഥികളും. കയർ ഫാക്ടറി തൊഴിലാളിയായിരുന്ന ശ്രീ. എം. കെ. കരുണാകരൻ പിള്ളയായിരുന്നു ഈ പഞ്ചായത്തിന്റെ ആദ്യ പ്രസിഡന്റ്. തുടർന്ന് ശ്രീ. പാറക്കാട്ട് കൃഷ്ണൻ, ശ്രീ. പി. ശേഖർ, ശ്രീ. കെ. രാജപ്പൻ നായർ എന്നിവർ മുൻകാല പ്രസിഡന്റുമാരായിരുന്നു.

ഈ നാടിന്റെ സമ്പന്നമായ ഭൂതകാലത്തിൽനിന്നും മനക്കരുത്ത് നേടിക്കൊണ്ട് മുൻ അനുഭവങ്ങൾ സമ്പൂർണമായ പാഠങ്ങളാക്കി ഉരുവിട്ടുകൊണ്ട്, ജനകീയ ആസൂത്രണ പ്രസ്ഥാനത്തിന്റെ മുഖ്യധാരയിൽ നമ്മൾ പങ്കാളികളാകുന്നു. അനുഭവങ്ങളെ അറിവും അറിവിനെ നൈപുണ്യവും നൈപുണ്യത്തെ ജീവിതമേന്മക്കുള്ള ഉപാധിയുമാക്കി മാറ്റ് തെളിച്ചെടുക്കുവാനുള്ള ശ്രമത്തിന് ഇവിടെ തുടക്കം കുറിക്കുന്നു.





ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി

A. ഭൂപ്രകൃതി

പ്രധാനമായും മണൽ പ്രദേശമായ പാണാവള്ളി പഞ്ചായത്ത് ഒരു സമതല പ്രദേശമാണ്. വേമ്പനാട്ടുകായലിലെ ഒരു വലിയ ദ്വീപിന്റെ ഭാഗമായ പഞ്ചായത്തിന് കിഴക്കും പടിഞ്ഞാറും അതിർത്തികൾ കായൽ പ്രദേശമാണ്. കുട്ടനാട്ടിലെപോലെ കായൽ കുത്തിയെടുത്ത രണ്ടു കായൽനിലങ്ങൾ (ശാസ്താംകരി, വലിയകരി) സമുദ്രനിരപ്പിൽനിന്ന് 30-40 സെന്റീ മീറ്ററോളം താഴെയാണ്. കിഴക്ക് അതിരിലുള്ള അഞ്ചുതുരുത്ത് സമുദ്രനിരപ്പിൽനിന്ന് 30-40സെന്റീ മീറ്ററോളം ഉയരത്തിലാണ്. തീരപ്രദേശത്തു നിന്നും മദ്ധ്യഭാഗത്തേക്ക്വരുമ്പോൾ ഉള്ള പ്രദേശം സമുദ്രനിരപ്പിൽ നിന്ന് 3-4 മീറ്റർ ഉയരത്തിലാണ്. പ്രകൃതിദത്തമായ വലിയകുന്നുകളോ താഴ്വരകളോ പഞ്ചായത്തിലില്ല. ചില ഭാഗങ്ങളിൽ നെൽവയലുകൾ നിർമ്മിക്കുന്നതിലേയ്ക്ക് വേണ്ടി മാറ്റിയിടപ്പെട്ട മണൽ കൂനകളായി അവിടവിടെ കാണാം. മണ്ണിന്റെ ഘടനയനുസരിച്ച് സമുദ്രനിരപ്പിൽനിന്നുള്ള ഉയരം കണക്കാക്കിയും വിവിധ കാർഷിക വിളകളെ അടിസ്ഥാനമാക്കിയും പഞ്ചായത്തിനെ താഴെപ്പറയുന്ന ഭൂപ്രകൃതി മേഖലകളായി തിരിയ്ക്കാം. (അവലംബം പഠന പര്യടനം)

1. **കായൽ നിലങ്ങൾ**
2. **കരി നിലങ്ങൾ**
3. **ചെളിയും മണലും ചേർന്ന പ്രദേശം**
4. **ചൊരിമണൽ പ്രദേശം**
5. **ദ്വീപസമൂഹം.**

1. കായൽ നിലങ്ങൾ

പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗത്തുള്ള ശാസ്താംകരി, വലിയകരി എന്നിവ കായൽ കുത്തിയെടുത്ത നിലങ്ങളാണ്. ചുറ്റും ബണ്ട് നിർമ്മിച്ച് അതിൽ തെങ്ങുകൃഷി നടത്തുന്നു. ബണ്ടുകൾക്കുള്ളിലുള്ള സ്ഥലത്ത് ഒരുപ്പൂ നെൽകൃഷിയും തുടർന്ന് ചെമ്മീൻ വാറ്റും നടത്തിയിരുന്നു. ഇപ്പോൾ പൂർണ്ണമായും മത്സ്യം വളർത്തൽ മാത്രമാണുള്ളത്. ഇവിടുത്തെ മണ്ണ് ആസിഡ് സലൈൻ ആണ്.

2. കരി നിലങ്ങൾ

പഞ്ചായത്തിന്റെ പടിഞ്ഞാറു വശത്തുള്ള കായലോര നിലങ്ങളാണിവ. ഇവിടെ ഒരുപ്പൂ നെൽകൃഷിയും തുടർന്ന് ചെമ്മീൻ വാറ്റും നടത്തുന്നു. ഇളംകുളം, കാരാളപ്പതി, കരീത്തറ, വാലുമ്മേക്കരി, കട്ടത്തറ എന്നീ പാടശേഖരങ്ങൾ ഈ മേഖലയിൽ വരുന്നു. പഞ്ചായത്തിൽ അത്യുൽപ്പാദനശേഷിയുള്ള നെൽവിത്തുകൾ കൃഷിചെയ്യുന്ന ഏക മേഖലയും ഇതാണ്. ഇവയ്ക്കുചുറ്റുമുള്ള കരഭൂമികളിലും ചിറകളിലും തെങ്ങുകൃഷിയുണ്ട്. കൂടാതെ കായലോരത്തും ഇടത്തോടുകളുടെ കരയിലും തഴപ്പായ നെയ്ത്തിന് ഉപയോഗിക്കുന്ന കൈതകളും വളരുന്നു. വേനൽക്കാലത്ത് ഓരുവെള്ളം കയറുന്നതിനാൽ ശുദ്ധജലക്ഷാമം ഇവിടെ രൂക്ഷമാണ്. ഇവിടുത്തെ മണ്ണും ആസിഡ് സലൈൻ തന്നെയാണ്.

3. ചെളിയും മണലും കലർന്ന പ്രദേശം

കരിനിലങ്ങൾക്കും, മദ്ധ്യഭാഗത്തുള്ള ചൊരിമണൽ പ്രദേശത്തിനും ഇടയ്ക്ക് തെക്കു വടക്കായി കിടക്കുന്ന ഈ പ്രദേശത്ത് പ്രധാനമായി തെങ്ങുകൃഷിയാണുള്ളത്. ചെളി കലർന്ന മണലാണ് ഈ പ്രദേശത്ത് . ചില സ്ഥലങ്ങളിൽ വേനൽക്കാലത്ത് ശുദ്ധജലക്ഷാമം ഉണ്ട്. അപൂർവ്വമായി ഇടവിളയെന്ന നിലയ്ക്ക് ഫലവൃക്ഷങ്ങളും കാണാം.

4. ചൊരിമണൽ പ്രദേശം

പഞ്ചായത്തിന്റെ ബഹുഭൂരിപക്ഷം വരുന്ന ഈ പ്രദേശത്ത് കൂട്ടുമുണ്ടകൻ കൃഷി, തെങ്ങുകൃഷി എന്നിവയാണ് മുഖ്യം. ജൈവാംശം

വളരെ കുറഞ്ഞ ചൊരിമണൽ ആണ് ഇവിടെ. ചില പ്രദേശങ്ങളിൽ മണൽക്കൂനകൾ കാണാം. പണ്ട് ഈ മണൽക്കൂനകൾ ധാരാളം ഉണ്ടായിരുന്നു എങ്കിലും ഇന്ന് ഈ കൂനകൾകൊണ്ട് അടുത്തുള്ള കൂട്ടുമുണ്ടകൻ കൃഷിയിടങ്ങൾ നികത്തി തെങ്ങിൻ തോപ്പുകളാക്കുന്ന പ്രവണതയാണുള്ളത്. ഈ പ്രദേശത്ത് കശുമാവ്, ആഞ്ഞിലി, കുടംപുളി, മാവ് തുടങ്ങിയ വൃക്ഷവിളകളും കാണാം. ഈ പ്രദേശത്ത് അപൂർവ്വമായി ചില കാവുകളും കുളങ്ങളും ഇന്നും നിലനില്ക്കുന്നു. ഈ പ്രദേശത്ത് കാണുന്ന ചില അപൂർവ്വ വൃക്ഷങ്ങളാണ് പുന്ന, ചെറുപുന്ന, എറുപുളിഞ്ഞി (സോപ്പുകായ), കടുക്ക തുടങ്ങിയവ. ഈ പ്രദേശത്ത് നല്ല ഭൂഗർഭജലശേഖരം ഉണ്ട്. നല്ലതുപോലെ ജൈവ വളം അടിസ്ഥാനമായി കൊടുത്ത് ഏതുതരം ഇടവിളകളും ചെയ്യാവുന്ന പ്രദേശമാണിത്.

5. ദ്വീപസമൂഹം

പഞ്ചായത്തിന്റെ കിഴക്കുഭാഗത്ത് വേമ്പനാട്ടുകായലാൽ ചുറ്റപ്പെട്ട താഴെപ്പറയുന്ന 8 ചെറു ദ്വീപുകളുടെ സമൂഹമാണ് "അഞ്ചുതുരുത്ത്" എന്നറിയപ്പെടുന്ന പ്രദേശം.

a. അഞ്ചുതുരുത്ത് b. ആഞ്ഞിലിത്തുരുത്ത്
c. കുളത്തുരുത്ത് d. നെടിയ തുരുത്ത് (1)
e. നെടിയ തുരുത്ത് (2) f. മൈലം തുരുത്ത്
g. കൊച്ചുകരി h. വിളക്കുകാൽതുരുത്ത്

എഴുന്നൂറിയമ്പതോളം ജനങ്ങൾ താമസിക്കുന്ന ഈ തുരുത്തുകളിലെ ആവാസസ്ഥലങ്ങൾ കായൽജലപ്പരപ്പിൽനിന്നും 30-40 സെന്റീമീറ്റർ മാത്രം ഉയരത്തിലുള്ളതാണ്. ബാക്കിയുള്ളവ താഴ്ന്ന പ്രദേശങ്ങളുമാണ്. വൃശ്ചികവേലിയേറ്റം പോലുള്ള സമയത്തും, തണ്ണീർമുക്കം ബണ്ട് ഷട്ടറുകൾ അടച്ചതിനുശേഷവും ബഹുഭൂരിഭാഗം പ്രദേശങ്ങളിലും വെള്ളം കയറി കെട്ടിനില്ക്കുന്നു. വർഷം മുഴുവൻ ശുദ്ധജലക്ഷാമം അനുഭവപ്പെടുന്നു. ഈ ദ്വീപസമൂഹത്തിൽ അവിടവിടെയായി ചെറിയ കണ്ടൽക്കാടുകളും പന്നൽക്കൂട്ടങ്ങളും കാണുന്നു. ഉയർന്ന പ്രദേശത്ത് തെങ്ങും, താഴ്ന്ന പ്രദേശത്ത് ചെമ്മീൻകൃഷിയും നടത്തുന്നു. മണ്ണ് ആസിഡ് സലൈൻ ആണ്. മണ്ണൊലിപ്പ് രൂക്ഷമായ ഈ ദ്വീപസമൂഹത്തിൽ അഞ്ചുതുരുത്ത് എന്ന ദ്വീപിൽ മുക്കാൽഭാഗത്തോളം ഭാഗത്ത് മാത്രമാണ് സോയിൽ കൺസർവേഷൻ ഡിപ്പാർട്ടുമെന്റിൽ നിന്ന് കരിങ്കൽ കെട്ടിയിട്ടുള്ളത്. എന്നാൽ ഈ കൽച്ചിറയ്ക്ക് വേലിയേറ്റം തടഞ്ഞുനിർത്താനുള്ള ഉയരമില്ല. വിളക്കുകാൽ തുരുത്ത് ഒരു വിനോദസഞ്ചാരകേന്ദ്രമായി വളർന്നുവരുന്നു. കുളത്തുരുത്തിലും വികസനപരിപാടികൾക്ക് വമ്പിച്ച സാദ്ധ്യതയാണുള്ളത്.

എല്ലാ തുരുത്തുകളും ചേർത്ത് ഒരു വിനോദസഞ്ചാരകേന്ദ്രമാക്കി മാറ്റുന്നതിനുള്ള സാദ്ധ്യതകൾ വളരെ ഏറെയാണ്.

പഞ്ചായത്തിന്റെ പടിഞ്ഞാറെ ഭാഗത്തുള്ള വലിയകരി, വെറ്റിലത്തുരുത്ത്, ശാസ്താംകരി എന്നിവയും ടൂറിസ്റ്റു കേന്ദ്രങ്ങളായി വികസിപ്പിയ്ക്കാനുള്ള സാദ്ധ്യതഏറെയാണ്.

B. ജനപ്രകൃതി

1991ലെ സെൻസസ് കണക്കുകൾ പ്രകാരം പാണാവള്ളി പഞ്ചായത്തിലെ ജനസംഖ്യ 26597 ആണ്. ഇതിൽ 13506 സ്ത്രീകളും 13091 പുരുഷന്മാരുമാണ്. സ്ത്രീപുരുഷ അനുപാതം 1.03 : 1 . 6 വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം 3073. ഇതിൽ പെൺകുട്ടികൾ 1484ഉം ആൺകുട്ടികൾ 1589ഉം ആകുന്നു. ആകെ ജനസംഖ്യയിൽ ഇപ്പോൾ സ്ത്രീകൾ കൂടുതലാണെങ്കിലും കുട്ടികളുടെ കാര്യത്തിൽ ആൺകുട്ടികളുടെ എണ്ണം കൂടുതലാണ്. പഞ്ചായത്തിൽ 2680 പട്ടികജാതിക്കാരും 93 പട്ടികവർഗ്ഗക്കാരും ഉണ്ട്. പട്ടികജാതിക്കാരിൽ 1078 സ്ത്രീകളും 1602 പുരുഷന്മാരുമാണ് ഉള്ളത്. പട്ടികവർഗ്ഗക്കാരിൽ 48 സ്ത്രീകളും 45 പുരുഷന്മാരുമാണ് ഉള്ളത്.

പഞ്ചായത്തിലെ 6 വയസ്സിനുമേൽ പ്രായമുള്ളജനങ്ങളിൽ 21201 പേർ സാക്ഷരരാണ് (90.12%). ഇവരിൽ 10145 പേർസ്ത്രീകളാണ്. (സാക്ഷരതാനിരക്ക് 84.38%) സാക്ഷരതാപ്രവർത്തനംവഴി ഈ പഞ്ചായത്തിലെ സാക്ഷരതാനിരക്ക് 62% ൽനിന്നും 90.12% ആക്കി ഉയർത്തുവാൻ കഴിഞ്ഞു.

എസ്. എസ്. എൽ. സി. പാസ്സാകുന്നവരിൽ 85%ഉം ഉപരിപഠനത്തിനായി പോകുന്നു. ഈ പഞ്ചായത്തിലെ നിലവിലുള്ള സാഹചര്യങ്ങളിൽ അഭ്യസ്തവിദ്യർക്ക് തൊഴിൽ സാദ്ധ്യതകൾ തീരെക്കുറവാണ്. അതുകൊണ്ടുതന്നെ അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ രൂക്ഷമാണ്. ആലുവ, കൊച്ചി, അരൂർ മുതലായ വ്യവസായ മേഖലകളിൽ തൊഴിൽ തേടി പോകുന്നവരാണ് അധികവും. കാർഷികരംഗം മന്ദീഭവിച്ചതോടെ മറുമേഖലകളിൽ ഉപജീവനം തേടി പോകുന്നവരുടെ എണ്ണം കൂടിവരുന്നു. പരമ്പരാഗത തൊഴിൽ മേഖലകളായ കയർ, കള്ളുചെത്ത് എന്നിവയിലെ തൊഴിലവസരങ്ങളും കുറഞ്ഞുവരികയാണ്. മത്സ്യവ്യവസായ മേഖല മെച്ചപ്പെട്ടുവരുന്നതിനാലും ചെമ്മീൻ സംസ്ക്കരണത്തിൽ നമ്മുടെ സ്ത്രീകൾ വിദഗ്ദ്ധരായതുകൊണ്ടും ആ മേഖലയിൽ തൊഴിൽ സാദ്ധ്യത ഏറിയിട്ടുണ്ട്.

ഈ പഞ്ചായത്തിലെ ജനവിഭാഗങ്ങൾക്കിടയിൽ ജാതിപരമായ ഉച്ചനീചത്വങ്ങൾ നിലനിന്നിരുന്നു. എങ്കിലും രാജ്യത്തൊട്ടാകെയുണ്ടായ മാറ്റങ്ങൾ ഉൾക്കൊള്ളുകയും വിദ്യാഭ്യാസ സൗകര്യം വർദ്ധിക്കുകയും ചെയ്തതോടുകൂടി ഇന്ന് ഇത്തരം വിവേചനങ്ങളൊന്നും നിലവിലില്ല.

C. ജലപ്രകൃതി

പഞ്ചായത്തിൽ പ്രധാനമായും രണ്ട് സമയത്തായി മഴ ലഭിയ്ക്കുന്നു. ഇടവപ്പാതിയും തുലാവർഷവും. അതിൽ 70% മഴയും ഇടവപ്പാതിയ്ക്കാണ് ലഭിക്കുന്നത്.

പഞ്ചായത്തിന്റെ കിഴക്കും പടിഞ്ഞാറുമായി 12 കി. മീ. നീളത്തിൽ വേമ്പനാട്ടു കായലാണ്. പഞ്ചായത്തിലെ ഉൾപ്രദേശ കൃഷിയിടങ്ങളെ കായലുമായി ബന്ധിപ്പിയ്ക്കുന്ന തോടുകളുടെ ഒരു ശൃംഖല തന്നെയുണ്ട്. ഈ തോടുകളുടെ വിവരം കൃഷിയെപ്പറ്റിയുള്ള വിവരണത്തിൽ (പട്ടിക 5 കാണുക) കൊടുത്തിട്ടുണ്ട്.

പഞ്ചായത്തിൽ 8 പൊതുകുളങ്ങളും (കൃഷി പട്ടിക 6 കാണുക) 4000ത്തോളം സ്വകാര്യ ചെറുകുളങ്ങളും ചേർന്ന് 18.5 ഹെക്ടറോളം സ്ഥലത്ത് പ്രധാനമായും ജലസംഭരണം നടക്കുന്നു. പഞ്ചായത്തിന്റെ മദ്ധ്യത്തിൽ ഏകദേശം 10ച. കി. മീറ്ററോളം പ്രദേശത്ത് എന്നും ശുദ്ധജലം ലഭിയ്ക്കുന്ന ഭൂഗർഭജലസ്രോതസ്സുകൾ ഉള്ളതായി അനുഭവപ്പെട്ടിട്ടുണ്ട്. ബാക്കി വരുന്ന 9 ച. കി. മീറ്റർ പ്രദേശം കായൽ തീരങ്ങളാണ്. ഇവിടെ ശുദ്ധജലക്ഷാമം വളരെ രൂക്ഷമാണ്.





കൃഷിയും ജലസേചനവും

വേമ്പനാട്ടു കായലിൽ ഉള്ള ഒരു വലിയ ദ്വീപിലെ നാലു പഞ്ചായത്തുകളിൽ ഒന്നായ പാണാവള്ളി ഒരു കാർഷിക ഗ്രാമമാണ്. പടിഞ്ഞാറ് വേമ്പനാട്ടു കായൽ കുത്തി കൃഷി യോഗ്യമാക്കിയ വലിയകരി, ശാസ്താംകരി എന്നീ കായൽ നിലങ്ങൾ, തീരപ്രദേശത്തെ കരിനിലങ്ങൾ, ചെളിയും മണലും ചേർന്ന് പ്രധാനമായും തെങ്ങുകൃഷി ചെയ്യുന്ന പ്രദേശം, കൂട്ടുമുണ്ടകൻ കൃഷിയും തെങ്ങുകൃഷിയും ചെയ്യുന്ന മണൽ പ്രദേശം, മധ്യഭാഗത്തെ തെങ്ങു കൃഷിമാത്രം ചെയ്യുന്ന ചൊരിമണൽ പ്രദേശം, വീണ്ടും തെങ്ങും കൂട്ടുമുണ്ടകനും ചെയ്യുന്ന മണൽ പ്രദേശം, ചെറിയ മൺകൂനകളും കശുമാവ്, ആഞ്ഞിലി, കുടംപുളി മുതലായ വിവിധ വൃക്ഷങ്ങളുള്ള മണൽപ്രദേശം, ചെളിയും മണലും ചേർന്ന തെങ്ങുകൃഷി പ്രദേശം, വീണ്ടും വേമ്പനിട്ടു കായലിലെ 8 ചെറിയ ദ്വീപസമൂഹം എന്നിങ്ങനെ പ്രധാനമായും പഞ്ചായത്തിനെ വിവിധ കാർഷിക മേഖലകളായി തിരിയ്ക്കാം.

പഞ്ചായത്തിൽ പ്രധാനമായും ജല നിർഗമ നത്തിനായി കുറുകെ തെക്ക് പൂച്ചാക്കൽ തോടും വടക്ക് പള്ളിത്തോടും (പുത്തൻതോടും) ഇവയ്ക്കി ടയിലായി ആന്നലത്തോടും, കുഴിക്കര തോടും ഇവയെ തെക്കുവടക്കായി ബന്ധിപ്പിക്കുന്ന പല ഉപതോടുകളും ഉണ്ട്. ഈ പ്രധാന തോടുകളി ലേക്ക് പുരയിടങ്ങളിൽനിന്നും നിലങ്ങളിൽനിന്നും ധാരാളം കൈത്തോടുകളും വന്നുചേരുന്നു. ഇവയെല്ലാം വർഷകാലത്തുണ്ടാകുന്ന അധികജലം വേമ്പനാട്ടുകായലിലേക്ക് ഒഴുകുവാൻ സഹായിയ്ക്കുന്നു. വേനൽകാലത്ത് ഇവയിൽ കൂടി ഓരുജലം അകത്തുവരാതിരിക്കുവാൻ ചീപ്പുകളോ ഓരുമുട്ടുകളോ ഇട്ട് ഭദ്രമാക്കുന്നു. ഇങ്ങനെ ചീപ്പുകളും മുട്ടുകളും ഇടുമ്പോൾ ഈ തോടുകളിൽ സംഭരിയ്ക്കുന്ന ശുദ്ധജലം രണ്ടാം വിള നെൽകൃഷി ചെയ്യുന്ന നിലങ്ങളിലെ ജലാംശം ഒരളവോളം പിടിച്ചുനിർത്താൻ സഹായിയ്ക്കുന്നു.

നെൽകൃഷി

പ്രധാന കൃഷി നെല്ലും തെങ്ങും തന്നെ. കായൽ നിലങ്ങളിലും കായൽ നിലങ്ങളിലും കരി നിലങ്ങളിലും ഒരുപ്പൂ നെൽകൃഷിയും തുടർന്ന് ചെമ്മീൻ വാറുമാണ് പ്രധാനം. കായലോര പ്രദേശങ്ങളിൽ തഴപ്പാ നെയ്ത്തിന് ഉപയോഗി യ്ക്കുന്ന കൈത അല്പമായി കൃഷി ചെയ്യുന്ന തുകാണാം. 45–50 വർഷം മുമ്പ് നെൽകൃഷിയിൽ ആയിരുന്നു പ്രധാനമായും ശ്രദ്ധ. പൂർണ്ണമായും മഴയെ ആശ്രയിച്ചു മാത്രമാണ് നെൽകൃഷി ചെയ്തിരുന്നത്. തീരപ്രദേശത്തെ കരിനില ങ്ങളിലും കായൽനിലങ്ങളിലും ചെട്ടിവിരപ്പ് (പൊക്കാളി) എന്ന ഒരുപ്പൂ കൃഷി ആയിരുന്നു പ്രധാനം. ചില സ്ഥലങ്ങളിൽ കൂട്ടുമുണ്ടകനും. ഉൾപ്രദേശത്തെ നിലങ്ങളിൽ കൂട്ടുമുണ്ടകനാണ് കൃഷി ചെയ്തിരുന്നത്. ചേർത്തല താലൂക്കിലെ ചൊരിമണൽ പ്രദേശത്തെ ഒരു പ്രത്യേക കൃഷി സമ്പ്രദായമാണ് കൂട്ടുമുണ്ടകൻ കൃഷി. ഒരു വിതയും രണ്ടു കൊയ്ത്തും. ഒന്നാം വിളയുടേയും രണ്ടാം വിളയുടേയും വിത്തുകൾ7:3 എന്ന അനു പാതത്തിൽ കലർത്തി മേടമാസത്തിൽ (ഏപ്രിൽ–മെയ്)വിതയ്ക്കുന്നു. ഒന്നാംവിള ചിങ്ങം–കന്നിയിൽ (ഓഗസ്റ്റ്–സെപ്റ്റംബർ.) കൊയ്യുന്നു. രണ്ടാം വിള തുടർന്നും വളർന്ന് മകര മാസത്തിൽ (ഡിസംബർ–ജനുവരി) കൊയ്യുന്നു. ശരാശരി വിളവ് രണ്ടു പൂവിലുംകൂടി ഹെക്ടറിന് 650 കി. ഗ്രാം (250+400). ഒന്നാം വിളയ്ക്ക് വിരിപ്പ്, ചെറുവിരിപ്പ്, പൊന്നാര്യൻ മുതലായ നാടൻ വാത്തുകളും രണ്ടാം വിളയ്ക്ക് വെളുത്ത മുണ്ടകൻ എന്ന നാടൻ വിത്തുമാണ് ഉപയോഗി ക്കുന്നത്. ജലനിർഗമനമാർഗ്ഗങ്ങൾ കാര്യക്ഷമ മല്ലാത്തതും ജലസേചന സൗകര്യങ്ങൾ ഒട്ടും ഇല്ലാത്തതും കൊണ്ട് ജലനിയന്ത്രണം സാദ്ധ്യമല്ല. അതുകൊണ്ട് പുതിയ വിത്തിനങ്ങൾ പ്രായോ ഗികമല്ല. ചെട്ടിവിരിപ്പും, കൂട്ടുമുണ്ടകനും കൃഷി യുടെ വളവ് തീരെ മോശമാണ്. ഈ കൃഷി

അഭിവൃദ്ധിപ്പെടുന്നതിന് ഉതകുന്ന പുതിയ സാങ്കേതിക വിദ്യകളൊന്നും ഉരുത്തിരിഞ്ഞിട്ടില്ല. ഇന്നത്തെ കാലാവസ്ഥയ്ക്കും ഭൂപ്രകൃതിയിക്കും ഏറ്റവും അനുയോജ്യവും ഈ കൃഷി തന്നെയാണ്. കുറഞ്ഞ ഉല്പാദനക്ഷമത, പലപ്പോഴും ഉണ്ടാകുന്ന കൃഷിനാശം, ഉയർന്ന് ഉയർന്ന് പോകുന്ന കൃഷിച്ചെലവ്, യഥാസമയം തൊഴിലാളികളെ ലഭിയ്ക്കാതിരിയ്ക്കുക മുതലായ കാരണങ്ങൾ കൊണ്ട് നെൽകൃഷി ഒട്ടും ലാഭകരമല്ല. കൂട്ടുമുണ്ടകൻ കൃഷി ചെയ്തതിനു ശേഷം അല്പമായി മൂന്നാംവിള പയർ, എള്ള്, പച്ചക്കറികൾ എന്നിവ കൃഷി ചെയ്യുന്ന അപൂർവ്വം കർഷകരും ഉണ്ട്. ബഹുഭൂരിപക്ഷം കൂട്ടുമുണ്ടകൻ കൃഷി നിലങ്ങളും ഇന്ന് തരിശാണ്. ചിലർ വയൽ നിരത്തി തെങ്ങു വച്ചിട്ടുള്ളത്പ്രശ്നം കൂടുതൽ വഷളാക്കുകയും തരിശിടുന്ന പ്രവണത അധീകരിപ്പിയ്ക്കുകയും ചെയ്യുന്നു. ആകെ 238 ഹെക്ടർ സ്ഥലത്താണ് നെൽകൃഷി ഉള്ളത്. 58 ഹെക്ടർ കരിനിലവും 180 ഹെക്ടർ കൂട്ടുമുണ്ടകനും.

തെങ്ങുകൃഷി

ഏറ്റവും പ്രധാനമായ തെങ്ങ് 800 ഹെക്ടറിൽ കൃഷി ചെയ്യുന്നു. പഴയ കാലത്തെ തെങ്ങിൻതോപ്പുകളിൽ ബഹുവിള കൃഷി ആയിരുന്നെങ്കിൽ തേങ്ങയ്ക്ക് ഒരു നാണ്യവിള എന്ന നിലയിൽ പ്രധാന്യം ഏറിയതോടെ തെങ്ങിൻതോപ്പുകളിൽ ഉണ്ടായിരുന്ന മറ്റു ഫലവൃക്ഷങ്ങൾ വെട്ടിമാറ്റി പകരം തെങ്ങിൻതൈകൾ വ്യാപകമായി വച്ചുപിടിപ്പിച്ചതോടെ ഇന്ന് മുഖ്യമായും തെങ്ങ് ഏകവിള കൃഷിയായിട്ടാണ് ചെയ്യുന്നത്. ഒരു ഹെക്ടറിന് 200 എന്നതാണ് സാന്ദ്രത. മുമ്പ് വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, പച്ചക്കറി മുതലായവ ഇടവിളയായി കൃഷി ചെയ്തിരുന്നു. എങ്കിലും ഇന്ന് അത് വളരെ കുറവാണ്. കാറ്റു വീഴ്ചയും ഓലരോഗവും കഠിനമായി ബാധിച്ച ഒരു പ്രദേശമാണ് ഇത്. 85-90 % തെങ്ങുകളും രോഗബാധിതമാണ്. കൂമ്പുചീയൽ, ചെമ്പൻചെല്ലി കൊമ്പൻചെല്ലി എന്നീ രോഗ-കീട ബാധകളും കാണുന്നു. വേരുരോഗം 86%ത്തിനും, ഓല രോഗം 92%ത്തിനും, കൂമ്പുചീയൽ 52%ത്തിനും ബാധിച്ചിരിക്കുന്നതായി കൃഷിഭവൻ രേഖകൾ കാണിക്കുന്നു. വേനൽക്കാലത്ത് കായൽ തീരഭൂമികൾ ഒഴികെ മിക്കവാറും എല്ലാ തോപ്പുകളും നനക്കാറുണ്ട്. ആദ്യകാലത്ത് കുടത്തിൽ കോരി നനച്ചിരുന്ന സ്ഥാനത്ത് ഇന്ന് പമ്പുസെറ്റ് ഉപയോഗിച്ചുള്ള നനയാണ്. നനയ്ക്കുന്നതിനു വേണ്ടി എല്ലാ പറമ്പുകളിലും കുളങ്ങളുണ്ട്. കൂടാതെ ഇന്ന് ധാരാളം കുഴൽക്കിണറുകളും നിർമ്മിച്ചിട്ടുണ്ട്. മണൽ പ്രദേശത്ത് കായൽചെളി ഇറക്കി മണ്ണിന്റെ ഘടനയും ജലസംഗ്രഹണ ശേഷിയും ഉയർത്തുന്ന ജോലി വ്യാപകമായി നടത്തിയിരുന്നു. നല്ല ചെളിയുടെ ദൗർലഭ്യം, ചെളിയിറക്കുന്നതിനുള്ള പൊതുസ്ഥലത്തിന്റെ അഭാവം, അമിതമായ വിലവർദ്ധനവ്, ഉയർന്ന കൂലിച്ചിലവ് ഇവ കാരണം ഇന്ന് ഇത് വളരെ കുറഞ്ഞിട്ടുണ്ട്. മറ്റു ജൈവവളങ്ങളുടെ ലഭ്യതയും വളരെ കുറവാണ്. രാസവളങ്ങളുടെ ഉപയോഗം അത്ര വ്യാപകമായിട്ടില്ല. ശരാശരി ഉല്പാദനം തെങ്ങ് ഒന്നിന് 38 തേങ്ങയാണ്.

ഭൂരിഭാഗം കർഷകരും ചെറുകിട, നാമമാത്ര കർഷകരാണ്. കൈവശഭൂമി സംബന്ധിച്ച വിവരം താഴെ പട്ടികയിൽ കൊടുക്കുന്നു.

പട്ടിക – 1 (കൃഷിഭവൻ രേഖ)

ഭൂപരിധി	കുടുംബങ്ങളുടെ എണ്ണം	ശതമാനം
ഒരു ഹെക്ടറിൽ താഴെ	4328	95.58
ഒരു ഹെക്ടറിനും രണ്ടു ഹെക്ടറിനും ഇടയിൽ	180	3.98
രണ്ടു ഹെക്ടറിനു മുകളിൽ	20	0.44
ആകെ	4528	100.00

ഒരു കുടുംബത്തിലെ ശരാശരി കൃഷിഭൂമി .13 ഹെക്ടറാണ്. ഭൂപരിഷ്ക്കരണം നടപ്പിലായതോടെ കുടികിടപ്പുസ്ഥലം ലഭ്യമായപ്പോൾ 10 സെന്റും അതിന് താഴെയും സ്വന്തമായ കൃഷിസ്ഥലം ഉള്ള വീട്ടുവളപ്പിൽ (ഹോംസ്റ്റെഡ്) കൃഷിചെയ്യുന്ന കർഷകരുടെ എണ്ണം വളരെ വർദ്ധിച്ചതാണ് ചെറുകിട നാമമാത്ര കർഷകരുടെ വർദ്ധനവിന് കാരണം.

ജലസേചനത്തിന് ഇന്ന് പ്രധാനമായും കുളങ്ങളെയും കുഴൽക്കിണറുകളെയും ആണ് ആശ്രയിക്കുന്നത്. മരങ്ങളുടെ വ്യാപകമായ നശീകരണവും ഭൂഗർഭജലശേഖരണത്തിന് സഹായിക്കുന്ന കൃഷിപ്പണികളുടെ (പുരയിടങ്ങളിലെ കിള, നിരത്ത് കുളംവെട്ട്) കുറവും ഇടവിള കൃഷിയുടെ കുറവും കാരണം പല കുളങ്ങളും നികർന്ന് വേനൽക്കാലത്ത് നനക്കുന്നതിന് ആവശ്യമായ ജലം ലഭ്യമല്ലാതാകുന്ന പ്രവണത ഓരോ വർഷം കഴിയുമ്പോഴും കൂടിവരികയാണ്.

കർഷക തൊഴിലാളികൾ

കാർഷിക മേഖലയിൽ പണി എടുക്കുന്നവരുടെ എണ്ണവും കുറഞ്ഞുവരുന്നു. സ്വയം പണിയെടുക്കുന്ന കർഷകർ ഈ പഞ്ചായത്തിൽ വളരെ കുറവാണ്. കർഷക തൊഴിലാളികളുടെ അനന്തര തലമുറ കൃഷിപ്പണിയിൽനിന്നും പല കാരണങ്ങളാലും വിട്ടു നില്ക്കുന്നു. ഇത് എറ്റവും കൂടുതൽ രൂക്ഷമായി ബാധിച്ചുകൊണ്ടിരിക്കുന്നത് തെങ്ങുകയറ്റ തൊഴിലാളിമേഖലയിലാണ്.പണ്ട് വർഷത്തിൽ ശരാശരി 8 പ്രാവശ്യം നാളികേര സംഭരണം നടന്നിരുന്നത് ഇന്ന് 6 ആയി കുറഞ്ഞിരിയ്ക്കുന്നു.

ഭൂവിനിയോഗം

പഞ്ചായത്തിന്റെ ഭൂവിസ്തൃതി 1995 ഹെക്ടർ ആണ്. അവയുടെ വിനിയോഗം സംബന്ധിച്ച വിവരങ്ങൾ പട്ടിക രണ്ടിലും മൂന്നിലും കൊടുക്കുന്നു.

പട്ടിക 2.
ഭൂമി സംബന്ധിച്ച വിവരങ്ങൾ
(കൃഷിഭവൻ രേഖ)

ക്രമ നമ്പർ	ഇനം	വിസ്തീർണ്ണം	ശതമാനം
1	നിലം	564 ഹെക്ടർ	28.27
2	പുരയിടം	771 ,,	38.65
3	കൃഷിയോഗ്യമായ തരിശ്	149 ,,	7.47
4	കൃഷിയോഗ്യമല്ലാത്ത തരിശ്	511 ,,	25.61
5	ആകെ	1995 ,,	100.00

പട്ടിക 3 (കൃഷിഭവൻ രേഖ)

വിള	വിസ്തീർണ്ണം (ഹെക്ടർ)	മൊത്ത ഉല്പാദനം	ഉല്പാദന ക്ഷമത
1	2	3	4
നെല്ല് (എ) ചെട്ടിവിരിപ്പ് (ബി) കൂട്ടുമുണ്ടകൻ	58	69,600 Kg.	1200 Kg. / Hector
	180	45,000 Kg. 72,000 Kg.	250 Kg. / Hector 400 Kg. / Hector
തെങ്ങ്	800	60,80,000 Nuts.	7600 Kg. / Hector
പയർ	60	37,500 Kg.	625 Kg. / Hector
കശുമാവ്	22	7,040 Kg.	320 Kg. / Hector
മരച്ചീനി	20	1,600 Kg.	800 Kg. / Hector
വാഴ	15	1,87,500 Kg.	12,500 Kg. / Hector
പച്ചക്കറികൾ	15		
കുരുമുളക്	8	320 Kg.	40 Kg. / Hector
കവുങ്ങ്	5	2,000 Kg.	400 Kg. / Hector
എള്ള്	3	1,125 Kg.	150 Kg. / Hector
മറ്റു ഫലവൃക്ഷങ്ങൾ	18		

"ആഹാരത്തിനു വേണ്ടിയുള്ള ബുദ്ധിപൂർവ്വമായ അദ്ധ്വാനമാണ് എന്നും സാമൂഹിക സേവനത്തിന്റെ സമുന്നത"

—ഗാന്ധിജി

"വിശപ്പിൽനിന്ന് മോചനം ഏതൊരു പൗരന്റെയും അവകാശമാണ്.

FAO - 1996

മണ്ണ്

പഞ്ചായത്തിലെ കായൽ നിലങ്ങളിലും കരി നിലങ്ങളിലും അമ്ല ഓരുമണ്ണും (ആസിഡ് സലൈൻ സോയിൽ) കായലിനോട് അടുത്ത പ്രദേശത്ത് മണൽ കലർന്ന ചെളിമണ്ണും ഉള്ളിലോട്ട് പോകുന്തോറും ചെളിയുടെ അംശം കുറഞ്ഞ് മധ്യഭാഗത്ത് ചൊരിമണലും കാണുന്നു. മണ്ണ് പൊതുവെ വളക്കൂറ് കുറവുള്ളതാണ്. പക്ഷേ ധാരാളം ജൈവവളം അടിസ്ഥാനമായി ചേർത്താൽ മിക്കവാറും എല്ലാത്തരം കൃഷിയും വിജയകരമായി നടത്താൻ യോഗ്യമാണ്.

രാസവളം - കീടനാശിനി

രാസവളം, കീടനാശിനികൾ വിൽക്കുന്ന രണ്ട് സഹകരണ സംഘങ്ങളും ഒരു സ്വകാര്യ ഏജൻസിയും പഞ്ചായത്തിൽ ഉണ്ട്. രാസവളങ്ങളുടെ ഉപയോഗം പൊതുവെ കുറവാണ്. ഉപയോഗിക്കുന്നതിൽ കൂടുതലും കൃഷിവകുപ്പിൽ നിന്ന് സൗജന്യമായോ സബ്സിഡിയായോ വിവിധ പദ്ധതികൾ മുഖേന നല്കുന്നതാണ്. രാസവളം - കീടനാശിനിയുടെ പഞ്ചായത്തിലെ ഉപഭോഗം താഴെ പട്ടികയിൽ കൊടുക്കുന്നു.

പട്ടിക 4
രാസവളം - കീടനാശിനി ഉപയോഗം
(കൃഷിഭവൻ രേഖ)

ക്രമ നമ്പർ	ഏജൻസി	1993 - 94			1993 - 94			1993 - 94		
		രാസവളം കി.	കീടനാശിനി		രാസവളം കി.			രാസവളം കി.		
			ദ്രവം ലി.	ഖരം ലി.		ദ്രവം ലി.	ഖരം ലി.		ദ്രവം ലി.	ഖരം ലി.
1	സഹകരണം	12,680			18,100			24,000		
2	സ്വകാര്യം	4,210	71	152	3,200	82	328	1,900	93	411
	ആകെ	16,890	71	152	21,300	82	328	25,900	93	411

പ്രധാന കൃഷിയായ തെങ്ങിന്റെ കീട രോഗബാധ രൂക്ഷമായിരിക്കുന്ന ഈ പഞ്ചായത്തിലെജൈവ – രാസവളങ്ങളുടേയും കീട-കുമിൾ നാശിനികളുടേയും സമതുലിതവും ശാസ്ത്രീയവും ആവശ്യാധിഷ്ഠിതവുമായ പ്രയോഗത്തെക്കുറിച്ച് കർഷകരെ കൂടുതൽ ബോധവാന്മാരാക്കേണ്ടിയിരിക്കുന്നു.

കാർഷികോപകരണങ്ങൾ

കൃഷിഭവൻ മുഖേന ഒരു ട്രാക്ടറും മൂന്ന് പവർ ടില്ലറും 27 സ്പ്രേയറുകളും 4 തെങ്ങുകയറ യന്ത്രങ്ങളും 348 പമ്പുസെറ്റുകളും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ സ്വകാര്യവ്യക്തികളുടേതായി ഒരു പവർ ടില്ലറും ധാരാളം പമ്പുസെറ്റുകളും ഉണ്ട്. നിലവും പുരയിടങ്ങളും ഉഴുന്നതിനുപകരം തൂമ്പ ഉപയോഗിച്ച് കിളച്ച് കണ്ണികൾ കോരുകയാണ് പ്രധാന കൃഷിപ്പണി എന്നതുകൊണ്ട് ഉഴവുമാടുകൾ ഇപ്പോൾ പഞ്ചായത്തിൽ ഇല്ല.

കൃഷിയിലെ കൂട്ടായ്മ

കൃഷിയിലെ കൂട്ടായ്മയ്ക്കുവേണ്ടി കരിനില പ്രദേശങ്ങളിൽ 3 പാടശേഖര സമിതികളും പഞ്ചായത്ത് അടിസ്ഥാനത്തിൽ ഒരു കേര സംരക്ഷണ സമിതിയും പ്രവർത്തിയ്ക്കുന്നുണ്ട്. പാടശേഖരങ്ങളിലെ പുറംബണ്ട് സംരക്ഷിയ്ക്കുക, വെള്ളം വറ്റിയ്ക്കുന്നതിനായുള്ള പമ്പുസെറ്റ് പ്രവർത്തിപ്പിയ്ക്കുകയും സംരക്ഷിയ്ക്കുകയും ചെയ്യുക, ചെമ്മീൻ വാറ്റു നടത്തുക മുതലായവയാണ് പാടശേഖര സമിതികളുടെ പ്രവർത്തനങ്ങൾ. ആദ്യകാലത്ത് വാർഡുതോറും ഉണ്ടായിരുന്ന കേരസംരക്ഷണസമിതിയുടെ പ്രവർത്തനം പഞ്ചായത്ത് അടിസ്ഥാനത്തിൽ പുനസംഘടിപ്പിച്ചപ്പോൾ കാര്യക്ഷമത കുറഞ്ഞു.

സാമ്പത്തിക സഹായം

രണ്ട് കാർഷിക വായ്പ സഹകരണ സ്ഥാപനങ്ങളാണ്പഞ്ചായത്തിന്റെ പരിധിയിൽ വരുന്നത്. പഞ്ചായത്ത് അതിർത്തിയിൽ മറ്റു ബാങ്കുകൾ ഒന്നും പ്രവർത്തിക്കുന്നില്ല

അടുത്ത പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബാങ്കുകളാണ് ഈ പഞ്ചായത്തിലെ കർഷകർക്കും വായ്പ ലഭ്യമാക്കുന്നത്. കൂടാതെ ചേർത്തല കാർഷിക ഗ്രാമ വികസന ബാങ്കിൽനിന്നും കർഷകർക്ക് വായ്പ ലഭിയ്ക്കുന്നുണ്ട്. സഹകരണ സ്ഥാപനങ്ങൾ വഴി കഴിഞ്ഞ വർഷം 128.8 ലക്ഷം രൂപ ഹ്രസ്വ -മധ്യകാലവായ്പകളായി വിതരണം ചെയ്തിട്ടുണ്ട്. കൃഷി ആവശ്യങ്ങൾക്കുള്ള വായ്പ ആവശ്യവുമായി തട്ടിച്ചുനോക്കിയാൽ ഇത് തീരെ അപര്യാപ്തമാണ്.

ജലസേചനം

നെൽകൃഷി പ്രധാനമായും മഴയെമാത്രം ആശ്രയിച്ചു നടത്തുന്നതാണ്. മഴ രണ്ടു ഘട്ടങ്ങളിൽ ആയാണ് ലഭിക്കുന്നത്. ജൂൺ മുതൽ ആഗസ്റ്റ് വരെ ലഭിയ്ക്കുന്ന ഇടവപ്പാതിയും, സെപ്റ്റംബർ മുതൽ നവംബർ വരെ ലഭിക്കുന്ന തുലാവർഷവും. ഇതിൽ ഇടവപ്പാതിക്കാലത്താണ് മഴയിൽ 70%വും ലഭിക്കുന്നത്. മഴക്കാലത്ത് പെയ്യുന്ന അധികജലം പുരയിടങ്ങളിലും നിലങ്ങളിലും നിന്നാരംഭിയ്ക്കുന്ന കൈത്തോടുകൾ വഴി തെക്കുവടക്കുകിടക്കുന്ന ഉപതോടുകളിൽ എത്തുകയും അവയിൽനിന്ന് കിഴക്കുപടിഞ്ഞാറുകിടക്കുന്ന മുഖ്യതോടുകൾ വഴി വേമ്പനാട്ടുകായലിൽ എത്തുകയും ചെയ്യുന്നു. വേനൽക്കാലത്ത് ഈ തോടുകൾ വഴി കായലിൽ നിന്നും ഓരുവെള്ളം കയറാനുള്ള സാദ്ധ്യത ഒഴിവാക്കാൻ തോട്ടുമുഖങ്ങളിൽ സ്ലൂയീസുകളോ, ഓരുമുട്ടുകളോ ഇടുന്നു. ഇത് പഞ്ചായത്ത് ആണ് ചെയ്യുന്നത്. പ്രധാനപ്പെട്ട പുറമ്പോക്ക് തോടുകളുടെ വിവരം പട്ടിക 5ൽ കൊടുത്തിരിക്കുന്നു.

പട്ടിക 5

പ്രധാനപ്പെട്ട പൊതുതോടുകളുടെ വിവരം
(നാട്ടറിവ്)

ക്രമ നമ്പർ	തോടിന്റെ പേര്	നീളം	ശരാശരി വീതി
1	പള്ളിത്തോട് (പുത്തൻതോട്)	1500 മീറ്റർ	3.0 മീറ്റർ
2	കുഴിക്കരത്തോട്	2000 മീറ്റർ	2.5 മീറ്റർ
3	ഇല്ലത്തുചിറ - ആന്നലത്തോട്	1750 മീറ്റർ	320 മീറ്റർ
4	കാരാത്തറ - ആന്നലത്തോട്	4750 മീറ്റർ	1.5 മീറ്റർ
5	കുരീത്തറത്തോട്	650 മീറ്റർ	3.0 മീറ്റർ
6	പൂച്ചാക്കൽ തോട്	4000 മീറ്റർ	7.0 മീറ്റർ
7	വലിയപറമ്പ് തോട്	500 മീറ്റർ	3.0 മീറ്റർ
8	തൈശ്ശേരിത്തോട്	500 മീറ്റർ	3.0 മീറ്റർ
9	നടീച്ചിറത്തോട്	1000 മീറ്റർ	1.5 മീറ്റർ
10	പൂക്കൈതത്തോട്	250 മീറ്റർ	6.0 മീറ്റർ
11	മേടയിൽ തോട്	500 മീറ്റർ	3.0 മീറ്റർ
12	കണ്ണാട്ടു കലുങ്ക് കായൽ തോട്	1000 മീറ്റർ	5.0 മീറ്റർ
13	തെക്കേ കണ്ഠാകർണ്ണക്ഷേത്രം - കനകവെളി തോട്	2000 മീറ്റർ	1.0 മീറ്റർ
14	കൂട്ടചിറത്തോട്	200 മീറ്റർ	2.5 മീറ്റർ
15	കട്ടത്തറത്തോട്	400 മീറ്റർ	4.00 മീറ്റർ
16	കരിപ്പായി - ആന്നലത്തോട്	1000 മീറ്റർ	4.0 മീറ്റർ
17	ഇളംകുളം തോട്	3500 മീറ്റർ	3.0 മീറ്റർ
18	കാരിച്ചിറ - ഇടപ്പങ്ങഴി തോട്	2000 മീറ്റർ	3.0 മീറ്റർ
19	കീച്ചരശേരി തോട്	1000 മീറ്റർ	2.0 മീറ്റർ
20	കരാളപ്പതി തോട്	2500 മീറ്റർ	6.0 മീറ്റർ
21	ഇളംകുളം	2000 മീറ്റർ	3.0 മീറ്റർ
22	കാരിച്ചിറ - ഇടപ്പങ്ങഴി തോട്		

വലുതും ചെറുതുമായ ധാരാളം കുളങ്ങൾ ഉണ്ട്. ശരാശരി ഒരു ഹെക്ടർ സ്ഥലത്ത് 5 കുളങ്ങൾ എന്ന തോതിൽ കുളങ്ങൾ കാണാം. കുഴൽക്കിണറുകളും ഈ അടുത്തകാലത്തായി സ്ഥാപിയ്ക്കപ്പെട്ടിട്ടുണ്ട്. കൃഷിഭവൻ സാമ്പത്തിക സഹായത്തോടെ സ്ഥാപിച്ചിട്ടുള്ള 46 കുഴൽ കിണറുകൾക്കു പുറമേ കർഷകർ സ്വന്തമായി കുഴൽ കിണറുകൾ കുഴിക്കുന്നുണ്ട്. ഈ കുളങ്ങളിലേയും കിണറുകളിലേയും വെള്ളം പ്രധാനമായും വേനൽക്കാലത്ത് തെങ്ങിന് ജലസേചനം നടത്തുന്നതിന് ഉപയോഗിയ്ക്കുന്നു. പൊതുകുളങ്ങളുടെ വിവരം പട്ടിക 6ൽ കൊടുക്കുന്നു.

പട്ടിക 6
പൊതുകുളങ്ങൾ സംബന്ധിച്ച വിവരം

ക്രമനമ്പർ	പേര്	വാർഡ്	വിസ്തീർണ്ണം
1	ആറാട്ടു കുളം	VIII	0.27 ഹെക്ടർ
2	കണ്ടനാട്ടു കുളം	VIII	0.27 ഹെക്ടർ
3	പനമ്പുകാട്ടു കുളം	X	0.27 ഹെക്ടർ
4	നീലം കുളം	VI	0.27 ഹെക്ടർ
5	പള്ളിക്കുളം	V	0.27 ഹെക്ടർ
6	നീരാട്ടു കുളം	XI	0.27 ഹെക്ടർ
7	കണ്ണം കുളം	VI	0.27 ഹെക്ടർ
8	നോർത്ത് ലക്ഷംവീട് കുളം	II	0.27 ഹെക്ടർ

പട്ടിക 6 (എ)
പൊതുജനങ്ങൾ ഉപയോഗിക്കുന്ന സ്വകാര്യ കുളങ്ങളുടെ വിവരം

വാർഡ്	കുളങ്ങളുടെ പേര്
1	വേലിയ്ക്കകത്തു കുളം, ശാസ്താങ്കൽ കുളം
2	തൃച്ചാറ്റുകുളം ക്ഷേത്രക്കുളം
3	അരയൻകാവ് കുളം (2)
4	വാഴത്തറവെളി കുളം
6	വലിയകുളം
7	ശ്രീകണ്ഠേശ്വരം കുളം
8	ഇടപ്പങ്ങഴി കുളം
10	നാല്പത്തെണ്ണീശ്വരം കുളം
11	ഓടമ്പള്ളി ക്ഷേത്രക്കുളം

മണ്ണ്, ജലസംരക്ഷണം

പഞ്ചായത്തിന്റെ കിഴക്കും പടിഞ്ഞാറും അതിർത്തികൾ വേമ്പനാട്ടു കായൽ ആണ്. പടിഞ്ഞാറുഭാഗത്തുള്ള കായലിനെ ഉളവയ്പ് കായൽ എന്നും പറയും. ഇതിന് ഉദ്ദേശം 12 കിലോമീറർ നീളം വരും. കൂടാതെ കിഴക്കുവശത്ത് കായലാൽ ചുറ്റപ്പെട്ട 8 തുരുത്തുകളും ഉണ്ട്. ഈ സ്ഥലങ്ങളിൽ എല്ലാം മണ്ണൊലിപ്പ് രൂക്ഷമാണ്. പറമ്പുകളിലെ കിളയും നിരത്തും പണികൾ കാര്യക്ഷമമല്ലാത്തതിനാൽ ആ പ്രദേശത്തെ മണ്ണ് കുളങ്ങളിലേയ്ക്കും തോടുകളിലേയ്ക്കും ഒലിച്ച് പുരയിടങ്ങൾക്കു ദോഷം ചെയ്യുക മാത്രമല്ല കൃഷിയ്ക്ക് ദോഷമായി ഭവിയ്ക്കുകയും ചെയ്യും. കാലാകാലങ്ങളിൽ കുളങ്ങളും തോടുകളും വെട്ടാതിരിയ്ക്കുക, പറമ്പിലെ ജലസംഭരണ പ്രവർത്തനങ്ങൾ നടത്താതിരിയ്ക്കുക, മരങ്ങൾ മുറിയ്ക്കുക, ഇടവിള കൃഷി ചെയ്യാതിരിയ്ക്കുക എന്നിവ മൂലം മഴക്കാലത്തു ലഭിയ്ക്കുന്ന വെള്ളം സംഭരിച്ച് ഭൂഗർഭ ജലസ്രോതസ്സ് ശക്തിപ്പെടുത്താൻ സാധിയ്ക്കാതെ വരുകയും ജലം കായലിലേയ്ക്ക് ഒഴുകി നഷ്ടപ്പെടുകയും ചെയ്യുന്നു.

കൃഷിഭവൻ

1987 സെപ്റ്റംബർ 1ന് ആരംഭിച്ച കൃഷി ഭവൻ പഞ്ചായത്തിൽനിന്നും സൗജന്യമായി നൽകിയ സ്ഥലത്ത് ആഫീസ് മന്ദിരം നിർമ്മിച്ച് പ്രവർത്തിച്ചുവരുന്നു. ഒരു കൃഷി ഓഫീസറുടേയും മൂന്ന് കൃഷി അസിസ്റ്റന്റുമാരുടേയും തസ്തികകൾ ഉണ്ടെങ്കിലും അസിസ്റ്റന്റുമാരുടെ തസ്തികകൾ സാധാരണയായി ഒഴിഞ്ഞു കിടക്കുകയായിരിക്കും. ഈ ഉദ്യോഗസ്ഥന്മാരുടെ ക്ലറിക്കൽ ജോലികൾ കുറച്ച് കൃഷിസ്ഥലം സന്ദർശിക്കുന്നതിനും കർഷക സമ്പർക്ക പരിപാടികൾ നടത്തുന്നതിനും അവസരം ഉണ്ടാക്കിയാൽ കൂടുതൽ പ്രയോജന പ്രദമായിരുന്നേനേ.

പ്രശ്നങ്ങൾ

തീരപ്രദേശങ്ങളിൽ വേനൽക്കാലത്ത് ഓരു വെള്ളം കയറുന്നത് കൃഷിക്ക് ഭീഷണിയാകുന്നുണ്ട്. യഥാസമയം ഓരുമുട്ടുകളും സ്ലൂയീസുകളും ഇടാത്തതും പറമ്പുകളിൽ നിന്നും വയലുകളിൽ നിന്നും ഉള്ള ജലനിർഗ്ഗമന തോടുകൾ പല ഭാഗത്തും നികന്നു പോയതിൽ കാലാകാലങ്ങളിൽ വെട്ടാത്തതും വെള്ളക്കെട്ട് ഉണ്ടാക്കി കൃഷി നാശം ഉണ്ടാക്കുന്നു. ജല – മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളുടെ അഭാവവും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. ഉല്പാദനച്ചിലവിൽ വന്ന വർദ്ധനവ്, ഉല്പാദനത്തിൽ ഉണ്ടായ കുറവ്, ഉല്പന്നങ്ങളുടെ വിലക്കുറവ്, ജൈവവളങ്ങളുടെ ലഭ്യതക്കുറവ്, കൃഷി പ്രധാന ഉപജീവനമാർഗ്ഗം എന്നതിൽ ഉണ്ടായ മാറ്റം, തൊഴിലാളികളുടെ ലഭ്യതക്കുറവ്, പരമ്പരാഗത കൃഷിരീതിയിൽ മാറ്റം വരുത്താനുള്ള സാദ്ധ്യതയില്ലായ്മ മുതലായവ കാരണം നെൽകൃഷിയുടെ വിസ്തീർണ്ണവും ഉല്പാദനക്ഷമതയും കുറഞ്ഞു വരുന്നു.

മുഖ്യകൃഷിയായ തെങ്ങിനെ ബാധിച്ചിട്ടുള്ളരൂക്ഷമായ രോഗം ഉല്പാദനക്ഷമത പാടെ തകർത്തിരിക്കുന്നു. കൂടാതെ ചെളി മുതലായ ജൈവപദാർത്ഥങ്ങളുടെ ലഭ്യതക്കുറവ്, നാളികേരത്തിനുണ്ടായ വിലകുറവ്, ഉല്പാദന ചിലവിലുണ്ടായ വർദ്ധനവ, യഥാസമയം തൊഴിലാളികളെ ലഭിയ്ക്കാതിരിയ്ക്കുക, വേനൽക്കാലത്ത് ചിട്ടയായ ജലസേചനത്തിനുള്ള ബുദ്ധിമുട്ട്, ശാസ്ത്രീയമായ കൃഷിമുറകൾ അവലംബിയ്ക്കാനുള്ള കർഷകരുടെ വിമുഖത, ഇടവിള കൃഷിയുടേയും സമ്മിശ്ര കൃഷിയുടേയും അഭാവം തുടങ്ങിയവ തെങ്ങുകൃഷിയിൽനിന്നുള്ള ഉല്പാതനം കുറയ്ക്കുന്നു.

നെൽവയലുകളിൽ മൂന്നാംവിളയായി പയർ, പച്ചക്കറി മുതലായവയും തെങ്ങിൻ തോപ്പുകളിൽ ഇടവയളയായി പച്ചക്കറി, കപ്പ, ചേന, കാച്ചിൽ, ചേമ്പ്, മറ്റു കിഴങ്ങുവർഗ്ഗങ്ങൾ, വാഴ മുതലായവയും മിശ്രവിളയായി കവുങ്ങും, കശുമാവും, ഫലവൃക്ഷങ്ങൾ തുടങ്ങിയവ പണ്ട് കൃഷി ചെയ്തിരുന്നത് ഇപ്പോൾ വളരെ കുറഞ്ഞിരിക്കുന്നു.

5
1

കൃഷി (അനുബന്ധം)

പേജ് 19ൽ പറഞ്ഞിരിയ്ക്കുന്നവ കൂടാതെ താഴെപറയുന്ന തോടുകളും പാണാവള്ളിയിലുണ്ട്

(36)		വാർഡ്
1	കളത്താംവീട് പാലാങ്ങിതോട്	9
2	തോടുവേലി വടക്കശേരിവഴിഇളംകുളം തോട്	9
3	പരിശ്മം തോട്	9
4	പള്ളശേരി തോട്	9
5	എടാട്ട്–ഊരടിതറ–ഇളംകുളം തോട്	9
6	കട്ടത്തറ തോട്	2
7	വേഴക്കാട്ട് തോട്	4
8	തലയന്തതറ തോട്	1
9	പട്ടാണിവെളി–വേമ്പനാട്ട്–കായൽ തോട്	6
10	അഞ്ചുതുരുത്ത്–കൊച്ചുകരി–ഊടുപുഴ തോട്	5
11	വല്ല്യാട്ട്പാടം–വേമ്പനാട്ട് കായൽ തോട്	7

നിർദേശങ്ങൾ (പേജ്നമ്പർ 20)

12_a മേടയിൽ തോട്ടിൽനിന്നും മണ്ണ്എടുത്ത് താഴ്ത്തി സൈഡ്കല്ല്കെട്ടണം

b പള്ളികുളങ്ങരതോട് മണ്ണ്എടുത്ത് താഴ്ത്തി കല്ലുകെട്ടണം

c പട്ടാണിവെളി–വേമ്പനാട്ട് കായൽ തോട് വെട്ടി സംരക്ഷിയ്ക്കണം

13_a തൈശേരി നടീത്തറ പാടശേഖരത്ത് മോട്ടർ–പെട്ടിപറ സ്ഥാപിച്ച് വെള്ളം പമ്പ്ചെയ്യുവാനുള്ള സൗകര്യം ഉണ്ടാക്കണം

14_a കാർഷിക മേഖലയിലെ കൃഷി സമയത്ത് കൃഷിഇറക്കുന്നതിന് വിളവെടുപ്പ് സമയത്ത് വിളവ് എടുക്കുന്നതിനുമായി കർഷക പ്രതിനിധിയും കർഷകതൊഴിലാളികളും ചേർന്ന് പഞ്ചായത്ത് തലകോഡിനേഷൻ കമ്മറ്റി രൂപീകരിച്ച് പ്രശ്നങ്ങൾ ചർച്ചചെയ്ത് തീർക്കണം

15_a നിലം നികത്തുന്നത് തടയുന്നതിന് കർശനനിയമം നടപ്പിലാക്കണം

അഡീഷണൽ നിർദേശങ്ങൾ

(55)1 പൂച്ചാക്കൽതോടിന്റെ ചിറക്കൽപാലത്തിന് കിഴക്കുഭാഗം വടക്കോട്ട്ഉള്ള തോട് വെട്ടിതാഴ്ത്തി ഓരുമുട്ട് സ്ഥാപിയ്ക്കണം

2 കരിപ്പായി ആന്നലതോടിന്റെ തെക്കെ അറ്റം 3 മീറ്റർവീതിആക്കണം

3 മേടയിൽ തോട്ടിൽ മുട്ട് ഇടണം.

4 പാണാവള്ളി പഞ്ചായത്തിലെ കർഷകരുടെ ഉൽപ്പന്നങ്ങൾ ന്യായ വിലയ്ക്ക് ശേഖരിച്ച് വിറ്റഴിയ്ക്കുവാൻ പഞ്ചായത്ത്തല സംവിധാനം ഉണ്ടാക്കണം

5 കൃഷിയോഗ്യമായ തരിശു ഭൂമിയിൽ സന്നദ്ധസംഘടനകളെ സംഘടിതമായി കൃഷി ചെയ്യുവാൻ പഞ്ചായത്തിൽനിന്ന് കർഷകർക്ക്ഈ ഭൂമി കൃഷിയുടെ കാലയളവിനു ശേഷം വിട്ടുകൊടുക്കണം എന്ന കരാർപ്രകാരംകർഷകരിൽനിന്ന് ഏറ്റ് എടുത്ത് സന്നദ്ധസംഘടനകളെ ഏല്പിയ്ക്കുകയുംകൃഷി സമയത്തിന്ശേഷം സന്നദ്ധസംഘടനകളിൽ നിന്ന് തിരികെവാങ്ങി കർഷകരെ ഏല്പിയ്ക്കുകയും ചെയ്യുന്ന ഒരു സംവിധാനം ഉണ്ടാക്കണം.

വലിയകരി മിച്ചഭൂമി

1 വലിയകരി പാടശേഖരത്തിന് ചുറ്റുമുള്ളകൽകെട്ട് നിലവിലുള്ളതിന് ഉയരം കൂട്ടണം. അകത്തുള്ള ചുറ്റ്ചിറയ്ക്ക് വീതികൂട്ടണം കൃഷിനടത്തുന്നതിനുവേണ്ട മോട്ടോർ പ്പെട്ടി–പറ എന്നീസംവിധാനങ്ങൾ ഏർപ്പെടുത്തണം. സ്ലൂയീസ് സ്ഥാപിക്കണം.

2 വാർഡ് 2ൽ മുട്ടുകൽ എന്ന സ്ഥലത്ത് കട്ടത്തറ തോട്ടിൽ കോതുവള്ളി ചിറയ്ക്ക് തെക്കുവശം ഒരു സ്ലൂയിസ് സ്ഥാപിയ്ക്കണം.

3 വാർഡ് 4ൽ വേഴക്കാട്ട് തോട്ടിൽ മണ്ണ് എടുത്ത് ആഴംകൂട്ടി ഓരുവെള്ളം കയറാതിരിയ്ക്കാൻ മുട്ട്ഇടണം.

4 വാർഡ് 5 ൽ ഊടുപുഴകായലിന്റെ പടിഞ്ഞാറ്വശം 600 മീറ്റർ ഭാഗത്ത് കല്ല്കെട്ടി മണ്ണ്ഒലിപ്പ് തടയണം.

5 പള്ളികുളം കൃഷിയാവശ്യത്തിനായി നാലുവശവും കല്ല്കെട്ടി സംരക്ഷിച്ച് വെള്ളം പമ്പുചെയ്ത് തെങ്ങുകൃഷിയ്ക്ക് ജലസേചനം നടത്തണം.

6 തെങ്ങ്കൃഷിയ്ക്കും മറ്റ് ഇടവിളകൾക്കും ഉപയോഗപ്രദമായ നിലയിൽ പൊതുകുളങ്ങൾ വെട്ടി ആഴം വർദ്ധിപ്പിച്ചാൽ ശുദ്ധജലമത്സ്യകൃഷിയ്ക്കും ഉപയുക്തമാകും.

സാദ്ധ്യതകൾ

1. ജലനിർഗ്ഗമനത്തിനായി താഴെ പറയുന്നതോടുകൾ വെട്ടി സംരക്ഷിക്കുക.

1. കരീത്തറ തോട്
2. വലിയപറമ്പ് തോട്
3. തച്ചാപറമ്പ് തോട്
4. വേഴക്കാട്ട് തോട്
5. കണ്ടേകാരൻ തോട്
6. രണ്ടുതൈക്കൽ തോട്
7. ചേന്നമ്പള്ളി തോട്
8. തോട്ടുങ്കൽ തോട്
9. സ്രാമ്പിക്കൽ ജെട്ടി തോട്
10. പുതിയേടത്ത് തോട്
11. സൂര്യൻകുന്ന് തോട്
12. മാങ്കാശ്ശേരി തോട്
13. മാനംകുറിച്ചി പള്ളി തോട്
14. മേടയിൽ തോട്
15. പള്ളിക്കുളങ്ങര തോട്
16. കുച്ചിറ തോട്
17. മണിയമ്പിള്ളി തോട്
18. കാരിച്ചിറ തോട് (1)
19. പണ്ടാരാപാട്ടം തോട്
20. മേകര തോട്
21. കാരിച്ചിറ തോട് (2)
22. പൂച്ചാക്കൽ ജട്ടിയുടെ ഇരുവശവും ഉള്ള തോടുകൾ
23. നടുവിലക്കുറവു പുത്തൻപുരയുടെ കിഴക്കുഭാഗത്തുള്ള തോട്
24. തേനുതറ തോട്
25. കൂടയ്ക്കൽ തോട്
26. കരിപ്പായിൽ – ആന്നല തോട്
27. ഇടപ്പങ്ങഴി കയററാത്ത് തോട്
28. ചിറമഞ്ചിറ – ഓടമ്പള്ളി തോട്
29. കുഴിക്കര – ആന്നല തോട്
30. മുത്തോമ്പായി കൈതോട്
31. പരുത്തിക്ക ചിറ പാടശേഖരത്തിലെ കൈതോട്
32. അരങ്കശ്ശേരി തോട്
33. കോമച്ചാട്ടു തോട്
34. ചാണി തോട്
35. ആറാട്ടുകുളം – കൂഞ്ഞിലിവട്ടം തോട്

ആന്നലത്തോടിന് ഇരുവശവും കല്ലുകെട്ടി സംരക്ഷിക്കുന്നതോടൊപ്പം തോടിന് പടിഞ്ഞാറെ അറ്റത്ത് സ്ഥാപിച്ചിട്ടുള്ള സ്ലൂയീസ്, ആന്നലത്തോട് മാർക്കറ്റിനു കിഴക്കുഭാഗത്ത് തോട് പിരിയുന്ന ഭാഗത്ത് മാറ്റി സ്ഥാപിയ്ക്കണം. ആയതുകൊണ്ട് ആന്നലത്തോട് മാർക്കറ്റ് വികസിയ്ക്കുകയും തൊഴിലവസരങ്ങൾ വർദ്ധിക്കുകയും ചെയ്യും.

2. കുന്നത്തുപ്രദേശത്തെ വെള്ളക്കെട്ട് ഒഴിവാക്കുക.

3. ലിസിയം റോഡിലെ പൈപ്പ് വലുതാക്കുക.

4. ആന്നലത്തോട് – കണ്ണാട്ടുകലുങ്കിൽ നിന്നുംകിഴക്കോട്ടുള്ള തോട് വീതി കൂട്ടുക

5. കൊട്ടടിത്തോട്ടിൽ ക്രോസ്റോഡുമൂലം ഉണ്ടായിട്ടുള്ള തടസ്സം നീക്കം ചെയ്യുക.

6. ആന്നലത്തോട്, കുഴിക്കര, ആറാംവേലി തോട്, പടുവത്തിൽ തോട്, കൊടിയത്തറ തോട്, നടീത്തറതോട്, തൈശ്ശേരിതോട്എന്നിവടങ്ങളിലെ ചീപ്പുകൾ നന്നാക്കുക.

7. കട്ടത്തറപ്പാടത്തുംആറാംവേലിച്ചിറയിലും മോട്ടോർ, പെട്ടി, പറ ഇവസ്ഥാപിച്ച് വെള്ളം പമ്പുചെയ്യാനുള്ള സൗകര്യം ഉണ്ടാക്കുക.

8. താഴെ പറയുന്ന ഓരുമുട്ടുകൾ സ്ഥാപിക്കുക.

a. വലിയപറമ്പു തോട്

b. കരീത്തറതോട്
c. സൂര്യൻകുന്ന് തോട്
d. കാരിച്ചിറ തോട്
e. കീച്ചരശ്ശേരിത്തോട്

9. ചാലിൽതോട് (രണ്ടാംവാർഡ്) സ്ലൂയീസ് നിർമ്മിക്കുക. ഏലത്തോട് കല്ലുകെട്ടി സംരക്ഷിക്കുകയും സ്ലൂയീസ് പണിയുകയും ചെയ്യുക. പൂക്കൈത മോട്ടോർ തറയും ഷെഡ്ഡും പണിപൂർത്തിയാക്കുക.

10. കാരാളപ്പതി, വലിയ പറമ്പ്, കാരിച്ചിറ, കൊടിത്തറ എന്നിവിടങ്ങളിൽ സ്ലൂയീസ് പണിയുക.

11. മൂത്തോമ്പായി പാടത്ത് തോട്ടിൽ തൂമ്പിടുക.

12. 2, 3 വാർഡുകളിലെ പുത്തൻതോടി (പള്ളിതോട്) ന്റെ കരകൾ കല്ലുകെട്ടി സംരക്ഷിക്കുക. കൂടാതെ കല്ലുകെട്ടേണ്ട തോടുകൾ ആന്നലത്തോട്,കരീത്തറത്തോട്, വലിയപറമ്പ്തോട് തൈശ്ശേരിത്തോട്, നടീത്തറത്തോട്, കരിപ്പായി – ആന്നലത്തോട്, കാരിച്ചിറത്തോട്, വല്യാറ തേനമ്പുഴത്തോട്, പുത്തൻപാലം–കാട്ടുപുറം പള്ളിത്തോട്, പടുവത്തിൽത്തോട്, പണിക്കശ്ശേരിത്തോട്, മണിയമ്പള്ളിത്തോട്, മേടയിൽത്തോട് എന്നിവയാണ്.

13. കൂട്ടുമുണ്ടകൻ നിലങ്ങളിൽ മൂന്നാം വിളയായി പയർ, പച്ചക്കറി, എള്ള് മുതലായവ കൃഷി ചെയ്യുന്നതിനുള്ള സാങ്കേതിക സാമ്പത്തീക സഹായം ചെയ്യുക.

14. ചാത്തുവള്ളി പാടത്ത് ശുദ്ധജലം ലഭ്യമാക്കുക.

15. കാർഷിക ഉപകരണങ്ങൾ സൗജന്യ നിരക്കിൽ ലഭ്യമാക്കുക.

16. പഞ്ചായത്ത് അടിസ്ഥാനത്തിൽ എലി നശീകരണം ഒരു വർഷത്തിൽ രണ്ടു മൂന്നു തവണ നടത്തുക.

17. പൊതുകുളങ്ങൾ വെട്ടുക, സ്വകാര്യ കുളം വെട്ടുന്നതിന് സാമ്പത്തിക സഹായം നല്കുക.

18. മണ്ണു പരിശോധന വ്യാപകമാക്കുക.

19. കൃഷി നാശത്തിന് മതിയായ നഷ്ടപരിഹാരങ്ങൾ നല്കുക.

20. കാർഷിക വിജ്ഞാനം വ്യാപന പ്രവർത്തനങ്ങൾ വാർഡുതലത്തിൽ കൃത്യമായും കാര്യക്ഷമമായും നടത്തുക.

21. നല്ലയിനം നെൽവിത്ത് ലഭ്യമാക്കുക.

22. പൊതുതോട്ടിൽ പച്ച ചകിരി ചീയ്ക്കുന്നത് തടയുക.

23. നെൽകൃഷിയിലെ നഷ്ടം നികത്തക്കവിധത്തിൽ പ്രൊഡക്ഷൻ ബോണസ് നൽകുക.

24. ചാത്തുവെളിപ്പാടത്തെ മത്സ്യബന്ധനം നിർത്തുക.

25. കർഷക,കർഷകത്തൊഴിലാളി പ്രശ്നങ്ങൾ പ്രാദേശിക അടിസ്ഥാനത്തിൽ പരിഹരിയ്ക്കാൻ സംവിധാനം ഉണ്ടാക്കുക.

26. രാസവളം, സസ്യസംരക്ഷണമരുന്നുകൾ ഇവയ്ക്ക് സബ്സിഡി നല്കുക.

27. നിലം നികത്തുന്നത് തടയുക.

28. വിളമത്സരങ്ങൾ, പ്രദർശനങ്ങൾ, സൗജന്യ പഠനപര്യടനം ഇവ സംഘടിപ്പിയ്ക്കുക.

29. വിത്ത് ഉല്പാദനകേന്ദ്രങ്ങളും, നേഴ്സറികളും പഞ്ചായത്ത് അടിസ്ഥാനത്തിൽ ആരംഭിയ്ക്കുക.

30. ഉല്പാദനക്ഷമം അല്ലാത്തതും, രോഗബാധിതവുമായ തെങ്ങുകൾ വെട്ടിമാറാൻ 500 രൂപയിൽ കുറയാത്ത പ്രതിഫലം നൽകുക.

31. തെങ്ങുകൾക്ക് കൂട്ടായ മരുന്നുതളി സൗജന്യനിരക്കിൽ പഞ്ചായത്ത് മുഴുവനുമായി ചെയ്യുക.

32. ജലസേചനത്തിന് കുഴൽക്കിണർ, കിണർ, പമ്പുസെറ് എന്നിവയ്ക്ക് 33.33% സബ്സിഡി നൽകുക. കുളങ്ങൾ വെട്ടി സംരക്ഷിക്കുന്നതിന് ധനസഹായം നൽകുക.

33. മണ്ണൊലിപ്പ് തടയാൻ കായലോരങ്ങളിലും വലിയ തോടുകളുടെ കരകളിലും കല്ലു കെട്ടുക.

34. ചെളിയിറക്കുന്നതിന് ലാന്റിംഗ് സെന്ററുകൾ സ്ഥാപിയ്ക്കുകയും ചെളിയ്ക്ക് 50% സബ്സിഡി നല്കുകയും ചെയ്യുക.

35. അത്യുല്പാദന ശേഷിയുള്ള തൈകൾ സൗജന്യ നിരക്കിൽ ലഭ്യമാക്കുക

36. നാട്ടിലുള്ള രോഗപ്രധതിരോധ ശക്തിയുള്ളതും മാതൃകാ മാതൃവൃക്ഷത്തിനു പറ്റിയതുമായ തെങ്ങുകളിൽ നിന്ന് വിത്തു തേങ്ങ സംഭരിച്ച് നേഴ്സറി തുടങ്ങുക.

37 തൈകൾക്ക് ഏതാനും വർഷത്തേക്ക് സംരക്ഷണ ചിലവുകൾ നൽകുക.

38. തേങ്ങാ വെട്ടാൻ പൊതുകളം സ്ഥാപിയ്ക്കുക.

39. ഇടവിളകൾ പ്രോത്സാഹിപ്പിയ്ക്കാൻ നടീൽ വസ്തുക്കളും സബ്സിഡിയും നല്കുക.

40. സാമൂഹ്യ ജലസേചനം നടപ്പിലാക്കുക.

41. ബഹുവിള കൃഷിയ്ക്കും, സമ്മിശ്രകൃഷിയ്ക്കും പ്രോത്സാഹനം നൽകുക.

42. തേങ്ങ സംസ്ക്കരിച്ചു മൂല്യവർദ്ധനയുള്ള ഉല്പന്നങ്ങളാക്കി മാറ്റാനുള്ള ചെറുകിട-വൻകിട വ്യവസായങ്ങൾ ആരംഭിയ്ക്കുക.

43. പച്ചക്കറി കൃഷി പഞ്ചായത്ത് ഒട്ടാകെ വ്യാപകമായി നടപ്പിലാക്കുക.

44. കുരുമുളക്, ഇഞ്ചി, മഞ്ഞൾ മുതലായ സുഗന്ധവിളകൾ, ഔഷധകൃഷി, പൂകൃഷി, കൂൺ വളർത്തൽ, തേനീച്ച വളർത്തൽ ഇവ സംഘടിതമായി ചെയ്യുന്നതിന് പ്രോത്സാഹനം നല്കുക.

45. സാധ്യമായിടങ്ങളിലൊക്കെ കശുമാവ്, പൈനാപ്പിൾ, മാവ്, പേര മുതലായ ഫലവർഗ്ഗങ്ങൾ കൃഷിചെയ്യുന്നതിന് നല്ലയിനം നടീൽ വസ്തുക്കളും, സാങ്കേതിക, സാമ്പത്തിക സഹായവും നല്കുക.

46. ജൈവവളം – കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ് ചകിരിച്ചോറ് കമ്പോസ്റ്റ്, ജീവാണുവളം, പച്ചിലകൾ, മീൻവളം, കോഴിവളം, കാലിവളം, പിണ്ണാക്കുകൾ മുതലായവ പ്രാദേശികമായി ഉല്പാദിപ്പിച്ചോ ഉല്പാദന കേന്ദ്രങ്ങളിൽ നിന്ന് വരുത്തിയോ സൗജന്യ നിരക്കിൽ ലഭ്യമാക്കുക.

47. സ്വകാര്യ സ്ഥലങ്ങളിലും, പൊതുസ്ഥലങ്ങളിലും ഉള്ള മരങ്ങളും കാവുകളും സംരക്ഷിച്ചും പുതിയ മരങ്ങൾ വച്ചുപിടിപ്പിച്ചും മറ്റും പ്രോത്സാഹിപ്പിച്ചും, ജൈവവൈവിധ്യം നിലനിർത്താൻ സഹായിയ്ക്കുക.

48. ഭൂഗർഭജലശേഖരം വർദ്ധിപ്പിയ്ക്കുന്നതിനും, ജനസംരക്ഷണത്താനിനും, ജലനഷ്ടം തടയുന്നതിനും, ജലദുർവിനിയോഗം തടയുന്നതിനും, കിള, കുളംവെട്ട് പുതയിടൽ, കണിക ജലസേചനം, സ്പ്രിംഗ്ലർ ജലസേചനം മുതലായവ പ്രോത്സാഹിപ്പിയ്ക്കുക.

49. എല്ലാവിളകൾക്കും, രോഗകീടബാധ ഉൾപ്പടെ, ഇൻഷ്വറൻസ് നടപ്പാക്കുക.

50. ജൈവകൃഷിയ്ക്ക് പ്രോത്സാഹനം നൽകുക.

51. ഓരോ കൃഷിയുടേയും പ്രധാന കാർഷിക മുറകൾ അനുവർത്തിക്കുന്ന സമയത്ത് കൃഷിയിടങ്ങളിൽചെന്ന് ആവശ്യമായ സാങ്കേതിക

ഉപദേശങ്ങൾ നൽകാൻ കൃഷിഭവനെ സജ്ജ മാക്കുക.

52. കാർഷിക ആവശ്യങ്ങൾക്ക് മിതമായ പ ലിശ നിരക്കിലും ലളിതമായ വ്യവസ്ഥകളിലും മതിയായത്ര വായ്പ യഥാസമയം ലഭ്യമാക്കുക.

53. കാർഷിക മേഖലയിലെ പ്രാദേശിക പ്ര വർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും സം ഘടിപ്പിയ്ക്കുന്നതിനും കർഷകരുടെ കൂട്ടായ്മ ഉറപ്പു വരുത്തുക.

54. ആന്നലത്തോട് – വേമ്പനാട്ടുകായലുമാ യി ബന്ധിപ്പിയ്ക്കുക.



മൃഗസംരക്ഷണവും മത്സ്യ ബന്ധനവും

A: മൃഗസംരക്ഷണം

പശു,ആട് എന്നിവയാണ് പഞ്ചായത്തിലെ വളർത്തു മൃഗങ്ങൾ, എരുമ, പന്നി, മുയൽ, ഉഴവു -വണ്ടിക്കാളകൾ എന്നിവ ഈ പഞ്ചായത്തിൽ ഇല്ല. അതിപുരാതനകാലം മുതൽ പശു, ആടു വളർത്തൽ ഈ പഞ്ചായത്തിലെ ജനങ്ങളുടെ ഒരു ഉപതൊഴിലായിരുന്നു. സ്വന്തമായി അല്പം സ്ഥലം ഉള്ള കർഷകരൊക്കെയും പശുവിനെ നിർബന്ധമായും വളർത്തിയിരുന്നു. കർഷകരുടെ ആവശ്യത്തിനുള്ള ജൈവവളത്തിന്റെ പ്രധാന ഭാഗം ചാണകം ആയിരുന്നു നെൽകൃഷി മുഖ്യ കൃഷിയായിരുന്നതു കൊണ്ട് വൈയ്ക്കോൽ സുലഭ മായിരുന്നു. കൂടാതെ പുരയിടങ്ങളിലും വയലുകളിലും വളരുന്ന പച്ചപ്പുല്ലും കിട്ടിയിരുന്നു. വീട്ടാവശ്യത്തിന് മിക്ക കർഷകരും കൊപ്രാ ആട്ടി വെളിച്ചെണ്ണ എടുത്തിരുന്നതു കൊണ്ട് പിണ്ണാക്കും ലഭിച്ചിരുന്നു. അതു കൊണ്ട് കാലിത്തീറ്റ ഒരു പ്രശ്നമായിരുന്നില്ല. നാടൻ ഇനങ്ങളെയായിരുന്നു പ്രധാനമായും വളർത്തിയിരുന്നത്. പക്ഷെ, ഇന്ന് സ്ഥിതിയാകെ മാറി. നെൽകൃഷി നാമമാത്രമായതുകൊണ്ട് വൈയ്ക്കോൽ പുറത്തുനിന്നും കൊണ്ടു വരണം. പുരയിടങ്ങളിൽ നിന്നും ലഭിച്ചിരുന്നു പച്ചപ്പുല്ലിന്റെ ലഭ്യതയും കുറഞ്ഞു. നാടൻ പശുക്കൾ പൂർണ്ണമായും അപ്രത്യക്ഷമായി. ശാസ്ത്ര സാങ്കേതിക വിദ്യയുടെ പ്രയോഗം മൂലം അത്യുൽപാദനശേഷിയുള്ള സങ്കരയിനങ്ങൾ മാത്രമായി അവയ്ക്ക് സമീകൃത കാലിതീറ്റ വേണം. അതിനുള്ള അസംസ്കൃത പദാർത്ഥങ്ങൾ ലഭ്യമല്ലാത്തതു കൊണ്ട് സ്വന്തമായി നിർമ്മിക്കാൻ നിർവ്വാഹമില്ല. അതു കൊണ്ട് അവ വലിയ വില കൊടുത്ത് വാങ്ങേണ്ടി വരുന്നു. നാടൻ ഇനത്തേക്കാൾ കൂടുതൽ ശ്രദ്ധയും പരിചരണവും ഇവയ്ക്ക് ആവശ്യമായിവരുന്നു. രോഗബാധ അധികരിച്ചു. അങ്ങനെ സംരക്ഷണം ക്ലേശപൂരിതവും, ചിലവേറിയതും ആയി. പാലിന് സംഘങ്ങളിൽ നിന്നും ലഭിക്കുന്ന വില ഉൽപ്പാദന ചെലവുമായി തട്ടിച്ചു നോക്കുമ്പോൾ കുറവാണ്. ഇതെല്ലാം പശു വളർത്തലിൽ നിന്ന് കർഷകരെ പിന്തിരിപ്പിക്കുന്നു. പഞ്ചായത്തിലെ ആകെ പശുക്കളുടെ എണ്ണം 1865 ആണ്. ആടുകൾ ഇന്നും നാടൻ ഇനങ്ങൾ തന്നെ. അവയുടെ തീറ്റയ്ക്കുള്ള പച്ചിലയുടെ ലഭ്യത കുറഞ്ഞു. പണ്ടുണ്ടായിരുന്ന ജൈവ വേലികൾക്കു പകരം ഇന്നു മതിലുകൾ പ്രത്യക്ഷ പെട്ടതാണു ഒരു കാരണം. മുമ്പു ഭൂരിപക്ഷം പുരയിടങ്ങളിലും ഉണ്ടായിരുന്ന പ്ലാവുകൾ മുറിച്ചുനീക്കി പ്പോയി. തൻ മൂലം ഭൂരി ഭാഗം ആടുവളർത്തൽകാരും മാർക്കറ്റിൽ നിന്ന് പ്ലാവില വാങ്ങേണ്ട അവസ്ഥയിലാണ്. ആടിന്റെ മാംസത്തിന് നല്ല വിലയുള്ളതുകൊണ്ട് ചെറുകിട നാമ മാത്ര കർഷകർ വളരെയധികമുള്ള ഈ പഞ്ചായത്തിൽ ആദായകരമായി നടത്താവുന്ന ഒരു ഉപതൊഴിലാണ് ആടുവളർത്തൽ. ജംനാപാരി , മലബാരി മുതലായ നല്ല ഇനങ്ങൾ പഞ്ചായത്തിൽ ഇതുവരെ വളർത്തി തുടങ്ങിയിട്ടില്ല. പഞ്ചായത്തിൽ ആകെ 2832 ആടുകളാണ് ഉള്ളത്.

എരുമ, മുയൽ, പന്നി എന്നിവ പഞ്ചായത്തിൽ വ്യാപകമായി വളർത്തുന്നതേയില്ല. അഞ്ചു തുരുത്തു പോലുള്ള പ്രദേശങ്ങളിലും പഞ്ചായത്തിന്റെ കായലോര പ്രദേശങ്ങളിലും എരുമ വളർത്തുന്നതിനുള്ള സാധ്യത ആരായേണ്ടിയിരിക്കുന്നു. ഇറച്ചിക്കു വേണ്ടി മുയൽ, പന്നി എന്നിവയെ വളർത്തുന്നതിന് ചെറുകിട പരിമിത കർഷകർക്ക് പ്രോത്സാഹനം നൽകാവുന്നതാണ് .

കോഴിയും താറാവും ആണ് പഞ്ചായത്തിലെ വളർത്തു പക്ഷികൾ. 10,610 കോഴിയും 464 താറാവും ആണ് പഞ്ചായത്തിൽ ഇന്നുള്ളത് . രണ്ടും വീട്ടു വളപ്പിൽ വളർത്തുന്ന നാടൻ ഇനങ്ങൾ തന്നെ. ശാസ്ത്രീയമായി വ്യവസായിക അടിസ്ഥാനത്തിൽ ഇവ രണ്ടും ഇന്നു വളർത്തുന്നില്ല. ഇറച്ചിക്കോഴിവളർത്തുന്ന ഏതാനും യൂണിറ്റുകൾ പഞ്ചായത്തിൽ ഉണ്ട്. അഞ്ചുതുരുത്തിലും പഞ്ചായത്തിന്റെ കിഴക്കും പടിഞ്ഞാറും ഉള്ള കായൽ പ്രദേശങ്ങളിലും താറാവു വളർത്തലിന് നല്ല സാദ്ധ്യതകളുണ്ട് അതുപോലെ ഒരു ഉപതോഴിൽ എന്ന നിലയിൽ വീട്ടുവളപ്പിലെ കോഴി വളർത്തൽ കൂടുതൽ വ്യാപിപ്പിക്കാനും സാദ്ധ്യതകളുണ്ട്. സ്ത്രീകൾക്കും, അഭ്യസ്ത വിദ്യർക്കും വേണ്ടി ഇറച്ചിക്കോഴി വളർത്തൽ നടപ്പിലാക്കാവുന്നതാണ്. ഇവിടെ വളർത്തുന്ന 296

വളർത്തുപട്ടികളാണ് ഉള്ളത് . അവയിൽ 229ഉം പ്രതിരോധ കുത്തിവെപ്പ് നടത്തിയിട്ടുള്ളതാണ്. എങ്കിലും അലഞ്ഞു തിരിഞ്ഞു നടക്കുന്ന പട്ടികൾ വളരെ കൂടുതലുണ്ട്. അവയെ നശിപ്പിക്കുവാനും എല്ലാ വളർത്തു പട്ടികൾക്കും പ്രതിരോധകുത്തിവെപ്പ് നടത്തുവാനും സംവിധാനം ഉണ്ടാകണം. വളർത്തു മൃഗങ്ങളുടേയും പക്ഷികളുടേയും വിവരം പട്ടിക 1,2 ൽ കൊടുത്തിരിക്കുന്നു.

പട്ടിക 1. (മൃഗാശുപത്രിരേഖ) വളർത്തു മൃഗങ്ങളെ സംബന്ധിച്ച വിവരം.

ക്രമ നമ്പർ	ഇനം		എണ്ണം	
1	നാടൻ കാള		—	
2	സങ്കര ഇനം കാള	.വംശ വർദ്ധനവിന്	2	465
		മറ്റുള്ളവ (കാളകിടാരി)	463	
3.	നാടൻ പശു		—	
4.	സങ്കര ഇനം പശു	കറവ ഉള്ളവ	1120	1875
		കറവ ഇല്ലാത്തവ	755	
5.	എരുമ		—	
6.	പോത്ത്		—	
7.	ആട്		2832	
8.	പട്ടി		296	

പട്ടിക-2 (മൃഗാശുപത്രി രേഖ) വളർത്തു പക്ഷികളെ സംബന്ധിച്ച വിവരം

ക്രമ നമ്പർ	ഇനം		എണ്ണം
1.	കോഴി	പൂവൻ	1870
		പിട	8740
2.	താറാവ്	പൂവൻ	179
		പിട	285

പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തായി ഒരു മൃഗാശുപത്രി പ്രവർത്തിക്കുന്നുണ്ട്. പക്ഷെ പഞ്ചായത്തിന്റെ പല വാർഡുകളിൽ നിന്നും ഇവിടെ വളർത്തു മൃഗങ്ങളുമായി എത്തുന്നതിന് ബുദ്ധിമുട്ടുള്ളതുകൊണ്ട് യഥാസമയം ചികിത്സ ലഭ്യമാകുന്നില്ല. ആശുപത്രിയിൽ വിവിധ രോഗങ്ങൾക്കായി ശരാശരി ഒരു വർഷം 2231 പശുക്കളേയും 844 ആടുകളേയും 3130 കോഴികളെയും 290 താറാവുകളെയും ചികിത്സിച്ചുവരുന്നുണ്ട്. പരാദ രോഗങ്ങളും ദഹന സംബന്ധമായ രോഗങ്ങളും ആണ് അധികവും. കൂടാതെ ഒരു വർഷം ശരാശരി 1865 പശുക്കൾക്ക് കൃത്രിമ ബീജ സങ്കലനം നടത്താറുണ്ട്.

മൂന്നു ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവ പ്രതി ദിനം 950 ലിറ്റർ പാൽ സംഭരിക്കുകയും 410 ലിറ്റർ പാൽ വിറ്റഴിക്കുകയും, ബാക്കിവരുന്ന 540 ലിറ്റർ പാൽ മിൽമയ്ക്ക് നൽകുകയും ചെയ്യുന്നു. ഈ മൂന്ന് സംഘങ്ങൾക്കും കൂടി പഞ്ചായത്തിലെ മുഴുവൻ പശു വളർത്തൽ കാരേയും സഹായിക്കുവാൻ കഴിയുന്നില്ല. 3,4,6,11 എന്നീ വാർഡുകൾക്ക് വേണ്ടി ഒരു സംഘം കൂടി ഉണ്ടാകുന്നത് സഹായകരമാണ്. ക്ഷീരസംഘങ്ങളെ സംബന്ധിച്ച് വിവരങ്ങൾ പട്ടിക3ൽ കൊടുത്തിരിക്കുന്നു.

പട്ടിക 3

ക്ഷീര സഹകരണ സംഘങ്ങളെ സംബന്ധിച്ച വിവരം.

പേര്	രജിസ്റ്റർ ചെയ്ത വർഷം	അംഗങ്ങൾ	ശേഖരിക്കുന്ന പാൽ ലിറ്റർ	വിൽക്കുന്ന പാൽ	മിൽമക്ക് നൽകുന്ന പാൽ
തളിയാപറമ്പ് ക്ഷീരോൽപാദന സഹകരണസംഘം A. 65	1987	287	300	300	
പൂച്ചക്കൽ ക്ഷീരോൽപാദന സഹകരണസംഘം A. 170	1989	193	250	45	205
തൃച്ചാറ്റുകുളം ക്ഷീരോൽപാദന സഹകരണസംഘം A. 176	1989	213	400	65	335

പ്രശ്നങ്ങൾ

1. ഉല്പാദനച്ചിലവ്വരുമാനവുമായി തട്ടിച്ചുനോക്കുമ്പോൾ പശുവളർത്തൽ നഷ്ടത്തിൽ കലാശിക്കുന്നു.
2. യഥാസമയം ബീജ സംങ്കലനം, ചികിത്സ ഇവ നടത്തുന്നതിനുള്ള സൗകര്യം അപര്യാപ്തമാണ്.
3. കറവ വറ്റിയ പശുക്കൾക്കും, കാളക്കിടാങ്ങൾക്കും നല്ല വിലലഭിക്കുവാനുള്ള സൗകര്യമില്ല.
4. തൊഴുത്ത്, തൊട്ടി ഇവയുടെ നിർമാണ ചെലവ് കൂടുതലാണ് വായ്പാ സൗകര്യം ലളിതമല്ല.
5. ലഭിക്കുന്ന കാലിതീറ്റയുടെ ഗുണ മേൻമ വളരെകുറവാണ്.
6. കാലിത്തീറ്റയുടെ വില അമിതമായി വർദ്ധിക്കുന്നു.
7. തീറ്റ പുല്ല്, വൈക്കോൽ ഇവയുടെ ലഭ്യത കുറവാണ്.
8. കറവത്തൊഴിലാളികളുടെ കുറവ് അനുഭവപ്പെടുന്നു.
9. നല്ലയിനം ആടുകൾ ലഭിക്കുന്നില്ല
10ആടുവളർത്തലിന്റെ പുതിയ സങ്കേതങ്ങളെ സംബന്ധിച്ച് അറിവില്ല.
11.പുറത്ത് നിന്നുള്ള ഇറക്കുമതി കാരണം ഇറച്ചിക്കോഴി വിലയിൽ ഏറ്റക്കുറച്ചിൽ അനുഭവപ്പെടുന്നു.

12.പ്രാദേശികമായ വില്പ്പന വദ്ധിപ്പിക്കാൻ പൊതുമാർക്കറ്റ് സൗകര്യം കുറവാണ്.

നിർദ്ദേശങ്ങളും സാദ്ധ്യതകളും.

1. പഞ്ചായത്തിൽ വാടക കെട്ടിടത്തിൽ പ്രവർത്തിച്ച് വരുന്ന മൃഗാശുപത്രിക്ക് സ്വന്തമായി കെട്ടിടം പണിയുന്നതിന് നാലാം വാർഡിൽ പൊന്നിട്ട കൊട്ടാരത്തിനടുത്ത് അനുവദിച്ച സ്ഥലം നിലവിലുണ്ട്. ടി .സ്ഥലത്ത് കെട്ടിടം പണിയുന്നതിനും അത്യാവശ്യം വേണ്ട റഫ്രിജറേറ്റർ,മൈക്രോസ്ക്കോപ്പ്, റീഏജൻറ് സെൻസിറ്റീവിറ്റി ടെസ്റ്റിനുള്ള സംവിധാനം,പശുക്കളെ കെട്ടി പരിശോധിക്കുന്നതിനുള്ള കൂട്, സ്റ്റെറിലൈസർ തുടങ്ങിയ സംവിധാനങ്ങളോടുകൂടി ആശുപത്രി തുടങ്ങുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം.

2. പശുക്കുട്ടികളെ പ്രസവം വരെ സംരക്ഷിക്കുന്നതിന് സാമ്പത്തികമായ സഹായം നൽകുക.

3. തൊഴുത്ത്, വളക്കുഴി, ഗോബർ ഗ്യാസ് പ്ലാൻറുകൾ ഇവയക്കു ഉയർന്ന നിരക്കിൽ സഹായം നൽകുക

4. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് പശു,കന്നു കുട്ടികൾ, ആട്, മുയൽ, പന്നി, കോഴി, താറാവ് മുതലായവ സൗജന്യമായോ സൗജന്യനിരക്കിലോ വിതരണം ചെയ്യുക.

5. പാലിനു ന്യായമായ വില ലഭ്യമാക്കുക.

6. തീറ്റപ്പുൽ കൃഷിയ്ക്ക് പ്രോത്സാഹനം നൽകുക.

7. ബീജ സങ്കലനത്തിനും ചികത്സയക്കും സൗകര്യങ്ങൾ യഥാസമയം ലഭ്യമാക്കുക.

8. വളർത്തു മൃഗങ്ങളുടയേയും വളർത്തുപക്ഷികളുടേയും വ്യവസായികാടസ്ഥാനത്തിലുള്ള യൂണിറ്റുകൾ കൂടുതൽ സ്ഥാപിക്കാൻ പ്രചരണം നടത്തുക.

9. 3,4,6,11എന്നീ വാർഡുകൾക്ക് വേണ്ടി ഒരുക്ഷീര സഹകരണ സംഘം ആരംഭിക്കുക.

10.വ്യവസായികാടിസ്ഥാനത്തിൽ തീറ്റപ്പുൽ കൃഷിയാരംഭിക്കുക

11.കാലിത്തീറ്റ നിർമ്മാണത്തിനു ചെറിയ യൂണിറ്റുകൾ തുടങ്ങുക.

12.അഞ്ചുതുരുത്തിലും തീരപ്രദേശത്തും എരുമ വളർത്തലിന് സാദ്ധ്യതകൾ ആരാഞ്ഞു നടപ്പിലാക്കുക.

13. സ്വയം തൊഴിൽ , ദാരിദ്ര നിർമ്മാർജ്ജനം, ഗ്രാമീണ സ്ത്രീകൾക്ക് തൊഴിൽ, എന്നിവയ്ക്ക് വേണ്ടി ആട്, കോഴി, കാട, മുയൽ, പന്നി, താറാവ് എന്നിവയുടെ യൂണിറ്റുകൾ സ്ഥാപിക്കുക.

14.ക്ഷീരോൽപ്പാദന യൂണിറ്റുകൾ സ്ഥാപിക്കുക.

15.അഞ്ചുതുരുത്തിലും തീരപ്രദേശങ്ങളിലും താറാവു വളർത്തൽ പ്രോൽസാഹിപ്പിക്കുക

16.മൃഗാശുപത്രികൾക്ക് കൂടുതൽ സൗകര്യങ്ങൾ ചെയ്തു കൊടുക്കുകയും വർഡ് തോറും സബ് സെൻറെറുകൾ സ്ഥാപിക്കുകയും ചെയ്യുക.

17.ഇറച്ചിക്കോഴി വളർത്തുന്നതിന് പ്രോത്സാഹനം നൽകുക

18.പശു വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് പ്രോത്സാഹനം നൽകുക.

19.വീട്ടുമുറ്റത്ത് കോഴി വളർത്തലിന് ആവശ്യമായ സാങ്കേതിക സാമ്പത്തിക പ്രോത്സാഹനം നൽക്കുക

20.നല്ലയിനം താറാവ്, കോഴി എന്നിവയുടെ കുഞ്ഞുങ്ങളെ വിരിയിക്കുന്നതിനുള്ള ഹാച്ചറികൾ തുടങ്ങുക

21. പേപ്പട്ടി വിഷബാധ തടയുക. അലഞ്ഞു തിരിഞ്ഞു നടക്കുന്ന നായ്ക്കളെ നശിപ്പിക്കുക

22. അറവുശാലകൾ സ്ഥാപിക്കുക.

23. അറവുശാലകളിൽ നിന്നും ലഭിക്കുന്ന വസ്തുക്കൾ സംസ്ക്കരിക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക.

24. ഇൻഷുറൻസ് കൂടുതൽ വ്യാപകമായും എളുപ്പവും ആക്കുക.

25.കാളക്കുട്ടികളെ മാംസാവശ്യത്തിനു വേണ്ടി സംരക്ഷിച്ച് വളർത്തുന്നതിന് പ്രോത്സാഹനം നൽകുക.

26.ലാഭകരമല്ലാത്ത കറവ വറ്റിയ പശുക്കളെ മാംസാവശ്യങ്ങൾക്കായി വിപണനം നടത്തുന്നതിന് ഉതകുന്ന സംവിധാനം ഉണ്ടാക്കുക.

27. നല്ലയിനം ആട്,പന്നി മുയൽ എന്നിവയുടെ കുഞ്ഞുങ്ങളെ ആവശ്യാനുസരണം ലഭിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

28. വംശവർദ്ധനവിനു വേണ്ടി നല്ലയിനം മുട്ടനാടുകളെ വളർത്തുന്നതിനുള്ള സഹായം നൽകുക.

29. മൃഗ സംരക്ഷണ മേഖലയിൽ പ്രദർശനങ്ങളും സൗജന്യ പഠന പര്യടനങ്ങളും സംഘടിപ്പിക്കുക.

30. വ്യാപകമായ വിജ്ഞാനം വ്യാപന പ്രവർത്ത നങ്ങൾ നട ത്തുക.

B മത്സ്യ ബന്ധനം

പഞ്ചായത്തിലെ കിഴക്കും പടിഞ്ഞാറും അതിരുകൾ വേമ്പനാടു കായലാണ്. 12 km വരുന്ന ഈ കായലോരം കൂടാതെ പടിഞ്ഞാറു വശത്തുള്ള കായൽ നിലങ്ങലായ ശാസ്ത്രാംകരി, വലിയ കരി എന്നവിയെ ചുറ്റിയും കിഴക്കു വശത്തുള്ള 8 തുരുത്തുകളെ (ചെറിയ ദീപുകൾ, ചുറ്റിയും വേമ്പനാടു കായൽ തന്നെ. 2.3 ഹെക്ടർ വരുന്ന 9 പൊതുകുളങ്ങളും നാലായിരിത്തോളം സ്വകാര്യ കുളങ്ങളും പഞ്ചായത്തിലുണ്ട്. കൂടാതെ കായലുമായി ബന്ധപ്പെട്ട് കിടക്കുന്ന നാലു വലിയ തോടുകളുമുണ്ട്.

വലിയകരി സാസ്ത്രാംകരി, വാലുമ്മേൽ കരി ഇളംകലം, കരീത്തറ, കാരാളപ്പതി , കട്ടത്തറ എന്നീ പാടശേകരങ്ങൾ ചെമ്മീൻ വാറ്റു നിലങ്ങളാണ്.

പരമ്പരാഗതമായി മത്സ്യബന്ധനത്തിലേർപ്പെട്ടിരുന്ന ഒരു വിഭാഗം ജനങ്ങൾ കായലോരങ്ങളായ 1,2,3,4,5,6,7,9,10, എന്നീ വാർഡുകളിൽ കേന്ദ്രീകരിച്ചിരിക്കുന്നു. കൂടാതെ കക്ക ശേഖരണത്തിൽ ഏർപ്പെട്ടിരിക്കുന്നവരും ഈ പഞ്ചായത്തിൽ ഉണ്ട്. മത്സ്യത്തൊഴിലാളി കുടുംബത്തിലെ സ്ത്രീകൾ അധകവും മത്സ്യ വിപണനത്തിൽ ഏർപ്പെട്ടിരിക്കുന്നവരാണ്. കടൽ മത്സ്യങ്ങൾ പുറത്തുനിന്ന് കൊണ്ടു വന്ന് വില്പന നടത്തുന്ന പുരുഷൻമാരും സ്ത്രീകളും പഞ്ചായത്തുടനീളം ഉണ്ട്.

പരമ്പരാഗതമായ മത്സ്യ ബന്ധനോപകരണങ്ങൾ താഴെ പ്പറയുന്നവയാണ്. വള്ളം,ഊന്നിവലകൾ, ചൂണ്ട,വീശുവല, ചീനവല, ഒറ്റാൽ,വടിവല ഉണ്ടവല,ചെട്ടിവല, അടക്കം, കെല്ലിവല,പടൽ.

പഞ്ചായത്തിൽ ലഭ്യമായിരുന്ന മത്സ്യ ഇനങ്ങളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

.A. കായൽ മതസ്യങ്ങൾ

തിരുത, കട്ല, കാളാഞ്ചി, ചെമ്പല്ലി, കണമ്പ്, വറ്റ, മുത്തരി, മണങ്ങ്, കുറിച്ചി, മുള്ളൻ, കൊഴുവ, നന്തൻ, കണ്ണി, തിരണ്ടി, ഇലച്ചിൽ, പൂളാൻ, കൂരി ,ചെമ്മീൻ, കൊഞ്ച്, ഞണ്ട്, കോലാൻ, കരിമീൻ, പള്ളത്തി, നച്ചുകരിമീൻ, പ്രാഞ്ഞീൽ, കുട്ടൻ, വേളൂരി, വാക, കയ്പ, കുറുവ, പരൽ, മലഞ്ഞിൽ, ഒറത്തൽ.

.B. ശുദ്ധ ജല മത്സ്യങ്ങൾ

വരാൽ,കാരി,മുഴി കറൂപ്പ്, വാക ആരാൽ മുത്തരി,വറ്റ, പൂമീൻ, കോലാൻ, ഇലച്ചിൽ, തിരണ്ടി മുതലായ ഇനങ്ങൾ ഇപ്പോൾ വംശനാശത്തിന്റെ വക്കിലാണ്. അടുത്ത കാലത്തുണ്ടായ മത്സ്യ രോഗം ഈ പഞ്ചായത്തിൽ വളരെ രൂക്ഷമായിരിന്നു. കരിമീൻ വരാൽ എന്നിവയെ ഈ രോഗം സാരമായി ബാധിച്ചു.

മുൻ കാലങ്ങളിലെ മത്സ്യ സംസ്ക്കരണ മാർഗ്ഗം ഉണക്കി സൂക്ഷിക്കുകയായിരുന്നു. ചെമ്മീൻ പുഴുങ്ങി ഉണക്കി പരിപ്പെടുത്ത് കയറ്റി അയച്ചിരുന്നു. ഇന്ന് ഐസും കോൾഡ്സ്റ്റോറേജ് സൗകര്യവും ലഭ്യമായതോടെ കേടുകൂടാതെ ദൂരെദിക്കിലെത്തിക്കുവാനും വിദേശ രാജ്യങ്ങളിലേക്ക് കയറ്റി അയക്കുന്നതിനും സൗകര്യം ഉണ്ടായിട്ടുണ്ട്.

.D. പ്രശ്നങ്ങൾ:-

1. മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരവും ജീവിത സാഹചര്യങ്ങളും ശോചനീയമാണ്.
2. പാർപ്പിടം,ശുദ്ധജലം,വൈദ്യുതി,കക്കൂസ്, ആരോഗ്യ പരിപാലനം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ പോലും അവരുടെ വാസ കേന്ദ്രങ്ങളിൽ ഇല്ല.
3. ആധുനിക മത്സ്യ ബന്ധന ഉപകരണങ്ങൾ വ്യാപകമല്ല.
4. കടലോര മത്സ്യതൊഴിലാളികൾക്ക് നല്കുന്ന ആനുകൂല്യങ്ങൾ ലഭ്യമല്ല.
5. പഞ്ചായത്തിൽ ഫിഷ് ലാൻറിംഗ് സെൻററുകൾ ഇല്ല.
6. മതിയായ സൗകര്യങ്ങൾ ഉള്ള മാർക്കറ്റ് ഇല്ല.
7. പഞ്ചായത്തിൽ ലഭിക്കുന്ന മത്സ്യങ്ങൾ പുറത്ത് കൊണ്ട് പോയി വിൽക്കുന്നതിനും, കടൽ മത്സ്യങ്ങൾ ഇവിടെ കൊണ്ടു വന്ന് വിപണനം നടത്തുന്നതിനും യാതോരു സൗകര്യവുമില്ല.
8. ശാസ്ത്രീയമായ ചെമ്മീൻ കൃഷി നടപ്പിലാക്കുന്നതിനുള്ള സൗകര്യങ്ങൾ പ്രയോജനപ്പെടുത്തുന്നില്ല.
9. സുലഭമായി ലഭിക്കുന്ന കക്കായും സംസ്ക്കരിക്കുന്നില്ല.
10. മിതമായ പലിശ നിരക്കിൽ മത്സ്യ ബന്ധനത്തിലും വ്യാപാരത്തിലും ഏർപ്പെട്ടവർക്ക് വായ്പ ലഭിക്കുവാനുള്ള സൗകര്യമില്ല.
11. ചകിരി, ചകിരിച്ചോർ, മൃഗങ്ങളുടെ അസ്ഥി എന്നിവ ജലാശയങ്ങളിൽ ഇടുന്നതു മൂലം മത്സ്യ ബന്ധനത്തിനു തടസ്സം ഉണ്ടാകുന്നു.
12. അനധികൃതമായ കായൽ കൈയ്യേറ്റം മൂലം മത്സ്യ സമ്പത്ത് കുറയുന്നു.
13. കായലിൽ നിന്ന് വാറ്റു നില്ങ്ങളിൽ എത്തിച്ചേരുന്ന നാരൻ, കാര മുതലായ ഗുണനിലവാരമുള്ള ചെമ്മീൻ കുഞ്ഞുങ്ങളുടെ അളവ് വർഷംതോറും കുറഞ്ഞു വരുകയാണ്.
14. പൂച്ചാക്കൽത്തോട്, പഞ്ചായത്തിന്റെ വടക്ക് അതൃത്തിയിലുള്ള പുത്തൻതോട് പള്ളിത്തോട് എന്നിവയിലെ മാലിന്യങ്ങൾ മൂലവും, ആഴക്കുറവു മൂലവും ചെമ്മീൻ കുഞ്ഞുങ്ങളുടെ വാറ്റുനിലങ്ങളിലേക്കുള്ള വരവ് കുറയുന്നു.

15. ശാസ്ത്രീയമായി ചെമ്മീൻ വളർത്തൽ സംബന്ധിച്ച് അറിവ് കൃഷിക്കാർക്കില്ല. ഇതിനാവശ്യമായ പരിപാടികൾ ഒന്നുമില്ല.

16. നെൽ കൃഷി ചെയാത്തതും ഓരു മത്സ്യകൃഷിക്ക് അനുയോജ്യവും ആയ നിലങ്ങൾക്ക് കൂടുതൽ മൂലധനം മുടക്കുള്ള സ്ഥായിയായ മാറ്റങ്ങൾ ആവശ്യമുണ്ട്.

17. പഞ്ചായത്തിൽ വ്യാപകമായി കുളങ്ങൾ ഉണ്ടെങ്കിലും അവ വെട്ടി സംരക്ഷിച്ചിട്ടില്ല.ഇപ്പോൾ ഇവയിൽ കാര്യമായി മത്സ്യ കൃഷിയും നടക്കുന്നില്ല.

നിർദ്ദേശങ്ങളും സാദ്ധ്യതകളും.

1. മത്സ്യത്തൊഴിലാളി ക്ഷേമത്തിനായി സമഗ്ര ആസൂത്രണം നടത്തണം.
2. ആധുനിക മത്സ്യ ബന്ധനോപകരണങ്ങൾ സൗജന്യ നിരക്കിൽ ദീർഘകാല വായ്പ്പയായി വിതരണം ചെയ്യണം.
3. കടലോര മത്സ്യത്തൊഴിലാളികൾക്കു നൽകുന്ന എല്ലാ അനുകൂല്യങ്ങളും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും നൽകണം.
4. മത്സ്യഭവൻ ഈ പഞ്ചായത്തിൽ സ്ഥാപിക്കണം.
5. പഞ്ചായത്തിന്റെ കിഴക്ക് പടിഞ്ഞാറ് ഓരോ ഫിഷ് ലാൻറിഗ് സെൻററുകൾ സ്ഥാപിക്കണം. 6,4,7,വാർഡുകൾ കേന്ദ്രീകരിച്ച് ഫിഷർമെൻ കോളനികൾ സ്ഥാപിക്കണം.
6. പൂച്ചാക്കൽ പട്ടണത്തോട് ചേർന്ന് ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കണം.
7. പുത്തൻ പാലത്തിലും ആന്നലത്തോട്ടിലും ഉള്ള മത്സ്യമാർക്കറ്റുകൾ നവീകരിക്കണം.
8. മത്സ്യവിപണനത്തിന് കൊണ്ടു പോകുന്നതിനും, കൊണ്ടു വരുന്നതിനും ബസ്സ് അനുവദിക്കണം.
9. മത്സ്യ വ്യാപാരത്തിന് മോപഡുകളും ഡിഞ്ചിയും സൗജന്യ നിരക്കിൽ ദീർഘ കാല വായ്പയായി നൽകണം.
10. ചെമ്മീൻ വാറ്റു നിലങ്ങൾ ആധുനിക വൽക്കരിക്കുന്നതിനും സാമ്പത്തിക സാങ്കേതിക സഹായം നൽകുക.
11. ശാസ്ത്രീയമായി ഞണ്ട്, കൊഞ്ച് മുതലായവ കൃഷി ചെയ്യുന്നതിന് സാമ്പത്തിക സങ്കേതിക സഹായം നൽകുക.
12. പൊതുകുളങ്ങളിലും സ്വകാര്യ കുളങ്ങളിലും ശുദ്ധജലമത്സ്യം വളർത്തുന്നതിന് മത്സ്യകുഞ്ഞുങ്ങളെ സൗജന്യമായി വിതരണം ചെയ്യുക.
13. ഊടുപുഴത്തോട് വടക്കും തെക്കും അടച്ചു കെട്ടി മത്സ്യം വളർത്തുക.
14. ഒരു കക്ക സഹകരണ സംഘം സ്ഥാപിക്കുക
15. കക്കത്തൊഴിലാളികൾക്ക്,മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും നൽകുക.
16. മത്സ്യക്കുഞ്ഞുങ്ങളെ വിലയ്ക്ക് വാങ്ങി സംഭരിച്ചും സംരക്ഷിച്ചും മത്സ്യകൃഷിക്കാർക്ക് യഥാസമയം വിതരണം ചെയ്യുന്നതിനായി ഒരു ഫിഷ് സീഡ് ബാങ്ക് പഞ്ചായത്തിൽ ആരംഭിച്ച് നടത്തേണ്ടതുണ്ട്. ഇതിനായി തൊഴിൽ രഹിതരായ ഏതാനും യുവാക്കളെ തിരഞ്ഞെടുത്ത് പരിശീലനം നൽകി അവരുടെ ഒരു കൂട്ടു പങ്കാളിത്ത സംരംഭമായി ഇത് നടത്താവുന്നതാണ്. ഈ പഞ്ചായത്തിലും സമീപ പ്രദേശങ്ങളിലുമായി അൻപതോളം പരിശീലനം ലഭിച്ച യുവാക്കൾ മത്സ്യക്കുഞ്ഞുങ്ങളെ ശേഖരിച്ച് മത്സ്യം വളർത്ത് കേന്ദ്രങ്ങളിൽ ഇപ്പോൾ നേരിട്ട് വിതരണം ചെയ്ത് വരുന്നുണ്ട്.എന്നാൽ ഇപ്രകാരംകൊണ്ടു വരുന്ന മത്സ്യക്കുഞ്ഞുങ്ങളെ ഒരു പ്രത്യേക കേന്ദ്രത്തിൽ സംഭരിക്കുകയും ഒരു നിശ്ചിത കാലം സംരക്ഷിക്കുകയും ആവശ്യക്കാർക്ക് വിൽക്കുകയും ചെയ്യേണ്ടതാണ്. ഇങ്ങനെ ചെയ്യുന്നത് കൊണ്ട് കൃഷിക്കാർക്ക് യഥാസമയം മതിയായ അളവിൽ കുഞ്ഞുങ്ങളെ ലഭ്യമാക്കുന്നതിലുപരി അവയുടെ മരണ നിരക്ക് കുറയ്ക്കുവാനും കഴിയും.
17. പൂച്ചാക്കൽത്തോടും പുത്തൻത്തോടും ആഴം കൂട്ടി സംരക്ഷിക്കുന്നത് കൊണ്ട് ശരിയായി വെള്ളം കയറി ഇറങ്ങുകയും അതുമൂലം മലിനീകരണം കുറയുകയും ചെയ്യും. മത്സ്യക്കുഞ്ഞുങ്ങൾക്ക് കയറി ഇറങ്ങുതിനുള്ള സൗകര്യവും ഇതു മൂലം ലഭിക്കും.
18. ചെമ്മീൻ വളർത്തലിനേയും മറ്റു മത്സ്യം വളർത്തലിനേയും സംബന്ധിച്ച് ശാസ്ത്രീയമായ പരിശീലനങ്ങൾകൃഷിക്കാർക്ക് വേണ്ടി നിശ്ചിത സമയങ്ങളിൽ നടത്തേണ്ടതാണ്. ഇതിന് പഞ്ചായത്ത് നേതൃത്വം നൽകണം.
19. വലിയ കരിയും അതു പോലുള്ള മറ്റു പ്രദേശങ്ങളും വികസിപ്പിച്ചെടുത്താൽ വേനൽ കാലത്ത് ചെമ്മീൻ കൃഷിയും വർഷകാലത്തു കൊഞ്ചും, പൂമീൻ, തിരുത, കണമ്പ്,തുടങ്ങിയ മത്സ്യ.ങ്ങളും വളർത്താവുന്നതാണ് പുറം ബണ്ടുകളും ഇട വരമ്പുകളും ബലപ്പെടുത്തി അനുയോജ്യമായ ചെറിയ ഖണ്ഡങ്ങളായി തിരിച്ച്, തൂമ്പുകൾ സ്ഥാപിച്ചും. ഭൂമിയിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുക. വെള്ളം വറ്റിക്കുന്നതിനാവശ്യമായ പെട്ടിയും പറയും സ്ഥാപിക്കണം. ശാസ്ത്രീയമായ പരിചരണവും മേൽനോട്ടവും മത്സ്യകൃഷിക്കാവശ്യമാണ്. അഞ്ചു തുരത്തിലുള്ള പുറം പോക്കു ഭൂമിയിലും സമാനമായ മറ്റു കായലുകളിലും ഫലപ്രദമായി ചെമ്മീൻ

പാണാവള്ളി ഗ്രാമപഞ്ചായത്ത് വികസനരേഖ

5
2

(അനുബന്ധം)

മൃഗസംരക്ഷണം, മത്സ്യബന്ധനം

(20) (പേജ് 29 -ൽ തുടർച്ച)

1 കാലാകാലങ്ങളിൽ മത്സ്യങ്ങളിൽ ഉണ്ടാകുന്ന രോഗത്തിന് ശാശ്വത പരിഹാരം ഉണ്ടാക്കാൻ ശാസ്ത്രീയ രീതിയിൽ പരീക്ഷണങ്ങളും നടത്തണം.

2 പഞ്ചായത്ത് കേന്ദ്രീകരിച്ച് മത്സ്യതൊഴിലാളിക്ഷേമ സഹകരണ സംഘം സ്ഥാപിയ്ക്കണം.

3 ഫിഷർമെൻ കോളനികളും 1, 3, 5, വാർഡുകളും കൂടി കേന്ദ്രീകരിച്ചുസ്ഥാപിയ്ക്കണം

4 ആധുനീക മത്സ്യബന്ധനോപകരണങ്ങളും, മത്സ്യതൊഴിലാളി ക്ഷേമസംഘങ്ങളും വഴിസൗജന്യനിരക്കിൽ വിതരണം ചെയ്യണം.

5 ഉൾനാടൻ മത്സ്യതൊഴിലാളി മേഖലകളിൽ ചികിത്സാ സൗകര്യങ്ങളും ഏർപ്പെടുത്തണം.

6 നെൽകൃഷി ഇടങ്ങളിൽ ചെമ്മീൻ വാറ്റു നിരോധിയ്ക്കണം.

7 10–ാം നിർദ്ദേശത്തിൽ പറയുന്ന നിർദ്ദേശങ്ങളും താഴെപറയുന്ന രീതിയിൽ ഭേദഗതി ചെയ്യുന്നു

a നെൽകൃഷിയിടങ്ങളും ചെമ്മീൻ വാറ്റ്നിരോധിച്ച്, ശാസ്ത്രീയ രീതിയിൽ ചെമ്മീൻ വളർത്തൽ പ്രോത്സാഹിപ്പിയ്ക്കണം.

b കായലോരപ്രദേശങ്ങളിൽനിന്നുംചെമ്മീൻ കുഞ്ഞുങ്ങളെ പിടിക്കുന്നത് നിരോധിക്കണം

8 പേജ് 19–ൽ പറഞ്ഞിരിയ്ക്കുന്ന തോടുകളുടെപട്ടികയിൽ അഞ്ചുതുരുത്ത്–കൂട്ടച്ചിറ തോടും ഉൾപ്പെടുന്നു.

9 മത്സ്യതൊഴിലാളികളും തിങ്ങിപാർക്കുന്ന കൊല്ലംകൂമ്പൽ മുതൽ മാനംകുറിച്ചിപള്ളിവരെയുള്ള പ്രദേശത്ത് തീരദേശറോഡും കുടിവെള്ളവും എത്തിയ്ക്കണം.

10 കൊല്ലംകൂമ്പേൽ മുതൽ വടക്കോട്ട് അരയൻകാവുജെട്ടി വരെയുള്ള തീരപ്രദേശം കല്ലുകെട്ടി സംരക്ഷിയ്ക്കുക

11 മത്സ്യമേഖലയിൽ ജോലിചെയ്യുന്ന എല്ലാവിഭാഗം തൊഴിലാളികൾക്കും ഫിഷറീസ് വകുപ്പിൽനിന്നുംആനുകൂല്യംലഭ്യമാക്കണം.

12 കായലിടങ്ങൾ കുത്തകമുതലാളിമാർ കയ്യേറി എടുക്കുന്നരീതി പഞ്ചായത്ത് ഇടപെട്ട് നിർത്തണം.

13 ക്ഷേമനിധിയിൽ അംഗമാകുന്ന ദിവസം മുതൽ അംഗത്വഫീസ് വാങ്ങിക്കൊണ്ട് അംഗത്വം നടപ്പാക്കുക.

14 നിലവിൽ കല്ലുകെട്ടി സംരക്ഷിച്ചുകൊണ്ടിരിയ്ക്കുന്ന കായൽ പുറംപോക്കു ഭൂമി സ്വന്തമായി ഭൂമിഇല്ലാത്തമത്സ്യതൊഴിലാളികൾക്ക് പതിച്ചു കൊടുക്കുന്നതിനുള്ള നടപടി പഞ്ചായത്ത് ഇടപെട്ട് നടപ്പാക്കുക.

15 ഉൾനാടൻ മത്സ്യതൊഴിലാളികൾക്ക് നാടൻ മത്സ്യം നിർമ്മിക്കുന്നതിനു സഹകരണമേഖലയിൽ ഒരുയൂണിറ്റ് സ്ഥാപിക്കണം

16 മത്സ്യകെട്ടുകളിൽ വൈദ്യുതി ബന്ധം ഉപയോഗിച്ച് മത്സ്യ കൂട്ടങ്ങളെ ആകർഷിച്ച് നടത്തിവരുന്ന മത്സ്യബന്ധനരീതി നിർത്തലാക്കണം.

17 ഉൾനാടൻ ജലാശയങ്ങളിൽ മത്സ്യത്തിന്റെ വംശം നശിപ്പിയ്ക്കുന്ന അടക്കംകൊല്ലി വലകൾ നിരോധിയ്ക്കണം.

18 പേജ് 28–ൽ 1 ഉം 5 ഉം വാർഡുകളിലും ഫിഷർമെൻ കോളനി സ്ഥാപിയ്ക്കണം.

മൃഗസംരക്ഷണം

(31) പേജ് 26 ൽ

1 കോഴിവസന്തയ്ക്കും താറാവുരോഗത്തിനും പ്രതിരോധ കുത്തിവയ്പുകളും കാലാകാലങ്ങളിൽ നടത്തുക.

2 പഞ്ചായത്ത് അടിസ്ഥാനത്തിൽ മൃഗാശുപത്രിയ്ക്ക് യാത്രാസൗകര്യം ഏർപ്പെടുത്തുക.

3 നല്ലയിനം വളർത്തുമൃഗങ്ങളെയും കറവമാടുകളേയും പഞ്ചായത്തുതലത്തിൽ സബ്സീഡിനിരക്കിൽ ലഭ്യമാക്കുക.

4 കന്നുകാലി പരിപാലനത്തിന് തീറ്റ സബ്സീഡി നിരക്കിൽ ലഭ്യമാക്കുന്ന രീതി തുടർന്നു നടത്തുക.

കൃഷി നടത്താവുന്നതാണ്.ഇതിനായിസ്ഥാന നിർണ്ണയം ചെയ്യുകയും പുറം ബണ്ടുകൾ കെട്ടി അവ മത്സ്യകൃഷിക്ക് അനുയോജ്യമാക്കുകയും ചെയ്യേണ്ടതാണ്. ഇങ്ങനെ വികസിപ്പിക്കുന്ന സ്ഥലങ്ങൾ ഒരു നിശ്ചിത കാലത്തേക്ക് പഞ്ചായത്തിൽ നിന്നും ലേലം ചെയ്തു കൊടുത്ത് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാവുന്നതുമാണ്. ചെമ്മീൻ സംസ്ക്കരണം പരിസ്ഥിതി പ്രശ്നങ്ങൾ ഉയർത്തുന്നു. എന്നാൽ മത്സ്യ ഉല്പാദനത്തോടൊപ്പം മത്സ്യ സംസ്ക്കരണവും ഈ പഞ്ചായത്ത് അതൃത്തിയിൽ തന്നെ നടത്തേണ്ടതും. ഇവിടത്തെ ജനങ്ങൾക്ക് തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിന് ആവശ്യമാണ്. ഇതിനായി കായലും റോഡും സൗകര്യങ്ങളുള്ള പ്രദേശങ്ങൾ തിരഞ്ഞെടുത്ത് ആവശ്യമായത്ര മത്സ്യ സംസ്ക്കരണ കേന്ദ്രങ്ങൾ പഞ്ചായത്ത് നേരിട്ട് സ്ഥാപിക്കുന്നത് ഉചിതമായിരിക്കും. ഇത്തരം കേന്ദ്രങ്ങളിലെ മാലിന്യങ്ങൾ സംസ്ക്കരിച്ച് കായലിലേക്ക് ഒഴുക്കികളയുന്ന സംവിധാനം ഇതോടൊപ്പം ചെയ്യാൻ കഴിയും.

ഈ കേന്ദ്രങ്ങളും നിശ്ചിത കാലയളിവിലേക്ക് ലേലം ചെയ്ത് കൊടുക്കാവുന്നതാണ്.

20. പാണാവള്ളി പഞ്ചായത്തിൽ 5ാം വാർഡിൽ കൊച്ചു കരിയിൽ വേമ്പനാട്ടു കായൽ പുറമ്പോക്ക് സർവ്വേ നമ്പർ 26 1/4ൽ പെട്ട 15 ഏക്കർ ഓളം വരുന്ന സോയിൽ കൺസർവേഷൻ ഡിപ്പാർട്ടുമെൻറ് കല്ലു കെട്ടിയിട്ടുള്ള സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് മത്സ്യ കൃഷിക്ക് വേണ്ടി ലേലം ചെയ്ത് കൊടുക്കാവുന്നതാണ്.

ഇപ്പോൾ ഈ മേഖലയിൽ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നൽകുന്നതിനു വേണ്ടി പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളുടെ പട്ടിക താഴെ പറയുന്നു.

1. കേരളാ ഗവർമേൻറ് ഫിഷറീസ് ഡിപ്പാർട്ട്മെൻറ്
2. ADAK
3. BFFDA
4. FFBA
5. MATSYA FED
6. ഫിഷറീസ് കോളേജ്,പനങ്ങാട്
7. MPEDA
8. CIFT
9. CMFRI



വ്യവസായം

തൊണ്ടഴുക്കും ചകിരിപിരിയുമായിരുന്നു പഞ്ചായത്തിലെ പരമ്പരാഗത വ്യവസായം. ഇടത്തരക്കാരും തൊഴിലാളികളും ഒരു പ്രധാന കൈത്തൊഴിലായി ചകിരിപിരി നടത്തിപ്പോന്നു. പരമ്പരാഗതമായി കൈത്തറി നെയ്തു നടത്തി വന്നിരുന്ന ഏതാനും കുടുംബങ്ങളും പഞ്ചായത്തിലുണ്ടായിരുന്നു. കള്ളുവ്യവസായം ഒരു പരമ്പരാഗത വ്യവസായം എന്ന നിലയിൽ ആദികാലം മുതൽ നിലനിന്നു പോന്നു. തഴപ്പായനെയ്ത്ത്, സ്ത്രീകൾക്കിടയിൽ വ്യാപകമായി ഉണ്ടായിരുന്നു. ഗ്രാമീണാവശ്യങ്ങൾ നിറവേറ്റുന്നതിനു മതിയായ ഉല്പാദനം നടത്തുന്ന ഓട്ടുപാത്രനിർമ്മാണം, ഇരുമ്പുസാധനങ്ങളുടെ നിർമ്മാണം, സ്വർണ്ണാഭരണ നിർമ്മാണം എന്നിവയും കുടിൽ വ്യവസായമായി ഇവിടെത്തന്നെ നിലനിന്നിരുന്നു. വീടും വീട്ടുപകരണങ്ങളും നിർമ്മിക്കുവാൻ വിദഗ്ധരായ മരപ്പണിക്കാരും പഞ്ചായത്തിൽ സുലഭമായിരുന്നു. പപ്പട നിർമ്മാണം, ചെമ്മീൻ പരിപ്പുനിർമ്മാണം എന്നിവയും നാമമാത്രമായി ഇവിടെ നിലനിന്നിരുന്നു. നാളികേരം കൊപ്രയാക്കി വില്ക്കുകയായിരുന്നു പതിവ്. സുലഭമായി ലഭിച്ചിരുന്ന കക്ക നീറ്റി ചുണ്ണാമ്പും കുമ്മായവും നിർമ്മിച്ചുപോന്നു. കയറ്റു മതിക്കായി കയറ്റുപായും തടുക്കും നിർമ്മിച്ചിരുന്ന ഒരു വൻകിട കയർ ഫാക്ടറി- ''ദാറാസ് കമ്പനി'' തൃച്ചാറ്റുകുളത്തു പ്രവർത്തിച്ചിരുന്നത് പിന്നീട് നിറുത്തിപ്പോയി.

പരമ്പരാഗത വ്യവസായങ്ങൾ പലതും ഇന്ന് തകർച്ചയിലാണ്. തൊണ്ടഴുക്ക് വ്യവസായം പണിക്കാരെ കിട്ടാത്തതുകൊണ്ടും സ്ഥലദൗർലഭ്യം കൊണ്ടും പരിസ്ഥിതി പ്രശ്നംകൊണ്ടും ഇന്ന് പാടേ നിലച്ച മട്ടാണ്. പഞ്ചായത്തിൽ സുലഭമായി കിട്ടുന്ന തൊണ്ടിന്റെ അധികഭാഗവും ഉണക്കി ഇന്ധനമായി ഉപയോഗിച്ചുവരികയാണ്. എന്നാൽ കയർ പിരിക്കാനാവശ്യമായ ചകിരി പുറമേ നിന്ന് വന്നുകൊണ്ടിരിക്കുന്നു. അടികാലങ്ങളിലുണ്ടായിരുന്ന കയർ കൈപ്പിരി ഏതാണ്ട് പൂർണ്ണമായി നിലക്കുകയും റാട്ടുകൾ വ്യാപകമാവുകയും ചെയ്തിട്ടുണ്ട്. ജോലിഭാരം കുറയ്ക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഉതകുന്ന യന്ത്രവൽകൃത റാട്ടുകൾ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിട്ടുണ്ടെങ്കിലും അവ പ്രചാരത്തിലായിട്ടില്ല. കൈത്തറി മേഖല യിലാവട്ടെ ഒരു കാലത്തു കുഴിത്തറികളിൽ തോർത്തു മുണ്ട് മാത്രം ചെയ്തിരുന്ന സ്ഥാനത്ത് പരിഷ്കൃത ത്തറികൾ ഉപയോഗിച്ച് യന്ത്രവല്കൃത തറികൾ പരീക്ഷിച്ചെങ്കിലും പിന്നീട് നിലച്ചുപോയി. തഴപ്പായ നെയ്ത്ത് ഒട്ടുമാദായകരമല്ലാത്തതിനാൽ ശുഷ്ക്കിച്ചു വരുന്നു. മത്സ്യസംസ്ക്കരണമേഖലയിൽ കയറ്റുമതിയെ ലക്ഷ്യമാക്കി പീലിങ്ഷെഡുകളും ഐസ് പ്ലാന്റുകളും മറ്റും രൂപംകൊണ്ടുവരുന്നു.

ഇപ്പോൾ പഞ്ചായത്തിലാകെ രജിസ്റ്റർ ചെയ്യപ്പെട്ട 76 വ്യവസായ യൂണിറ്റുകൾ ഉണ്ട്. ഇതിൽ കയർ, കൈത്തറിവസ്ത്രം, കയർ ഉല്പന്നങ്ങൾ, അച്ചാർ, കറിപൗഡർ, റെഡിമെയ്ഡ് വസ്ത്രങ്ങൾ, ബേക്കറി സാധനങ്ങൾ, സോഡ, ബാഗുകൾ തുടങ്ങിയവയുടെ നിർമ്മാണവും, നാളികേര സംസ്ക്കര്, ചെമ്മീൻ സംസ്ക്കരണം എന്നിവയും ഉൾപ്പെടുന്നു.

വാർഡടിസ്ഥാനത്തിലുള്ള വ്യവസായ യൂണിറ്റുകളുടെ പട്ടിക ചുവടെ ചേർക്കുന്നു.

വ്യവസായം

അവലംബം പാണാവള്ളി പഞ്ചായത്ത്

വാർഡ്	1	2	3	4	5	6	7	8	9	10	11	ആകെ
പീലിങ്ഷെഡ്ഡ്	1	1	4	1	2	1	5	-	-	-		15
കുമ്മായ വ്യവസായം	1	-	1	-2	-	-	1	-	-			5
നാളികേര സംസ്ക്കരണം	1	1	1	-	1	2	3	-	1	-	-	10
കറിപൗഡർ, ബേക്കറി, മിഠായി നിർമ്മാണം		2	1	-	-	1	4	1	1	1	1	12
ഓയിൽ മില്ല്	-	1	-	1	-	-	1	-	-	-	-	3
ഐസ് നിർമ്മാണം	-	-	2	-	-	-	-	-	-	-	-	2
റെഡിമെയ്ഡ് ഡ്രസ്സ്, ബാഗ്	-	1	2	-	-	1	1	1	1	-	-	7
ആയുർവ്വേദ, ഹോമിയോ മരുന്ന് നിർമ്മാണം,വിപണനം	-	-	1	1	-	3	1	2	2	-	-	10
സോഡ നിർമ്മാണം	-	-	1	-	-	-	2	1	1	1	1	7
കയർ, തടുക്ക് നിർമ്മാണം	-	-	1	1	2	3	4	1	3	-	-	15
ഫർണീച്ചർ നിർമ്മാണം	1	-	-	-	1	1	4	-	-	1	2	10
ചകിരി മില്ല്			1	1	1		3		1	1		8
തടി മില്ല്		1	1	1		1	1			1		5
റൈസ് മില്ല്			1	2			2	1	2	3		11
പപ്പട നിർമ്മാണം		1				3	1	1				6
വർക്ക് ഷോപ്പ്, പ്രസ്സ്		2		2		1	5			1	1	12

ഇപ്പോൾ പ്രവർത്തനരഹിതമായി കിടക്കുന്ന വ്യവസായ യൂണിറ്റുകൾ താഴെപ്പറയുന്നവയാണ്.

1. ഓടമ്പള്ളി ഖാദി ചെറുകിട വ്യവസായ യൂണിറ്റ്.

2. ഗ്രാമോദയം തടി, സ്റ്റീൽ ഉപകരണ നിർമ്മാണ യൂണിറ്റ്.

3. കെൽട്രോൺ, റേഡിയോ പാർട്ട്സ്, അസംബ്ലിങ് യൂണിറ്റ്സ്.

പഞ്ചായത്തിലെ കാർഷിക മേഖല തകർച്ചയെ നേരിടുകയാണ്. കാർഷികോല്പന്നങ്ങൾ ഉപയോഗിച്ചുള്ള വ്യവസായങ്ങൾ വളരേണ്ടത് ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭിക്കുവാൻ ആവശ്യമാണ്. കൂടാതെ തൊഴിലും മെച്ചപ്പെട്ട വരുമാനവും ഗ്രാമവാസികൾക്ക് ലഭിക്കുന്നതിന് വ്യവസായ വല്ക്കരണം അനുപേക്ഷണീയമാണ്.

പഞ്ചായത്തിലെ വ്യവസായമേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ താഴെ ചേർത്തിരിക്കുന്നവയാണ്.

പ്രശ്നങ്ങൾ

1. കയറിന്റെയും കയർ ഉല്പന്നങ്ങളുടെയും ദേശീയ അന്തർദ്ദേശീയ വിപണനം മുഖ്യമായും സ്വകാര്യ ഉടമകളിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ഈ മേഖലയിൽ ജോലിചെയ്യുന്ന തൊഴിലാളികൾക്ക് കൂടുതൽ മെച്ചപ്പെട്ട സേവനവേതന വ്യവസ്ഥകൾ ലഭിത്തക്കവിധം ആവശ്യമായി സർക്കാർ നിയന്ത്രണങ്ങൾ കൊണ്ടുവരേണ്ടതാണ്.

2. കയർ മേഖലയിൽ പണിയെടുക്കുന്നത് അധികവും സ്ത്രീകളാണ്. തീരെ കുറഞ്ഞ വേതനം മാത്രമാണ് ഇപ്പോൾ കയർ പിരിയിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്ക് ലഭിച്ചുവരുന്നത്.

3. കയർ പിരിക്ക് യന്ത്രവല്ക്കരണം ആരംഭിച്ചിട്ടുണ്ടെങ്കിലും അത് വ്യാപകമായിട്ടില്ല.

4. വെയിലും മഴയും കൊള്ളാതെ കയർ പിരിക്കുന്നതിനുള്ള പൊതുസ്ഥലങ്ങൾ ഇല്ല. ഇതു മൂലം കയർ പിരി ക്ലേശകരമായിത്തീരുന്നു. അനേകം പ്രവർത്തിദിവസങ്ങൾ നഷ്ടമായിത്തീരുകയും ചെയ്യുന്നു.

5. പച്ചത്തൊണ്ടധികവും സംസ്ക്കരിക്കാതെ ഇന്ധനാവശ്യങ്ങൾക്ക് ഉപയോഗിച്ചു പോരുന്നു. കയർ വ്യവസായത്തിന്റെ ഏറ്റം അസംസ്കൃത സാധനമായ പച്ചത്തൊണ്ട് ഇങ്ങനെ പാഴാക്കിക്കളയുവാൻ അനുവദിച്ചുകൂടാ.

6. നാളികേര സംസ്ക്കരണത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പഞ്ചായത്തിൽ കുറവാണ്. നാളികേരം കൊപ്രയാക്കുന്നതിനും കൊപ്ര എണ്ണയാക്കുന്നതിനും ഇപ്പോൾ വേണ്ടത്ര സൗകര്യങ്ങൾ ഇല്ല.

7. ചിരട്ട, ചകിരിച്ചോറ് മുതലായവ ഉപയോഗിച്ചുള്ള യാതൊരു വ്യവസായവും പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. ചിരട്ട ഇന്ധനമായി ഉപയോഗിച്ചുവരുന്നു. ചകിരിച്ചോറാകട്ടെ പാഴ് വസ്തുവായി തള്ളപ്പെടുകയും പലപ്പോഴും പരിസ്ഥിതി പ്രശ്നങ്ങൾ ഉളവാക്കുകയും ചെയ്യുന്നു.

8. നിലവിലുള്ള കൈത്തറി വ്യവസായം പൂർണ്ണമായും സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കപ്പെട്ടതാണ്. എന്നാൽ യന്ത്രവല്ക്കരണമോ ഉല്പന്നങ്ങളുടെ വൈവിധ്യവല്ക്കരണമോ ഇല്ലാതെ ഈ മേഖല മുരടിച്ചു നില്ക്കുന്നു. വളരെയേറെ വികസന സാധ്യതയുള്ള ഈ മേഖല ഏതാനും കുടുംബങ്ങളുടെ കുലത്തൊഴിൽ മാത്രമായി നിലനിന്നും വരുന്നു.

9. പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്നു സിലിക്കാ മണൽ ചതുപ്പുപ്രദേശങ്ങൾ നികത്തുന്നതിനും മറ്റുമായി ഉപയോഗിച്ചുവരികയാണ്. അമൂല്യമായ ഈ പ്രകൃതി സമ്പത്ത് സംരക്ഷിക്കുന്നതിനോ ഇതുപയോഗിച്ച് ഉല്പന്നങ്ങൾ ഉണ്ടാക്കുന്നതിനോ നടപടികൾ ഒന്നും ഉണ്ടായിട്ടില്ല.

10 .പഞ്ചായത്തതിർത്തിയിലെ കായലുകളിൽ നിന്നുലഭിക്കുന്ന കക്ക ഉപയോഗിച്ചുള്ള വ്യവസായങ്ങൾ ഒന്നും തന്നെ ഇപ്പോൾ പഞ്ചായത്തിലില്ല. കക്ക ഇറച്ചിയും കക്കത്തൊണ്ടും വേണ്ടപോലെ പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല.

11. ചെമ്മീൻ പീലിങ്ഷെഡ്ഡുകളിൽ നിന്ന് ഒഴുകുന്ന മലിനജലം പുതിയ പരിസ്ഥിതി പ്രശ്നങ്ങൾ ഉയർത്തുന്നു.

5
3

വ്യവസായം (അനുബന്ധം)

(20) (പേജ് 32-ൽ തുടർച്ച)

1. പാണാവള്ളി പഞ്ചായത്തിൽ ഒരു നാളികേര സംഭരണ സംസ്ക്കരണകേന്ദ്രം ആരംഭിക്കുക.

2. നാളികേരത്തിൽനിന്നും പച്ചത്തൊണ്ടും, പച്ചത്തൊണ്ടിൽ നിന്നും ചകിരിയും ചകിരിയിൽനിന്നും കയറും, കയറിൽനിന്നും കയർ ഉല്പന്നങ്ങളുണ്ടാക്കുകയും വേണം.

3. ചിരട്ട—കരകൗശലവസ്തുക്കൾ നിർമ്മിക്കുന്നതിനും

കൊപ്ര:—കൊപ്ര ആട്ടിഎണ്ണഎടുക്കുകയും പിണ്ണാക്ക് കാലിതീറ്റയായി ഉപയോഗിക്കുകയും എണ്ണവ്യവസായങ്ങൾക്ക് ഉപയോഗിക്കുകയുംചെയ്യുക.

4. ചകിരിച്ചോറ് ഉപയോഗിച്ച് വളം നിർമ്മാണം നടത്തുക.

സാദ്ധ്യതകൾ

1 പഞ്ചായത്തിൽ ഒരുകക്കാ സംഭരണ സംസ്ക്കാരണകേന്ദ്രംഅനുവദിക്കുക, അത്യധികമായി അയൽ സംസ്ഥാനങ്ങളിലേയ്ക്ക് കയററിഅയക്കുന്നകക്കാനിയമാനുസരണം തടയുകയും പഞ്ചായത്തുകൾ ഭരതിനുള്ള അധികാരംനൽകുകയും ചെയ്യുക.

2. പാണാവള്ളി പഞ്ചായത്തിൽഒരുമത്സ്യത്തൊഴിലാളി ഗ്രാമസംഘം രൂപീകരിക്കണം.

3. ഖാദി സഹകരണസംഘം പ്രവർത്തനരഹിതമായികിടക്കുന്നതു പുനരുദ്ധരിക്കുന്നതിനു പഞ്ചായത്തു നടപടിസ്വീകരിക്കണം.

4. ഗ്രാമോദയം തടി, സ്റ്റീൽ ഉപകരണനിർമ്മാണ യൂണിറ്റ് പ്രവർത്തനക്ഷമമാക്കണം.

5. കെൽട്രോൺ, റേഡിയോപാർട്ട്സ് അസംബ്ലിംഗ് യൂണിറ്റ് പ്രവർത്തനക്ഷമമാക്കണം.

5 പാണാവള്ളി പഞ്ചായത്തിൽ തഴപ്പായ്, മുറം, കുട്ട മുതലായവ ഉല്പാദിപ്പിക്കുന്നതിന്ഒരുവനിതാസഹകരണ യൂണിറ്റ്സ്ഥാപിക്കുക. എണ്ണക്കുരുക്കളായ പുന്നക്കായ്, കരിഞ്ഞാട്ട, മരോട്ടിക്കുരു മുതലായവയുടെ ഒരു സംഭരണകേന്ദ്രം അനുവദിക്കണം.

കശുവണ്ടി, അടയ്ക്ക, കുരുമുളക് മുതലായവ സംഭരിക്കുന്നതിനു ഒരു സംഭരണകേന്ദ്രം തുടങ്ങണം.

അക്വയർ ചെയ്ത് ശുചിത്വവും തൊഴിലാളികൾക്ക് വേണ്ട സൗകര്യവുമുള്ള പീലിങ്ങ് ഷെഡുകൾ സ്ഥാപിച്ച് ആവശ്യക്കാർക്ക് വാടകയ്ക്ക് കൊടുക്കണം. മലിനജലവും മറ്റും പരിസ്ഥിതി പ്രശ്നം ഉണ്ടാകാതെ ഒഴുക്കിക്കളയുന്നതിനുള്ള ഏർപ്പാടുകൾ ഇവിടെ ചെയ്യേണ്ടതാണ്. അവിടവിടെയായി പീലിങ്ങ് ഷെഡുകൾ നടത്തുന്നത് തടയുകയും വേണം.

15. വ്യവസായിക വളർച്ചക്കാവശ്യമായ സഹകരണസംഘങ്ങളുടെ രൂപീകരണം പ്രധാനമാണ്.

16. വ്യവസായി വകുപ്പിൻ കീഴിലും ഖാദി ബോർഡിന്റെ കീഴിലും പ്രവർത്തിക്കുന്ന ഖാദിഗ്രാമവ്യവസായ സഹകരണസംഘങ്ങളും മറ്റു വ്യവസായ സഹകരണ സംഘങ്ങളും പഞ്ചായത്തിൽ രൂപീകരിക്കേണ്ടതാണ്.

17. നാളികേരസംസ്ക്കരണത്തിനും എണ്ണയാട്ടുന്നതിനും, എണ്ണയിൽ നിന്ന് മറ്റുല്പന്നങ്ങൾ ഉണ്ടാകുന്നതിനും കോക്കനട്ട് പ്രോസസിങ്ങ് ആൻറ് മാർക്കറ്റിങ് സഹകരണസംഘം പഞ്ചായത്ത് പ്രവർത്തനപരിധിയായോ ബ്ലോക്ക് പ്രവർത്തന പരിധിയായോരൂപീകരിക്കേണ്ടതാണ്. ഇതിനോടനുബന്ധമായോ സ്വതന്ത്രമായോ കാലിത്തീറ്റ നിർമ്മിക്കുന്നതിനുള്ള ഒരു യൂണിറ്റും രൂപീകരിക്കാവുന്നതാണ്.

18. ഫുഡ് പ്രോഡക്ട് സ് നിർമ്മിച്ചു വിപണനം നടത്തുന്നതിനുള്ള വലിയ സാധ്യതയുണ്ട്. വിപണത്തിനായി ആശ്രയിക്കാവുന്ന കൊച്ചി പോലുള്ള പട്ടണത്തിന്റെ സാമീപ്യം നാം വേണ്ടപോലെ പ്രയോജനപ്പെടുത്തേണ്ടതാണ്.

19. ബേക്കറിസാധനങ്ങൾ, മധുരപലഹാരങ്ങൾ, ചിപ്പ്സുകൾ, അച്ചാറുകൾ, ഫ്രൂട്ട് പ്രോഡക്സ്, കറിപൗഡറുകൾ തുടങ്ങി നിരവധി ഭക്ഷ്യ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ ആരംഭിക്കണം. വ്യവസായത്തിന്റെ നടത്തിപ്പു സംബന്ധിച്ച് സാങ്കേതിവും ഭരണ പരവുമായ പഠനവും പരിശീലനവും ആവശ്യമാണ്.

ഓരോ വിഷയവും സംബന്ധിച്ച സവിശേഷമായ പഠന പരിശീലനങ്ങൾക്ക് ഫലപ്രദമായ കർമ്മ പരിപാടികൾ ആവിഷ്ക്കരിക്കേണ്ടതാണ്.

ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് തൊഴിലും മെച്ചപ്പെട്ട വരുമാനവും ഉയർന്ന ജീവിത നിലവാരവും പ്രദാനം ചെയ്യുന്നതിന് ത്വരിതമായ വ്യാവസായിക വളർച്ച ആവശ്യമാണ്. ഗ്രാമത്തിലെ തന്നെ വിഭവങ്ങളും പ്രേരണശേഷിയും പരമാവധി പ്രയോജനപ്പെടുത്തുക്കൊണ്ടും നൂതനസാങ്കേതിക വിദ്യകൾ പ്രയോഗിച്ചുകൊണ്ടും പരക്കെ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിലൂടെ മാത്രമേ പഞ്ചായത്തിന് പൊതുവായ സാമ്പത്തിക അഭിവൃദ്ധി കൈവരിക്കാനാവൂ.

ഗ്രാമകുടിൽ വ്യവസായങ്ങളോടൊപ്പം കപ്പൽ നിർമ്മാണം, ഇരുമ്പുരുക്ക് വ്യവസായം ഒക്കെ സഹവർത്തിക്കുന്നത് ഞാൻ ഭാവനയിൽ കാണുന്നു. പക്ഷെ മുൻഗണന പരക്കെ നിർവ്വചിക്കപ്പെടേണ്ടതുണ്ട്. ഇതുവരെയും വൻ വ്യവസായ വല്ക്കരണം ഗ്രാമങ്ങളെയും ഗ്രാമകുടിൽ വ്യവസായങ്ങളെയും നശിപ്പിക്കുന്ന തരത്തിലാണ് നടപ്പാക്കപ്പെട്ടിട്ടുള്ളത്. ഭാവിയിൽ അത് ഗ്രാമങ്ങളെയും അവയുടെ വ്യവസായങ്ങളേയും സേവിക്കുന്ന തരത്തിലാവണം.

മഹാത്മാഗാന്ധി

വിദ്യാഭ്യാസം

കേരളത്തിലെ ഇതരഗ്രാമങ്ങളിലെന്നപോലെ നമ്മുടെ പഞ്ചായത്തിലും കളരി അടിസ്ഥാനത്തിലുള്ള വിദ്യാഭ്യാസമായിരുന്നു ആദികാലത്തുണ്ടായിരുന്നത്. തുടർന്നു മലയാളത്തിൽ വിദ്യാഭ്യാസം നടത്തുന്നതിനുള്ള വിദ്യാലയങ്ങൾ സ്ഥാപിതമായി.

ഈ പഞ്ചായത്തിൽ ആദ്യമായി മലയാളത്തിൽ പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള വിദ്യാലയം സ്ഥാപിതമായത് 1913-ലാണ്. എന്നാൽ സംസ്കൃതത്തിലും, തച്ചുശാസ്ത്രത്തിലും, വൈദ്യത്തിലും ആചാര്യസ്ഥാനം അർഹിക്കുന്ന വിദ്വാൻമാർക്ക് ജന്മം നൽകിയ നാടാണ് നമ്മുടേത്. അന്ന് ഏഴാം ക്ലാസ്സുവരെയുള്ള V.S.L.C വിദ്യാഭ്യാസത്തിനും ഒമ്പതാം ക്ലാസ്സുവരെയുള്ള M. H. C. വിദ്യാഭ്യാസത്തിനും ഈ പഞ്ചായത്തു പ്രദേശത്തുള്ളവർ അരൂക്കുറ്റി, വൈക്കം തുടങ്ങിയ സ്ഥലങ്ങളെയാണ് ആശ്രയിച്ചിരുന്നത്.

ആദ്യമായി ഔപചാരിക വിദ്യാഭ്യാസത്തിന് ആരംഭം കുറിച്ച വിദ്യാലയം തളിയാപറമ്പ് പ്രൈമറി സ്ക്കൂളാണ്. തുടർന്ന് തൃച്ചാറ്റുകുളം, ഓടമ്പള്ളി എന്നീ സ്ഥലങ്ങളിൽ ഗവൺമെൻറ് ഉടമയിലും പിന്നീട് ശ്രീകണ്ഠേശ്വരത്ത് സ്വകാര്യമേഖലയിലും (SNDSY) പ്രൈമറി സ്ക്കൂളുകൾ ആരംഭിച്ചു. ഈ കാലയളവിൽ പഞ്ചായത്തിൻെറ തെക്കുപടിഞ്ഞാറു ഭാഗത്തു സ്വകാര്യമേഖലയിൽ (M.A.M.L.P.S)മറ്റൊരു പ്രൈമറി വിദ്യാലയം രൂപംകൊണ്ടു. ഈ കാലഘട്ടത്തിൽ പ്രാഥമിക വിദ്യാഭ്യാസം നേടാൻ പോലുമുള്ള അവസരം സമൂഹത്തിൻെറ അടിത്തട്ടിലുണ്ടായിരുന്നവർക്ക് ലഭിച്ചിരുന്നില്ല എന്നത് ഒരു ദുഃഖസത്യമാണ്. മറ്റുള്ളവരും വിദ്യാഭ്യാസത്തിൻെറ മഹത്വം കാര്യമായി കണക്കിലെടുത്തിരുന്നില്ല.

ഇംഗ്ലീഷ് വിദ്യാഭ്യാസം വ്യാപിച്ചു വന്നപ്പോൾ, നമ്മുടെ പഞ്ചായത്തിലുള്ളവരിൽ ധനസ്ഥിതിയും മനഃസ്ഥിതിയും ഉണ്ടായിരുന്ന ഒരു ന്യൂനപക്ഷം പ്രൈമറി വിദ്യാഭ്യാസത്തിനുശേഷം ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനുവേണ്ടി വൈക്കം, ചേർത്തല, തുറവൂർ തുടങ്ങിയ സ്ഥലങ്ങളിലേക്ക് തിരിച്ചു. നാലാം ക്ലാസ്സ് കഴിഞ്ഞ് ഇംഗ്ലീഷും മലയാളവും തമ്മിൽ പൊരുത്തപ്പെടുത്തുന്ന പ്രിപ്പേറട്ടറി ക്ലാസ്സും, ഫസ്റ്റ് ഫാം മുതൽ സിക്സ്ത് ഫാം വരെയായിരുന്നു സ്ക്കൂൾ വിദ്യാഭ്യാസം. എന്നാൽ 1937-ൽ പ്രിപ്പേറട്ടറി മുതൽ തേർഡ് ഫാം വരെയുള്ള ഒരു ''മിഡിൽ സ്ക്കൂൾ'' പാണാവള്ളിയിൽ സ്വകാര്യമേഖലയിൽ സ്ഥാപിച്ചു. (N. S. S മിഡിൽ സ്ക്കൂൾ) ആയത് 1951-ൽ, സിക്സ്ത് ഫാം ഉൾപ്പെട്ട ഒരു പൂർണ്ണഹൈസ്ക്കൂളായി രൂപാന്തരപ്പെട്ടു. ഇതാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ ഇംഗ്ലീഷ് വിദ്യാഭ്യാസ സ്ഥാപനം. അറുപതുകളിൽ ഓടമ്പള്ളി ഗവ: പ്രൈമറിസ്ക്കൂൾ, ശ്രീകണ്ഠേശ്വരം SNDSY പ്രൈമറി സ്ക്കൂൾ എന്നിവയു .പി. സ്ക്കൂളുകളായി രൂപാന്തരപ്പെട്ടു. ഇതേസമയം തൃച്ചാറ്റുകുളത്ത് N.S.S. ഹൈസ്ക്കൂളിനോട് ബന്ധപ്പെട്ടു ഒരു പ്രൈമറി സ്ക്കൂളും ആരംഭിച്ചു. ഈ അവസ്ഥ തുടർന്നു വരവെ എൺപതുകളിൽ സ്വകാര്യമാനേജ്മെൻറിൽ ശ്രീകണ്ഠേശ്വരത്ത് ഒരു ഹൈസ്ക്കൂൾ ആരംഭിച്ചു. S.N.H.S ശ്രീകണ്ഠേശ്വരം ഒരു വൊക്കേഷണൽ ഹയർ സെക്കൻറി സ്ക്കൂളായി പ്രവർത്തിച്ചുവരുന്നു.

നിലവിൽ അങ്ങനെ ഒരു വൊക്കേഷണൽ ഹയർ സെക്കൻറി സ്ക്കൂൾ, ഒരു ഹൈസ്ക്കൂൾ, രണ്ടു യു. പി. സ്ക്കൂളുകൾ, നാലു പ്രൈമറി സ്ക്കൂളുകൾ എന്നിവയാണ് പഞ്ചായത്തതിർത്തിയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾ. ഇവയുടെ വിവരം ചുവടെ (പട്ടിക 1) ചേർക്കുന്നു.

ഈ വിദ്യാലയങ്ങൾക്കു പുറമേ, 2, 3, 8 എന്നീ പഞ്ചായത്തു വാർഡുകളിലെ വിദ്യാർത്ഥികൾക്ക് സമീപ പഞ്ചായത്തിലെ വിദ്യാലയങ്ങളും പ്രയോജനപ്പെടുത്താവുന്ന രീതിയിലാണ് അവയുടെ സ്ഥാനങ്ങൾ.

നമ്മുടെ പ്രൈമറി വിദ്യാലയങ്ങളോട് ബന്ധപ്പെട്ടു പ്രീപ്രൈമറിക്ലാസ്സുകൾ ഇല്ല എന്നതു ഒരു വലിയ കുറവായി കണക്കാക്കേണ്ടിയിരിക്കുന്നു. ഈ കുറവ് ഒരളവോളം പരിഹരിക്കപ്പെടുന്നത് സാമൂഹ്യ ക്ഷേമവകുപ്പിൻെറ കീഴിലുള്ള ഈ പഞ്ചായത്തിലെ 28

പട്ടിക 1

Sl No	പേര്	H S/ U P/ L P	Govt./ Aided	ആകെ കുട്ടികൾ						Teachers
				Total			SC / ST			
				B	G	Total	B	G	Total	
1	N.S.S.L.P.S പാണാവള്ളി	L P	Aided	154	150	304	31	27	58	6
2	M.A.M.L.P.S തളിയാപറമ്പ്	L P	Aided	147	112	259	29	53	82	6
3	L.P.S തളിയാപറമ്പ്	L P	Govt	68	57	125	19	16	35	5
4	L.P.S തൃച്ചാറ്റുകുളം	L P	Govt	113	95	208	12	7	19	7
5	U.P.S ഓടമ്പള്ളി	U P	Govt	313	281	594	42	25	67	13
6	S N D S Y U.P.S ശ്രീകണേഠശ്വരം	U P	Aided	657	590	1247	74	82	156	33
7	N.S.S H.S പാണാവള്ളി	H S	Aided	500	573	1073	94	116	210	37
8	S.N.H.S.S ശ്രീകണേഠശ്വരം	H S S	Aided	677	585	1262	86	78	164	46

അംഗനവാടികളാണ്. കൂടാതെ 4 ആശാൻ കളരികളും നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. രണ്ടു സ്വകാര്യ ഏജൻസികൾ നടത്തുന്ന ഇംഗ്ലീഷ് മീഡിയം പ്രീപ്രൈമറി വിദ്യാലയങ്ങൾ നമ്മുടെ ജനതയുടെ ഇംഗ്ലീഷ് ഭ്രമത്തിനുതകുന്ന സ്ഥാപനങ്ങളായി കാണുന്നുണ്ട്. ഈ വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ തൃപ്തികരമല്ല എന്നു മനസ്സിലാകുന്നു.

കൂടാതെ ഈ പഞ്ചായത്തിൽ 4 പാരലൽ കോളേജുകളും പ്രവർത്തിച്ചുവരുന്നു. അടുത്ത കാലത്തായി ചില വിദ്യാലയങ്ങളിൽ നിലവാരത്തകർച്ച ഉണ്ടാകുന്നതായി ഗ്രാമസഭകളിൽ പരാതികൾ ഉയർന്നുവന്നിട്ടുണ്ട്.

ഒരു വൊക്കേഷണൽ ഹയർ സെക്കൻററി സ്ക്കൂളല്ലാതെ മറ്റ് യാതൊരു സാങ്കേതിക വിദ്യാകേന്ദ്രങ്ങളും ഈ പഞ്ചായത്തിലില്ല എന്നത് ഒരു വലിയ ന്യൂനതയാണ്.

അനൗപചാരിക വിദ്യാഭ്യാസം നൽകുന്നതിനു പകരിക്കുന്ന മൂന്ന് ഗ്രന്ഥശാലകളും അഞ്ച് വായനശാലകളും ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. 9-ാം വാർഡിൽ പഴയകാലം മുതൽ പ്രവർത്തിച്ചു പോന്ന വയോജനവിദ്യാലയം നിർജീവമായി കിടക്കുന്നു.

സാക്ഷരതാ പ്രവർത്തനം കാര്യക്ഷമമായി നടത്താൻ ഈ പഞ്ചായത്തിനു കഴിഞ്ഞതുകൊണ്ട് സാക്ഷരാ നിലവാരം ഉയർത്താൽ സാധിച്ചെങ്കിലും തുടർ പ്രവർത്തനം ആവശ്യമായിരിക്കുന്നു.

പഞ്ചായത്തിൽ 3 ജനശിക്ഷണ നിലയങ്ങൾ ഉണ്ട്. പൂച്ചാക്കൽ യങ്മെൻസ് ലൈബ്രറി, ഓടമ്പള്ളി പബ്ലിക് ലൈബ്രറി. തൃച്ചാറ്റുകുളം ആസാദ് ഗ്രന്ഥശാല, വായനശാല എന്നിവയോട് ചേർന്നാണ് ഇവ സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. ഇവയുടെ പ്രവർത്തനങ്ങളും കാര്യക്ഷമമാക്കേണ്ടതുണ്ട്.

വാർഡുതല ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന പ്രശ്നങ്ങൾ താഴെ കൊടുക്കുന്നു.

1. ഒന്നാം വാർഡിൽ ഒരു പ്രൈമറിസ്ക്കൂളും ഒരു മലയാളം നഴ്സറിസ്ക്കൂളും വേണം.

2. 2-ാം വാർഡിൽ ഒരു നഴ്സറി സ്ക്കൂൾ ആവശ്യമുണ്ട്.

3. 6-ാം വാർഡിൽ ഒരു ലോവർ പ്രൈമറി സ്ക്കൂൾ ആവശ്യമാണ്. സ്ഥലം സൗജന്യമായി ലഭ്യമാണ്.

4. 8-ാം വാർഡിലെ തളിയാംപറമ്പ് പ്രൈമറി സ്ക്കൂൾ ഒരു യു. പി. സ്ക്കൂളായി ഉയർത്തണം.

5. 9-ാം വാർഡിലെ വയോജന വിദ്യാലയം പുനരുദ്ധരിയ്ക്കണം.

6. 10-ാം വാർഡിൽ ഒരു പ്രൈമറി സ്ക്കൂൾ അവശ്യമാണ്.

7. ഓടംപള്ളി യു. പി. സ്ക്കൂൾ ഹൈസ്ക്കൂൾ ആയി ഉയർത്തുകയും സാങ്കേതിക വിദ്യാഭ്യാസത്തിനുതകുന്ന I.T.I സ്ഥാപിക്കുകയും വേണം.

8. വിദ്യാഭ്യാസം നേടി പുറത്തു വരുന്നവർക്ക് തൊഴിൽ പരിശീലനം ഇല്ലാത്തതുകൊണ്ട് അവർ തൊഴിലില്ലാതെ വിഷമിക്കുന്നു.

9. പല സ്ക്കൂളുകൾക്കും ചുറ്റുമതിൽ ഇല്ല.

10. സ്ക്കൂളുകളിലെ ശുദ്ധജല വിതരണം തൃപ്തികരമല്ല.

11. പൊതുവിലുള്ള മൂത്രപ്പുരകൾക്കു പുറമേ പെൺകുട്ടികളുടെ സൗകര്യത്തിനായി പ്രത്യേകം കക്കൂസും മൂത്രപ്പുരയും ആവശ്യമാണ്.

12. ഉച്ചക്കഞ്ഞി വിതരണത്തിന് ശുചിത്വമുള്ള പാചകപ്പുരയും ആവശ്യമായ ഉപകരണങ്ങളും വേണം. ഫണ്ടിന്റെ അഭാവം മൂലം ഉച്ചഭക്ഷണ വിതരണത്തിന് കാര്യക്ഷമത കുറയുന്നു.

13. പഠന നിലവാരം തകരുന്നതായി കാണുന്നു. പ്രത്യേകം ട്യൂഷൻ സൗകര്യം ഏർപ്പെടുത്താൻ കഴിവില്ലാത്ത രക്ഷിതാക്കൾ ബുദ്ധിമുട്ടുന്നു.

14. ലാബോറട്ടറി, ലൈബ്രറി സൗകര്യങ്ങൾ തൃപ്തികരമല്ല. ഉള്ളവയുടെ പ്രയോജനം വിദ്യാർത്ഥികൾക്കു ലഭിക്കുന്നില്ല.

15. P.T.A., M.P.T.A ഇവയുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല.

16. അംഗനവാടികളിൽ പലതിനും സ്ഥിരം കെട്ടിടങ്ങളോ കളിപ്പാട്ടങ്ങളോ ഇല്ല.

സാധ്യതകൾ

1. വൊക്കേഷണൽ ഹയർസെക്കൻറി സ്ക്കൂളുകളിൽ കൂടുതൽ കോഴ്സുകൾ ഉൾപ്പെടുത്തുക.

2. മറ്റു ഹൈസ്ക്കൂകളോട് ചേർന്നു വൊക്കേഷണൽ ഹയർസെക്കൻറി കോഴ്സുകൾ ആരംഭിക്കണം.

3. പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് ഒരു തൊഴിൽ പരിശീലനകേന്ദ്രം (I. T. I) ആരംഭിക്കണം.

4. ചുറ്റുമതിലുകൾ ഇല്ലാത്ത വിദ്യാലയങ്ങൾക്ക് ചുറ്റുമതിലുകൾ പണിയണം.

5. ശുദ്ധജലവിതരണത്തിന് മതിയായ ക്രമീകരണം ഉണ്ടാകണം. മാലിന്യങ്ങൾ ദൂരീകരിക്കുന്നതിനുള്ള പരിശോധനാ സമ്പ്രദായം ആവശ്യമാണ്.

6. പാചകപ്പുര, ഉപകരണങ്ങൾ ഇവ ഉണ്ടാക്കണം. പാചകത്തിനുള്ള ഫണ്ട് വർദ്ധിപ്പിക്കണം. ഇന്ധനലാഭം ഉള്ള ANERTഅടുപ്പുകൾ സ്ഥാപിക്കണം.

7. പഠന നിലവാരം ഉയർത്താൻ ഷിഫ്റ്റ് സമ്പ്രദായം പാടെ നിറുത്തലാക്കണം.

8. പഠന നിലവാരം ഉയർത്തുന്നതിന് അദ്ധ്യാപക സഹകരണം ഉറപ്പാക്കുകയും പരിശോധനാ സമ്പ്രദായം കാര്യക്ഷമമാക്കുകയും വേണം. ട്യൂഷൻ സ്വകര്യം ഏർപ്പെടുത്താൻ കഴിവില്ലാത്ത നിർദ്ധന വിഭാഗത്തിന് ആവശ്യമായ സൗകര്യങ്ങൾ വിദ്യാലയത്തിൽ ഉണ്ടാക്കണം.

9. ലാബറട്ടറി, ലൈബ്രറി സൗകര്യങ്ങൾ വർദ്ധിപ്പിക്കണം.

10. P.T.A., M.P.T.A ഇവയുടെ ഘടനയിൽ മാറ്റങ്ങൾ വരുത്തണം. ജനപ്രതിനിധികൾ, സാമൂഹ്യപ്രവർത്തകർ, വിദ്യാഭ്യാസ പ്രവർത്തകർ തുടങ്ങിയവരെ ഉൾപ്പെടുത്തണം.

11. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥി കളുടെ നിലവാരം ഉയർത്തുന്നതിന് വിപുലമായി പദ്ധതി ഉണ്ടാക്കണം.

12. അംഗനവാടികൾക്ക് കെട്ടിട സൗകര്യങ്ങൾ, പഠനോപകരണങ്ങൾ, കളിസ്ഥലം എന്നിവ ഉണ്ടാക്കണം.

സാധ്യതകൾ

1. കയർ പിരിയും കയർ ഉല്പന്നങ്ങളുടെ നിർമ്മാണവും സഹകരണമേഖലയിൽ കൂടുതലായി കൊണ്ടുവരണം.

2. കയർ പിരിക്കുന്നവരുടെയും കയർ ഉപയോഗിച്ചു് ചവിട്ടി, പായ മുതലാവ ഉണ്ടാക്കുന്നവരുടെയും പ്രാദേശിക ഉല്പാദന യൂണിറ്റുകൾ രൂപീകരിക്കുകയും ഇത്തരം ചെറിയ ഉല്പാദന യൂണിറ്റുകൾക്ക് വേണ്ട സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നല്കുകയും വേണം. കൂടാതെ ഉല്പന്നങ്ങൾ ശേഖരിച്ച് വിപണനം നടത്തുന്നതിന് സംവിധാനം ഉണ്ടാക്കണം.

3. കയർ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് കാലാകാലങ്ങളിൽ ന്യായമായി സേവനവേതനവ്യവസ്ഥകൾ ഏർപ്പെടുത്തണം. ജോലിഭാരം ലഘൂകരിക്കുന്നതിനായി കയർ മേഖലയിൽ യന്ത്രവല്ക്കരണം നടപ്പാക്കണം. കയർ പിരിക്കുന്നതിനുവേണ്ടി പൊതുവായ കയർ പിരി കേന്ദ്രങ്ങൾ സ്ഥാപിക്കണം. ഈ കേന്ദ്രങ്ങളിൽ മഴയും വെയിലും കൊള്ളാതെ ചകിരി പിരിക്കുന്നതിനാവശ്യമായ സൗകര്യം ഏർപ്പെടുത്തണം. സ്ത്രീകളുടെ പ്രാഥമികാവശ്യങ്ങൾ അവരുടെ കൈകുഞ്ഞുങ്ങളെ പരിപാലിക്കുന്നതിനും ആരോഗ്യ പരിപാലനത്തിനും വേണ്ട സൗകര്യങ്ങൾ ഇത്തരം കേന്ദ്രങ്ങളിൽ ഏർപ്പെടുത്തണം.

4. പച്ചത്തൊണ്ട് നഷ്ടപ്പെട്ടുപോകാതെ സംഭരിച്ച് അഴുക്കിയോ അല്ലാതെയൊ ചകിരിയാക്കുന്നതിന് ക്ലേശകരഹിതമായ പരിഷ്കൃത സമ്പ്രദായങ്ങൾ ആവിഷ്ക്കരിക്കണം.

5. വാർഡുതോറും നാളികേരം കൊപ്രയാക്കി മാറ്റുന്നതിന് ആവശ്യമായത്ര പൊതുക്കളങ്ങൾ സ്ഥാപിക്കണം. നാളികേരം സംസ്ക്കരിക്കുന്ന കർഷകർക്കും വ്യാപാരികൾക്കും ഇത്തരം കളങ്ങൾ വാടകയ്ക്ക് നൽകേണ്ടതാണ്.

6. ചിരട്ടകൊണ്ട് ചിരട്ടപ്പൊടി, ചിരട്ടക്കരി, കരകൗശല വസ്തുക്കൾ തുടങ്ങിയവ ഉണ്ടാക്കുന്നതിനും ചകിരിച്ചോറുകൊണ്ട് ജൈവവളങ്ങൾ തുടങ്ങിയ നിർമ്മിക്കുന്നതിനും ഉള്ള സംരംഭങ്ങൾ ആരംഭിച്ചു നടത്തണം.

7. കൈത്തറി മേഖലയിൽ ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനാവശ്യമായ പരിശീലനം നിലവിലുള്ള തൊഴിലാളികൾക്കു നൽകണം. കൂടുതലാളുകൾക്ക് തൊഴിൽ നൽകാൻ പറ്റിയ ഒരു മേഖലയാണിത്. ഖാദി വസ്ത്രങ്ങളും പട്ടുനൂലുപയോഗിച്ചുള്ള പട്ടും നിർമ്മിക്കുന്നതിനുള്ള പരിശീലനവും നൽകേണ്ടതാണ്.

8. സിലിക്കാ മണലിന്റെ ദുർവിനിയോഗം തടയുകയും ഇതുപയോഗിച്ചുള്ള വ്യവസായങ്ങൾ ആരംഭിക്കുകയും വേണം.

9. കക്കയിറച്ചിയും തോടും ഉപയോഗിക്കാത്തക്ക രീതിയിലുള്ള വ്യവസായങ്ങൾ ആരംഭിക്കണം.

10. മത്സ്യവ്യവസായമേഖലയിൽ, മത്സ്യം വളർത്തൽ, മത്സ്യബന്ധനം, മത്സ്യസംസ്ക്കരണം എന്നിവയ്ക്കായി സഹകരണസംഘങ്ങൾ രൂപീകരിക്കണം.

11. തൊഴിൽരഹിതരായ വിദഗ്ദ്ധരും അവിദഗ്ദ്ധരുമായ യുവജനങ്ങൾക്കായി ഇനിപ്പറയുന്ന വ്യവസായങ്ങൾ വ്യക്തികൾക്കോ, വ്യക്തികൾ ചേർന്ന ഗ്രൂപ്പുകൾക്കോ ആയി ആരംഭിക്കണം.

a) സിമൻറ് വർക്ക്

b) റെഡിമെയ്ഡ് നിർമ്മാണം

c) തടി ഉപയോഗിച്ചുള്ള ഫർണീച്ചറുകൾ ചിത്രക്കതകുകൾ, കരകൗശല വസ്തുക്കൾ തുടങ്ങിയവ

d) സോപ്പ്, തീപ്പെട്ടി, മെഴുകുതിരി, ഇലക്ട്രോണിക്സ്, ഇലട്രിക്കൽ ഉപകരണങ്ങൾ തുടങ്ങിയവ.

12. ഫർണീച്ചർ, കൊത്തുപണി, ചിത്രക്കതകുകൾ ഇവയുടെ നിർമ്മാണത്തിനാവശ്യമായ തടി, സർക്കാർ ഡിപ്പോയിൽ നിന്ന് കോട്ടാ അടിസ്ഥാനത്തിൽ വിതരണം ചെയ്യണം.

13. വനിതകൾക്കായി ഇപ്പോൾ 16-ഓളം C.B.C.S ഗ്രൂപ്പുകളാണുള്ളത്. കൂടുതൽ ഗ്രൂപ്പുകൾ വാർഡുകളിൽ രൂപീകരിക്കണം.

14. ചെമ്മീൻ പീലിങ്ങ് ഷെഡ്ഡുകൾ അനുയോജ്യമായ സ്ഥലത്ത് കേന്ദ്രീകരിച്ചു നടത്തണം. ഇതിനാവശ്യമായ പൊതുസ്ഥലം പഞ്ചായത്ത്

13. അംഗനവാടികളിൽ ശുചിത്വം പാലിക്കുന്നതിന് പ്രത്യേകം ശ്രദ്ധിക്കണം.

14. അയൽവക്ക വിദ്യാലയ സമ്പ്രദായത്തിനു വേണ്ടിയുള്ള ബോധവൽക്കരണം നടത്തണം.

15. പഞ്ചായത്തു തലത്തിൽ സ്ക്കൂൾ കോംപ്ലക്സിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക.

16. അദ്ധ്യാപക പരിശീലനം, പാഠ്യപ്രവർത്തനങ്ങൾ പരിശോധനാരീതികൾ, പാഠ്യേതര പ്രവർത്തനങ്ങൾ, പുതിയ മൂല്യനിർണ്ണയരീതികൾ, മോണിറ്ററിംഗിന് നിലവിലുള്ള ഡിപാർട്ട്മെൻറൽ സമ്പ്രദായം കൂടാതെയുള്ള പുതിയ രീതികൾ ഇവയെല്ലാം ആസൂത്രണം ചെയ്യുന്നതിനും, പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിനും ഉതകത്തക്ക രീതിയുലുള്ള പഞ്ചായത്തുതല വിദ്യാഭ്യാസസമിതി രൂപീകരിക്കണം. ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കി സാമൂഹ്യബോധവും, സർഗ്ഗശക്തിയും ഉള്ള പുതിയ തലമുറയെ വാർത്തെടുക്കുവാൻ കഴിയും.

മനുഷ്യരായുള്ള നല്ല മനുഷ്യന്റെ സൃഷ്ടിയാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.

ബ്രാൻറ്റസൽ

5
4

വിദ്യാഭ്യാസം (അനുബന്ധം)

സാദ്ധ്യതകൾ

(16) (പേജ് 38-ൽ തുടർച്ച

1 വിദ്യാഭ്യാസ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ടി വാർഡുതലത്തിലും, പഞ്ചായത്തുതലത്തിലും വിദ്യാഭ്യാസ വികസനസമിതികൾ രൂപീകരിയ്ക്കുക.

വാർഡുതല വിദ്യാഭ്യാസ വികസനസമിതി വാർഡുമെമ്പറന്മാരുടെ നേതൃത്വത്തിൽ വിദ്യാഭ്യാസരംഗവുമായി ബന്ധപ്പെട്ടവർ, സാമൂഹ്യപ്രവർത്തകർ, അദ്ധ്യാപകർ, സന്നദ്ധസംഘടനാപ്രവർത്തകർ ഇവരെ ഉൾപ്പെടുത്തുക.

പഞ്ചായത്ത് വിദ്യാഭ്യാസ വികസന സമിതിയുടെകീഴിൽ പഞ്ചായത്തിലെ രണ്ട് ഹൈസ്ക്കൂളുകൾ കേന്ദ്രീകരിച്ച് 2 റിസോഴ്സ് സെൻററുകൾ ആരംഭിക്കുക. N S S H S Panavally, N S S L P S, Govt L P G S, S N V H S S ശ്രീകണ്ഠേശ്വരം, Govt U P S ഓടമ്പള്ളി, തളിയാപറമ്പ് L P S, M A M L P S പാണാവള്ളി S N D S Y U P S ശ്രീകണ്ഠേശ്വരം.

ഈ കേന്ദ്രങ്ങളിൽ സബ്ജക്ട്തല ഗ്രൂപ്പ് ഉണ്ടാക്കുകയും പാഠ്യരസകരമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ കൂട്ടായി ചർച്ചചെയ്യുകയും ചെയ്യുക.

2 മാസത്തിലൊരിയ്ക്കൽ മുഴുവൻ അദ്ധ്യാപകർക്കും കൂടിച്ചേരുന്നതിനും, ചർച്ചചെയ്യുന്നതിനും അവസരം ഉണ്ടാക്കുക.

3 പഠനത്തിൽസഹായിയ്ക്കുന്നതിന്ആനുകാലിക ശാസ്ത്ര പ്രസിദ്ധീകരണങ്ങൾ Advanced ബുക്കുകൾ ഇവ ഉൾപ്പെടുത്തി പഞ്ചായത്തുതലത്തിൽ റഫറൻസ്ലൈബ്രറികൾ സ്ഥാപിയ്ക്കുക. ഇതിന് M/S fees ഏർപ്പെടുത്താവുന്നതാണ്.

4 റിസോഴ്സ് സെൻററുകളിലെ ഉപകരണങ്ങളും മറ്റുവസ്തുക്കളും സമീപസ്ക്കൂളുകൾക്ക് ലഭ്യമാക്കുക.

5 കലാകായിക രംഗങ്ങളിൽ പ്രോത്സാഹനംനൽകുന്നതിന് പഞ്ചായത്തിലെ കലാസമിതികളെയും, കലാകാരന്മാരെയും ബന്ധപ്പെടുത്തി ഒരു ഗ്രൂപ്പുണ്ടാക്കി കുട്ടികൾക്ക് ഈ രംഗങ്ങളിൽ പരിശീലനം നൽകുക.

6 സ്ക്കൂളുകളിലെ നിരക്ഷരത ഇല്ലാതാക്കാൻസ്ക്കൂൾ P T A, M P T A, സന്നദ്ധ സംഘടനകൾ, അദ്ധ്യാപകർ, ഇവരുടെ സഹകരണത്തോടെ അക്ഷരപ്പുലരി പരിപാടി നടപ്പിലാക്കുക പൂർവ്വവിദ്യാർത്ഥികളെയുംഇതിൽ പങ്കെടുപ്പിയ്ക്കുക.

7 അനൗപചാരിക വിദ്യാഭ്യാസം:- താറുമാറായ സാക്ഷരതാ പ്രവർത്തനം ഊർജ്ജസ്വലതയോടുകൂടി പുനരുജ്ജീവിപ്പിയ്ക്കുക. വാർഡുതല വിദ്യാഭ്യാസ വികസന സമിതിയുടെ നേതൃത്വത്തിൽ സാക്ഷരതാ പ്രവർത്തനം നടത്തുക.

8 4, 7 ക്ലാസുകളിൽ പൊതുപരീക്ഷ നടത്തുക.

പൊതുനിർദ്ദേശങ്ങൾ

1 വിദ്യാഭ്യാസത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികളുടേയും SC-ST വിദ്യാർത്ഥികളുടേയും ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്തുക.

2 ഗ്രന്ഥശാലകളുടെ പ്രവർത്തനത്തിന് ഏകീകൃത സ്വഭാവം ഉണ്ടാക്കുക.

3 സ്ക്കൂളുകളിൽ കളിസ്ഥലം ലഭ്യമാക്കുകയും, കഴിഞ്ഞില്ലെങ്കിൽ പഞ്ചായത്തിൽ പൊതുവായി ഒരു കളിസ്ഥലം ഉണ്ടാക്കുകയും ചെയ്യുക.

4 സ്പെഷ്യൽ ടീച്ചേഴ്സിന്റെ ഒഴിവുകൾ നികത്തുന്നതിനും ആവശ്യമായ നടപടികൾ ചെയ്യുക.

5 പാഠപുസ്തകങ്ങൾ സ്ക്കൂൾ തുറക്കുന്നതിനു മുമ്പേ വിതരണം ചെയ്യുക.

6 പാഠ്യേതര പ്രവർത്തനങ്ങൾക്കും ആവശ്യമായ സാഹചര്യങ്ങൾ ഒരുക്കുക.

പാണാവള്ളി ഗ്രാമപഞ്ചായത്ത് വികസനരേഖ

5
5

(അനുബന്ധം)

കുടിവെള്ളം, പൊതുജനാരോഗ്യം

1 പേജ് 39-ൽ സാധ്യതകളം 2-ൽ അഞ്ചു തുരുത്ത്, വലിയകരി, പൂച്ചാക്കൽ ജെട്ടി മൂന്നാം വാർഡിന്റെ കിഴക്കേഅതിര് 2-ാം വാർഡിന്റെ തെക്കേഅറ്റം പടിഞ്ഞാറുഭാഗം (ചുടംതറ) എന്നിവിടങ്ങളിൽ മിനികമ്മ്യൂണിറ്റി വാട്ടർ സപ്ലൈ സ്കീമുകളം.

(8) 1 ഗ്രൗണ്ട് വാട്ടർ അതോറിറ്റിയുടെ കുഴൽ കിണറുകളം ഓരു വരാത്ത സ്ഥലങ്ങളിൽ.പ്രത്യേകിച്ച് ലക്ഷം വീടുകളോട് ചേർന്ന് സ്ഥാപിച്ച്, സംരക്ഷണം ഗുണഭോക്താക്കളെ ഏല്പിയ്ക്കണം.

2 പൊതുകിണറുകളംക്കും ബോർവെല്ലുകളംക്കും സൗജന്യമായി സ്ഥലം ലഭ്യമാക്കാൻ സന്നദ്ധ സംഘങ്ങളുടെ പ്രവർത്തനം ഊർജിതപ്പെടുത്തണം.

3 പേജ് 40-ൽ പറഞ്ഞിരിയ്ക്കുന്ന പബ്ലിക് ഹെൽത്ത് സെൻറർ പ്രൈമറി ഹെൽത്ത് സെൻറർ എന്ന് തിരുത്തിവായിയ്ക്കണം.

പ്രശ്നങ്ങൾ

(9) 1 പഞ്ചായത്തിലെ 60% വീടുകളംക്കും സാനിട്ടറി കക്കൂസ് ഇല്ല.

2 പ്രശ്നങ്ങളിൽ '5' മിനി **PH** സെൻറർ 2, 3, 4, 9 വാർഡുകളിൽ നിന്ന് ദൂരപ്പെട്ടു സ്ഥിതിചെയ്യുന്നു.

3 സാധ്യതകളം 3-ൽ **PH** സെൻറർ വികസിപ്പിയ്ക്കുക എന്നത്, കമ്മ്യൂണിറ്റിഹെൽത്ത് സെൻറായി ഉയർത്തുക എന്നാക്കുന്നു എങ്കിൽമാത്രമേ ഗൈനക്കോളജിസ്റ്റിനേയും ,ചൈൽഡ് സ്പെഷ്യലിസ്റ്റിനേയും സേവനം ലഭിയ്ക്കുകയുള്ളു.

നിർദ്ദേശങ്ങൾ

1 നിലവിലുള്ള കുടുംബക്ഷേമ ഉപകേന്ദ്രങ്ങളിലെ പ്രവർത്തനം കാര്യക്ഷമമാക്കണം, സ്വന്തം കെട്ടിടം ഉണ്ടാക്കണം.

2 അടിസ്ഥാന ആരോഗ്യപ്രവർത്തകരുടെ ഒഴിവുകളം എത്രയും വേഗം നികത്തണം.

3 എല്ലാ തൊഴിൽ സ്ഥാപനങ്ങളിലും ഹെൽത്ത് കാർഡ് സമ്പ്രദായം നടപ്പാക്കണം.

4 പൂച്ചാക്കൽ, പെരുമ്പളം കവല, ബ്ലോക്ക് ഓഫീസ്, എന്നിവിടങ്ങളിൽസ്ത്രീകളംക്കും പുരുഷന്മാർക്കും പ്രത്യേകം ഉയർന്നതരം മൂത്രപ്പുര ഉണ്ടാക്കണം.

5 മൈക്ക് സെറ്റ് ഉപയോഗിയ്ക്കുമ്പോളം കോളാമ്പിയ്ക്കു പകരം ബോക്സ്മാത്രം ഉപയോഗിയ്ക്കാൻ നിർദ്ദേശിയ്ക്കണം.
പൂച്ചാക്കൽ, പെരുമ്പളം കവല, ആന്നലത്തോട് തുടങ്ങിയമാർക്കറ്റുകളിൽ ചപ്പുചവറുകളം നിക്ഷേപിയ്ക്കുന്നതിന് ഡസ്റ്റ് ബിൻ സ്ഥാപിയ്ക്കുകയും, അതിലെ ചവറുകളം പതിവായി നീക്കം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കുകയും വേണം.

6 സാമൂഹ്യ വനവൽക്കരണത്തിന്റെ ഭാഗമായി പഞ്ചായത്തിലുടനീളം വച്ചുപിടിച്ചിട്ടുള്ള വൃക്ഷങ്ങളം സംരക്ഷിയ്ക്കണം.

7 പഞ്ചായത്തിലെ പൊതുകുളങ്ങളം കല്ലുകെട്ടി സംരക്ഷിയ്ക്കുകയും വർഷത്തിലൊരിയ്ക്കൽ പമ്പുചെയ്തു വെള്ളം കളയുകയും,കുളത്തിനു ചുറ്റും മുറികളം പണിത് വെള്ളം കുളിമുറികളിലെത്തിയ്ക്കണം. കുളിമുറിയിലെ വെള്ളം വീണ്ടും കുളത്തിലെത്താതെ ശ്രദ്ധിയ്ക്കണം.

കുടിവെള്ളം, പൊതുജനാരോഗ്യം

A. കുടിവെള്ളം

പാണാവള്ളി പഞ്ചായത്തിലെ മുഖ്യകുടിനീർ സ്രോതസ്സുകൾ കിണറുകളാണ്. പകുതിയോളം കുടുംബങ്ങൾക്ക് സ്വന്തമായി കിണർ ഉള്ളവയാണ്. ഭൂമിശാസ്ത്രപരമായ പ്രത്യേകതയനുസരിച്ച് തീര സമതലത്തിൽപ്പെടുന്ന ഈ ഗ്രാമം കടൽ നിരപ്പിൽ നിന്നും വളരെ ഉയരം ഉള്ളതല്ല. ശരാശരി 5 മീറ്ററോളം ആഴത്തിൽ നീർവാർച്ച നിരക്ക് വളരെ കൂടിയ ഇനം ചൊരിമണലും അതിനു താഴെ ചെളിത്തട്ടും ഇത്തിലും കക്കയും കാണപ്പെടുന്ന ഉറച്ച അറവു മണ്ണ് തട്ടുമാണുള്ളത്. അതുകൊണ്ട് തന്നെ വേനൽക്കാലത്ത് ശുദ്ധജല ദൗർലഭ്യം വളരെ കൂടുതലാണ്. വർഷ കാലത്താകട്ടെ വെള്ളക്കെട്ടുകൾ കൊണ്ട് കുടിവെള്ള ത്തിന് ശുദ്ധജല ലഭ്യത കുറയുകയും ചെയ്യുന്നു. പഞ്ചായത്ത് അതിർത്തിയോട് ചേർന്നു കിടക്കുന്ന വേമ്പനാട് കായലിലും കായലുകളി ലേക്കുള്ള ജലനിർഗ്ഗമന തോടുകളിലും സമുദ്ര നിരപ്പിൽ നിന്നും അധികം ഉയരമില്ലാത്തതിനാൽ സമീപ പ്രദേശങ്ങളിലെ ജലവിതാനങ്ങളിലേക്ക് ലവണാംശം കടന്നുകയറു കയും കിണറുകളിലെ ജലത്തിൽ ഉപ്പുരസം എത്തു കയും ചെയ്യാറുണ്ട്. പൊതുജല വിതരണത്തിനായി പഞ്ചായത്തിൽ ഒരു ടാങ്ക് നിർമ്മിച്ച് കുടിവെള്ള ക്ഷാമം പരിഹരിക്കാൻ ശ്രമിച്ചിട്ടുള്ളത് ശുദ്ധജല ദൗർല ഭ്യത്താൽ വിജയപ്രദമായില്ല. ഇതോടനുബന്ധിച്ച് സ്ഥാപിച്ചിട്ടുള്ള ടാപ്പുകളാകട്ടെ ഒന്നുംതന്നെ പ്രവർത്തനക്ഷമമല്ല.

പഞ്ചായത്തിന്റെ വിവിധഭാഗങ്ങളിലായി 89 പൊതു കിണറുകളുള്ളവയിൽ പലതും ഉപയോഗ ക്ഷമമല്ല. കാലാകാലങ്ങളിൽ ഇവ ശരിയായി സംരക്ഷിയ്ക്കാറുമില്ല.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ ശുദ്ധജലവിതരണ പദ്ധതി ഒട്ടും കാര്യക്ഷമമല്ല.

2. കുറഞ്ഞ വരുമാനക്കാരായ 70% ത്തിലേറെ തീരദേശവാസികൾക്ക് വർഷക്കാലത്തും വേനൽ ക്കാലത്തും ഒരുപോലെ കുടിനീർ ലഭ്യമല്ലാതാകുന്നു.

3. വളരെ ദൂരെയുള്ള സ്വകാര്യ കിണറു കളെയാണ് ഇവർ ആശ്രയിക്കുന്നത്.

4. കൂട്ടായി ജലം ഉപയോഗിക്കുന്ന ഇത്തരം സ്വകാര്യ കിണറുകളിലും ജലം അണുവിമുക്ത മാക്കുന്നതിനും മറ്റുമുള്ള ശുചിത്വ പ്രവർത്തനങ്ങൾ നടക്കുന്നില്ല.

5. ശുദ്ധജല വിതരണം എത്രയും പെട്ടെന്ന് നടപ്പാക്കണമെന്ന് എല്ലാ വാർഡുകളിലെയും ജനങ്ങൾ ഒരുപോലെ ആവശ്യപ്പെടുന്നു.

6. ജനങ്ങൾ കോളനിയായി കഴിയുന്ന ലക്ഷം വീടുകളിലും തീരദേശപ്രദേശങ്ങളിലും വലിയകരി, അഞ്ചുതുരുത്ത് എന്നിവിടങ്ങളിലും കുടിനീർ എത്രയും പെട്ടെന്ന് ലഭ്യമാക്കണം.

സാധ്യതകൾ

1. പഞ്ചായത്തിലെ ഭൂഗർഭജല സ്രോതസ്സു കളെക്കുറിച്ച് വിശദമായി പഠനം നടത്തി ചെറിയ ശേഖരണികൾ സ്ഥാപിച്ച് കുടിനീർ ലഭ്യമാക്കാം.

2. മിനി കമ്മ്യൂണിറ്റി വാട്ടർ സപ്ലൈ സ്കീമുകൾ ആവശ്യമായ സ്ഥലങ്ങളിൽ നടപ്പിലാക്കണം.

3. മൂവാറ്റുപുഴയിൽ നിന്നുള്ള ജലലഭ്യത കണക്കാക്കി കരപ്പുറത്തെ കുടിനീർക്ഷാമം തീർക്കാ നുള്ള പദ്ധതി നിർദ്ദേശം ഗവൺമെൻറ് എത്രയും പെട്ടെന്ന് നടപ്പാക്കുക.

4. ജലദുർവിനിയോഗം തടയുവാൻ ബോധ വൽക്കരണ പരിപാടികൾ നടപ്പിലാക്കുക.

5. നിലവിൽ ഉള്ള കാവുകളും അനുബന്ധമായി സൂക്ഷിക്കപ്പെടുന്ന കുളങ്ങളും സംരക്ഷിക്കുക.

6. ബഹുജന പങ്കാളിത്തത്തോടെ പൊതു കിണറുകളുടെ സംരക്ഷണം ക്ലബുകൾ ഏറ്റെടുത്തു് ഉറപ്പാക്കുക.

7. ജലസംരക്ഷണത്തെക്കുറിച്ചും ശുദ്ധജല ലഭ്യതയ്ക്ക് ഉതകുന്ന സാനിട്ടേഷൻ പ്രവർത്തന ങ്ങളെക്കുറിച്ചും ബോധവല്ക്കരണ കാംപെയിനുകൾ സംഘടിപ്പിക്കുകയും ബഹുജനപങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്യുക.

B. പൊതുജനാരോഗ്യം

കഴിഞ്ഞ കാലങ്ങളിലെ പാണാവള്ളിയുടെ ചരിത്രത്തിൽ വളരെ പ്രസിദ്ധരായ പാരമ്പര്യ ആയുർവേദ വൈദ്യന്മാർ ഉണ്ടായിരുന്നു. ശ്രീ നാരായണഗുരുവിന്റെ അവസാന ചികിത്സകരിൽ ഒരാൾ നമ്മുടെ പഞ്ചായിത്തിലെ ഒരു ആയുർവേദ വിദഗ്ദ്ധൻ ആയിരുന്നു. ഇന്നും പാരമ്പര്യ ചികിത്സ കളുമായി മുന്നോട്ടു പോകുന്ന വൈദ്യ കുടുംബങ്ങൾ ഉണ്ട്. ഇന്ന് ആധുനിക സാങ്കേതിക വിദ്യകളുടെ സിദ്ധികൾ കൂടി സ്വായത്തമാക്കി ആയുർവ്വേദ മരുന്നുകൾ വില്പന നടത്തുന്ന ഏജൻസികൾ രംഗത്ത് എത്തിക്കഴിഞ്ഞു. അലോപ്പതി വൈദ്യശാഖയുടെ ലഭ്യത ഇവിടെ കുറവായിരുന്ന കാലത്ത് അരൂക്കുറ്റി, തൈക്കാട്ടുശ്ശേരി, വൈക്കം മുതലായ സ്ഥലങ്ങളിലെ ആശുപത്രികളെയാണ് പാണാവള്ളിക്കാർ ആശ്രയിച്ചി രുന്നത്.

ഇപ്പോൾ പഞ്ചായത്തിൽ ഒരു പബ്ലിക്ക് ഹെൽത്ത് സെൻററും, ഒരു ഗവ: ഹോമിയോ ഡിസ്പെൻസറിയും കൂടാതെ സ്വകാര്യ മേഖലയിൽ രണ്ടു അലോപ്പതി ചികിത്സാ കേന്ദ്രങ്ങളും ആണ് ഉള്ളത്., അലോപ്പതി, ആയുർവേദം, ഹോമിയോപ്പതി എന്നീ വിവിധ വൈദ്യശാസ്ത്രാ ശാഖകളിൽ ചികിത്സകൾ നടത്തുന്ന ഡോക്ടർമാർ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ട്. ഹെൽത്ത് സെൻററിൻ കീഴിൽ 5 കുടുംബ ക്ഷേമ കേന്ദ്രങ്ങളാണ് ഉള്ളത്.

ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വിവിധ ആരോഗ്യസ്ഥാപനങ്ങളുടെ വിവരം താഴെ ചേർക്കുന്നു.

A. സർക്കാർ മേഖല

1. മിനി പി. എച്ച്. സെൻറർ, പാണാവള്ളി.

2. ഗവ. ഹോമിയോ ഡിസ്പെൻസറി, പാണാ വള്ളി.

B. സ്വകാര്യമേഖല

1. അസീസി ഹോസ്പിറ്റൽ, തൃച്ചാറ്റുകുള (അലോപ്പതി)

2. സി. കെ. വി. ഹോസ്പിറ്റൽ, പൂച്ചാക്കൽ (അലോപ്പതി, ആയുർവേദം)

3. ദീപാ ഹോസ്പിറ്റൽ, പൂച്ചാക്കൽ (അലോ പ്പതി)

ഈ പഞ്ചായത്തിൽ കഴിഞ്ഞ വർഷം വിവിധ ആശുപത്രികളിലായി ചികിത്സക്ക് എത്തിയ രോഗി കളുടെയും അവരുടെ രോഗ സ്വഭാവത്തി ന്റെയും വിവരം താഴെ കൊടുക്കുന്നു.

ക്രമ നമ്പർ	രോഗവിവരം	എണ്ണം
1.	തൃക്ക് രോഗം	3181
2.	വാത രോഗം	1673
3.	പകർച്ചവ്യാധികൾ	12742
4.	മറ്റു രോഗങ്ങൾ	26905
	ആകെ	44501

ഇതിൽ 648 പേർ ഇൻപേഷ്യൻറ് വിഭാഗത്തിലും 43, 853 പേർ ഔട്ട് പേഷ്യൻറ് വിഭാഗത്തിലുമാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത്.

ഈ പഞ്ചായത്തിൽ 4 അലോപ്പതി ഡോക്ടർമാരും 2 ആയുർവ്വേദ ഡോക്ടർമാരും 3 ഹോമിയോ ഡോക്ടർമാരും പ്രാക്ടീസ് ചെയ്യുന്നു. ശരാശരി 1800 പേർക്ക് ഒരു ഡോക്ടർ എന്ന നിലയിലേ സേവനം ലഭ്യമാകുന്നുള്ളു.

പെട്ടെന്നുണ്ടാകുന്ന രോഗങ്ങൾ, അപകടങ്ങൾ എന്നിവയ്ക്കൊന്നും തന്നെ വൈദ്യസഹായം ലഭ്യമാകാതെ വരുന്നു. ചേർത്തല, എറണാകുളം എന്നീ സമീപസ്ഥലങ്ങളിലെ വിദഗ്ദ്ധ ആശുപത്രി കളിൽ എത്തും മുമ്പെ വേണ്ട തരത്തിലുള്ള പ്രാഥമിക ശുശ്രൂഷ നല്കുന്നതിനു പോലുമുള്ള സൗകര്യങ്ങൾ നിലവിലില്ല. ജനസംഖ്യയിൽ 13,506 സ്ത്രീകളും 3,073 കുട്ടികളും ഉണ്ട്. എന്നാൽ ഒരു ശിശുരോഗ വിഭാഗത്തിന്റെയൊ ഗൈനക്കോളജിസ്റ്റിന്റെയോ സേവനം പഞ്ചായത്തിനുള്ളിൽ ലഭ്യമല്ല.

കുടുംബക്ഷേമ പ്രവർത്തനങ്ങൾ എല്ലായിടത്തും എത്തുന്നില്ലെങ്കിലും പ്രവർത്തനം ഏറെക്കുറെ കാര്യക്ഷമമാണ്. പഞ്ചായത്തിലെ മിനി ഹെൽത്ത് സെൻററിൽ വന്ധ്യംകരണ ശസ്ത്രക്രിയയും മറ്റും നടത്തുവാനുള്ള സൗകര്യങ്ങൾ ഇല്ല.

ജനസാന്ദ്രത ഏറിവന്നപ്പോൾ മാലിന്യപ്രശ്നങ്ങൾ വ്യാപകമായി അനുഭവപ്പെട്ടുതുടങ്ങി. ചെറുകിട വ്യവസായങ്ങളുടെ നേരിയ വർദ്ധനയും ഇതിൽ ഒരു പ്രമുഖ ഘടകമാണ്.

പദ്ധതികളിൽപെടുത്തി 2,139 വീടുകൾക്ക് കക്കൂസുകൾ നിർമ്മിച്ചു എങ്കിലും 40% കുടുംബങ്ങൾക്കും ആരോഗ്യസംരക്ഷണത്തിനുതകുന്ന കക്കൂസുകൾ ലഭിച്ചിട്ടില്ല. കുറഞ്ഞ വരുമാനക്കാരിൽ, പ്രത്യേകിച്ച് ലക്ഷം വീടുകോളനികളിൽ ജീവിക്കുന്ന മനുഷ്യർ ഇത്തരം പ്രാഥമികാവശ്യങ്ങൾക്കായി പുറപ്പറമ്പുകളേയും കായലോര നിവാസികൾ ജലാശയത്തേയും ആണ് ഉപയോഗിക്കുന്നത്. പദ്ധതികളിലൂടെ നടപ്പാക്കപ്പെടുന്ന കക്കൂസ് നിർമ്മാണവും ഇവിടുത്തെ മണ്ണിൻെറ നീർവാർച്ച പ്രകൃതത്തിനും മറ്റും അനുയോജ്യമല്ല. ജനങ്ങളിൽ നല്ലൊരു വിഭാഗവും ശരീരം ശുചിയാക്കുന്നതിന് കുളങ്ങളെയും പൊതുകുളങ്ങളേയുമാണ് ആശ്രയിക്കുന്നത്. വേനൽക്കാലത്ത് ഇത്തരം പൊതുകുളങ്ങളിലെ സ്ഥിതി വളരെ ദയനീയമാണ്. വിവേചനമില്ലാത്ത പ്രവൃത്തികൾ ശീലങ്ങളായി മാറിയിട്ടുള്ള അവസ്ഥയും കൂടി ഒത്തുചേരുമ്പോൾ സാംക്രമികരോഗങ്ങൾ ഇവിടെ സർവ്വസാധാരണമാണ്. ലഭ്യമായ കണക്കുകളിൽ നിന്ന് ആശുപത്രികളിൽ എത്തിച്ചേരുന്ന മറ്റു രോഗികളുടെ എണ്ണത്തിൽ നിന്ന് ഇത് വ്യക്തമാകുന്നുണ്ട്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ 40% വീടുകൾക്ക് സാനിട്ടറി കക്കൂസുകൾ ഇല്ല.

2. വെളിപ്പറമ്പുകൾ കക്കൂസ് ആവിശ്യത്തിന് ഉപയോഗിക്കുന്ന രീതി നിലനില്ക്കെ, സംരക്ഷിതമെന്ന് വിശ്വസിക്കുന്ന മറ്റുപേരുടെ ആരോഗ്യ പരിപാലന ശ്രമവും വ്യർത്ഥമാകുന്നു.

3. ചെമ്മീൻ പീലിങ്ഷെഡ്ഡുകൾ, തൊണ്ടഴുക്ക്, അറവുശാലാ മിച്ചങ്ങൾ സൂക്ഷിപ്പ്, പച്ചക്കറി കടകൾ തുടങ്ങിയ ചെറുകിട വ്യവസായശാലകളിൽ നിന്ന് പുറന്തള്ളപ്പെടുന്ന മാലിന്യങ്ങൾ അനാരോഗ്യകരമായ അന്തരീക്ഷം ഉണ്ടാക്കുന്നു.

4. പൊതുകുളങ്ങൾ സൃഷ്ടിക്കുന്ന രോഗ വ്യാപനങ്ങൾ വളരെ കൂടുതലായിരിക്കുന്നു.

5. മിനി. പി. എച്ച്. സെൻറർ 2, 3, 4 വാർഡുകളെ സംബന്ധിച്ചിടത്തോളം ദൂരപ്പെട്ട് കിടക്കുന്നു.

6. പി. എച്ച് സെൻററുകളിൽ എത്തുന്ന രോഗികൾക്ക് അത്യാവശ്യം വിശ്രമിക്കാൻ പോലും സ്ഥലമില്ല.

7. 1, 2, 3 വാർഡുകളിൽ വൈദ്യസേവനം ലഭിക്കുന്നതിൽ ബുദ്ധിമുട്ട് അനുഭവപ്പെടുന്നു.

8. വലിയകരി, അഞ്ചുതുരുത്ത് മേഖലകളിലെ വൈദ്യസേവന ലഭ്യത ഒട്ടും തന്നെയില്ല.

സാധ്യതകൾ

1. സമയബന്ധിതമായി പഞ്ചായത്തിലെ എല്ലാ വാർഡുകളിലും സമഗ്രമായ സർവ്വെ നടത്തി കക്കൂസുകളുടെ നിജസ്ഥിതി ബോദ്ധ്യപ്പെടുകയും സാനിട്ടറി കക്കൂസുകൾ ഇല്ലാത്തവർക്ക് അത് ഉണ്ടാക്കുവാനുള്ള സഹായം നൽകുകയും ചെയ്യുക. ഇതിനായി നിലവിലുള്ള സ്ക്കീമുകളിൽ നിന്ന് ധനസഹായം സ്വീകരിക്കാം. സന്നദ്ധസംഘടനകളുടെ പ്രതിബദ്ധത വിനിയോഗിയ്ക്കാം ലക്ഷം വീടുകൾ പോലെയുള്ള കോളനികൾക്ക് മുൻഗണന നല്കുക.

2. മാലിന്യങ്ങളുടെ പുറന്തള്ളൽ, സംസ്ക്കരണം ഇവ ബന്ധിപ്പിച്ചുകൊണ്ട് വ്യക്തമായ മാർഗ്ഗ നിർദ്ദേശങ്ങൾ പഞ്ചായത്ത് തീരുമാനങ്ങളാക്കണം. മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിന വിദഗ്ദ്ധ സഹായം തേടുകയും നടപ്പാക്കുന്നത് കർശനമാക്കുകയും വേണം. ഇതിനായി പ്രാതിനിധ്യ സ്വഭാവമുള്ള കമ്മിറ്റികൾ രൂപീകരിയ്ക്കാവുന്നതാണ്.

3. ഘട്ടംഘട്ടമായി, സാങ്കേതിക മേന്മ തികഞ്ഞ അശുപത്രി ലക്ഷ്യം വച്ചുകൊണ്ട് പി. എച്ച്. സെൻറർ വികസിപ്പിക്കുക. ആദ്യപടിയായി 10 കിടക്കകൾ അനുവദിച്ച് ഐ. പി. വിഭാഗം ആരംഭിക്കുക.

4. പി. എച്ച്. സെൻററിൽ ഗൈനക്കോളജിസ്റ്റിൻെറയും ശിശുരോഗ വിദഗ്ദ്ധൻെറയും സേവനങ്ങൾ ഉറപ്പാക്കുക.

5. കൂടുതൽ സബ് സെൻററുകൾ ആരംഭിക്കുകയും അവിടെ നിശ്ചിത ദിവസങ്ങളിൽ ഡോക്ടർമാരുടെ ഊഴം വച്ചുള്ള സേവനം ലഭ്യമാക്കുകയും ചെയ്യുക.

6. രക്തദാനം, നേത്രദാനം എന്നിവടെല്ലാം സാധിക്കും വിധം കാര്യക്ഷമമായ സംഘടനാ പ്രവർത്തനങ്ങൾ ആവിഷ്ക്കരിക്കുക.

7. പഞ്ചായത്തിൽ അനുയോജ്യമായ സ്ഥലത്ത് ആയുർവേദ ആശുപത്രി സ്ഥാപിക്കുക.

8. ഹെൽത്ത് സെൻററുകളിൽ കുടുംബാസൂത്രണ ശസ്ത്രക്രിയകൾക്കു വേണ്ട സൗകര്യം ഏർപ്പെടുത്തുക.

9. സ്ത്രീകൾ ജോലി ചെയ്യുന്ന കയർ പിരികേന്ദ്രങ്ങൾ, പീലിങ് ഷെഡുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ സാനിട്ടേഷൻ ഉറപ്പുവരുത്തുന്ന ഗുണമേന്മയുള്ള ശൗചാലയങ്ങൾ സ്ഥാപിക്കുക.

10. പൂച്ചാക്കൽ, പെരുമ്പളം ജംഗ്ക്ഷൻ തുടങ്ങിയ ബസ് സ്റ്റോപ്പുകളിൽ ഉയർന്നതരം മൂത്രപ്പുര സ്ഥാപിക്കുക.

11. ഉത്സവകാലങ്ങളിൽ അതത് സ്ഥലത്ത് താൽക്കാലികമായെങ്കിലും ശുചീകരണ പ്രവർത്തനങ്ങൾക്ക് ശുചീകരണ പ്രവർത്തനങ്ങൾ ഉറപ്പു വരുത്തണം.

12. ഈച്ച കൊതുക് നിവാരണ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തുക. മാർക്കറ്റുകളുടെ കാര്യത്തിൽ ഇത് നിർബന്ധമാക്കുക.

13. ശബ്ദമലീനികരണം തടയുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നടപ്പാക്കുക.

14. പഞ്ചായത്തു അതിർത്തിയിലുള്ള തട്ടുകടകൾ, ചായക്കടകൾ, ചെറുകിട ഹോട്ടലുകൾ എന്നിവിടങ്ങളിൽ ഉൾപ്പെടെ സാനിട്ടേഷൻ പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുക.

15. സാമൂഹ്യ വനവല്ക്കരണം വഴി വായു മലിനീകരണം തടയുക.

ആരോഗ്യം ഉള്ള ജനത രാഷ്ട്രത്തിന്റെ സമ്പത്താണ്.



ഗതാഗതവും, ഊർജ്ജം മാർക്കറ്റ്

A: ഗതാഗതം

കരിഗ്യാസ് വണ്ടികളുടെ കാലം മുതൽ മോട്ടോർ വണ്ടികളുടെ ഗതാഗതം ഉണ്ടായിരുന്ന ചേർത്തല-അരൂക്കുറ്റി റോഡ് കടന്നു പോകുന്നത് ഈ പഞ്ചായത്തിൽക്കൂടിയാണ്. ഈ പഞ്ചായത്തിന്റെ കിഴക്കെ അതിരിലൂടെയാണ. ഈ പഞ്ചായത്തിന്റെ കിഴക്കേ അതിരിലൂടെയാണ്. ദേശീയ ജലപാത കടന്നുപോകുന്നതും.കൂടാതെ തൃച്ചാറ്റുക്കുളത്തുനിന്നും ചേർത്തല ചെന്നു ചേരുന്ന എം.എൽ.ഏ റോഡും ഈ പഞ്ചായത്തിലൂടെ കടന്നു പോകുന്നു. പെരുമ്പളം കവലയിൽ നിന്ന് കാട്ടുപുറം പള്ളിവഴി അരൂകുറ്റിയിലേക്കുള്ള റോഡും ഈ പഞ്ചായത്തിന്റെ മൂന്നാം വാർഡിലൂടെയാണ് പോകുന്നത് തെക്കു വടക്കു നീളത്തിലുള്ള ഈ മൂന്ന് റോഡുകൾ കൂടാതെ കുറുകെ ഇവയിൽ നിന്ന് ആരംഭിയ്ക്കുന്ന പല റോഡുകളും ഉണ്ട്. എന്നാൽ പലതും ഇനിയും പൂർത്തിയകേണ്ടതുമുണ്ട്. ജനവാസം കൂടി വരികയാണ്. അതുകൊണ്ട് തന്നെ വഴിയുടെ പ്രശ്നങ്ങൾ രൂക്ഷമായി വരുന്നു. പുതിയ റോഡുകളും അവയിൽ എത്തിച്ചേരുവാനുള്ള നടപ്പാതകളും ഇപ്പോൾ തന്നെ ആസൂത്രണം ചെയ്യുന്നില്ലെങ്കിൽ പിന്നീട് ആവശ്യമായ വഴികൾ നിർമ്മിയ്ക്കുവാൻ കഴിയാതെ വരും. പഞ്ചായത്തിലെ പ്രധാന റോഡുകളുടെ വിവരം താഴെ ചേർക്കുന്നു.വരുന്നു. പുതിയ റോഡുകൾ

നമ്പർ	റോഡിന്റെ പേര്	നീളം കി.മി.	വീതി മി	നിർമ്മാണ രീതി	യാത്രാസൗകര്യം
1.	ചേർത്തല -അരൂക്കുറ്റി	1.5	8	ടാർ	ഉണ്ട്
2.	എം.എൽ.ഏ റോഡ് (തൃച്ചാറ്റുകുളം വരെ)	6.25	8	ഭാഗിഗമായി ടാർ	ഉണ്ട്
3.	പെരുമ്പളം കവല - കൊമ്പനാമുറി	1.5	8	ടാർ	ഉണ്ട്
4.	ഓടമ്പള്ളി - പോന്നിട്ട കൊട്ടാരം	2.25	6	ഭാഗികമായി ടാർ	ഇല്ല
5.	വീരമംഗലം - പുന്നച്ചുവട്	.50	4	നിർമ്മാണരീതി	ഇല്ല
6.	പുന്നച്ചുവട് - കുഞ്ചരം (നിർമ്മാണം ഭാഗികം). കുറുകെയുള്ളവ	.400	4	ഗ്രാവൽ	ഇല്ല
7	കിഴക്കെവെളി കണ്ണംന്തറ	.500	4	ഗ്രാവൽ	ഇല്ല

8.	അന്നപൂർണ്ണേശ്വരി ക്ഷേത്രം - റോഡിയോ ടോൺ (നിർമ്മാ ബാഗികം ഗ്രാവൽ	.200	5	ഗ്രാവൽ	ഇല്ല
9.	കാരുപ്പേരി- മാരാപ്പള്ളി (ഭാഗികം)	2.50	5	ഗ്രാവൽ	ഇള്ള
10.	പുന്നയ്ക്കൽ - ചീപ്പുങ്കൽ	.05	4	ഗ്രാവൽ	ഇല്ല
11.	തൃച്ചാറ്റുകുളം- കുടപുറം	1	6	ടാർ	ഇല്ല
12	തൃച്ചാറ്റുകുളം - മുട്ടുങ്കൽ	.200	4	ഗ്രാവൽ	ഇല്ല
13.	പെരുമ്പളം കവല - പാണാവള്ളി	.500	6	ടാർ	ഇല്ല
14.	ഓടമ്പള്ളി - കൊല്ലം കുമ്പൽ	1	6	ടാർ ഭാഗികം	ഇല്ല
15.	ഒടമ്പള്ളി - നാല്പത്തെണ്ണീശ്വരം	1.25	8	ടാർ	ഇല്ല
16.	തുരുത്തേൽ ക്കടവ് ഹരിജൻ കോളനി റോഡ് (നിർമ്മാണം ഭാഗികം)	1	6	ഗ്രാവൽ	ഇല്ല
1 7.	കുഞ്ചരം - ചുങ്കത്തിൽ ഹരിജൻ കോളനി റോഡ് നിർമ്മാണം ഭാഗികം	1	6	ഗ്രാവൽ	ഇല്ല
18.	പള്ളിക്കുളങ്ങര - നികർത്തിക്കടവ് നിർമ്മാണം ഭാഗികം	.200	5	ഗ്രാവൽ	ഇല്ല
19.	കൈത്തറിസംഘം മുക്കുവശ്ശേരിക്കടവ് നിർമ്മാണം ഭാഗികം	.035	5	ഗ്രാവൽ	ഇല്ല
20.	കുഞ്ചരം - ഇലഞ്ഞക്കൽ ഗിരിജൻ കോളനി	1.5	4	ടാർ	ഇല്ല
21.	P.H.C. റോഡ്	.025	6	ഗ്രാവൽ	ഇല്ല
22.	ഇടപ്പങ്ങഴി - തളിയാപറമ്പ്				

	(ഭാഗികം)	.500	6	ഗ്രാവൽ	ഇല്ല
23.	പോലീസ് സ്റ്റേഷൻ - ആലുമ്മാവുങ്കൽ	2	5	ഗ്രാവൽ	ഇല്ല
24.	കമ്മ്യൂണിറ്റി ഹാൾ - പൂച്ചാക്കൽ ജെട്ടി (ഭാഗികം)	.500	4	ഗ്രാവൽ	ഇല്ല
25.	പൂച്ചാക്കൽ - ഉളവയ്പ്പ്	3	6	ഭാഗികമായി ടാർ	ഉണ്ട്
26.	തക്യാവ് - കാരാളപ്പതി ഹരിജൻ കോളനി (തണടഹ)	.250	5	ഗ്രാവൽ	ഇല്ല
27.	ചിറ്റയിൽ - കമ്മ്യൂണിറ്റി ഹാൾ	.500	4	ഗ്രാവൽ	ഇല്ല
28.	പാടത്തും വീട്ടിൽ നിന്ന് തെക്കോട്ടുള്ള റോഡ്	.200	4	ഗ്രാവൽ	ഇല്ല
29.	ഞഢ റോഡ്	.500	4	ഗ്രാവൽ	ഇല്ല
30.	കിണറ്റിൻകര -കടവിൽ ലക്ഷംവീട്	.200	3	ഗ്രാവൽ	ഇല്ല
31.	നാല്പത്തെണ്ണീശ്വരം മുട്ടത്ത് ക്കടവ്	1	4	ഗ്രാവൽ	ഇല്ല
32.	ആന്നലത്തോട് -വാലുമ്മേൽ	.500	4	ഗ്രാവൽ	ഇല്ല
33.	തൃച്ചാറ്റുകുളം നോർത്ത് കോളനി റോഡ്	.050	4	ഗ്രാവൽ	ഇല്ല
34.	പാണാവള്ളി ജെട്ടി - മണപ്പുറം പള്ളി	.350	3	ഗ്രാവൽ	ഇല്ല
35	ഉരുവങ്കുളം - തളിയാ പറമ്പ് മണപ്പുറം പള്ളി	.05	4	ഗ്രാവൽ	ഇല്ല
36.	പള്ളിവെളി - ചിറയ്ക്കൽ മണപ്പുറം പള്ളി	.300	6	ഗ്രാവൽ	ഇല്ല
37.	തേമ്പാടി ലക്ഷം വീട് - മാനംകുറിച്ചി	.050	4	ഗ്രാവൽ	ഇല്ല
38.	മ'ണ'റ ഭജനമഠം - അസീസി ഹോസ്പിറ്റൽ റോഡ്	.250	3	ഗ്രാവൽ	ഇല്ല
39.	അരയങ്കാവ് - ആറാട്ടു കടവ് റോഡ്	.350	4	ഗ്രാവൽ	ഇല്ല

പട്ടിക 1 (A) നിലവിലുള്ള റോഡുകൾ പുർത്തീകരിക്കേണ്ടവ

നമ്പർ	റോഡിന്റെ പേര്	നീളം കി.മി.	വീതി മി	നിർമ്മാണ രീതി
1.	പി. ശേഖർ റോഡ്	.250	4	
2.	കിണറ്റിൻ കര - കടവിൽ ലക്ഷം വീട്	.100	3	
3.	പുന്നയ്ക്കൽ - ചീപ്പുങ്കൽ റോഡ്	.950	5	
4.	തൃച്ചാറ്റുകുളം - മുട്ടുങ്കൽ	1.8	5	
5.	കിഴക്കേവെളി - കണ്ണംതറ	1	4	
6.	അന്നപൂർണ്ണേശ്വരി - തൃച്ചാറ്റുകുളം നോർത്ത്	1.5	4	
7.	കിഴക്കേ പൊന്നരത്ത് - വല്യാറ	.400	3	
8.	കാരിപ്പോഴി - മാരാപ്പള്ളി	1	3	
9.	പോരുമ്പളം ജെട്ടി - മണപ്പുറം	2	3	
10.	അരയൻ കാവ് - ആറാട്ട് കടവ്	.200	3	
11.	ഒടമ്പള്ളി - കൊല്ലംകുമ്പ്	.050	6	
12.	തുരുത്തേൽ കടവ് - ഹരിജൻ കോളനി	.250	4	
13.	പള്ളിക്കുളങ്ങര - നികർത്തിൽ കടവ്	.100	4	
14.	കൈത്തറി സംഘം - മുക്കുവശ്ശേരി ക്കടവ്	.100	4	
15.	കൈത്തറി സംഘം ശ്രീകണ്ഠേശ്വരം	.300	4	
16.	കുഞ്ചരം ചുങ്കത്തിൽ H.C	.150	6	
11.	കമ്മ്യൂണിറ്റി ഹാൾ പുച്ചാക്കൽ ജെട്ടി	.1	4	
18.	പാടത്തും വീട് - ചിറയ്ക്കൽ	1	5	
19.	കുഞ്ചരം ഇലഞ്ഞിക്കൽ	.250	4	

പാണാവള്ളി ഗ്രാമപഞ്ചായത്ത് വികസനരേഖ

5
6

ഗതാഗതം (അനുബന്ധം)

1 പേജ് 47–ൽ പുതുതായി നിർമ്മിയ്ക്കേണ്ടറോഡുകളുടെ പട്ടികയിൽ താഴെപറയുന്നവയും ഉൾപ്പെടുത്തുന്നു.

a നാല്പത്തെണ്ണീശ്വരം–മുട്ടത്തുകടവ് റോഡിനേയും കിണറിൻകര–കടവിൽ ലക്ഷംവീട് റോഡിനേയും തമ്മിൽ ബന്ധിപ്പിയ്ക്കുന്ന ലിങ്ക് റോഡ്.

b മൂത്തേടത്ത്–വല്യപറമ്പ് നടപ്പാത എന്നത്, നീരാട്ടുകുളം വല്യപറമ്പ് നടപ്പാതയാക്കി മാറുന്നു.

c 5, 6, വാർഡുകളിലൂടെ കടന്നു പോകുന്ന കൊല്ലംകൂമ്പേൽ ശ്രീകണ്ഠേശ്വരം നടപ്പാത

d കുഞ്ഞാം–ഇലഞ്ഞിയ്ക്കൽ റോഡും, ഇടപ്പഞ്ഴി–തളിയാപറമ്പ് റോഡുമായി ബന്ധിപ്പിയ്ക്കുവാൻ ഗിരിജൻകോളനിയിൽനിന്നും പുതിയ റോഡ്.

e വാർഡ് ഒന്നിൽ കീറോഡിമില്ല് പുരയിടത്തെ, കടത്തറ–കൂറുവേലിതറ നടപ്പാതയുമായി ബന്ധിപ്പിയ്ക്കുന്നതിന്–മില്ലിങ്കൽ–തലയിണചിറ നടപ്പാത.

നിർദേശങ്ങൾ

1 പ്രവർത്തകസ്റ്റേയിൽസിനു കിഴക്കുവശമുള്ളകലിങ്ക് ഗതാഗതയോഗ്യമാക്കുക

2 ചേർത്തല–അരൂക്കുറ്റി റൂട്ടിൽ തൃച്ചാറ്റുകുളം, ഓടമ്പള്ളിവളവ്, വീരമംഗലം, കുഞ്ചരം, ഓടമ്പള്ളി ക്ഷേത്രം എന്നിവിടങ്ങളിലും MLA റോഡിൽ പള്ളിവെളി, തളിയാപറമ്പ്, ഇലഞ്ഞിക്കൽ, നാല്പത്തെണ്ണീശ്വരം, നാല്പത്തെണ്ണീശ്വരം നോർത്ത് ആന്നലത്തോട്, ഭജനമഠം എന്നിവിടങ്ങളിൽ വെയിറ്റിംഗ് ഷെഡ് സ്ഥാപിയ്ക്കുക.

3 കണ്ണാട്ട് കലിങ്കിൽ നിന്നും കിഴക്കോട്ട് തോടുവെട്ടി വെമ്പനാട്ടു കായലുമായി ബന്ധിപ്പിയ്ക്കുക.

4 ആന്നലത്തോട് പൂച്ചാക്കൽ തോടുമായി ബന്ധിപ്പിച്ച് ഗതാഗതയോഗ്യമാക്കുക.

5 വല്യപറമ്പ് നടപ്പാത കടന്നു പോകുന്ന പായിപ്പാട്ട്കരിയുടെ തെക്കേ അറ്റത്ത് തോട്ടിൽ സ്ലാബ് നിർമ്മിയ്ക്കുക. പുല്ലാടിത്തറ തെക്കേ തോട്ടിൽ സ്ലാബ് നിർമ്മിയ്ക്കുക.

6 അഞ്ചുതുരുത്തിനെ ഊടുപുഴയുമായി ബന്ധിപ്പിയ്ക്കുന്നനടപ്പാലംനിർമ്മിയ്ക്കുക

7 നോർത്തു കോളനി തോടിൽ കല്ലുകെട്ടുക

8 കോതോളിച്ചിറമുതൽ ജമായത്തുവരെ ബന്ധിപ്പിയ്കുന്ന നടപ്പാലം നിർമ്മിക്കുക.

9 റേഡിയോടൺ പടിഞ്ഞാറ് അരൂക്കുറ്റിവരെ.

10 നാല്പത്തെണ്ണീശ്വരം നോർത്ത്–തേമ്പാടിലക്ഷംവീട് നടപ്പാത നിർമ്മിക്കുക. വാർഡ്—**XI**

20.	ഉരുവംങ്കുളം - തളിയാപറമ്പ്	.200	4
21.	തളിയാപറമ്പ് - ഇടപ്പങ്ങഴി	.400	6
22.	ചിറ്റയിൽ - കമ്മ്യൂണിറ്റി ഹാൾ	1	4
23.	C.G റോഡ്	.5	4
24.	പള്ളിവെളി - ചിറയ്ക്കൽ	.250	6
25.	കുഞ്ചരം-ഇലഞ്ഞിക്കൽ G.C	.250	4
26.	പുന്നച്ചുവട് - കുഞ്ചരം G.C	.350	4
27.	തക്യാവ് - കാരാളപ്പതി H.C	.500	4
28.	SNV ഭജനമഠം - അസീസി	.100	3
29.	തേമ്പാടി ലക്ഷം വീട് മാനം കുറിച്ചി പള്ളി	1.5	4
30.	പുന്നച്ചുവട് - വീരമംഗലം	.5	4

പുതുതായി നിർമ്മിക്കേണ്ട റോഡുകൾ

വാർഡ് 1ൽ ആന്നലത്തോട് ചീപ്പുങ്കൽ മുട്ടത്തുകടവ് H.C, മുത്തേടത്ത് വലിയ പറമ്പ്, കട്ടത്തറ കൂറുവേലിത്തറ വാർഡ് രണ്ടിൽ തട്ടംഞ്ചേരി പുരയിടത്തിൽ നിന്ന് പടിഞ്ഞോട്ട്,മയിലിടയിൽ - ആന്നലത്തോട്,കാരുപ്പോഴി - മധുരക്കുളം, പുതിയപാലം പണിയംമ്പള്ളി തൃച്ചാറ്റുകുളം കാരുപ്പോഴി വാർഡ് 3ൽ അന്നപൂർണ്ണേശ്വരി റേഡിയോ ടോൺ, കിഴക്കെ വെളിയിൽ പിതിയപാലം തോട്ടംകര മാരംവെളി വലിയപാറക്കാട്ട് കൊല്ലംത്തറ. തേനമ്പുഴ പാടിഞ്ഞാട്ട് നടപ്പാത പാണാവള്ള ജട്ടി വലിയാറ അന്നപൂർണ്ണേശര പനംങ്കുറ്റി, കൊറ്റക്കേരിൽ നെസ്റ്റ് വാർഡ് 4ൽ അരയൻ കാവ് തേമ്പാട് ലക്ഷം വീട് ഓടമ്പള്ളി വളവ് കിഴക്കേകായൽ തീരം വാഴത്തറ വെളിമൂലംങ്കടവ് വാർഡിൽ 5ൽ അഞ്ചുതുരുത്ത് കടവുമുതൽ കിഴക്കോട്ടു പാത കൊല്ലം കുമ്പ് തുരുത്തേൽ കടവ് H.Cലിങ്ക് റോഡ് വാർഡ് ആറിൽ 901 വാരിക്കാട് കടവ് , കൃഷിഭവൻ ലക്ഷം വീട്, ഊടുപുഴ ശ്രീ കണ്ണേശ്വരം

വാർ ഡ് 1ൽ പുച്ചാക്കൽ പാലം ജെട്ടി, പുച്ചാക്കൽ ചിറയ്ക്കൽ കനാൽ സൈഡ് നടപ്പാടം, കരീത്തറ നടപ്പാത ഇലഃജംഗ്ഷൻ ജെട്ടിറോഡ് വാർഡ് 8ൽ പനമ്പ് കാട് മേച്ചേരി മടം പുല്ലാറ്റു ഗിരിജൻ റോഡ് വാർഡ് 9ൽ തളിയാപറമ്പ് ഉളവൈപ്പ്, പള്ളിവെളി തക്യാവ്, പാണാവള്ളി പള്ളി ഇലഞ്ഞിക്കൽ വൈസ്രാ വള്ളി അടുവളിയിൽ വൈസ്രവള്ളി നടപ്പാത വാർഡ് പത്തിൽ മട്ടത്തുകടവ് കാരാളപ്പതി പുള്ളോവെളി കളരിക്കൽ കയ്യോപ്പള്ളി S.N.D.P, നാല്പത്തെണ്ണീശ്വരം പുക്കൈത, SNDP കാരാളപ്പതി,വെളുത്തേടത്ത് നടീത്തറ പുളീംപറമ്പ് നാല്പത്തെണ്ണീശ്വരം വാർഡ് 11ൽ നാല്പത്തെണ്ണീശ്വരം വിരമംഗലം C.VCS 336 ആന്നലത്തോട്, നീരാട്ടുകുളം വീരമംഗലം, കണ്ണാട്ടുകലുങ്ക് ആന്നലത്തോട് എന്നിവ

റിപ്പയർ ചെയ്ത് സഞ്ചാര യോഗ്യമാക്കേണ്ട റോഡുകൾ

കിണറ്റുകര -ലക്ഷം വീട്,നാല്പത്തെണ്ണീശ്വരം -മുട്ടത്തു കടവ്, തൃച്ചാറ്റുകുളം നദുവത്തുനഗർ വഴി വടുതല റോഡ്,തൃച്ചാറ്റുകുളം ചീപ്പ് റോഡ്, പെരുമ്പളം കവല പള്ളിത്തോട്, കയർ ഫാക്ടറി കണ്ണാട്ടു കലുങ്ക്, ഓടമ്പള്ളി ക്ഷേത്രം കൊല്ലംകുമ്പ്, നാലുകല്ലുംവെളി ഊടുപുഴറോഡ്, പുച്ചാക്കൽ പോലീസ് റോഡ് ആലുംമാവുങ്കൽ, പള്ളിക്കുളങ്ങര ഗീതാനന്ദപുരം,പള്ളി വെളി തൃച്ചാറ്റുകുളം റോഡ്, നാല്പത്തെണ്ണീശ്വരം ബ്ലോക്കാഫീസ് റോഡ് എന്നിവ.

മാർക്കറ്റ്

പാണാവള്ളി പഞ്ചായത്തിൽ ഒരു മാർക്കറ്റുണ്ടായിരുന്നില്ല. പഞ്ചായത്തിനടുത്തുള്ള പൂച്ചാക്കൽ മാർക്കറ്റായിരുന്നു ഏക ആശ്രയം. പിന്നീടു പഞ്ചായത്തിൽ പഞ്ചായത്തുവക ഒരു മാർക്കറ്റും ഒരു സഹകാരിമാർക്കറ്റും ആരംഭിക്കുകയുണ്ടായി മാർക്കറ്റിൽ പ്രധാനമായും വില്പനയ്ക്കു വന്നിരുന്നത് മത്സ്യവും,മാംസവും പച്ചക്കറിയുമാണ്.

പൂച്ചാക്കൽ പട്ടണത്തോട് ചേർന്ന് അനുയോജ്യമായ സ്ഥലം അക്വയർ ചെയ്ത് ഒരു പൊതു മാർക്കറ്റ് സ്ഥാപിക്കണ്. മത്സ്യമാംസത്തിനും പച്ചക്കറികൾക്കും പ്രത്യേകം പ്രത്യേകം സൗകര്യങ്ങൾ ഏർപ്പെടുത്തണം.

പഞ്ചായത്ത് പുറമ്പോക്കുകളിൽ വിവിധ ഭാഗങ്ങളിൽ മത്സ്യം,മാംസം മുട്ട ഇവയ്ക്കും പച്ചക്കറി, പഴവർഗ്ഗങ്ങൾ പാൽ,പാലുല്പന്നങ്ങൾ മുതലായവയ്ക്ക് പ്രത്യേകം പ്രത്യേകം ബങ്കുകൾ നിർമ്മിച്ച് നിശ്ചിത കാലത്തേക്ക് ലേലം ചെയ്ത് നൽകണം.

ഓണക്കാലത്ത് പച്ചക്കറി, പലവ്യഞ്ജനം തുടങ്ങിയവയ്ക്ക് ഉണ്ടാകുന്ന ഉയർന്ന ആവശ്യവും, വിലവർദ്ധനവും പരിഗണിച്ച് വിവിധ ഭാഗങ്ങളിൽ സഹകരണ ബാങ്കുകൾ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ,ബഹുജന സംഘടനകൾ എന്നിവയുമായി സഹകരിച്ച് ഓണചന്തകൾ നടത്തണം സമഗ്രപച്ചക്കറി വികസനം ഏത്തവാഴകൃഷി മുതലായ പദ്ധതികൾഉവിഷ്ക്കരിച്ച് പ്രാദേശികമായി നടപ്പിലാക്കുക. ഉല്പന്നങ്ങൾ യഥാസമയം സംഭരിച്ച് ഓണച്ചന്തകൾ വഴി വിതരണം ചെയ്യണം.

ഊർജ്ജം

ഊർജ്ജവിനിയോഗത്തിന്റെ കാര്യത്തിൽ പാണാവള്ളി പഞ്ചായത്ത് ഒരു ശരാശരിയിൽ പോലും എത്തുന്നില്ല.വൈദ്യുതി, മണ്ണെണ്ണ,വിറക് മറ്റ് ദ്രാവക ഇന്ധനങ്ങൾ എന്നിവ ഊർജ്ജാവശ്യങ്ങൾക്കുപയോഗിക്കുന്നുണ്ടെങ്കിലും ആവശ്യവുമായി തട്ടിച്ചു നോക്കുമ്പോൾ ഊർജ്ജലഭ്യത തികച്ചും പര്യാപ്തമല്ല.

വൈദ്യുത ഊർജ്ജ വിനിയോഗത്തിന്റെ കാര്യത്തിൽ ഈ പഞ്ചായത്തിന്റെ ചരിത്രം 1957 ൽ ആണ് ആരംഭിക്കുന്നത്. തുറവൂർ കരികളിലേയ്ക്ക് ആലപ്പുഴ പ്രസരണിയിൽ നിന്നും ലഭ്യമാക്കിയ വൈദ്യുത വിതരണ ലൈനുകളിൽ നിന്നും തൈക്കാട്ടുശ്ശേരി വഴി പൂച്ചാക്കൽ, ഉളവൈപ്പ് പ്രദേശങ്ങളിലാണ്. ആദ്യമായി വൈദ്യുതി എത്തിയത്. പൂച്ചാക്കലിൽ 16 ഉം, ഉളവൈപ്പിൽ 23ഉം ഗാർഹിക ഉപഭോക്താക്കളുടെ ആവശ്യം നിറവേറ്റുന്നതിനു മാത്രമേ അന്നു കഴിഞ്ഞിരുന്നുള്ളു. കാർഷികാവശ്യത്തിന് പുക്കൈത മോട്ടോർ ത്തറയിലേക്ക് ആണ് പിന്നീട് വൈദ്യുതി എത്തിയത്. 1960 കളിൽ അരൂരിൽ നിന്നും അരൂക്കുറ്റിവഴി ലഭ്യമായ വൈദ്യുതി കൂടി എത്തിയിട്ടും നമ്മുടെ ആവശ്യങ്ങൾക്ക് തികഞ്ഞില്ല എന്നതാണ് സത്യം. വൈദ്യുതി ഉപയോഗം 71ശതമാനത്തിലേറേയും ഗാർഹിക മേഖലയ്ക്ക് വേണ്ടിയാണ്. നിലവിലുള്ള വൈദ്യുത വിതരണ സംവിധാനങ്ങളുടെ പട്ടിക ചുവടെ ച്ചേർക്കുന്നു.

ക്രമനമ്പർ	ഇന്നം	അളവ്
1	11 KV ലൈനുകൾ	12 KM
2	L.T ലൈനുകൾ	28 KM
3	ട്രാൻസ്ഫോമറുകൾ	16 Nos
4.	3 ഫേസ് ഉപഭോക്താക്കൾ	162 Nos
5.	സിംഗിൾ ഫേസ് ഉപഭോക്താക്കൾ	4025 Nos

ശേഷം 75ാം പേജിൽ

പാണാവള്ളി ഗ്രാമപഞ്ചായത്ത് വികസനരേഖ

5
7

(അനുബന്ധം)

പാർപ്പിടവും, സാമൂഹ്യക്ഷേമവും

(പേജ് 49–ൽ തുടർച്ച)

(4) 1 തൃച്ചാറ്റുകുളം നോർത്തു കോളനിയിൽ പഞ്ചായത്തിൽ നിന്നു കൊടുക്കുന്ന ധനസഹായം കൊണ്ട് വീട് പണിയുന്നതിന് കോളനിനിവാസികൾ പ്രാപ്തരല്ലാത്തതിനാൽ പഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിൽ വീടുനിർമ്മിച്ചുകൊടുക്കുക.

2 പനവേലി ലക്ഷംവീട്, കുളങ്ങര ലക്ഷംവീട്, തേമ്പാടി ലക്ഷംവീട് എന്നീ കോളനികളിലെ ഇരട്ടവീടുകൾ അറ്റകുറ്റപ്പണി ചെയ്തു വിപുലീകരിയ്ക്കുക.

3 JRY പദ്ധതിയിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കു് നൽകുന്ന വീടുകളുടെ അനുപാതം വർദ്ധിപ്പിയ്ക്കുക.

4 സന്നദ്ധ സംഘടനകൾവഴി വീടുകൾ നൽകുകയും സന്നദ്ധ സേവനം ഉറപ്പാക്കുകയും ചെയ്യുക.

5 വികസന പ്രവർത്തനങ്ങളിൽ പ്രഥമപ്രാധാന്യം വീടുകൾക്ക് നൽകുക.

6 പഞ്ചായത്തിന്റെ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ഗൃഹനിർമ്മാണോപകരണങ്ങൾ ന്യായവിലക്കു് വിതരണം ചെയ്യുന്ന സമിതിയെ രൂപീകരിയ്ക്കുക.

7 DWCRA പോലുള്ള വനിതാ വ്യവസായ യൂണിറ്റ് രൂപീകരിച്ച് സിമൻറിഷ്ടിക നിർമ്മിയ്ക്കുക, അവ വീടിന്റെ ഉപഭോക്താക്കൾക്കു് നൽകുക, പഞ്ചായത്തിൽനിന്നും ബ്ലോക്കിൽനിന്നും നൽകുന്ന വീടുകൾക്കു് ഈ യൂണിറ്റിൽ നിന്നും തന്നെ ഇഷ്ടികവാങ്ങാൻ നിർദ്ദേശിയ്ക്കുക.

8 പഞ്ചായത്തിന്റെ സ്ഥലത്ത് പൊതുജനപങ്കാളിത്തത്തോടെ വൃദ്ധസദനംനിർമ്മിക്കുക

9 വിവിധ സർക്കാർ പദ്ധതികളിലായി പൂർത്തീകരിയ്ക്കപ്പെടാതെ കിടക്കുന്നവീടുകൾ പൂർത്തികരിയ്ക്കാൻ ജനകീയ സമിതി രൂപീകരിപ്പ് ഉപഭോക്താക്കളെ സഹായിക്കുക

5
7

(അനുബന്ധം)

സാമൂഹ്യക്ഷേമം

(6)

1 സ്വന്തമായി കെട്ടിടങ്ങളം ഇല്ലാത്ത അംഗൻവാടികളം പ്രവർത്തിക്കുന്ന മേഖലകളിൽ പുറമ്പോക്ക് സ്ഥലം ഉണ്ടെങ്കിൽ കെട്ടിടങ്ങളം പണിയുവാനും അല്ലാത്ത മേഖലകളിൽ പഞ്ചായത്ത് നേതൃത്വത്തിൽ സ്ഥലം ഉണ്ടാക്കുവാനും ഉള്ള നിർദ്ദേശം വേണം.

2 പഞ്ചായത്ത് ആക്ഷൻ പ്ലാൻ തയ്യാറാക്കുമ്പോൾ ലോവർ പ്രൈമറിയുടെ കൂടെ അംഗൻവാടികളം കൂടിയുൾപ്പെടുത്തുക.

3 അംഗൻവാടി സെൻറർ No. 49 ന്റെ കെട്ടിടപുനരുദ്ധാരണത്തിനും, C. No. 58 ന്റെ സുരക്ഷക്കും വേണ്ട നടപടികളം എടുക്കുക,

4 അംഗൻവാടികളിൽ വിറക് അടുപ്പിനു പകരം മണ്ണെണ്ണ സ്റ്റൗ പ്രവർത്തിപ്പിക്കുന്നതിനുള്ള സംവിധാനം പഞ്ചായത്തിൽ നിന്നും ഉണ്ടാക്കണം.

5 5-ാം വാർഡിൽ പള്ളിക്കുളങ്ങരയിൽ പ്രവർത്തിക്കുന്ന അംഗൻവാടി കെട്ടിടത്തിന്റെ കുളത്തിനു കൽപ്പ് കെട്ടുക.

I. R. D. P

(പേജ് 51-ൽ തുടർച്ച)

1 പുതിയ വാർഡ് അടിസ്ഥാനത്തിനു സർവ്വേ ലിസ്റ്റ് ഉണ്ടാക്കി ഉപഭോക്താക്കളെ കണ്ടെത്തണം.

2 അന്ത്യോദയ സമീപനം നോക്കാതെ സർവ്വേ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർക്കു സഹായംനൽകാനുള്ള സംവിധാനം ഉണ്ടാക്കണം.

3 I R D P സഹായത്തിന്റെ പലിശ നിരക്ക് കുറക്കുക. Subsidy കൂട്ടുക.

4 I R D P യിൽ നാമമാത്രമായ സഹായം കിട്ടിയവർക്കു വീണ്ടുംസഹായം കിട്ടുവാനുള്ള സംവിധാനം ഉണ്ടാക്കുക.

I R D P യിൽ നാമമാത്രമായ സഹായം ലഭിച്ചിട്ടുള്ളതും റവന്യൂ റിക്കവറിക്ക് വിധേയമായിട്ടുള്ളതുമായ S C, S T ഉൾപ്പടെ എല്ലാ ജനവിഭാഗങ്ങൾക്കും അവരുടെ അർഹത പരിഗണിച്ചുകൊണ്ട് എടുത്ത നാമമാത്രമായ തുക തിരിച്ചടച്ചതിനുശേഷം വീണ്ടും I R D P പദ്ധതിയിൽ ഉൾപ്പെടുത്തുവാനുള്ള നടപടി ബാങ്കുകളം സ്വീകരിക്കുക.

5 ബ്ലൈസം പദ്ധതിയിൽ പ്രാദേശികതൊഴിലുകൾക്കും പ്രാധ്യാനം നൽകുക.

മുൻഗണനാക്രമം

1 ലക്ഷംവീട് കോളനികളിൽ അറകുറപണി ചെയ്യാനുള്ള സംവിധാനം ഉടനെ ഉണ്ടാക്കുക.

2 തൃച്ചാറ്റുകുളം നോർത്തിലുള്ള (2-ാം വാർഡ്) കോളനിയിലും, പനവേലി ലക്ഷംവീടുകളം, വല്ല്യാറ ലക്ഷംവീടുകളം തുടങ്ങിയവ, ഓലവീടുകളം മാറ്റി ഓട് മേയുക.

3 സമൂഹത്തിലെ ദുർബല വിഭാഗങ്ങൾക്ക് ഭവന നിർമ്മാണ പദ്ധതിയിൽ സഹായം ലഭ്യമാക്കണം.

4 സ്ത്രീകളാൽ നിയന്ത്രിക്കുന്ന വീടുകൾക്കു അനുവദിക്കുന്നതിൽമുൻഗണനനൽകുക

5 അംഗൻവാടി സെൻറർ No. 49 ന്റെ കെട്ടിടപുനരുദ്ധാരണത്തിനും, C No. 58 ന്റെ സുരക്ഷക്കും വേണ്ട നടപടികളം സ്വീകരിക്കണം 5-ാം വാർഡിൽ പള്ളികുളങ്ങരയിൽ പ്രവർത്തിക്കുന്ന അംഗൻവാടിയുടെ സമീപത്തുള്ളകുളത്തിനു സംരക്ഷണ മതിൽ കെട്ടി, അംഗൻവാടികെട്ടിടം സംരക്ഷിക്കണം.

6 സ്വന്തമായി കെട്ടിടങ്ങളം ഇല്ലാത്ത അംഗൻവാടികൾക്കു സ്ഥലം കണ്ടെത്തണം.

പാർപ്പിടം, സാമൂഹ്യക്ഷേമം

A : പാർപ്പിടം

ആദ്യകാലത്ത് കല്ലും മരവും കൊണ്ട് പണിത വീടുകൾ അപൂർവ്വമായിരുന്നു. ഭൂവുടമകളുടേയും മറ്റും വീടുകൾ പുരാതനതച്ചുശാസ്ത്രപ്രകാരം നിർമ്മിക്കപ്പെട്ടിരുന്ന നാലുകെട്ടുകൾ പോലുളളവയായിരുന്നു. അവ തന്നെ ഓല മേഞ്ഞവയുമായിരുന്നു. പ്രാദേശികമായി ലഭ്യമായിരുന്ന ഗൃഹ നിർമ്മാണസാമഗ്രികളാണ് ഉപയോഗിച്ചിരുന്നത്.

ക്രമേണ ഓലമേഞ്ഞ കെട്ടിടങ്ങൾക്ക് പകരം ഓട് മേഞ്ഞ കെട്ടിടങ്ങളും വാർത്ത കെട്ടിടങ്ങളും പ്രചാരത്തിലെത്തി. ഭൂപരിഷ്കരണത്തെത്തുടർന്ന് കുടികിടപ്പുകാർക്ക് സ്വന്തമായി ഭൂമി ലഭിച്ചതിനാൽ സ്വന്തം ഭവനം നിർമ്മിക്കുവാൻ ആരംഭിച്ചു. താഴ്ന്ന വരുമാനക്കാർക്കും പിന്നോക്കവിഭാഗക്കാർക്കുമായി ഗവൺമെന്റ് വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തപ്പോൾ സ്ഥിരം കെട്ടിടങ്ങൾ വ്യാപിച്ചു. സമ്പന്നരായ ആളുകൾ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ വീടുകൾ നിർമ്മിക്കുന്ന പ്രവണത ഇവിടേയും കണ്ടുതുടങ്ങി.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഹൗസിംഗ് സൊസൈറ്റിയിൽ നിന്നും ചേർത്തല കാർഷിക ഗ്രാമവികസനബാങ്കിൽ നിന്നും മറ്റും വായ്പകൾ ലഭ്യമാണ്. ദുർബലവിഭാഗങ്ങൾക്കും I.R.D.P സർവ്വേ പ്രകാരം ഇനിയും 985 വീടുകൾ ആവശ്യമുള്ളതായി കാണുന്നു.

പഞ്ചായത്തിൽ 6234 വാസഗൃഹങ്ങളാണുള്ളത്. ഇതിൽ 800 എണ്ണം കുടിലുകളാണ്. മറ്റുള്ള വയിൽ 255 കോൺക്രീറ്റ് കെട്ടിടങ്ങളും 4036 ഓട് മേഞ്ഞവയും 1533 ഓല മേഞ്ഞ കെട്ടിടങ്ങളുമാണ്. അതിനുപുറമേ 600-ലേറെ കുടുംബങ്ങൾക്ക് തനതായി ഭവനങ്ങളില്ല. ഒരു വർഷം ശരാശരി 400 വീടുകൾ വീതം നിർമ്മിക്കാമെങ്കിൽ 9-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് എല്ലാവർക്കും ഭവനം എന്ന സങ്കൽപ്പം സാക്ഷാത്കരിക്കാവുന്നതാണ്. ഇതിനുള്ള കർമ്മപരിപാടികൾ ആവിഷ്കരിക്കണം. വീടുകളിൽ കക്കൂസ്, കുളിമുറി, വൈദ്യുതി, കുടിവെള്ളം തുടങ്ങിയ പ്രാഥമിക സൗകര്യങ്ങളും ഉറപ്പുവരുത്തേണ്ടതുണ്ട്.

ഭവനനിർമ്മാണത്തോട് ബന്ധപ്പെടുത്തി നിർമ്മിച്ചുകൊടുത്ത മുഴുവൻ ലക്ഷംവീട് കോളനികൾക്കും റിപ്പയർ ആവശ്യമായിരിക്കുന്നു.

പുതുതായി അനുവദിച്ച കോളനികളിൽ പല കുടുംബങ്ങൾക്കും വീടുകളില്ല. അവയ്ക്കെല്ലാം വൈദ്യുതി, കക്കൂസ്, കുടിവെള്ളം ഇവ എത്തിച്ചു കൊടുക്കണം.

വാർഡുതലത്തിൽ ഉയർന്നുവന്നതും പ്രത്യേകം ശ്രദ്ധ അർഹിക്കുന്നതുമായ പ്രശ്നങ്ങൾ

1. 2-ാം വാർഡിലുള്ള നോർത്ത്കോളനിയിലെ മുഴുവൻ വീടുകളും ഓല മേഞ്ഞതാണ്. പുതിയ കോളനിക്ക് സ്ഥലമുണ്ട്.
2. 3-ാം വാർഡിലും 6-ാം വാർഡിലും ഉള്ള കോളനികളിൽ കുടിവെള്ളവും കക്കൂസും അത്യന്താപേക്ഷിതമാണ്.
3. 7-ാം വാർഡിലുള്ള കരിത്തറ കോളനി കുടിലുകളാണ്. അതേവാർഡിലെ പൊറ്റേത്തറ

I.R.D.P. സർവ്വേപ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് നൽകപ്പെട്ട സഹായം സംബന്ധിച്ച വിവരങ്ങൾ.

പട്ടിക 1

വാർഡ് നമ്പർ	സർവ്വെപ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST കുടുംബങ്ങൾ	നാളിതുവരെ സഹായം ലഭിച്ചവർ	ഇതിൽ SC/ST	സഹായം ലഭിച്ചതുവഴി, ദാരിദ്ര്യ രേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ)
1	2	3	4	5	6	7
I	152	3	15	3	2	150
II	72	1	9	1	1	71
III	255	6	23	6	3	252
IV	307	8	27	8	4	303
V	411	22	37	20	5	406
VI	278	1	25	1	2	276
VII	291	34	26	31	2	289
VIII	277	6	21	6	2	275
IX	169	10	18	19	3	166
X	225	13	20	13	2	223
XI	242	1	21	1	3	239
ആകെ	2679	105	242	100	29	2650

ക്ഷേമപ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്തിൽ ഒരു വർഷം വിതരണം ചെയ്യപ്പെടുന്ന പെൻഷനുകളുടെ വിവരം ചുവടെ ചേർക്കുന്നു :-

വിധവാപെൻഷൻ – 217

തൊഴിലില്ലായ്മവേതനം – 215

വികലാംഗപെൻഷൻ – 181

ക്ഷയരോഗികൾക്കുള്ള പെൻഷൻ – 10

ക്യാൻസർരോഗികൾക്കുള്ള പെൻഷൻ – 2

പെൻഷൻ ലഭിക്കുന്നവരേക്കാൾ വളരെ കൂടുതലാണ് വിവിധവിഭാഗങ്ങളിൽ പെൻഷൻ ലഭിക്കുവാൻ അർഹതയുള്ളവർ. ഇവരെയെല്ലാം കണ്ടെത്തി അർഹമായ സഹായം ലഭ്യമാക്കണം.

1995-96-ൽ J.R.Y. പദ്ധതി അനുസരിച്ച് തൊഴിലില്ലായ്മാനിർമ്മാർജ്ജന പ്രവർത്തനങ്ങളായി 1,05,782 രൂപയും പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ഭവനനിർമ്മാണത്തിനായി 24,500 രൂപയും ചെലവഴിച്ചിട്ടുണ്ട്.

പ്രശ്നങ്ങൾ :

1. I.R.D.P. യിൽ കൂടുതൽ ഗുണഭോക്താക്കളെ കണ്ടെത്തണം.
2. അർഹരായവരിൽ നാമമാത്രമായവർക്കുമാത്രമേ സഹായം ലഭിച്ചുവരുന്നുള്ളു.
3. ധനസഹായം ലഭിച്ചവരിൽ ഭൂരിഭാഗവും വേണ്ടരീതിയിൽ പ്രയോജനപ്പെടുത്തി ദാരിദ്ര്യരേഖയ്ക്കുമുകളിൽ എത്തുന്നില്ല.

6. കോളനിനിവാസികളുടെ പാർപ്പിടപ്രശ്നം പ്രത്യേകശ്രദ്ധ അർഹിക്കുന്നു.

7. ലക്ഷം വീട് കോളനികളുടെ കാര്യത്തിൽ ഓരോ വർഷവും പരിശോധന നടത്തി കുറവുകൾ പരിഹരിക്കുന്നതിന് പ്രത്യേകം പദ്ധതി തയ്യാറാക്കണം.

8. കോളനികളുടെ കുടിവെള്ളം, കക്കൂസ്, വൈദ്യുതി, നടപ്പാത തുടങ്ങിയ പ്രശ്നങ്ങൾ മുൻഗണന നൽകി പരിഹരിക്കണം.

9. ഭവനനിർമ്മാണവായ്പകൾ നൽകുന്ന വിവിധ ഏജൻസികളുടെ പ്രവർത്തനം ഏകോപിപ്പിക്കുകയും ഇവയെ സംബന്ധിച്ച് വിജ്ഞാനവ്യാപനം നടത്തുകയും വേണം.

10. വൃദ്ധജനങ്ങളുടെ സംരക്ഷണത്തിന് വൃദ്ധഭവനങ്ങൾ നിർമ്മിക്കാവുന്നതും അതിന് വിശദമായ പദ്ധതി ആവിഷ്കരിക്കേണ്ടതുമാണ്.

B: സാമൂഹ്യക്ഷേമം

ആദ്യകാലത്ത് സാമൂഹ്യക്ഷേമരംഗത്ത് സംഘടിതപ്രവർത്തനങ്ങൾ ഉണ്ടായിരുന്നില്ല. എന്നാൽ മതസംഘടനകൾ, സാമുദായികസംഘടനകൾ, രാഷ്ട്രീയപ്രസ്ഥാനങ്ങൾ ഇവയുടെ പ്രവർത്തനങ്ങളുടെ ഭാഗമായി സാമൂഹ്യപ്രവർത്തനങ്ങൾ നടത്തിപ്പോന്നിട്ടുണ്ട്. പട്ടികജാതി-പട്ടികവർഗ്ഗങ്ങൾ, വനികൾ, തൊഴിലില്ലാത്ത അഭ്യസ്തവിദ്യർ തുടങ്ങിയ വിഭാഗങ്ങൾക്കിടയിൽ സംഘടിതപ്രവർത്തനം ആവശ്യമാണെന്ന് മനസ്സിലാക്കി പല പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

നിലവിലുള്ള സാമൂഹ്യക്ഷേമപ്രവർത്തനങ്ങൾ :-

പൊതുവായ ദാരിദ്ര്യനിർമ്മാർജ്ജനപ്രവർത്തനങ്ങൾ, വികലാംഗർ, വൃദ്ധജനങ്ങൾ, രോഗികൾ, തൊഴിലില്ലാത്ത അഭ്യസ്തവിദ്യർ തുടങ്ങിയ പ്രത്യേകവിഭാഗങ്ങൾക്കുവേണ്ടിയുള്ള ക്ഷേമപ്രവർത്തനങ്ങൾ, പ്രത്യേകതൊഴിൽവിഭാഗങ്ങൾക്കുവേണ്ടിയുള്ള ക്ഷേമനിധികൾ, വനിതാക്ഷേമപ്രവർത്തനങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗക്ഷേമപദ്ധതികൾ തുടങ്ങിയവ എല്ലാം ഉൾപ്പെടുന്നു.

പഞ്ചായത്തിൽ നിലവിലുള്ള പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു:-

സർവ്വെയിൽ കണ്ടെത്തിയ 2679 കുടുംബങ്ങൾക്കുപരിയായി ഇനിയും വളരെയധികം ആളുകളെ ഉൾപ്പെടുത്തേണ്ടതായിട്ടുണ്ട്. ഇതിൽ ധനസഹായം ലഭിച്ചതാകട്ടെ കേവലം 242 കുടുംബങ്ങൾക്കു മാത്രം. ധനസഹായം ലഭിച്ചതിന്റെ പേരിൽ ദാരിദ്ര്യരേഖയ്ക്ക് മുകളിൽ എത്തിയവരാകട്ടെ വെറും 29 കുടുംബങ്ങൾ മാത്രം. ഈ സ്ഥിതിവിവരക്കണക്കുകൾ നമ്മുടെ കണ്ണ് തുറപ്പിക്കേണ്ടതാണ്.

I.R.D.P. സർവ്വേപ്രകാരം ധനസഹായത്തിന് അർഹതയുള്ള ഗ്രാമീണകൈത്തൊഴിലുകാർ 133 ആണ് അതിൽ 5 പേർക്ക് മാത്രമേ ധനസഹായം ലഭിച്ചിട്ടുള്ളു. ട്രയ്സം പരിപാടി അനുസരിച്ച് തൊഴിൽ പരിശീലനം ലഭിച്ചവർ 23, പരിശീലനം ലഭിച്ചവരിൽ തൊഴിൽ ചെയ്യുന്നവർ 4 മാത്രം. 9 പേർ ഇതരതൊഴിലിൽ ഏർപ്പെട്ടിട്ടുള്ളവരും. 10 പേർ ഒരു തൊഴിലും ഇല്ലാത്തവരുമാണ്. D.W.C.R.A. പദ്ധതിപ്രകാരം ഒരു ഡയറിയൂണിറ്റും, രണ്ട് കയർ യൂണിറ്റുകളും രൂപംകൊണ്ടിട്ടുണ്ട് ഇവയിൽ 30 തൊഴിലാളികൾ ജോലിചെയ്യുന്നു. ഇവയെല്ലാം നല്ലനിലയിൽ പ്രവർത്തിക്കുന്നു.

കോളനിയും കായലോരപ്രദേശമായത് കൊണ്ട് കുടിവെള്ളപ്രശ്നം രൂക്ഷമാണ്. ഇവയ്ക്ക് കക്കൂസുകളും ആവശ്യമാണ്.

4. 8-ാം വാർഡിലുള്ള പനവേലി ലക്ഷംവീട് കോളനി, പൊയ്ക്കാട്ട് പുതുവൽനികർത്ത് ഗിരിജൻ കോളനി, കണിയാവെളി ഹരിജൻ കോളനി എന്നിവയിലെ വീടുകൾ വാസയോഗ്യമല്ലാതായിരിക്കുന്നു. അടിയന്തിരമായി പുതുക്കിപ്പണിയണം. വൈദ്യുതി, കക്കൂസ്, ശുദ്ധജലം ഇവ നിർബന്ധമായും എത്തിക്കണം. സ്ഥലം നൽകിയിട്ടും വീട് വെയ്ക്കാത്ത 4 കുടുംബങ്ങളുണ്ട്.

5. 5-ാം വാർഡിൽ ലക്ഷംവീടിനുള്ള സ്ഥലമുണ്ട്. വാഴത്തറപ്രദേശം കോളനി സ്ഥാപിക്കണം.

6. 11-ാം വാർഡിൽ തേമ്പാടി ലക്ഷംവീട് കോളനിയിലും, വല്ല്യാറ ലക്ഷംവീട് കോളനിയിലും കുടിവെള്ളവും വൈദ്യുതിയും എത്തിക്കുകയും നടപ്പാത നിർമ്മിക്കുകയും വേണം. വാഴത്തറ വെളി, ആന്നലത്തോട്, പോഴിച്ചിറ എന്നിവിടങ്ങളിൽ കോളനി സ്ഥാപിക്കണം.

7. 10-ാം വാർഡിൽ മുട്ടത്ത്കടവ് I.H.D.P. കോളനിയിലും പാനയ്ക്കൽ ലക്ഷംവീട് കോളനിയിലും വീടുകൾ റിപ്പയർ ചെയ്യണം. കക്കൂസ് നിർമ്മിക്കണം. കുടിവെള്ളവും വൈദ്യുതിയും എത്തിക്കണം. നടപ്പാത ഉണ്ടാക്കണം.

8. 3-ാം വാർഡിലെ വിവിധ കോളനികളിലായി 47 വീടില്ലാത്ത ആളുകളുണ്ട്.

9. ഗൃഹനിർമ്മാണസാമഗ്രികളുടെ ദൗർലഭ്യം രൂക്ഷമാണ്.

10. നിർമ്മിതികേന്ദ്രങ്ങൾ പോലുള്ള സ്ഥാപനങ്ങളുടെ സേവനങ്ങൾ ഗ്രാമപ്രദേശത്ത് ലഭ്യമല്ല.

11. വിദഗ്ധ തൊഴിലാളികളുടെ അഭാവമുണ്ട്.

12. മതിയായ സാമ്പത്തികസഹായം ലഭിക്കുന്നില്ല.

13. സ്വന്തമായി ഭൂമിയില്ലാത്തതുകൊണ്ട് വീടുകൾ നിർമ്മിക്കുവാൻ പലർക്കും കഴിയുന്നില്ല.

14. ഭവനനിർമ്മാണത്തിന് സഹായിക്കാൻ നിരവധി പദ്ധതികളും ഏജൻസികളും ഉണ്ടെങ്കിലും അവ തമ്മിൽ ഏകോപനമില്ല.

15. വൃദ്ധന്മാരുടെ ആവാസത്തിന് വേണ്ടി വൃദ്ധസദനങ്ങൾ ഉണ്ടാകേണ്ടത് ആവശ്യമാണ്.

സാധ്യതകൾ

1. ഗൃഹനിർമ്മാണോപകരണങ്ങൾ സംഭരിച്ച് വിതരണം ചെയ്യുന്നതിന് പൊതുസ്ഥാപനങ്ങൾ ആവശ്യമണ്. സഹകരണസംഘങ്ങൾക്കോ, സന്നദ്ധസംഘടനകൾക്കോ ഈ ജോലി ഏറ്റെടുക്കാവുന്നതാണ്. വാർഡുകൾ തോറും ഇത്തരം സമിതികൾ വേണം.

2. പ്രാദേശികമായി ലഭ്യമായ ഗൃഹനിർമ്മാണവസ്തുക്കൾ ആയ തെങ്ങ്, കക്ക മുതലായവ പരമാവധി പ്രയോജനപ്പെടുത്താൻ ശ്രമിക്കണം.

3. നിർമ്മിതികേന്ദ്രങ്ങൾ വഴി ചെലവുകുറഞ്ഞ നിർമ്മാണവിദ്യകൾക്കുള്ള പരിശീലനം പ്രാദേശികതലത്തിൽ നൽകണം.

4. ANERT അടുപ്പുകൾ വ്യാപകമാക്കി ഗൃഹനിർമ്മാണച്ചെലവ് കുറയ്ക്കുക.

5. പാണാവള്ളി ഹൗസിംഗ് സൊസൈറ്റിയുടെ പ്രവർത്തനം വിപുലീകരിച്ച് വായ്പകൾ കൂടുതലായി വിതരണം ചെയ്യണം.

പഞ്ചായത്തിലെ വികലാംഗസർവ്വേയിൽ ലഭിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 2

പാണാവള്ളി പഞ്ചായത്ത് വികലാംഗസർവ്വേ – സ്ഥിതിവിവരക്കണക്ക്

ഏജ് ഗ്രൂപ്പ് (Age Group)	പുരുഷൻ	സ്ത്രീകൾ	ആകെ	ചലനവൈകല്യം		കാഴ്ച		കേൾവി		മന്ദബുദ്ധി		മറ്റിതം	
				പുരു.	സ്ത്രീ	പുരു.	സ്ത്രീ	പുരു.	സ്ത്രീ	പുരു.	സ്ത്രീ	പുരു.	സ്ത്രീ
0-5	7	1	8	4	4	1	-	1	-	-	1	1	-
5-15	28	38	66	15	15	5	8	6	9	-	4	2	2
15-30	71	50	121	48	31	8	5	8	10	5	3	1	2
30-60	73	36	109	42	22	16	16	9	1	2	3	1	4
60ന് മുകളിൽ	24	26	50	1	1	-Þ	4	4	6	-	-	2	-
ആകെ	203	151	354	127	88	30	33	28	26	7	11	7	8

4. ഗ്രാമീണകൈത്തൊഴിൽകാരിൽ ധനസഹായം ലഭിക്കുന്നവർ തുലോം കുറവാണ്.

5. ട്രയ്സം പരിപാടി അനുസരിച്ച് വളരെകുറച്ചുപേർക്കുമാത്രമേ പരിശീലനം ലഭിച്ചിട്ടുള്ളു. ലഭിച്ചവർ പൂർണ്ണമായും തൊഴിലിൽ വ്യാപരിക്കുന്നില്ല.

6. കാര്യക്ഷമമായി പ്രവർത്തിക്കുന്ന D.W.C.R.A. പദ്ധതി അനുസരിച്ച് 3 യൂണിറ്റുകൾ മാത്രമേ പ്രവർത്തിക്കുന്നുള്ളു.

7. സർവ്വെ അനുസരിച്ച് 354 വികലാംഗരുണ്ടെങ്കിലും പെൻഷൻ ലഭിക്കുന്നത് കേവലം 181 പേർക്കാണ്.

8. മറ്റുപെൻഷൻ പദ്ധതികൾ അനുസരിച്ച് സഹായം ലഭിക്കേണ്ട അർഹരായ പലർക്കും പെൻഷൻ ലഭിക്കുന്നില്ല.

നിർദ്ദേശങ്ങൾ :

1. I.R.D.P. ധനസഹായപദ്ധതികൾ കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കണം. അർഹരായവർക്കെല്ലാം I.R.D.P. പദ്ധതി പ്രകാരം സഹായം ലഭിക്കുവാനുള്ള സംവിധാനം ഉണ്ടാവണം.

2. I.R.D.P. ധഗനസഹായം ഫലവത്തായി പ്രയോജനപ്പെടുത്താനും ഇത് വിലയിരുത്താനും സംവിധാനം ഏർപ്പെടുത്തണം.

3. ഗ്രാമീണകൈത്തൊഴിലിൽ വികസിപ്പിക്കുന്നതിന് കാര്യക്ഷമമായ പദ്ധതികൾ വേണം. സാമ്പത്തികസഹായം വർദ്ധിപ്പിക്കുകയും പരിശീലനം നൽകുകയും വേണം.

4. നിലവിലുള്ള ട്രയ്സം പ്രവർത്തനം തികച്ചും പരാജയമാണെന്നുകാണാം. പരിശീലകർക്ക് സ്വയംതൊഴിലിൽ ചെയ്യുന്നതിന് വിദഗ്ധോപദേശം നൽകണം. ഒറ്റയായോ സംയുക്തമായോ തൊഴിൽ ചെയ്യുന്നതിന് സാമ്പത്തികസഹായം നൽകണം.

5. D.W.C.R.A. യൂണിറ്റുകൾ കൂടുതൽ ആരംഭിക്കണം.

6. പെൻഷന് അർഹതയുള്ള മുഴുവൻ പേർക്കും ഇത് സംബന്ധിച്ച വിവരം നൽകുന്നതിനും മാർഗ്ഗനിർദ്ദേശം നൽകുന്നതിനും പഞ്ചായത്തുതലത്തിൽ 'ഇൻഫർമേഷൻ സെന്റർ' ഉണ്ടാകണം. സന്നദ്ധപ്രവർത്തകരുടെ സഹായത്തോടെ പെൻഷന് അർഹതയുള്ള മുഴുവൻ പേരേയും കണ്ടെത്തി അവർക്ക് പെൻഷൻ ലഭ്യമാക്കാൻ നടപടി ഉണ്ടാകണം.

സാമൂഹ്യക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം നടത്തുന്നതിനുള്ള പദ്ധതിയാണ് അങ്കണവാടികൾ. ഈ പഞ്ചായത്തിൽ 28 അങ്കണവാടികളാണുള്ളത്. ഇവ വഴി ലഭിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

പട്ടിക 3

പഞ്ചായത്തിലെ ആകെ ജനസംഖ്യ	26597
പഞ്ചായത്തിലെ പുരുഷൻമാർ	13091
പഞ്ചായത്തിലെ സ്ത്രീകൾ	13506
ഒരു വയസ്സിൽതാഴെപ്രായമുള്ള കുട്ടികൾ	415
1-2 വയസ്സുവരെയുള്ള കുട്ടികൾ	381
2-3 വയസ്സുവരെയുള്ള കുട്ടികൾ	-
2-6 വയസ്സുവരെയുള്ള കുട്ടികൾ	1202
ആകെ ഗർഭിണികളുടെ എണ്ണം	170
പ്രത്യേകപരിചരണം വേണ്ടവർ	-
മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം	190
കഴിഞ്ഞവർഷത്തെ ആകെ ജനനങ്ങൾ	260
ചാപിള്ള ജനനങ്ങൾ	-
ഒരു വയസ്സിൽ താഴെ പ്രായത്തിൽ മരിച്ച കുട്ടികളുടെ എണ്ണം	5
1-3 വയസ്സുവരെ കുട്ടികളുടെ എണ്ണം	1
3-6 വയസ്സുവരെ കുട്ടികളുടെ എണ്ണം	-
ഗർഭസംബന്ധമായ അസുഖങ്ങളാൽ മരിച്ച സ്ത്രീകളുടെ എണ്ണം	-
മറ്റു മരണങ്ങളുടെ എണ്ണം	-
അനുപൂരകപോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം.	1100
അനുപൂരകപോഷകാഹാരം ലഭിക്കുന്ന ഗർഭണികളുടെ എണ്ണം.	122
അനുപൂരകപോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം	145

ഈ അങ്കണവാടികളിൽ 14 എണ്ണത്തിന് സ്വന്തമായി കെട്ടിടങ്ങൾ ഇല്ല. കളിപ്പാട്ടങ്ങളും കളിസ്ഥലങ്ങളും ഒന്നിലും തന്നെയില്ല. ഇവയുടെ പ്രവർത്തനം കാര്യക്ഷമമാകണമെങ്കിൽ പ്രത്യേകം ശ്രദ്ധ പതിപ്പിക്കണം.

ഈ പഞ്ചായത്തിൽ ആകെ 16 പൊതുവിതരണകേന്ദ്രങ്ങൾ ഉണ്ട്. ഇവ എന്നും പരാതിയുടെ കേന്ദ്രങ്ങളായി മാറിയിരിക്കുന്നു. ഇവയുടെ നിയന്ത്രണം പൂർണ്ണമായും പഞ്ചായത്തിന്റെ അധീനതിയിലാക്കുകയാണ് ഏറ്റവും നല്ല പരിഹാരം.

രണ്ട് പഞ്ചായത്തുകൾക്കും കൂടി ഒരു മാവേലിസ്റ്റോർ പ്രവർത്തിക്കുന്നു. ഓണം, ക്രിസ്ത്മസ്കാലത്ത് ഇവയുടെ പ്രവർത്തനം സാധാരണക്കാർക്ക് ആശ്വാസമാണ്. എന്നാൽ മറ്റ് സമയങ്ങളിൽ ഇവ ഉദ്ദേശിച്ച ഫലം ചെയ്യുന്നില്ല.

ഓരോ ഗ്രാമവും കഴിയുന്നിടത്തോളം സ്വയംപര്യാപ്തമാവണം, സ്വാതന്ത്ര്യത്തിന്റെ അർത്ഥം സ്വാശ്രയം എന്നുകൂടിയാണ്.

– മഹാത്മാഗാന്ധി

സംസ്ക്കാരം

വിവിധ ജനവിഭാഗങ്ങൾ തമ്മിൽ ഇണങ്ങിച്ചേർന്ന് ജീവിച്ചിരുന്ന ഒരു സാംസ്ക്കാരിക പാരമ്പര്യം നമുക്കുണ്ടായിരുന്നു. ജാതിയുടെ അടിസ്ഥാനത്തിൽ പ്രത്യേകം തൊഴിലിൽ ഏർപ്പെട്ടിരുന്നവരായിരുന്നു ജനങ്ങൾ. പരമ്പരാഗത തൊഴിലിൽ ഏർപ്പെട്ടിരുന്ന വിവിധ ജനവിഭാഗങ്ങൾക്ക് തനതായ ആചാരാനുഷ്ഠാനങ്ങളും വിശ്വാസങ്ങളും ഉണ്ടായിരുന്നു. ഇവർ തമ്മിൽ വിദ്വേഷമില്ലാതെ, പരസ്പരം പൊരുത്തപ്പെട്ട് ജീവിച്ചു പോന്നു.

തൊഴിലാളികളിൽ ഭൂരിഭാഗത്തിനും ന്യായമായ അവകാശങ്ങൾ പോലും നിഷേധിക്കപ്പെട്ടിരുന്നു. മേലാളൻമാരുടെ അധീശത്വത്തിന് വിധേയരായി ജീവിക്കാൻ വിധിക്കപ്പെട്ടവരായിരുന്നു അവർ.

മതസംഘടനകൾ, അഭ്യസ്ത വിദ്യർ, പുരോഗമന ചിന്താഗതിക്കാർ, ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങൾ, എന്നിങ്ങനെ കാലാനുസൃതമായി ഉണ്ടായ പുതിയ പ്രസ്ഥാനങ്ങളുടെ പ്രവർത്തനഫലമായി ഒരു സാംസ്ക്കാരിക മാറ്റം ഇവിടെ ഉണ്ടായി. തദനുസൃതമായി നിയമനിർമ്മാണങ്ങൾ കൂടി ഉണ്ടായപ്പോൾ ഒരു പുത്തൻ സംസ്ക്കാരം ഉടലെടുത്തു. സമൂഹത്തിലെ ഉച്ചനീചത്വങ്ങളേയും അനാചാരങ്ങളേയും പിഴുതെറിയാൻ പുത്തൻ സംസ്ക്കാരം വലിയൊരളവുവരെ സഹായിച്ചു.

ഒരു വൊക്കേഷണൽ ഹയർ സെക്കൻററി സ്ക്കൂളും ഒരു സെക്കൻററി സ്ക്കൂളും രണ്ടു അപ്പർ പ്രൈമറി സ്ക്കൂളുകളും നാലു പ്രൈമറി സ്ക്കൂളുകളും ഈ പഞ്ചായത്തിലുണ്ട്. ഗ്രന്ഥശാലകളോടുകൂടിയ മൂന്നു വായനശാലകളും പഞ്ചായത്തുവക ഒരു വായനശാലയും ഇവിടെ പ്രവർത്തിക്കുന്നു. അനൗപചാരിക വിദ്യാഭ്യാസത്തിന് ഇവ സഹായിക്കുന്നു. എന്നാൽ ഔപചാരിക വിദ്യാഭ്യാസരംഗത്ത്, നിലവാരത്തകർച്ച ഇന്നും നിലനിൽക്കുന്നു. ഗ്രന്ഥശാലകളും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിൽ ജനങ്ങൾ താൽപര്യം കാണിക്കുന്നില്ല. ദൃശ്യശ്രാവ്യമാധ്യമങ്ങളാണ് ഈ സ്ഥിതി ഉണ്ടാവാൻ ഇടയാക്കിയത്. ഗ്രന്ഥശാലകളുടെ പ്രവർത്തനങ്ങളോടൊപ്പം കായിക കലാരംഗങ്ങളിലുള്ള പ്രവർത്തനം സമഞ്ജസിപ്പിക്കണം.

ഇരുപതോളം കലാകായിക സംഘടനകൾ ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനം മിക്കവാറും വാർഷികാഘോഷത്തിലും ഓണാഘോഷത്തിലും ഒതുങ്ങി നിൽക്കുന്നു. അനൗപചാരികവിദ്യാഭ്യാസരംഗത്തേയ്ക്കുകൂടി ഇവയുടെ പ്രവർത്തനം വ്യാപിപ്പിക്കേണ്ടതാണ്. ദശാബ്ദങ്ങൾക്കു മുമ്പ് പനമ്പ്കാട്ടുവെളിയിൽ ആരംഭം കുറിച്ച വയോജന വിദ്യാലയം നല്ല രീതിയിൽ പ്രവർത്തിച്ചിരുന്നു. അതിൻെറ പ്രവർത്തനത്തിലും ഇന്ന് മങ്ങലേറ്റു. കഴിഞ്ഞ എതാനും വർഷങ്ങളായി നടന്നു വരുന്ന സാക്ഷരതാ പ്രവർത്തനം ഈ പഞ്ചായത്തിലെ നിരക്ഷരരുടെ എണ്ണം തുലോം കുറയ്ക്കുവാൻ വളരെയേറെ സഹായിച്ചിട്ടുണ്ട്. ജെ.എസ്സ്.എൻ. പ്രവർത്തനങ്ങൾ വേണ്ടത്ര തൃപ്തികരമല്ല. തുടർവിദ്യാഭ്യാസ പരിപാടികളുടെ പ്രവർത്തനം വേണ്ടരീതിയിൽ നടക്കുന്നില്ലെന്നതും ദുഖകരമാണ്.

കഴിഞ്ഞ മുപ്പതു വർഷമായി തളിയാപറമ്പിൽ നടന്നു വരുന്ന ഫുട്ബോൾമേള എസ്സ്. എൻ. ആർട്ട്സ് ആൻറ് സ്പോർട്ട്സ് ക്ലബ്ബിൻെറ മികവിൻെറ തെളിവാണ്. അതു പോലെ തന്നെ എടുത്തു പറയേണ്ട ഒന്നാണ് റെഡ്സ്റ്റാർ തൃച്ചാറ്റുകുളത്തിൻെറ പ്രവർത്തനവും. കായികതാരങ്ങളെ വളർത്തിയെടുക്കാനും പ്രോത്സാഹിപ്പിക്കാനും ഈ ക്ലബ്ബുകൾ വഹിക്കുന്ന പങ്ക് ശ്ളാഘനീയം തന്നെ. നല്ല രീതിയിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ള മറ്റനേകം ക്ലബ്ബുകളും നമ്മുടെ പഞ്ചായത്തിലുണ്ട്.

കലയുടെ കളിത്തൊട്ടിലാണ് ക്ഷേത്രങ്ങൾ. മേളവാദ്യങ്ങൾ, സംഗീതം, നൃത്തം തുടങ്ങിയവ ക്ഷേത്രാങ്കണത്തിലുടെ വളരുന്നു. ഈ രംഗത്ത് പ്രശസ്തി പിടിച്ചുപറ്റിയ ഒരു കലാകേന്ദ്രമാണ് ചെമ്പൈ സ്മാരക കലാകേന്ദ്രം. കഥകളിക്കു പ്രശസ്തി ആർജ്ജിച്ചിട്ടുള്ള നാല്പത്തെണ്ണീശ്വരം ക്ഷേത്രം നാടിൻെറ അഭിമാനമാണ്. നല്ല രീതിയിൽ പ്രവർത്തിച്ചിരുന്ന അമേച്വർ നാടക സംഘങ്ങൾ നമുക്കുണ്ട്. പ്രൊഫഷണൽ നാടക സംഘങ്ങളുടെ കടന്നു കയറ്റം ഇവയുടെ പ്രവർത്തനത്തെ നിഷ്പ്രഭമാക്കിക്കളഞ്ഞു. കവിത, നാടകഗാനരചനാരംഗങ്ങളിലും, സിനിമ, നാടകാഭിനയം, പത്രപ്രവർത്തനം തുടങ്ങിയ രംഗങ്ങളിലും മികച്ച പ്രതിഭകൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട്.

പ്രശ്നങ്ങൾ

1. വായനാശീലം പൊതുവേ കുറഞ്ഞുവരുന്നു. നിലവിലുള്ള ഗ്രന്ഥശാലകൾ വേണ്ട രീതിയിൽ

പ്രയോജനപ്പെടുന്നില്ല. പുതിയ പുതിയ പുസ്തകങ്ങൾ വേണ്ടത്ര വാങ്ങി ശേഖരിക്കുവാൻ ഗ്രന്ഥശാലകൾക്ക് കഴിയുന്നില്ല.

2. സാംസ്ക്കാരിക പ്രവർത്തനങ്ങൾ വിദ്യാലയങ്ങൾ വഴി കാര്യക്ഷമമായി നടക്കുന്നില്ല.

3. പഞ്ചായത്ത് തലത്തിൽ നടത്തുന്ന കലാകായിക മേളകളിൽപ്പോലും കാര്യമായ ജന പങ്കാളിത്തമില്ല. കലാകായിക രംഗങ്ങളിൽ വിദഗ്ദ പരിശീലനത്തിന് അവസരം ലഭിക്കുന്നില്ല.

4. കലാകായിക രംഗങ്ങളിൽ വനിതകളുടെ അസാന്നിദ്ധ്യം പ്രകടമാണ്.

5. സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾക്ക് അമിത പ്രാധാന്യം നൽകി ചിത്രീകരിക്കുന്ന നമ്മുടെ മാദ്ധ്യമങ്ങൾ ഇളം മനസ്സുകളിൽ കുറ്റവാസന വളരുവാൻ ഇടയാക്കുന്നു. സാമൂഹ്യ നവോത്ഥാനത്തിനുതകുന്ന സംഘടിത ബോധവൽക്കരണം ഒന്നും തന്നെ നടക്കുന്നില്ല.

6. പുച്ചാക്കൽ വായനശാലയുടെ സൗകര്യം വർദ്ധിപ്പിക്കുക.

1. കായിക പരിശീലനത്തിനുതകുന്ന പൊതുകളി സ്ഥലങ്ങളില്ല.

8. ലൈബ്രറികളിൽ സ്ത്രീകൾക്ക് പുസ്തക വിതരണത്തിന് പ്രത്യേകം സമയം അനുവദിക്കണം.

9. നാടൻ പാട്ടുകൾ റിക്കാർഡ് ചെയ്തു സൂക്ഷിക്കുന്നതിന് സൗകര്യം ഇപ്പോളില്ല.

10. കയർപിരി മേഖലകളിൽ വായനാ സൗകര്യം ഇല്ല.

11. ഗ്രന്ഥശാലകളിൽ മെമ്പർഷിപ്പ് പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നില്ല.

12. സഞ്ചരിക്കുന്ന ഗ്രന്ഥശാലകൾ കൂടുതൽ പ്രയോജനപ്രദമാണ്.

13. ഗ്രന്ഥശാലകളിൽ T.V സെറ്റ് സ്ഥാപിക്കണം.

14. ഗ്രന്ഥശാലകൾക്കും ക്ലബ്ബുകൾക്കും ധനസഹായം ലഭ്യമാകുന്നില്ല.

സാധ്യതകൾ

1. ഗ്രന്ഥശാലയിലെ ഗ്രന്ഥശേഖരം വർദ്ധിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കണം സഹായധനം വർദ്ധിപ്പിക്കണം.

2. സ്ഥലപരിമിതി വായനശാലകളുടേയും ഗ്രന്ഥശാലകളുടേയും പ്രവർത്തനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. കൂടുതൽ സ്ഥലസൗകര്യം ഉണ്ടാക്കണം.

3. പഞ്ചായത്തുവകയായി നടത്തുന്ന വായനശാല എസ്സ്. എൻ. വായനശാല ഇവ ഗ്രന്ഥശാലയായി ഉയർത്തണം.

4. പ്രാദേശികമായി പ്രവർത്തിക്കുന്ന ചെറിയ വായനശാലാ യൂണിറ്റുകളിൽ മെച്ചപ്പെട്ട സൗകര്യങ്ങൾ ഏർപ്പെടുത്തണം.

5. ബ്ലോക്കാഫീസിലെ "ഇൻഫർമേഷൻ സെൻറർ" പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കണം. സർക്കാരിൻെറ വിവിധ വികസന പ്രവർത്തനങ്ങളെക്കുറിച്ച് അറിയുന്നതിനുള്ള പ്രസിദ്ധീകരണങ്ങൾ ഇവിടെ ലഭ്യമാക്കണം.

6. ഗ്രാമസഭകൾക്ക് വാർഡുതലത്തിൽ ഒരു ആഫീസും വായനശാലയും ഉണ്ടാവണം. ഇവിടെ ജനങ്ങൾ കൂടുന്നതിനും വികസന പ്രവർത്തനങ്ങളെക്കുറിച്ച് ചർച്ച ചെയ്യുന്നതിനും സൗകര്യം ഉണ്ടാക്കണം.

1. വായനശാലകൾ കേന്ദ്രീകരിച്ച് ചർച്ചകൾ, സെമിനാറുകൾ തുടങ്ങിയവ സംഘടിപ്പിച്ച് സാംസ്ക്കാരിക നവോത്ഥാനത്തിന് സഹായകമായ പ്രവർത്തനങ്ങൾക്ക് രൂപം നൽകണം.

8. തെരഞ്ഞെടുക്കപ്പെട്ട കലാസമിതികളിൽ വിവിധ കലാഭ്യാസനത്തിനുള്ള സൗകര്യം വർദ്ധിപ്പിക്കണം.

9. വിദ്യാലയങ്ങൾ കേന്ദ്രമാക്കി സാംസ്ക്കാരിക വളർച്ചയ്ക്കുതകുന്ന പ്രവർത്തനങ്ങൾ നടത്തണം.

10. പുച്ചാക്കലെ വായനശാല പഞ്ചായത്ത് ഏറ്റെടുത്ത് നടത്തുക. ധനസഹായം നൽകുക.

11. ഇന്ന് വ്യാപകമായി നടത്തുന്ന സാംസ്ക്കാരിക സമ്മേളനങ്ങൾക്കു പകരം, വിശിഷ്ട വ്യക്തികളെ ഉൾപ്പെടുത്തിക്കൊണ്ട് ചർച്ചാ ക്ലാസുകൾ നടത്തുന്നത് അഭികാമ്യമായിരിക്കും

12. പഞ്ചായത്തിലെ മഹിളാസമാജങ്ങളെ ഏകോപിപ്പിച്ചു കൊണ്ട് ശിശുപരിപാലനം, കുടുംബ പരിപാലനം, രോഗശുശ്രൂഷ, സാമൂഹ്യസേവനം തുടങ്ങിയ വിഷയങ്ങളിൽ പഠനവും പരിശീലനവും നൽകണം. സ്ത്രീകൾക്കു മാത്രമായി കലാകായിക മേളകൾ സംഘടിപ്പിക്കണം.

13. സാസ്ക്കാരിക മൂല്യമുള്ള കലാസൃഷ്ടികൾ- സിനിമ, നാടകങ്ങൾ മുതലായവ പ്രദർശിപ്പിക്കുന്നതിന് സാംസ്ക്കാരിക സംഘടനകൾ മുൻകൈ എടുക്കണം.

14. ആധുനിക സജ്ജീകരണങ്ങളോടു കൂടിയ കളിസ്ഥലം പഞ്ചായത്തിൽ നിർമ്മിക്കുക. ഇവിടെ കായിക പരിശീലനത്തിലുള്ള സൗകര്യം ഏർപ്പെടുത്തണം.

15. സാംസ്ക്കാരിക നവോത്ഥാനത്തിൽ മതസ്ഥാപനങ്ങൾക്കും നല്ല പങ്കു വഹിക്കാനുണ്ട്. അമൂല്യങ്ങളായ പൗരാണിക ഗ്രന്ഥശേഖരങ്ങൾ അടങ്ങുന്ന ഗ്രന്ഥശാലയും വായനശാലയും ആരാധനാലയങ്ങളോടനുബന്ധിച്ച് ആരംഭിക്കുന്നത് നന്നായിരിക്കും.

ആരാധനയ്ക്കു മുൻപും പിൻപും ഉള്ള സമയം അറിവ് വർദ്ധിപ്പിക്കാനായി ചെലവഴിക്കാൻ ഇതു സഹായകമാവും.

16. വയോജന വിദ്യാകേന്ദ്രങ്ങൾ പുനഃസ്ഥാപിക്കണം.

11. ഐതിഹ്യങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കാൻ സാംസ്ക്കാരിക സമിതി രൂപീകരിക്കുക.

18. ഓടമ്പള്ളി ഗവ: യു.പി സ്ക്കൂളിനോടനുബന്ധിച്ച് ഒരു ഓപ്പൺ എയർ സ്റ്റേജ് പണിയുക.

ഒരു ജനതയുടെ സംസ്ക്കാരത്തെ വിലയിരുത്തുമ്പോൾ താഴെപ്പറയുന്ന കാര്യങ്ങളും ശ്രദ്ധിക്കേണ്ടതാണ്.

സമത്വ ഭാവന, ദുർബലവിഭാഗങ്ങൾ, കുട്ടികൾ, വൃദ്ധജനങ്ങൾ, വനിതകൾ ഇവരുടെ സർവ്വതോൻമുഖമായ പരിരക്ഷ, സാർവ്വത്രികമായ [illegible]ണത്തിൽ നിന്നും അഴിമതിയിൽനിന്നും ഉള്ള മോചനം, നിരന്തരമായ ബോധവൽക്കരണം ഇവയിൽ വേരൂന്നി നിന്നു കൊണ്ടുള്ള സുസജ്ജമായ ഒരു പ്രവർത്തനം ഇന്ന് ആവശ്യമായിരിക്കുന്നു.

ജനകീയാസൂത്രണത്തിന്റെ അടിസ്ഥാനഘടകങ്ങളായ ജനകീയ പങ്കാളിത്തം സന്നദ്ധ പ്രവർത്തനം, സുതാര്യത ഇവയെല്ലാം നാം അംഗീകരിച്ചു കഴിഞ്ഞു. മയക്കു മരുന്നുകൾ, ലഹരി പദാർത്ഥങ്ങൾ ഇവയുടെ ഉപയോഗത്തിനെതിരെ കുരിശുയുദ്ധം തുടങ്ങിക്കഴിഞ്ഞു സാമൂഹ്യപ്രതിബദ്ധതയുള്ള ഒരു ജനതതിയെ വാർത്തെടുക്കാൻ നമുക്ക് കൂട്ടായി യത്നിക്കാം.

"വിശക്കുന്നു മനുഷ്യാ പുസ്തകം
കൈയിലെടുക്കൂ. അതൊരു ആയുധമാണ് "

- ബ്രെഹ്റ്റ്

പാണാവള്ളി ഗ്രാമപഞ്ചായത്ത് വികസനരേഖ

5 8 **സംസ്ക്കാരം (അനുബന്ധം)**

(19) പേജ് 58–ൽ 19–ാം നമ്പരായി ഓടമ്പള്ളിയിലെ പഴയപഞ്ചായത്ത് ആഫീസ് കെട്ടിടം ഒരു സാംസ്കാരിക നിലയമായി ഉയർത്തണം.

5 9 **വനിത (അനുബന്ധം)**

(പേജ് 60–ൽ തുടർച്ച)

(12) പ്രശ്നങ്ങൾ

1 ഇന്നും ഈ പഞ്ചായത്തിന്റെ അതിർത്തിയ്ക്കുള്ളിൽ ഒറ്റപ്പെട്ടതായ സ്ത്രീപീഡനങ്ങൾ പല സ്ഥലങ്ങളിലായി ഉണ്ട് എന്നുള്ളത് ഗൗരവമേറിയ കാര്യമാണ്. ഇതിനെതിരെ സ്ത്രീ പുരുഷഭേദമന്യേ പ്രതികരിയ്ക്കേതും അത്തരക്കാരെ സമൂഹത്തിൽനിന്നു ഒറ്റപ്പെടുത്തേണ്ടതുമാണ്.

(19) സാദ്ധ്യതകൾ

1 സംസ്ഥാനതലത്തിൽ ഇപ്പോൾ നിലവിൽ ഉള്ള വനിതാ കമ്മീഷന്റെ മാതൃകയിൽ വികേന്ദ്രീകൃതമായി സ്ത്രീകളുടെപ്രശ്നങ്ങൾ കേൾക്കുന്നതിനും,പരിഹാരംകാണുന്നതിനുമായി പുരുഷന്മാരും കൂടി ഉൾപ്പെട്ടസ്ഥിരം സമിതി പഞ്ചായത്തുതലത്തിൽ ഉണ്ടാകണം. ഈ സമിതി എല്ലാ മാസവും കൃത്യമായി കൂടുന്നതിനും പരാതികൾ സ്വീകരിക്കുന്നതിനും ഏർപ്പാടുണ്ടാകണം. ഇടയ്ക്കിടക്കു ബോധവൽക്കരണ ക്ലാസുകൾ നടത്തണം.

2 സ്ത്രീകളുടെ സാമൂഹിക ഉന്നമനത്തിനായി പുരുഷന്മാരേയും ബോധവൽക്കരിയ്ക്കണം.

3 14 അംഗൻവാടികൾക്കു സ്വന്തമായി കെട്ടിടം ഇല്ല. വെള്ളം കക്കൂസ് ഇവ ലഭ്യമാക്കണം, കുട്ടികൾക്കു കളിസ്ഥലങ്ങളും വേണം.

4 അംഗൻവാടി പ്രവർത്തകർക്കു ജോലിയ്ക്കനുസൃതമായ വേതനം ലഭ്യമാക്കണം.

5 സ്വന്തമായി കെട്ടിടവും മറ്റുസൗകര്യങ്ങളും ഉള്ള വനിതാസഹകരണസംഘം പുതിയ മെമ്പർമാരെ ചേർത്തു പ്രവർത്തനം സജീവമാക്കണം.

6 ഗ്രാമ പഞ്ചായത്ത്വഴി വിതരണംചെയ്യുന്ന കക്കൂസ്, കിണർ, വീട്മുതലായവ 30% എങ്കിലും CBCS ഗ്രൂപ്പിനു നീക്കിവയ്ക്കണം.

7 CVCS 14–ാം നമ്പറിൽ പ്രവർത്തിച്ചിരുന്ന പ്രൈഷ് ഇപ്പോൾ നിർജീവാവസ്ഥയിൽ ആണ്. ഗ്രാൻറ് ലഭ്യമാക്കി അത് പ്രവർത്തനക്ഷമമാക്കണം.

8 മനുഷ്യാവകാശ കമ്മീഷനുമായി ബന്ധപ്പെടത്തക്കരീതിയിൽ വാർഡുതലത്തിൽ യൂണിറ്റുകൾ ഉണ്ടാകണം.

വനിത

കേരളത്തിൽ പൊതുവെ എന്നപോലെ ഈ പഞ്ചായത്തിലും വനിതകൾക്ക് വേണ്ടത്ര പ്രാതിനിധ്യം എല്ലാരംഗങ്ങളിലും ലഭിച്ചിരുന്നില്ല. സ്ത്രീകളുടെ കർമ്മ രംഗം ഗൃഹജോലി, ശിശുപരിപാലനം എന്നിവയിൽ ഒതുങ്ങി നിന്നിരുന്നു. സ്ത്രീകൾ മാത്രം ചെയ്യുന്ന ജോലികളിൽ അവർ വ്യാപൃതരായിരുന്നു. വിദ്യാഭ്യാസം നേടിയിരുന്ന വനിതകൾ പോലും പൊതുരംഗങ്ങളിൽ പ്രവർത്തിച്ചിരുന്നില്ല. പഴയകാലത്ത് സ്ക്കൂൾ വിദ്യാഭ്യാസം ലഭിച്ചിരുന്ന പെൺകുട്ടികൾ നാമമാത്രമായിരുന്നു. പ്രധാനമായും കുടിപള്ളിക്കുടങ്ങളെയാണ് പെൺകുട്ടികൾ ആശ്രയിച്ചിരുന്നത്.

1991ലെ സെൻസസ് പ്രകാരം പഞ്ചായത്തിലെ ആകെ ജനസംഖ്യ 26591 ആണ്. ഇതിൽ 13506 സ്ത്രീകളും 13091 പുരുഷൻമാരും ഉൾപ്പെടുന്നു. സ്ത്രീകളിൽ 10145 പേരും പുരുഷൻമാരിൽ 11056 പേരും സാക്ഷരരാണ്. പണ്ട് കാലത്തുണ്ടായിരുന്ന പോലെ, ആചാരവിശ്വാസങ്ങളുടെ അടിസ്ഥാനത്തിൽ സ്ത്രീകളെ വിദ്യാഭ്യാസത്തിൽ നിന്നും മാറ്റി നിർത്തുന്ന സ്ഥിതി ഇന്ന് നിലനിൽക്കുന്നില്ല. അധ്യാപനരംഗത്തൊഴികെ, സർക്കാർ ജോലികളിൽ സ്ത്രീകളുടെ പ്രാതിനിധ്യം പുരുഷൻമാരേക്കാൾ കുറവാണ്.

ജോലിചെയ്യുന്ന സ്ത്രീകളിൽ ഭൂരിഭാഗവും പ്രവർത്തിയ്ക്കുന്നത് കയർ, മത്സ്യസംസ്ക്കരണ, കാർഷിക മേഖലകളിലാണ്. കൂടാതെ കൈത്തറി മേഖലയിലും സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം ഉണ്ട്. എന്നിരുന്നാലും വർദ്ധിച്ചു വരുന്ന തൊഴിലില്ലായ്മ തന്നെയാണ് സ്ത്രീകളുടെ പ്രധാന പ്രശ്നം. കലാലയ വിദ്യാഭ്യാസം നേടിയ യുവതികളിൽ മുക്കാൽ പങ്കും തൊഴിൽ രഹിതരാണ്. സ്ത്രീകൾ സ്വയം തൊഴിൽ മേഖലകൾ കണ്ടെത്താനും, അതിൽ വ്യാപൃതരാകാനും ബോധപൂർവ്വമായശ്രമം നടത്തിയാലേ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാവൂ. ദീർഘകാലമായി സാമൂഹ്യരംഗങ്ങളിൽ പിന്നിലായിരുന്ന സ്ത്രീകളിൽ ആത്മവിശ്വാസം ഉണ്ടാക്കുകയാണ് ഇതിനായി ചെയ്യേണ്ട പ്രാഥമിക ജോലി. സ്വയം തൊഴിൽ സംരംഭകരായിട്ടുള്ള സ്ത്രീകൾക്ക് ആവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിൽ മുൻഗണന നൽകേണ്ടതുണ്ട്. ഏല്പിക്കയ്ക്കപ്പെടുന്ന ജോലികൾ കൂടുതൽ ഉത്തരവാദിത്വത്തോടെ ഭംഗിയായി നിർവ്വഹിയ്ക്കുവാൻ കഴിയുന്നത് സ്ത്രീകൾക്കാണ്, എങ്കിൽപോലും ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കുന്ന കാര്യത്തിൽ അവർ വിമുഖരാണ്. ആത്മവിശ്വാസക്കുറവ് ഉണ്ട് എന്നതിലുപരി നിലവിലുള്ള സാമൂഹ്യസ്ഥിതി സ്ത്രീകളുടെ പൊതു പ്രവർത്തനത്തെ കാര്യമായി പ്രോൽസാഹിപ്പിയ്ക്കുന്നില്ല.

സ്ത്രീകളുടെ കൂട്ടായ്മ

പഞ്ചായത്തിലെ, ദാരിദ്ര്യരേഖയ്ക്ക് താഴെ ജീവിയ്ക്കുന്ന വനിതകളുടെ ഉന്നമനത്തിനുവേണ്ടി CBCS ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. തൈക്കാട്ടുശ്ശേരി ബ്ലോക്കിലെ പാണാവള്ളി ഉൾപ്പെടെ രണ്ടു പഞ്ചായത്തിൽ മാത്രം പരീക്ഷണാടിസ്ഥാനത്തിൽ തുടങ്ങിയ ഈ പദ്ധതി സ്ത്രീകളുടെ ഇടയിൽ നല്ല പ്രതികരണം ഉളവാക്കി. ഇപ്പോൾ 16 CBCS യൂണിറ്റുകളും 3 വനിതാ സ്വയം സഹായ ഗ്രൂപ്പുകളും ഉണ്ട്. ഈ യൂണിറ്റുകളിൽ വ്യത്യസ്ഥ കുടുംബങ്ങളിൽ പെട്ട 2 15ൽ അധികം വനിതകൾ അംഗങ്ങളായിട്ടുണ്ട്. ഇവർക്ക് ത്രിഫ്റ്റ് ആൻറ് ക്രെഡിറ്റ് അക്കൗണ്ടിലായി 58,000 രൂപ സമ്പാദിയ്ക്കുവാൻ കഴിഞ്ഞിട്ടുണ്ട് 3 CBCS ഗ്രൂപ്പുകൾ DWCRA യൂണിറ്റ് നടത്തുന്നുണ്ട് കയർ പിരിനടത്തുന്ന രണ്ടു യൂണിറ്റുകളുടെ പ്രവർത്തനം തൃപ്തികരമാണ്. എന്നാൽ പാലുല്പാദനവുമായി ബന്ധപ്പെട്ട യൂണിറ്റ് ഇനിയും മെച്ചമാക്കേണ്ടതുണ്ട്. യൂണിറ്റുകൾക്ക് പ്രവർത്തനത്തിനാവശ്യമായ സ്ഥലവും കെട്ടിടവും ഉണ്ടാക്കേണ്ടതുണ്ട്. CBCS ഗ്രൂപ്പുകൾ മുലം ഗ്രാമീണവനിതകൾക്ക് ഉണ്ടായ ഏറ്റവും വലിയ നേട്ടം തങ്ങളുടെ പ്രശ്നങ്ങൾ തിരിച്ചറിയാനും, അവയുടെ പരിഹാരം ആരായാനും ആവശ്യമായ ബോധവൽക്കരണം ലഭ്യമായി എന്നതു തന്നെയാണ്. CBCS യൂണിറ്റുകളുടെ ത്രിഫ്റ്റ് ആൻറ് ക്രെഡിറ്റ് അക്കൗണ്ടിന് ആനുപാതികമായി DRDA യിൽ നിന്നും ലഭിക്കേണ്ട ഗ്രാൻറ് ഇതുവരെ ലഭിച്ചിട്ടില്ല എന്നത് ഒരു പ്രധാന പോരായ്മയാണ്.

DWCRA യൂണിറ്റുകൾക്ക് ലഭ്യമായ സഹായം സംബന്ധിച്ച് (BLOCK OFFICE രേഖകൾ അവലംബം)

യൂണിറ്റ്	ലഭ്യമാക്കിയ ലോൺ	ലഭ്യമാക്കിയ സബ്സിഡി	തൊഴിൽ ചെയ്യുന്ന സ്ത്രീകൾ
തൃച്ചാറ്റുക്കുളം DWCRA	16,610	33,330	10
തളിയാപറമ്പ് DWCRA	25,000	12,500	10
സംഗമം DWCRA ,പുച്ചാക്കൽ	11500	38,500	10

പ്രശ്നങ്ങൾ

1. പൊതുസ്ഥാപനങ്ങളിൽ സ്ത്രീകൾക്ക് മതിയായ പ്രാതിനിധ്യം ഇപ്പോഴുമില്ല.

2. പാചകം, ശുചീകരണം, ശിശുപരിപാലനം, രോഗശുശ്രൂഷ ഈ രംഗങ്ങളിൽ പരമ്പരാഗതമായി സ്ത്രീകൾ മാത്രം പ്രവർത്തിയ്ക്കേണ്ടി വരുന്ന സാഹചര്യം ഉണ്ട്.

3. സ്ത്രീകൾക്ക്മതിയായസാമൂഹ്യ സുരക്ഷിതത്വം ഇല്ല.

4. മാധ്യമങ്ങളിലൂടെയും മറ്റും സ്ത്രീകളെ അപഹാസ്യമായി ചിത്രീകരിയ്ക്കുന്നത് സ്ത്രീകളോടുള്ള സാമൂഹ്യ വീക്ഷണത്തിൽ തന്നെ തെറ്റുകൾ വരുത്തുന്നു.

5. പുരുഷൻമാരുടെ മദ്യപാനം സ്ത്രീകളോടുള്ള ക്രൂരതയും പീഢനവും വർദ്ധിപ്പിക്കുന്നു.

6. ഒരു തരത്തിൽ അല്ലെങ്കിൽ മറ്റൊരു തരത്തിൽ ഉള്ള സ്ത്രീധന സമ്പ്രദായം ക്രമാതീതമായി വളർന്നുകൊണ്ടിരിക്കുന്നു. ഇടത്തരക്കാരുടേയും സാധാരണക്കാരുടേയും സമ്പത്തിക ഭദ്രതയെ തകിടം മറിയ്ക്കുന്ന ഈ സമ്പ്രദായം പെൺകുട്ടികൾ, മാതാപിതാക്കൾക്ക് ഒരു ബാധ്യതയായി തീരാൻ ഇടവരുത്തുന്നു.

7. മത്സ്യ സംസ്ക്കരണം, കയർപിരി തുടങ്ങിയ തൊഴിൽ മേഖലകളിൽ ജോലിചെയ്യുന്ന സ്ത്രീകളെ സംബന്ധിച്ച് ശുചിത്വം, ആരോഗ്യം, ശിശുസംരക്ഷണം എന്നിവയ്ക്കുള്ള സൗകര്യങ്ങൾ തീരെ അപര്യാപ്തമാണ്.

8. സ്ത്രീകളുടെ ആരോഗ്യ പ്രശ്നങ്ങൾ സവിശേഷ ശ്രദ്ധ അർഹിയ്ക്കുന്നതാണ്. ഗർഭിണികൾ, മുലയൂട്ടുന്ന അമ്മമാർ എന്നിവരുടെ പരിചരണം വരുംതലമുറയുടെ ശ്രേയസ്സിന് ആവശ്യമാണ്. അംഗൻവാടികളുടെ സേവനം ഈ മേഖലയിൽ വളരെ വിലപ്പെട്ടതാണ്. പക്ഷെ ഇവയിൽ ഇപ്പോഴുള്ള സൗകര്യങ്ങൾ അപര്യാപ്തവും നാമമാത്രവുമാണ്.

9. വനിതകൾക്ക് സാങ്കേതിക തൊഴിൽ സൗകര്യങ്ങൾ മതിയായത്ര ലഭ്യമല്ല. വനിതാസഹകരണ സംഘത്തിൻ കീഴിൽ നന്നായി പ്രവർത്തിച്ചു കൊണ്ടിരുന്ന കെൽട്രോൺ അസംബ്ലിംഗ് യൂണിറ്റ് ഇപ്പോൾ നിർജ്ജീവാവസ്ഥയിലാണ്.

10. അശ്ലീല പോസ്റ്ററുകൾ, പരസ്യങ്ങൾ ഇവ സാമൂഹ്യ വീക്ഷണത്തെ തെറ്റായ ദിശയിലേയ്ക്കു നയിയ്ക്കുന്നു.

11. CBCഗ്രൂപ്പുകൾ നന്നായി പ്രവർത്തിക്കുന്നുണ്ടെങ്കിലും അവയുടെ എണ്ണം അപര്യാപ്തമാണ്. പഞ്ചായത്തിലെദാരിദ്ര്യ രേഖയ്ക്ക് താഴെ ജീവിക്കുന്ന മുഴുവൻ കുടുബങ്ങളിലെ വനിതകൾക്കും ഈ ഗ്രൂപ്പിലെ അംഗത്വം ലഭയ്ക്കേണ്ടതുണ്ട്.

സാധ്യതകൾ

1. വനിതകളുടെ പൊതുരംഗങ്ങളിലുള്ള അപര്യാപ്തത പരിഹരിക്കുന്നതിന് ഇന്നത്തെ സാമൂഹ്യ വ്യവസ്ഥിതി മുഖ്യ പ്രശ്നമാണ്. സ്ത്രീകൾക്ക് വേണ്ടി മാത്രമായി പ്രവർത്തിയ്ക്കുന്ന മഹിളാസമാജങ്ങളും മറ്റു സംഘടനകളും കൂടുതലായി സംഘടിപ്പിക്കുകയും പ്രാതിനിധ്യങ്ങൾ ഉറപ്പാക്കുകയും കാര്യക്ഷമമായി

പ്രവർത്തിയ്ക്കുകയും വേണം.

2. സ്ത്രീകൾക്കായുള്ള സഹകരണ മേഖലയിലും മറ്റ് സംഘടിത രൂപങ്ങളിലുമുള്ള തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചു നടത്തണം പാലുല്പന്ന യൂണിറ്റുകൾ, അച്ചടി, ബുക്ക് ബൈൻറിംഗ്, കുടനിർമ്മാണം, ഭക്ഷ്യസംസ്ക്കരണം ഇവയ്ക്കായി വീടുതോറുമുള്ള വിതരണയൂണിറ്റുകൾ കൂടാതെ കൺസ്യൂമർ സാധനങ്ങളുടെ വിതരണത്തിനുള്ള ക്രമീകരണങ്ങൾ ഇവസ്ത്രീകൾ തന്നെ സംഘടിപ്പിക്കുകയും,ബന്ധപ്പെട്ട കേന്ദ്രങ്ങൾ ഇവയുടെ വിജയകരമായ നടത്തിപ്പിനുള്ള സാഹചര്യങ്ങൾ ഒരുക്കി കൊടുക്കുകയും വേണം.

3. സ്ത്രീകൾക്കായി പ്രത്യേകം വായനശാലകൾ സ്ഥാപിക്കണം.

4. സ്ത്രീകളുടെ പരാതികൾ കേൾക്കുന്നതിനായി പ്രത്യേക സംവിധാനം പ്രാദേശിക തലത്തിൽ ഏർപ്പെടുത്തണം.

5. കുടുംബ കാര്യങ്ങളിൽ കുടുംബാഗങ്ങൾ എല്ലാം സഹകരിച്ച് സ്ത്രീകളുടെ ജോലി ഭാരം കുറയ്ക്കുന്നതിന് ശ്രമിയ്ക്കണം.ഇതിനായി നിന്തര ബോധവൽക്കരണ പരിപാടികൾ നടത്തണം.

6. അടുക്കളയിലെ അമിതമായ പുകമൂലം സ്ത്രീകളിൽ ഉണ്ടായേക്കാവുന്ന ശ്വാസകോശ രോഗങ്ങൾ ചെറുക്കുന്നതിന് പുകയില്ലാത്ത അടുപ്പുകൾക്ക് വേണ്ടത്ര പ്രചാരവും പ്രാധാന്യവും നൽകണം. അനെർട്ടിൻെറ സഹായം ഇതിനായി ലഭ്യമാക്കാവുന്നതാണ്.

7. സാമൂഹ്യസുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് നിയമപരമായ നടപടികളും ബോധവൽക്കരണവും ആവശ്യമാണ്.

8. മദ്യനിരോധനം വ്യാപകമാക്കുകയും, നിയമങ്ങൾ കാര്യക്ഷമമാക്കുകയും വേണം.

9. സ്ത്രീകൾ കൂട്ടായി ജോലി ചെയ്യുന്ന സ്ഥലങ്ങളിൽ ശുചിത്വം, ശിശുപരിപാലനം ഇവയ്ക്ക് പ്രത്യേക സൗകര്യങ്ങൾ നൽകണം.

10. ഇപ്പോൾ പ്രവർത്തിച്ചുവരുന്ന സ്വയം സഹായ ഗ്രൂപ്പുകൾ CBCS ഗ്രൂപ്പുകളാക്കി മാറ്റണം. കൂടാതെ പഞ്ചായത്തിലെ ദരിദ്ര കുടുംബങ്ങളിൽപ്പെട്ട മുഴുവൻ വനിതകളേയും ഉൾപ്പെടുത്തത്തക്കവിധം CBCS യൂണിറ്റികളുടെ എണ്ണം വർദ്ധിപ്പിയ്ക്കണം. ഇതുവഴി സ്ത്രീകളുടെ കൂട്ടായ്മ ഉറപ്പാക്കാൻ കഴിയും.

11. CBCS ഗ്രൂപ്പുകൾ DWCRAയൂണിറ്റുകൾ ആക്കുന്നതു വഴി തൊഴിൽ രഹിതരായ കൂടുതൽ സ്ത്രീകൾക്ക് തൊഴിലവസരം ലഭ്യമാക്കാം

12. അംഗൻവാടികളുടെ പോരായ്മ പരിഹരിയ്ക്കുന്നതിന് അടിയന്തിര ശ്രദ്ധയും പ്രാധാന്യവും നൽകണം.

13. തൊഴിൽ ചെയ്യാൻ താല്പര്യമുള്ള വനിതകൾക്കും സ്വയം തൊഴിൽ സംരംഭകർക്കും തൊഴിൽ പരിശീലനം നൽകണം. നിലവിലുള്ള TRYSEM പദ്ധതി എണ്ണത്തിൽ അപര്യാപ്തമാണ്.

14. സ്ത്രീകൾക്ക് പുതിയ തൊഴിൽ സാധ്യതകൾ ലഭ്യമാക്കുന്നതിനായി പഞ്ചായത്ത് നിലവാരത്തിൽ കേന്ദ്രീകൃതശ്രമം നടത്തണം. ഹോംനഴ്സിംഗ്, പച്ചക്കറികൃഷി, കേറ്ററിംഗ്, മുയൽവളർത്തൽ, ശുചീകരണപ്രവർത്തനങ്ങൾ, ചെരുപ്പ് നിർമ്മാണം തുടങ്ങിയ മേഖലകളിൽ പരിശീലനം നൽകാവുന്നതാണ്.

15. അശ്ലീല പോസ്റ്ററുകൾ, പരസ്യങ്ങൾ ഇവ കർശനമായി നിരോധിയ്ക്കണം.

16, സ്ത്രീധന സമ്പ്രദായം ഇല്ലാതാക്കുന്നതിനും മറ്റ് പൊതു നിയമങ്ങൾ പഠിയ്ക്കുന്നതിനും ബോധവൽക്കരണക്ലാസുകൾ സംഘടിപ്പിയ്ക്കണം.

17. DWCRA യൂണിറ്റുകൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടാക്കണം.

18. CBCS ഗ്രൂപ്പുകൾക്ക് DRDA ൽ നിന്ന് മാച്ചിംഗ് ഗ്രാൻറ് ലഭ്യമാക്കണം.

19. ഇപ്പോൾ പ്രവർത്തനക്ഷമമല്ലാത്ത വനിതാ സഹകരണ സംഘം പുനഃരുജ്ജീവിപ്പിച്ച് കാര്യക്ഷമമാക്കണം.

പുരുഷനും സ്ത്രീയും തുല്യ
പദവിയുള്ളവരാണ്. പക്ഷെ
ഐക്യരൂപ്യമുള്ളവരല്ല.
അവർ പരസ്പരാനുബന്ധരായ ഒരു
അനുപമയുഗ്മമാണ്.

മഹാത്മാഗാന്ധി

സഹകരണം

ഇന്ത്യയിൽ സഹകരണ പ്രസ്ഥാനത്തിന്റെ ഉദയം 1904-ൽ ആണ്. കടഭാരം കൊണ്ട് കഷ്ടപ്പെടുന്ന കർഷകനും കൃഷിനാശം കൊണ്ട് നട്ടെല്ലൊടിഞ്ഞ കാർഷിക സമ്പദ്ഘടനയ്ക്കും സമാശ്വാസം എന്ന നിലയിൽ സർക്കാർ മുൻകൈ എടുത്താണ് സഹകരണ പ്രസ്ഥാനം ആരംഭിച്ചത്. നമ്മുടെ പഞ്ചായത്തിൽ 1924ൽ രൂപം കൊണ്ട പാണാവള്ളി സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് ഇന്നു നിലവിലുള്ളതിൽ ആദ്യത്തേതാണ്. 1925ൽ 1249-ാം നമ്പർ സർവ്വീസ് സഹകരണ ബാങ്ക് രൂപം കൊണ്ടു. ഇവ രണ്ടും ചെറിയ വായ്പാ സഹകരണ സംഘളായാണ് ആരംഭിച്ചത്. സഹകരണപ്രസ്ഥാനത്തിന്റെ നവീകരണത്തോടൊപ്പം വളർന്ന് ഇവ രണ്ടും ഇന്നത്തെ നിലയിലെത്തിയതാണ്. 1953ൽ പുച്ചാക്കൽ കയർ വ്യവസായസഹകരണ സംഘവും 1961ൽ ആന്നലത്തോടു സഹകരണ സംഘവും ആരംഭിച്ചു. 1968ൽ പാണാവള്ളി കൈത്തറി വ്യവസായ സഹകരണസംഘവും തുടങ്ങി. ക്ഷീരവ്യവസായ സഹകരണ സംഘങ്ങളും പട്ടികജാതി സഹകരണസംഘവും കയർ മാറ്റസ് ആൻറ് മാറ്റിംഗ് സൊസൈറ്റിയും ഹൗസിംങ് സഹകരണസംഘവും പിന്നീട് രൂപീകൃതമായി. ഇവയുടെ ഇന്നത്തെ അവസ്ഥ പട്ടിക 1ൽ കൊടുത്തിരിക്കുന്നു.

പ്രശ്നങ്ങൾ

1. കാർഷിക വികസനത്തിന്റെ മുഖ്യ ഘട്ടങ്ങളിൽ ഒന്നു കൃഷിയാവശ്യങ്ങൾക്ക് യഥാസമയം മതിയായ അളവിൽ ലളിതമായ വ്യവസ്ഥയിൽ കുറഞ്ഞ പലിശയ്ക്ക് വായ്പ ലഭിക്കുക എന്നുള്ളതാണ്. ഈ കാര്യങ്ങളൊന്നും തന്നെ സർവ്വീസ് സംഘങ്ങളെക്കൊണ്ട് ഇന്ന് നടത്തുവാൻ കഴിയുന്നില്ല.

2. വിത്ത്, വളം, കീടനാശിനി തുടങ്ങിയവ സംഭരിച്ചു കൃഷിക്കാർക്ക് എത്തിച്ചുകൊടുക്കാനുള്ള പ്രധാന ഏജൻസിയാണ് സഹകരണസംഘങ്ങൾ. എന്നാൽ ഇതൊന്നും ഇന്ന് കാര്യക്ഷമമായി നടക്കുന്നില്ല.

3. വിലപിടിപ്പുള്ള കാർഷികോല്പന്നങ്ങൾ സംഘം വാങ്ങി കൃഷിക്കാർക്ക് കുറഞ്ഞ വാടകയ്ക്ക് നൽകുന്നതിനുള്ള യാതൊരു നടപടിയും ഇല്ല.

4. കാർഷികോല്പന്നങ്ങളിൽ നാമമാത്രമായ കൊപ്രാസംഭരണം മാത്രമാണ് ഇപ്പോൾ നടക്കുന്നത്. എല്ലാത്തരം കാർഷികോല്പന്നങ്ങളും സംഭരിച്ചും സംസ്ക്കരിച്ചും വിപണനം ചെയ്യേണ്ടത് സർവ്വീസ് സഹകരണങ്ങളുടെ പ്രാഥമിക ചുമതലയാണ്. ഇതൊന്നും ഇപ്പോൾ നടക്കുന്നില്ല.

5. ഉപഭോക്തൃ സാധനങ്ങളുടെ വിതരണം കാര്യമായി നടക്കുന്നില്ല. പൊതുവിപണിയിലെ വില നിയന്ത്രിച്ചു നിർത്തുവാൻ ഇത് ഏറ്റവും ആവശ്യമായിരിക്കെ ഈ ഉപേക്ഷ കുറ്റകരമാണ്.

6. നബാർഡ് തുടങ്ങിയ ഏജൻസികളിൽനിന്നു കൃഷിക്കും അനുബന്ധമായ കാര്യങ്ങൾക്കും ലഭിക്കുന്നതിനെക്കുറഞ്ഞ പലിശനിരക്കിലുള്ള വായ്പകൾ വാങ്ങി സംഘങ്ങൾ വിതരണം ചെയ്യുന്നില്ല. ഇതുമൂലം 13.5%ൽ താഴെ മാത്രം വരുന്ന പലിശ നിരക്ക് ഇപ്പോൾ 18%നും മുകളിലാണ്.

7. മുൻകാലങ്ങളിൽ തീരെ കുറവായ ഭൂഉടമകളെമാത്രം ഉദ്ദേശിച്ചുരൂപംകൊണ്ട സർവ്വീസ് സഹകരണ സംഘങ്ങൾ ഭൂനിയമം നടപ്പിലാക്കിയതോടെ ചെറുകിട നാമമാത്ര കർഷകർക്കുകൂടി വായ്പ നൽകേണ്ടിവന്നപ്പോൾ ഉൾക്കൊള്ളേണ്ട അംഗങ്ങളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു. ഇതോടെ ചെറുകിട വ്യവസായികൾ, വ്യാപാരികൾ, ദാരിദ്ര്യരേഖയ്ക്കു താഴെ ഉള്ളവർ മുതലായവരെ എല്ലാം ഇന്ന് സർവ്വീസ്സഹകരണസംഘങ്ങളുടെ സേവനപരിധിക്കുള്ളിൽ കൊണ്ടുവന്നിട്ടുണ്ട്. ഇതുമൂലം പഞ്ചായത്ത് തലത്തിലുള്ള പ്രായപൂർത്തിയായ എല്ലാവർക്കും അംഗത്വം നൽകി പ്രവർത്തനങ്ങൾ വിപുലീകരിക്കേണ്ടതുണ്ട്. അർഹരായവരുടെ ഒരു ചെറിയപങ്കിനു മാത്രമേ ഇന്ന് സർവ്വീസ് സഹകരണസംഘങ്ങളുടെ സേവനങ്ങൾ ലഭിയ്ക്കുന്നുള്ളു.

8. പഞ്ചായത്തതിർത്തിയിൽ കോമേർഷ്യൽ ബാങ്കുകൾ ഒന്നും തന്നെ പ്രവർത്തിയ്ക്കുന്നില്ല അതുകൊണ്ട്പഞ്ചായത്തിലെസാമ്പത്തിക സ്രോതസ്സുകൾ പൂർണ്ണമായി സമാഹരിക്കപ്പെടുന്നില്ല.

പട്ടിക 1

പാണാവള്ളി പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങളെ സംബന്ധിച്ചുള്ള വിവരങ്ങൾ (സംഘം രേഖ)

ക്രമ നമ്പർ	പേര്	രജിസ്റ്റർ ചെയ്ത വർഷം	അംഗങ്ങളുടെ എണ്ണം	പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം (ലക്ഷം)	വായ്പകൾ		വി ല്പ ന (ലക്ഷം)	നിക്ഷേപം (ലക്ഷം)	റിമാർക്ക്സ്
					ബാക്കിനില്പു തുക (ലക്ഷം)	വിതരണം ചെയ്തത് (ലക്ഷം)			
1	പാണാവള്ളി S.C.B. No. 901	1924	4610	10.00	61.15	33.37	17.20	222.00	
2	പാണാവള്ളി S.C.B. No. 1249	1925	3210	8.6	78.00	90.23	-	116.00	
3	പുച്ചാക്കൽ കയർവ്യവസായം -14	1953	854	7.30	-	-	5.0	-	
4	ആന്നലത്തോട് C.V.C.S. - 336	1961	658	4.50	-	-	-	-	
5	തളിയാപറമ്പ് C.V.C.S. - 720	1986	392	0.9	-	-	-	-	
6	പട്ടികജാതി S.C.S. No. 795	1984	732	1.7	1.00	-	-	0.12	
7	തളിയാപറമ്പ് ക്ഷീരോല്പാദനം A-65	1987	287	0.03	-	-	11.50	-	
8	പുച്ചക്കൽ ക്ഷീരോല്പാദനം A-170	1989	193	0.04	-	-	7.20	-	
9	തൃച്ചാറ്റുകുളം ക്ഷീരോല്പാദനം A-176	1989	213	0.02	-	-	8.00	-	
10	പാണാവള്ളി കയർ മാറ്റ്സ് ആൻറ് മാറ്റിംഗ് സംഘം No. 520	1980	133	0.92	100.00	-	-	-	

9. വർഷത്തിൽ ഒരിക്കൽ പൊതുയോഗങ്ങളിൽ പങ്കെടുക്കുന്നതൊഴിച്ചാൽ സംഘകാര്യങ്ങളിൽ ജനപങ്കാളിത്തമില്ല. പൊതുയോഗങ്ങളിൽപോലും 10%ൽ താഴെ ആളുകൾ മാത്രമാണ് പങ്കെടുക്കുന്നത്.

10. തത്വദീക്ഷയില്ലാത്ത വായ്പാവിതരണം മൂലം കൃഷിക്കാർ പ്രായേണ കടക്കെണിയിൽ കുടുങ്ങിക്കിടക്കുന്നു.

11. വായ്പയുടെ വിനിയോഗം സംബന്ധിച്ച് നിയന്ത്രണങ്ങളോ പരിശോധനാസമ്പ്രദായമോ ഇല്ല.

12. കയർപിരി മേഖലയിലുള്ള ചെറിയൊരു ശതമാനം ആളുകളെ മാത്രമേ കയർ സഹകരണ സംഘങ്ങൾക്ക് ഉൾക്കൊള്ളുവാൻ കഴിഞ്ഞിട്ടുള്ളു.

13. നിലവിലുള്ള കയർ സഹകരണ സംഘങ്ങളിൽ പുച്ചാക്കൽ കയർ സംഘം ഒഴികെ മറ്റു രണ്ടും കാര്യമായി പ്രവർത്തിക്കുന്നില്ല.

14. സംഘങ്ങളുടെ തൊണ്ടഴുക്കൽ പരിപാടി ഏതാണ്ട് നിലച്ച മട്ടിലാണ്. ഈ മേഖലയിൽ തൊഴിലാളികളെ കിട്ടാൻ ബുദ്ധിമുട്ടാണ്.

15. ചില കുടുംബങ്ങളിൽ മാത്രമാണ് കൈത്തറിനെയ്ത്ത് ഇന്നു നിലവിലുള്ളത്. ഇവരെ കേന്ദ്രീകരിച്ചു മാത്രമാണ് കൈത്തറിസംഘം പ്രവർത്തിക്കുന്നത്.

16. ഉല്പന്നങ്ങളുടെ വൈവിധ്യവൽക്കരണമോ പുതിയ സാങ്കേതിക വിദ്യകളോ ഈ രംഗത്തു പ്രയോഗിക്കുവാൻ സംഘം മുൻകൈ എടുക്കുന്നില്ല.

11. പാലിന് ഇന്നു മതിയായ വില കർഷകർക്ക് നൽകുവാൻ സംഘങ്ങൾക്കു കഴിയുന്നില്ല.

18. സംഭരിക്കുന്നതിൽ 80% പാലും മിൽമയ്ക്ക് നൽകുന്നതുകൊണ്ടുംമിൽമവില നിശ്ചയിച്ചിരിക്കുന്നതു കൊണ്ടും സംഘങ്ങൾക്കു പ്രവർത്തനസ്വാതന്ത്ര്യമില്ല.

19. കാലിത്തീറ്റ, പോഷകാഹാരങ്ങൾ, വൈദ്യസഹായം,മുതലായമേഖലകളിൽ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ല.

20. നല്ലയിനം പശുക്കളെ വാങ്ങി വിതരണം ചെയ്യുക,കറവ വറ്റിയ പശുക്കളെയും കാളക്കിടാക്കളെയും വില്പന നടത്തുക തുടങ്ങിയ കാര്യങ്ങൾക്ക് സംഘങ്ങളുടെ സേവനം ലഭിക്കുന്നില്ല.

21. പശുക്കളെ വാങ്ങി വളർത്തുന്നതിനും തൊഴുത്ത്, വളക്കുഴി, ഗോബർഗ്യാസ് എന്നിവ നിർമ്മിക്കുന്നതിനും വായ്പ നൽകുക. മറ്റു സംഘടിത പ്രവർത്തനങ്ങൾ നടത്തുക തുടങ്ങിയവയൊന്നും സംഘങ്ങൾ ചെയ്യുന്നില്ല.

22. വീട് വയ്ക്കുന്നതിനുള്ള ജനങ്ങളുടെ ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ ഹൗസിങ് സഹകരണസംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.

23. പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി സഹകരണസംഘത്തിന്റെപ്രവർത്തനം തീരെ മന്ദഗതിയിലാണ്. പവർടില്ലർ, സ്പ്രേയറുകൾ, പമ്പുസെറ്റുകൾ എന്നിങ്ങനെ സംഘത്തിന് ലഭിച്ചിരിക്കുന്ന യന്ത്രോപകരണങ്ങൾ ഇപ്പോൾ പ്രവർത്തനരഹിതമാണ്.

24. SC/ST വിഭാഗങ്ങൾക്ക് മെച്ചപ്പെട്ട തൊഴിലും ജീവിതസൗകര്യങ്ങളും നൽകുന്നതിനു സംഘത്തിനു നേരിട്ടു ആരംഭിച്ചു നടത്തുവാൻ കഴിയുന്ന പല പദ്ധതികളും ഇന്ന് നിലവിലുണ്ട്. ഇവ ഒന്നും തന്നെ സംഘം ഏറ്റടുത്ത് നടത്തുന്നില്ല.

25. വനിത, മത്സ്യബന്ധനം, ഉപഭോക്തൃ മേഖല, ഖാദി ഗ്രാമവ്യവസായം എന്നീ മേഖലകളിൽ സഹകരണസംഘം പ്രവർത്തിക്കുന്നില്ല.

26. ബ്ലോക്കടിസ്ഥാനത്തിലുണ്ടായിരുന്ന ലേബർ കോൺട്രാക്ട് സൊസൈറ്റിയുടെ പ്രവർത്തനം നിലച്ചു.

27. ഈ പഞ്ചായത്തിലുള്ള സ്ക്കൂൾ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ല.

സാദ്ധ്യതകൾ

1. കുറഞ്ഞ പലിശയ്ക്ക് നബാർഡിൽനിന്നും കിട്ടുന്ന കൃഷിയ്ക്കും അനുബന്ധമായ കാര്യങ്ങൾക്കും ഉള്ള വായ്പകൾ വ്യാപകമായി വിതരണം ചെയ്യണം.

2. ആൾജാമ്യവായ്പകൾ ദീർഘകാലത്തക്കുള്ള പിൻതുടർച്ചാബോണ്ടുകളും പോലുള്ള വായ്പകൾ ക്യാഷ് ക്രെഡിറ്റുകൾ, ക്രെഡിറ്റ് കാർഡ് സമ്പ്രദായത്തിലുള്ള വായ്പകൾ തുടങ്ങിയവ ഏർപ്പെടുത്തിക്കൊണ്ടുള്ള വായ്പാവിതരണ സമ്പ്രദായം രൂപീകരിക്കണം. കാർഷികാവശ്യങ്ങളുടെ കാലം കണക്കിലാക്കി വായ്പ വിതരണം ചെയ്യണം.

3. ജൈവവളങ്ങളുംരാസവളങ്ങളും, കീടനാശിനികളും നല്ലയിനം വിത്തുകളും നടീൽ വസ്തുക്കളും സംഘം ശേഖരിച്ചു വിതരണം ചെയ്യണം.

4. വിലപിടിപ്പുള്ള കാർഷികഉപകരണങ്ങൾ സർവ്വീസ് സഹകരണസംഘങ്ങൾ വാങ്ങി കുറഞ്ഞ നിരക്കിൽകൃഷിക്കാർക്ക്വാടകയ്ക്കു കൊടുക്കേണ്ടതാണ്.

5. കൊപ്രാ സംഭരണം വിപുലമാക്കണം.

22. വീട് വയ്ക്കുന്നതിനുള്ള ജനങ്ങളുടെ ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ ഹൗസിങ് സഹകരണസംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.

23. പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന പട്ടികജാതി സഹകരണസംഘത്തിന്റെപ്രവർത്തനം തീരെ മന്ദഗതിയിലാണ്. പവർടില്ലർ, സ്പ്രേയറുകൾ, പമ്പുസെറ്റുകൾ എന്നിങ്ങനെ സംഘത്തിന് ലഭിച്ചിരിക്കുന്ന യന്ത്രോപകരണങ്ങൾ ഇപ്പോൾ പ്രവർത്തനരഹിതമാണ്.

24. SC/ST വിഭാഗങ്ങൾക്ക് മെച്ചപ്പെട്ട തൊഴിലും ജീവിതസൗകര്യങ്ങളും നൽകുന്നതിനു സംഘത്തിനു നേരിട്ടു ആരംഭിച്ചു നടത്തുവാൻ കഴിയുന്ന പല പദ്ധതികളും ഇന്ന് നിലവിലുണ്ട്. ഇവ ഒന്നും തന്നെ സംഘം ഏറ്റടുത്ത് നടത്തുന്നില്ല.

25. വനിത, മത്സ്യബന്ധനം, ഉപഭോക്തൃ മേഖല, ഖാദി ഗ്രാമവ്യവസായം എന്നീ മേഖലകളിൽ സഹകരണസംഘം പ്രവർത്തിക്കുന്നില്ല.

26. ബ്ലോക്കടിസ്ഥാനത്തിലുണ്ടായിരുന്ന ലേബർ കോൺട്രാക്ട്റ്റ് സൊസൈറ്റിയുടെ പ്രവർത്തനം നിലച്ചു.

21. ഈ പഞ്ചായത്തിലുള്ള സ്ക്കൂൾ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമല്ല.

സാധ്യകൾ

1. കുറഞ്ഞ പലിശയ്ക്ക് നബാർഡിൽനിന്നും കിട്ടുന്ന കൃഷിയും അനുബന്ധമായ കാര്യങ്ങൾക്കും ഉള്ള വായ്പകൾ വ്യാപകമായി വിതരണം ചെയ്യണം.

2. ആൾജാമ്യ വായ്പകൾ ദീർഘകാലത്തേക്കുള്ള പിൻതുടർച്ചാബോണ്ടുകളും പോലുള്ള വായ്പകൾ ക്യാഷ് ക്രെഡിറ്റുകൾ, ക്രെഡിറ്റ് കാർഡ് സമ്പ്രദായത്തിലുള്ള വായ്പകൾ തുടങ്ങിയവ ഏർപ്പെടുത്തി വായ്പാവിതരണ സമ്പ്രദായം രൂപീകരിക്കണം. കാർഷികാവശ്യങ്ങളുടെ കാലം കണക്കിലാക്കി വായ്പ വിതരണം ചെയ്യണം.

3. ജൈവവളങ്ങളും രാസവളങ്ങളും, കീടനാശിനികളും നല്ലയിനം വിത്തുകളും മടിൽ വസ്തുക്കളും സംഘം ശേഖരിച്ചു വിതരണം ചെയ്യുന്നു.

4. വിലപിടിപ്പുള്ള കാർഷികഉപകരണങ്ങൾ സർവ്വീസ് സഹകരണസംഘങ്ങൾ വാങ്ങി കുറഞ്ഞ നിരക്കിൽ കൃഷിക്കാർക്ക് വാടകയ്ക്കു കൊടുക്കേണ്ടതാണ്.

5. കൊപ്രാ സംഭരണം വിപുലമാക്കണം. ജനകീയാസൂത്രണ പരിപാടി നടപ്പിലാക്കുന്നതിനോടു പഞ്ചായത്തിലുൽപ്പാദിപ്പിക്കപ്പെട്ട വിവിധ കാർഷികോല്പന്നങ്ങൾ, സഹകരണ ബാങ്കുകൾ സംഭരിച്ച് വിതരണം നടത്തണം.

6. തേങ്ങയുടെ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിന് ആവശ്യമായ യൂണിറ്റുകൾ സ്ഥാപിക്കണം.

7. പഞ്ചായത്തിലെ വിവിധ സ്ഥലങ്ങൾ ഉപഭോക്തൃസാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള സ്റ്റാളുകൾ സ്ഥാപിക്കണം.

8. സംഘങ്ങൾ കൂടുതൽ ബ്രാഞ്ചുകളും സർവീസ് സെൻററുകളും തുറന്ന് പ്രവർത്തിയ്ക്കണം.

9. ഇന്നത്തെ നിലയിൽ എല്ലുവരേയും ഉൾക്കൊള്ളിച്ചു കൊണ്ട് പ്രവർത്തിയ്ക്കുവാൻ പഞ്ചായത്തിലുള്ള രണ്ട് സംഘങ്ങൾക്ക് കഴിയണം.

10. ഒരു പഞ്ചായത്തിൽ നാലോ അഞ്ചോ സംഘങ്ങൾ രൂപീകരിക്കുവാനുതകുന്ന രീതിയിൽ സഹകരണമേഖലയിൽ നയവ്യതിയാനം ആവശ്യമാണ്. പഞ്ചായത്തതിർത്തിയിലുള്ള എല്ലാ കുടുംബങ്ങളിൽ നിന്നും നിക്ഷേപസമാഹരണം നടത്തുന്നതിനുള്ള സമഗ്രമായ ഒരു പരിപാടി സംഘങ്ങൾ നടപ്പാക്കേണ്ടതാണ്.

11. അയൽ കൂട്ടങ്ങൾ ഗ്രാമസഭകൾ തുടങ്ങിയവ സംഘടിപ്പിച്ച് പഞ്ചായത്തു പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തം ഉറപ്പവരുത്തുന്നതുപോലെ സഹകരണ സംഘങ്ങളുടെ അംഗങ്ങളുടെ ചെറിയ ഗ്രൂപ്പുകൾ സംഘടിപ്പിച്ച് സംഘപ്രവർത്തനങ്ങളിൽ അംഗങ്ങളുടെ പ്രവർത്തനം ഉറപ്പു വരുത്തണം.

12. തിരിച്ചടവിനുള്ള കഴിവ് കണക്കാക്കാതേയുള്ള, വായ്പ നൽകുന്നത് കൊണ്ടുള്ള വരുമാനവർദ്ധവും സമ്പത്ത് വളർച്ചയും തിട്ടപ്പെടുത്താതെയും, യാന്ത്രികമായി വായ്പനൽകുന്നതു കൊണ്ട്, തനതായ സാമ്പത്തികാസൂത്രണമില്ലാതെയും കുടുംബങ്ങൾ കടക്കെണിയിൽപ്പെട്ട് പോകുന്നു. ഇതിന് ശരിയായ വായ്പാസൂത്രണം ആവശ്യമാണ്. വായ്പയുടെ വിതരണം, വിനിയോഗം, തിരിച്ചടവ് എന്നിവയെല്ലാം ശാസ്ത്രീയമായി ഈ ആസൂത്രണത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

13. അർഹരായവർക്കെല്ലാം അംഗത്വ നൽകുന്നതിനുള്ള മെമ്പർഷിപ്പു ക്യാമ്പയിൻ ആവശ്യമാണ്.

14. കയറുപിരി മേഖലയിലുള്ള മുഴുവൻ പേരേയും കയർ സംഘങ്ങളിൽ ഉൾപ്പെടുത്തി പ്രവർത്തനം വിപുലീകരിക്കണം.

15. അംഗങ്ങൾക്ക്വർഷംമുഴുവൻ പണികിട്ടുന്നതിന് ആവശ്യമായ നടപടികൾ കയർ സഹകരണ സംഘങ്ങൾ സ്വീകരിക്കണം.

16. കയർ സഹകരണ സംഘങ്ങളിൽ തൊണ്ട് അടിക്കുന്നതിനും ചകിരിയലിയിക്കുന്നതിനുമുള്ള യന്ത്രങ്ങൾ സ്ഥാപിക്കണം.

17. യന്ത്രവൽകൃത കയർ യൂണിറ്റുകൾ വ്യാപിപ്പിക്കുകയും അവയ്ക്കുള്ള വൈദ്യുതി സൗജന്യ നിരക്കിൽ നൽകുകയും വേണം.

18. കൈത്തറിസംഘം ഉല്പന്ന വൈവിധ്യവൽക്കരണത്തിന് ആവശ്യമായ യന്ത്രവല്ക്കരണവും നടപ്പിലാക്കണം.

19. കൈത്തറിമേഖലയിലുള്ള തൊഴിലാളികൾക്ക് വിദഗ്ധ പരിശീലനം നൽകണം.

20. പാലിന്ഉല്പാദനച്ചിലവുമായി ബന്ധപെടുത്തിയുള്ള വിലവേണം മിൽമ നിശ്ചയിക്കവാൻ. സംഭരിക്കുന്നപാലിൽപകുതിയെങ്കിലും പ്രാദേശികമായി വില്ക്കാനുള്ള സ്വാതന്ത്ര്യം സംഘങ്ങൾക്ക് ലഭിക്കണം.

21. മതിയായ അളവിൽ കാലിത്തീറ്റ പോഷകാഹാരങ്ങൾ മുതലായവ സംഘങ്ങൾ വിതരണം ചെയ്യണം.

22. സംഘാംഗങ്ങൾക്ക് ശരിയായവണ്ണം വൈദ്യ സഹായം ലഭിക്കുന്നതിനുള്ള ഏർപ്പാടുകൾ മുൻ കൈ എടുത്ത് ചെയ്യണം.

23. നല്ലയിനം പശുക്കളെ വാങ്ങി വിതരണം ചെയ്യുന്നതിന് സംഘങ്ങളിൽ ഏർപ്പാടുണ്ടാക്കണം.

24. കറവവറ്റിയ പശുക്കളെയും കാളക്കുട്ടികളെയും വിൽപന നടത്തുന്നതിനും ശരിയായ വില കിട്ടുന്നതിനും ആവശ്യമായ ഏർപ്പാടുകൾ സംഘം ചെയ്യണം

25. ക്ഷീരകർഷകർക്ക് നല്ലയിനം പശുക്കളെ വാങ്ങാൻ, തൊഴുത്ത് വളക്കുഴി, ഗോബർഗ്യാസ് പദ്ധതി സ്ഥാപിക്കാനും കറവയില്ലാത്ത കാലത്തു പശുക്കളുടെ സംരക്ഷണചെലവിനും കുറഞ്ഞ പലിശനിരക്കിൽ വായ്പ നൽകണം.

26. പഞ്ചായത്തതിർത്തിയിൽ കൂടുതൽ ഹൗസിങ്ങ് സഹകരണ സംഘങ്ങൾ സ്ഥാപിക്കണം സംഘങ്ങളുടെ പ്രവർത്തനം വ്യാപകമാക്കുകയും വേണം.

27. പട്ടികജാതി പട്ടികവർഗ്ഗ സഹകരണസ സംഘത്തിന്റെ പ്രവർത്തനം വ്യാപകമാക്കണം.

28. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് മെച്ചപ്പെട്ട തൊഴിലും വരുമാനവും ലഭിക്കത്തക്കവിധമുള്ള വ്യവസായ സംരംഭങ്ങൾ തുടങ്ങണം.

29. വനിതകൾക്കായി പ്രത്യേക സഹകരണ സംഘങ്ങൾ രൂപീകരിക്കണം. വില്പനശാലകൾ ഉല്പാദന കേന്ദ്രങ്ങൾ തുടങ്ങിയവയെല്ലാം ഇതിന്റെ കീഴിൽ ആരംഭിച്ചു നടത്തണം.

30. പഞ്ചായത്തു തലത്തിൽ ഒരു ലേബർ കോൺട്രാക്റ്റു സൊസൈറ്റി രൂപീകരിക്കണം.

31. നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിനുള്ള ഉപഭോക്തൃ സഹകരണ സംഘങ്ങൾ രൂപീകരിക്കണം.

32. ഖാദിഗ്രാമവ്യവസായങ്ങൾ നടത്തുന്നതിലേയ്ക്ക് വ്യവസായ സഹകരണ സംഘങ്ങൾ രൂപീകരിച്ച് നടത്തണം.

33. സ്ക്കൂൾ സഹകരണ സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണം.

34. പഞ്ചായത്തിലോ പട്ചായത്ത് ഉൾക്കൊണ്ട തൈക്കാട്ടുശ്ശേരി ബ്ലോക്കിലോ നാളികേര സംസ്ക്കാരവിപണന സഹകരണ സംഘം രൂപീകരിക്കണം.

35. ഒരു മത്സ്യത്തൊഴിലാളി സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കണം.

സഹകരണമേഖലയ്ക്ക് സാമ്പത്തിക സമൂഹ്യ മണ്ഡലങ്ങളിൽ കഴിയുന്ന സേവനങ്ങൾ അനന്തമാണ് അജ്ഞാതമാണ്. ഈമേഖലയിലെ സാധ്യതയുടെ ചെറിയ അംശം മാത്രമേ ഇന്ന് പഞ്ചായത്തിൽ പ്രയോജനപ്പെടുത്തിയിട്ടുള്ളു. കാര്യക്ഷമമായ ഒരുഅനൗദ്യോഗിക നേതൃത്വം ഈ മേഖലയിൽ രൂപപ്പെടുത്തിയെടുക്കേണ്ടതുണ്ട്. സർക്കാരിന്റെ വിവിധ പദ്ധതികളുമായി സഹകരണമേഖല കെട്ടുപിണഞ്ഞുകിടക്കുന്നു.കാർഷികവികസനബാങ്ക്, ജില്ലാസകരണബാങ്ക് കേരഫെഡ്, മത്സ്യഫെഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ പദ്ധതികളുമായി ഈപഞ്ചായത്തിലെപ്രവർത്തനങ്ങളെ കൂട്ടിയിണക്കേണ്ടതുണ്ട്.

"സഹകരണം
ഒരു ജീവിതചര്യയാണ്."

-പണ്ഡിറ്റ് ജവഹർ ലാൽ നെഹ്രു.

പാണാവള്ളി ഗ്രാമപഞ്ചായത്ത് വികസനരേഖ

5
10

(അനുബന്ധം)

സഹകരണം

(37) (പേജ് 66–ൽ തുടർച്ച)

1 സഹകരണ നിയമത്തിൽ അർഹരായവർക്കു് അംഗത്വം കിട്ടുന്നതിനു് ചിലവ്യവസ്ഥകളും ഉണ്ടെങ്കിലും സ്ഥാപിത താല്പര്യം വച്ചുകൊണ്ടു് അംഗത്വത്തിനുള്ള അവസരങ്ങളും നിഷേധിക്കുന്ന പ്രവണത നിലവിലുണ്ടു്. ഇതു് സഹകരണതത്വത്തിനുതന്നെ എതിരാണു്. ഇതിനു് ഫലപ്രദമായ നടപടികളും വേണം.

2 കോഴിവളർത്തു്, താറാവു് വളർത്തു്, സെറികൾച്ചർ എന്നീ മേഖലകളിൽ സഹകരണ സംഘങ്ങളും രൂപീകരിച്ചു് ഈ മേഖലകളും കാര്യക്ഷമമാക്കണം.

3 ടാക്സി, ഓട്ടോ, ഡ്രൈവറന്മാർക്കു് സ്വന്തമായി വാഹനങ്ങളും വായ്പാടിസ്ഥാനത്തിൽ നൽകുന്നതിനു് ടാക്സി, ഓട്ടോ, ഡ്രൈവേഴ്സു് സഹകരണ സംഘം രൂപീകരിക്കണം.

4 വീടുകളും, ഗൃഹോപകരണങ്ങളും റിപ്പയർ ചെയ്യുന്നതിനു് മേൽനോൻസു് നടത്തുന്നതിനും, ബന്ധപ്പെട്ട തൊഴിലാളികളെ ഉൾക്കൊള്ളിച്ചു് പൂച്ചാക്കൽ കേന്ദ്രമാക്കി സഹകരണസംഘം രൂപീകരിച്ചു് പ്രവർത്തിക്കണം.

5. 11. പട്ടികജാതി പട്ടികവർഗ്ഗക്ഷേമം

പഞ്ചായത്തിൽ ഇനിപറയുന്ന പട്ടിക ജാതി പട്ടികവർഗ്ഗ ജനങ്ങൾ അധിവസിച്ചിരുന്നു. പുലയർ,. വേലർ, പറയർ,. ഉള്ളാടൻ, കുറവർ,വേലപ്പണിക്കർ എന്നിവരാണ് പ്രമുഖമായും ഇവിടെ ഉള്ളത്. പട്ടികജാതിയിലെ ഭൂരിഭാഗവും കാർഷിക മേഖലയിൽ പ്രവർത്തിക്കുന്നവരാണ്. കാർഷിക മേഖലയുടെ അടിസ്ഥാനശിലകൾ ഇവരായിരുന്നു. മറൊരു വിഭാഗം പട്ടികവർഗ്ഗത്തിൽപെട്ട, നാടൻ വള്ളംപണി , പ്രകൃതി വിഭവശേഖരണം, തഴപ്പായ നെയ്ത്ത് തുടങ്ങിയ ജോലികളിൽ വ്യാപരിച്ചിരുന്നവരാണ്. മറൊരു വിഭാഗം മുറം, കുട്ട മുതലായ ഉപകരണങ്ങൾ നിർമ്മിക്കുന്നവരാണ്, നമമാത്രമായ മറൊരു വിഭാഗം കുടുംബങ്ങൾ കക്കാനീറ്, ഓലക്കുട നിർമ്മാണം തുടങ്ങിയ തൊഴിലുകളിൽ ഏർപ്പെട്ടിരുന്നു. സമൂത്തിലെ ഏറവും അടിത്തട്ടിൽ വന്നുപെട്ട ഇവർക്ക് ഒരുകാലത്ത് പ്രാഥമിക മനുഷ്യാവകാശങ്ങൾ പോലും നിഷേധിക്കപ്പെട്ടിരുന്നു. അയിത്താചരണത്തിന്റെ പീഡനങ്ങൾ ഏറവും കൂടുതൽ അനുഭവിച്ചവർ ഇവർ തന്നെയാണ്. വിചിത്രമെന്നുപറയട്ടെ ഈ വിഭാഗങ്ങൾ തമ്മിൽപോലും രൂക്ഷമായ ജാതിപര വിഭാഗീയത നിലനിന്നിരുന്നു. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ആ കാലഘട്ടത്തിന്റെ മുഖമുദ്രയായിരുന്നു.

കേരളത്തിലുടനീളം ഉണ്ടായ സാമൂഹിക സാംസ്ക്കാരിക രാഷ്ട്രീയ നവോത്ഥാന പ്രവർത്തനങ്ങളുടെ ഫലമായി ഈ സമ്പ്രദായങ്ങളിൽ കാതലായ മാറ്റങ്ങൾ വന്നുകഴിഞ്ഞിട്ടുണ്ട്. എന്നാൽ സാമൂഹിക ജീവിതത്തിന്റെ മുഖ്യധാരയിൽ ഈ വിഭാഗം ലയിച്ചുചേരത്തക്കവിധം ഇവരെ ഉയർത്തിക്കൊണ്ടുവരുന്നതിന് സമഗ്രമായ കർമ്മപരിപാടികൾ ഇനിയും ആവിഷ്കരിക്കേണ്ടിയിരിക്കുന്നു.

പട്ടിക ജാതി പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ പഞ്ചായത്തുതല സ്ഥിതിവിവര കണകുകൾ
പട്ടികജാതി. പട്ടിക. 1. (1991 സെൻസസ്)

വാർഡ്	1	2	3	4	5	6	7	8	9	10	11
ആൺ	131	81	181	98	181	70	259	99	199	251	52
പെൺ	125	100	185	102	183	83	272	119	223	258	58
ആകെ	256	181	366	200	364	153	531	218	422	509	110

പട്ടിക വർഗ്ഗം പട്ടിക 2. (1991 സെൻസസ്)

വാർഡ്	1	2	3	4	5	6	7	8	9	10	11
ആൺ	-	-	-	-	-	11	-	99	-	-	-
പെൺ	-	-	-	-	-	8	-	119	-	-	-
ആകെ	-	-	-	-	-	19	-	218	-	-	-

കഴിഞ്ഞ പഞ്ചവത്സര പദ്ധതിക്കാലത്ത് പട്ടിക ജാതി പട്ടിക വകുപ്പിൽ നിന്നും നടപ്പാക്കിയ കണക്കുകൾ.ചുവടെ ചേർക്കുന്നു.

ക്രമ നമ്പർ	പദ്ധതിയുടെ പേര്	ധനസഹായം ലഭിച്ചവരുടെ എണ്ണം	നൽകിയ ധനസഹായത്തുക
1	സംയോജിത ഭവനനിർമ്മാണ ഗ്രാന്റ്	5	53000
2	ഭൂരഹിത ഭവനരഹിതപുനരധിവാസപദ്ധതി	4	68000
3	KHDP ഭവന നിർമ്മാണഗ്രാന്റ	13	151200
4	കെട്ടിമേച്ചിൽ ഗ്രാന്റ്	14	2800
5	വിവാഹ ധനസഹായ ഗ്രാന്റ്	19	38000
6	ചികിത്സാ ധനസഹായം	4	3000
7	മിശ്രവിവാഹ ഗ്രാന്റ്	4	8000

പഞ്ചായത്തിൽ ലക്ഷം വീട് കോളനികൾക്ക് പുറമെ പ്രധാനമായും മൂന്നു കോളനികൾ ഹരിജന ഗിരിജനങ്ങൾക്കായി പ്രത്യേകം സ്ഥാപിച്ചിട്ടുണ്ട്. പൊറ്റെത്തറ IHDP കോളനി, മുട്ടത്ത് കടവ് IHDP കോളനി, പൊയ്ക്കാട് ഗിരിജൻ കോളനി എന്നിവയാണ് അവ. മൊത്തം 234 കുടുബങ്ങളാണ് ഉള്ളത്. കുടിവെള്ളം, വൈദ്യുതി, കക്കൂസ് ഇവ ഈ കോളനികളിൽ പൂർണ്ണമായി എത്തിയിട്ടില്ല.

പാണാവള്ളി പഞ്ചായത്തിൽ പട്ടിക ജാതി സർവ്വീസ് സഹകരണ സംഘം എന്ന പേരിൽ ഒരു സഹകരണ സംഘം പ്രവർത്തിയ്ക്കുന്നുണ്ട് മുഖ്യമായും വായ്പാവിതരണ പ്രവർത്തനങ്ങളാണ് സംഘം നടത്തുന്നത് ഒരു ലക്ഷം രൂപയോളം വായ്പാ ഇനത്തിൽ പിരിഞ്ഞു കിട്ടാനുള്ളത് കുടിശിഖ ആയതിനാൽ വായ്പാ പ്രവർത്തനം മന്ദഗതിയിലാണ്. സർക്കാരിന്റെ ധനസഹായത്തോടെ പവർ ടില്ലർ, പമ്പുസെറ്റുകൾ മുതലായവ അംഗങ്ങളുടെ തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിന് നൽകിയിട്ടുണ്ടെങ്കിലും ഈ യന്ത്രോപകരണങ്ങൾ പ്രവർത്തന രഹിതമാണ്. ഫല ത്തിൽ സംഘത്തിന്റെ സേവനങ്ങൾ ഇന്ന് നാമ മാത്രമാണ്. താലൂക്കടിസ്ഥാനത്തിൽ പട്ടികവർഗ്ഗ സഹകരണ സംഘം പ്രവർത്തിയ്ക്കുന്നുണ്ട്. എങ്കിലും ആ സംഘത്തിന്റെ പ്രവർത്തനം ഏറെക്കുറെ നിലച്ചിരിക്കുന്നു. ഫലത്തിൽ പട്ടിക ജാതി പട്ടികവർഗ്ഗവിഭാഗങ്ങളെ കേന്ദ്രീകരിച്ചു കൊണ്ട് സഹകരണ മേഖലയിൽ കാര്യമായ പ്രവർത്തനങ്ങളൊന്നും നടക്കുന്നില്ല.

ഗ്രാമസഭാതലത്തിൽ ഉയർന്നുവന്ന ആവശ്യങ്ങൾ താഴെപ്പറയും പ്രകാരം ആകുന്നു. പാർപ്പിടം,കുടിവെള്ളം, വൈദ്യുതി, കക്കൂസ് എന്നിവ പട്ടിക ജാതി പട്ടകവർഗ്ഗങ്ങളുടെ പൊതുവായ ആവശ്യമാണ്. ഈ കാര്യങ്ങൾ അതതു വിഷയങ്ങളിൽ വിലയിരുത്തി നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുള്ളതാണ്.

പ്രശ്നങ്ങൾ

1.പലകാരണങ്ങൾ കൊണ്ടും ഈ വിഭാഗം വിദ്യാർത്ഥികളുടെ പഠനനിലവാരം പൊതു നിലവാരത്തിൽ നിന്നും താഴെയാണ്. സെക്കൻററി തലത്തിൽ മെച്ചപ്പെട്ട വിദ്യാഭ്യാസം നിലവാരം കൈവരിയ്ക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേ ഉന്നത വിദ്യാഭ്യാസം കാര്യക്ഷമമായി നടത്തുവാൻ കഴിയുകയുള്ളു.

2.പരമ്പരാഗത തൊഴിലുകളായ കാർഷികവൃത്തി, മത്സ്യബന്ധനം,തഴപ്പായ് നെയ്ത്ത് കുട്ട നിർമ്മാണം തുടങ്ങിയ പണികളിൽ തന്നെ ഇവരെ തളച്ചിടാതെ പുതിയ തൊഴിൽ മേഖലകളിലേയ്ക്ക് ഉയർത്തിക്കൊണ്ട് വരേണ്ടതുണ്ട്.ഇതിനാവശ്യമായ തൊഴിൽ പരിശീലനവും, തൊഴിൽ സംരംഭങ്ങളും ആവശ്യമാണ്.

3.പണച്ചിലവേറിയ ആചാരാനുഷ്ഠാനങ്ങളും പലവിധ അന്ധവിശ്വാസങ്ങളും ഈ വിഭാഗത്തിന്റെ സാമൂഹിക പുരോഗതിക്ക് ഇപ്പോഴും തടസ്സമായി നിൽക്കുന്നു. മറ്റു വിഭാഗങ്ങളിലെന്നപോലെ തന്നെ സ്ത്രീധന സമ്പ്രദായം വർദ്ധിച്ചു വരികയാണ്. ഇവയെല്ലാം ഫലപ്രദമായി നിയന്ത്രിക്കുന്നതിന് ആവശ്യമായ ബോധവൽക്കരണവും സാമൂഹിക പ്രവർത്തനങ്ങളും നടത്തേണ്ടതാണ്.

4. കോളനി സമ്പ്രദായത്തെക്കുറിച്ച് ഒരു പുനർ വിചിന്തനം ആവശ്യമാണ്.സാമൂഹ്യജീവിതത്തിന്റെ മുഖ്യധാരയിൽ ഈ വിഭാഗക്കാർ ലയിച്ചു ചേരുന്നതിന് കോളനി സമ്പ്രദായം തടസ്സമാണോ എന്ന് പരിശോധിക്കേണ്ടതുണ്ട്.

സാദ്ധ്യതകൾ

1. പട്ടിക ജാതി പട്ടികവർഗ്ഗത്തിൽപ്പെട്ട മുഴുവൻ പേർക്കും വാസയോഗ്യമായ ഭവനങ്ങൾ ലഭ്യമാക്കുക.

2. വീടുകൾക്കെല്ലാം ശുദ്ധജലം, വൈദ്യുതി, കക്കൂസ് എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തുക. വ്യാപകമായി കക്കൂസുകൾ നിർമ്മിക്കുന്നതുമൂലം കിണറുകളിൽ മലിനജലം ഉത്ഭവിക്കുന്നു എങ്കിൽ പൊതുവായി കിണറുകൾ നിർമ്മിക്കുക.

3. പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പൊതുനിലവാരത്തിൽ എത്തുന്നതിനാവശ്യമായ പദ്ധതികൾ പഞ്ചായത്ത് വിദ്യാഭ്യാസ കോംപ്ലക്സിനോടനുബന്ധിച്ച് നടപ്പിലാക്കുക. വിദ്യാർത്ഥികളുടെ ഭവനങ്ങളിൽ അനുപേക്ഷണീയ മായ പഠനസൗകര്യങ്ങൾ ഉറപ്പ് വരുത്തണം.

4. പരമ്പരാഗതമായ തൊഴിലുകൾ പരിപോഷിപ്പിക്കുന്നതിനാവശ്യമായ പരിശീലനം നൽകുന്നതിനോടൊപ്പം പുതിയ സാങ്കേതിക വിദ്യകളിൽ പരിശീലനം നൽകുകയും വേണം. വസ്ത്രനിർമ്മാണം, ചെരുപ്പ്നിർമ്മാണം, കുടനിർമ്മാണം, ബാഗ്നിർമ്മാണം, ഫോട്ടോഗ്രാഫി, ഭക്ഷ്യസംസ്ക്കരണം, ടയർ റീട്രേഡിംഗ്, ബുക്ക് ബൈൻറിംഗ് എന്നിവയിൽ പരിശീലനം നൽകുന്നത് അഭികാമ്യമാണ്. കുടാതെ മരപ്പണി, കൽപ്പണി,

ഇരുമ്പുപണി തുടങ്ങിയ തൊഴിൽ സാധ്യതയുള്ള മേഖലകളിൽ പരിശീലനം നൽകേണ്ടതാണ്.

5. സർക്കാരിന്റെ വിവിധ പദ്ധതി പ്രകാരം നൽകിയിട്ടുള്ള സഹായങ്ങളോടും ബന്ധപ്പെട്ട്, ഈ വിഭാഗത്തിലുള്ള അനവധി ആളുകൾ കടബാദ്ധ്യതയിൽ മുങ്ങിയിരിക്കുകയാണ്. ഈ കടബാദ്ധ്യത പരിഹരിച്ച് എടുത്തെങ്കിൽ മാത്രമേ പുതിയ പദ്ധതികളിൽ ഉൾപ്പെടുത്താൻ സാധിക്കുകയുള്ളു. ഇതിന് പ്രത്യേകം സർവ്വേ നടത്തിയും, പഠനം നടത്തിയും പരിഹാരമാർഗ്ഗം കണ്ടെത്തണം.

6. സാമൂഹ്യവികസനവുമായി ബന്ധപ്പെട്ട് നടപ്പാക്കുന്ന ക്ഷേമപദ്ധതികളെക്കുറിച്ചുള്ള സാമാന്യമായ അറിവെങ്കിലും ഇവർക്കുണ്ടാകേണ്ടതാണ്. ഇതിനായി സർക്കാരിന്റെ എല്ലാ ക്ഷേമപ്രവർത്തനങ്ങളും, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിന് പ്രത്യേകമായുള്ള പദ്ധതികളും വിശദമാക്കുന്ന ലഘുലേഖകൾ പ്രസിദ്ധീകരിക്കണം.

7. സാമ്പത്തികമായ വളർച്ച ലക്ഷ്യം വെച്ചുകൊണ്ടുള്ള പ്രവർത്തനത്തോടൊപ്പം ആവശ്യമായ ബോധവൽക്കരണവും നടത്താൻ പദ്ധതികൾ ആസൂത്രണം ചെയ്യണം.

8. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പണിയായുധങ്ങൾ വീട്ടുപകരണങ്ങൾ, വളർത്തുമൃഗങ്ങൾ, വളർത്തുപക്ഷികൾ എന്നിവ സൗജന്യമായി നല്കേണ്ടതാണ്.

9. പഞ്ചായത്തിന്റെ 1, 3, 6, 7, 8, 10, 11 വാർഡുകളിലുള്ള കോളനി നിവാസികൾക്ക് ഭവന നിർമ്മാണത്തിനും, വൈദ്യുതി, കക്കൂസ്, ശുദ്ധജലം എന്നിവ എത്തിക്കുന്നതിനും റോഡുകൾ നിർമ്മിക്കുന്നതിനും വിപുലമായ പദ്ധതി ആവിഷ്ക്കരിക്കണം.

10. പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസനിലവാരം ഉയർത്തുന്നതിനുവേണ്ടി പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും സാമ്പത്തികമായി പിന്നോക്കം നില്ക്കുന്ന വിദ്യാർത്ഥികൾക്കും പ്രത്യേകം വിദ്യാലയം താലൂക്ക് അടിസ്ഥാനത്തിൽ രൂപീകരിക്കണം.

"അയിത്തം ഹിന്ദുമതത്തിന്റെ ഭാഗമല്ലെന്നു മാത്രമല്ല, ഓരോ ഹിന്ദുവും നശിപ്പിക്കാൻ ശ്രമിക്കേണ്ട പ്ലേഗ് കൂടിയയാണത്.

"മഹാത്മാഗാന്ധി

പാണാവള്ളി ഗ്രാമപഞ്ചായത്ത് വികസനരേഖ

5
11

(അനുബന്ധം)

പട്ടികജാതി പട്ടികവർഗക്ഷേമം

(പേജ് 70–ൽ തുടർച്ച)

(11) 1 പഞ്ചായത്ത് നിലവാരത്തിൽ വിന്നോക്ക വിഭാഗങ്ങളുടെ ഒരു Co-ordination Centre രൂപീകരിക്കണം വിവിധവിഭാഗങ്ങളുടെ പ്രാതിനിധ്യം ഉറപ്പാക്കണം.

2 കോളനികളിലെ വീടുകൾ നിർമ്മിക്കുന്നതിനു് അവശ്യ നിർമ്മാണ സാമഗ്രികൾ പഞ്ചായത്ത്തലത്തിലുള്ള ഒരുകമ്മറ്റി നേരിട്ട് എത്തിച്ച് കൊടുക്കണം.

3 കോളനികളിലെ സ്ഥലത്തിന്റെ വിസ്തീർണ്ണം 4 സെൻറിൽ കൂടുതലാക്കണം കോളനി നിവാസികൾക്ക് തൊഴിൽ ഉറപ്പാക്കണം.

4 I. H. D. P. കോളനികളിൽ താമസിക്കുന്ന ഇതരജനവിഭാഗങ്ങൾക്കും കൂടി പ്രയോജനം കിട്ടത്തക്കരീതിയിൽ പദ്ധതികൾ രൂപീകരിക്കണം.

5 കോളനികളിൽ ശുദ്ധജലവും, വൈദ്യുതിയും എത്തിക്കണം.

6 കോളനി കമ്മറ്റികൾ സജീവമാക്കണം.

7 I. H. D. P. കോളനികൾ നിലനിർത്തുകയും. ലക്ഷംവീടുകളുടെ ശോചനീയാവസ്ഥ പരിഹരിക്കുകയും തൊഴിൽ സാദ്ധ്യതകൾ വർദ്ധിപ്പിക്കുകയും ചെയ്യണം.

8 പട്ടികജാതി വർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കു് ആവശ്യമായ നിർമ്മാണ ശാലകളും, സൊസൈറ്റികളും സ്ഥാപിക്കണം ഉല്പന്നങ്ങൾ വിറ്റഴിക്കുവാൻ സംവിധാനമുണ്ടാക്കണം.

9 പഞ്ചായത്ത് നിലവാരത്തിൽ ഹരിജൻ വനിത സഹകരണ സംഘം ഉണ്ടാക്കണം.

10 സഹകരണ സ്ഥാപനങ്ങളിൽ പട്ടികജാതി–വർഗ്ഗ വിഭാഗങ്ങൾക്കു് പ്രാതിനിധ്യം ഉറപ്പാക്കണം.

11 പട്ടികജാതി–വർഗ്ഗ വിഭാഗത്തിൽപ്പെട്ടവനിതകൾക്കായി പഞ്ചായത്തിൽ ഒരു ഫീലിംഷെഡ് നിർമ്മിക്കണം.

12 പട്ടികജാതി–വർഗ്ഗത്തിൽപ്പെട്ടവർക്ക് കിട്ടുന്ന ലോണുകളും മറ്റ് ആനുകൂല്യങ്ങളും കാര്യക്ഷമമായി വിതരണം ചെയ്യണം.

13 ഹരിജൻ സംവരണ വാർഡായ 11–ാം വാർഡ് I. H. D. P. കോളനിയായി പ്രഖ്യാപിക്കണം,

തിരുത്ത്

1 പേജ് 34–ൽ ആദ്യത്തെ വിദ്യാലയം 1913–ൽ ആരംഭിച്ചു എന്നത് 1897–ൽ തൃച്ചാറ്റുകുളം രാമങ്കുളത്ത് പുരയിടത്തിൽ എന്നാക്കി തിരുത്തുന്നു. അതാണ് ഇന്നത്തെ LPG (പെൺപള്ളിക്കൂടം) സ്കൂൾ.

2 പേജ്4–ൽ സാമൂഹ്യ സാംസ്ക്കാരിക ചരിത്രം–ധീവരസമുദായവും പരമ്പരയായി ഈ ഗ്രാമത്തിലുണ്ട്.

3 പേജ് 5–ൽ ആരാധനാലയങ്ങളുടെ പട്ടികയിൽ വാഴത്തറവെളി ക്ഷേത്രം, കാരുപ്പോഴിക്ഷേത്രം, ഒടമ്പള്ളി ശ്രീകണ്ഠാകർണ്ണക്ഷേത്രം, ചേലാട്ടുഭാഗം അന്നപൂർണ്ണേശ്വരീക്ഷേത്രം, പുരാതനമായ അരങ്കശേരി തയ്കാവ് എന്നിവയും ഉൾപ്പെടുന്നു, പുന്നപ്രവയലാർ സമരം 1932–ൽ എന്നത് 1946–ൽ എന്ന് തിരുത്തുന്നു.

അധഃസ്ഥിതവർഗ്ഗവിമോചകനും, കേരളത്തിലെ സാമൂഹ്യപരിഷ്കർത്താക്കളിൽ പ്രമുഖസ്ഥാനീയനുമായി ശ്രീ അയ്യൻകാളിയും പാണാവള്ളി സന്ദർശിച്ചിട്ടുണ്ട്. പുത്തൻ തുറയിലും, മാതനാട്ടും നടന്ന അയിത്ത വിരുദ്ധസമ്മേളനത്തിൽ അദ്ദേഹം പങ്കെടുക്കുകയും, അയിത്തത്തിനും, അനാചാരങ്ങൾക്കും എതിരെ നടന്ന സാമൂഹ്യപ്രക്ഷോഭണങ്ങൾക്ക് നേതൃത്വം നൽകിയ കാര്യവും കൂടി പാണാവള്ളിയുടെ സാമൂഹ്യചരിത്ര ഭാഗത്തിൽ ഉൾപ്പെടുത്തുന്നു.

4 പേജ് 58–ൽ

'വിശക്കുന്ന മനുഷ്യാ പുസ്തകം കയ്യിലെടുത്തോളൂ' എന്ന് തിരുത്തുന്നു.

5 പേജ് 29–ൽ 20–ാം നമ്പരായി കാണിച്ചിട്ടുള്ള കായൽ പുറമ്പോക്ക് സർവ്വേനമ്പർ 266/1 ആണ്.

വിഭവസമാഹരണം

നമ്മുടെ പഞ്ചായത്ത് സാന്ദ്രത്തികമായ വളരെ പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണ് ആണ്. വൻകിട വ്യവസായങ്ങളൊന്നും ഈ പഞ്ചായത്തിലില്ല. ഒരു കാലത്ത് സമൃദ്ധമായിരുന്ന കാർഷികമേഖലഇന്ന് തളർച്ചയുടെ പടു കുഴിയിലാണ്. പഞ്ചായത്തിന്റെ 1995-'96-ലെ വരവ് - ചെലവ് കണക്ക് ചുവടെചേർക്കുന്നു.

വരവ് 1995-96

ഇനം	പിരിച്ചത്	റിമാർക്ക്സ്
കെട്ടിടനികുതി	184869 - 22	
സർവ്വീസ് ചാർജ്	90341 - 95	
തൊഴിൽ നികുതി	116485 - 00	
വാഹന നികുതി	92311 - 00	
വിനോദനികുതി	19259 - 50	
അഡീ: വിനോദനികുതി	12063 - 07	
പ്രദർശനനികുതി	4065 - 00	
പ്രദർശനനികുതിയിൻമേലുള്ള സർചാർജ്	1017 - 00	
ചന്തപിരിവ്	825 - 00	
ലാൻസെസ്സ്	966 - 00	
ലൈസൻസ് ഫീസ്	8426 - 25	
കെട്ടിട നികുതി സർചാർജ്	103 - 00	
വസ്തുകൈമാറ്റ നികുതി 75%	31380 - 00	
വസ്തുകൈമാറ്റ നികുതി 25%		
സർക്കാർ ഗ്രാൻറുകളും മറ്റു ഒഴികെ മറ്റു വരവ്	22898 - 50	
സംഭാവന		
ഡപ്പോസിറ്റ്	11541 - 70	
മറ്റുള്ളവ	8581 - 01	
ആകെ	605133 - 26	

ചെലവ് സംബന്ധിച്ച വിവരങ്ങൾ

ഇനം	തുക
ഭരണം	448480
പൊതുമരാമത്തം	15 151
വിദ്യഭ്യാസം	9598
ജലവിതരണം,ഓടകൾ പൊതുജനാരോഗ്യം	20345
തെരുവുവിളക്കുകൾ കത്തിയ്ക്കുന്നത്	56266
മറ്റുള്ളവ	3 4 09
ആകെ	1066549

മേൽചേർത്ത പട്ടികയിൽ നിന്ന് പഞ്ചായത്തിന്റെ ശോചനീയമായ നില മനസ്സിലാക്കാവുന്നതാണ്. പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതോടെ പഞ്ചായത്തിന്റെ പ്രവർത്തനമേഖല വിപുലപ്പെട്ടിട്ടുണ്ട്.പദ്ധതി വിഹിതത്തിന്റെ 35-40% വരെ പഞ്ചായത്തുകൾക്ക് ഉപാധിരഹിത ഫണ്ടു ആയി നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്. കൂടുതലായി ജീവനക്കാരെ വിട്ടുകിട്ടുന്നതുകൊണ്ട് ചെലവിൽ വർദ്ധനവും ഉണ്ടാകും. മേൽചേർത്ത കാര്യങ്ങളിൽ വ്യക്തമായ താരുമാനങ്ങൾ ഉണ്ടാകുമ്പോൾ മാത്രമേ പഞ്ചായത്തിന്റെ വരവു ചെലവുകൾ ശരിയായി ബഡ്ജറ്റ് ചെയ്യുവാൻ സാദിക്കുകയുള്ളു.

നിലിവലുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിന് താഴെ പറയുന്ന മാർഗ്ഗങ്ങൾ സ്വീകരിക്കാവുന്നതാണ്.

1. കെട്ടിടനികുതി ഇനത്തിലുള്ള വരുമാനം 1,84,869 രൂപയാണ്. 1998 - 99 വർഷം മുതൽ നികുതി വർദ്ധന പ്രാബല്യത്തിൽ വരും. ഇങ്ങനെ വർദ്ധിക്കുമ്പോൾ വരും പിഴവുകൾ കെട്ടിട നികുതി നിരക്കുകളിൽ കെട്ടിട നികുതി ഈടാക്കണം.

2. പണച്ചെലവ് ഏറിയതുംവലിപ്പംകൂടിയതുമായ കെട്ടിടങ്ങൾ നിർമ്മിക്കുന്നവരിൽ നിന്നും ഒരു നിശ്ചിത നിരക്കിൽ നികുതി ഈടാക്കി വരുമാനം വർദ്ധിപ്പിക്കണം.

3. സൗജന്യ ഗ്രൂപ്പ് ഇൻഷ്വറൻസ് വിവിധ വിഭാഗം തൊഴിലാളികൾക്ക് ഏർപ്പെടുത്തുകയും അതിൽഅംഗത്വം എടുക്കുന്നവരിൽ നിന്നും തൊഴിൽ നികുതി വാങ്ങുകയും ചെയ്യണം.

4. ബാനറുകൾ,പോസ്റ്ററുകൾ മുതലായവ പ്രതർശിപ്പിക്കുന്നതിന് പഞ്ചായത്ത് ടാക്സ് ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്യണം

5. പുതിയ മാർക്കറ്റുകൾ സ്ഥാപിക്കുകയും നിലവവിലുള്ളവ വികസിപ്പിക്കുകയും ചെയ്യുമ്പോൾ അതുവഴി വരുമാന വർദ്ധനവ് ഉണ്ടാകും

6. വസ്തു കൈമാറ്റ നികുതി വിഹിത അതാതു വർഷം തന്നെ പഞ്ചായത്തുകൾക്ക് ലഭിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തണം.

1.കായൽ പുറമ്പോക്കുകളിൽ ചെമ്മീൻ വാറ്റുന്നതിനും, വളർത്തുന്നതിനും അനുയോജ്യമായ പ്രദേശങ്ങൾ ബണ്ടിട്ട് പ്ലോട്ടുകളായി തിരിച്ച് വർഷം തോരും ലേലം ചെയ്തു കൊടുക്കുന്നതിലൂടെ പഞ്ചായത്തിന് വരുമാനം വർദ്ധിക്കും.

8.തെങ്ങാ സംസംക്കരിക്കുന്നതിനുള്ള പൊതുക്കളങ്ങൾ, ലാൻറിങ്ങ് സെൻററുകൾ, പച്ചക്കറി -മത്സ്യ ബങ്കുകൾ മുതലായവ സ്ഥാപിക്കുന്നതു വഴി വരുമാനം വർദ്ധിക്കാവാൻ സാധ്യത ഉണ്ട്.

9. പാണാവള്ളി-പെരമ്പളം ഫെറി സർവ്വീസ് ലേലം ചെയ്തു കൊടുക്കുന്നതിലൂടെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

10. പുച്ചാക്കൽ കംഫർട്ട് സ്റ്റേഷൻ സ്ഥാപിക്കാൻ നിർദേശം ഉണ്ട്.ഇതിന്റെ ലേലത്തിലൂടെ വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

11. റൂറൽ ഡവലപ്പ്മെൻറ് കോർപ്പറേഷനിൽ

നിന്നുള്ള ധനസഹായം ഉപയോഗിച്ച് മേൽപ്പറഞ്ഞ മാർക്കറ്റുകൾ,ബങ്കുകൾ,കംഫർട്ട് സ്റ്റേഷൻ മുതലായവ നിർമ്മിക്കാവുന്നതാണ്.

12. മുഴുവൻ ജനകീയാവശ്യങ്ങളും നിറവേറ്റാൻ സർക്കാർ സഹായം പൂർണ്ണമായി പ്രതീക്ഷിക്കാൻ സാദ്ധ്യമല്ല. ജനകീയാസൂത്രണത്തിന്റെ കാതലായ ഭാഗം ജനപങ്കാളിത്തമാണ്. പഞ്ചായത്തിലെ പ്രധാന വിഭവവും ജനശക്തി തന്നെ ജനശക്തി യഥാവിധി സംഘടിപ്പിച്ച് ശരിയായ വഴിയിൽ തിരിച്ച് വിട്ടാൽനേടാനാവത്തത് ഒന്നുമില്ല.

വികസന പ്രവർത്തനങ്ങളിൽ സന്നദ്ധപ്രവർത്തനങ്ങൾ അനിവാര്യമാണ്.

ആർഭാടങ്ങൾക്കായി അമിതമായി പണം ചെലവാക്കുന്ന ഒരു ജനതയാണ് നമ്മുടേത് ഉത്സവങ്ങൾ,വിശേഷദിവസങ്ങളിലെ ആഘോഷങ്ങൾ, വിവാഹം,മരണം എന്നിവയോടനുബന്ധിച്ചുള്ള ആർഭാടങ്ങൾ, പ്രാദേശികമായ ആഘോഷങ്ങൾ തുടങ്ങിയവക്കായി വൻതുകകളാണ് ഇപ്പോൾ ചിലവാക്കുന്നത് ഇതിലെ ഒരംശം വികസനപ്രവർത്തനങ്ങളിലേയ്ക്ക് തിരിച്ചു വിടുവാൻ നമുക്ക് കഴിയണം

12.കമ്മ്യൂണിറ്റി ഹാളിനോട് ചേർന്ന് പാചകപ്പുര നിർമ്മിച്ചും, പൈപ്പ് ലൈൻ നീട്ടിയും സൗകര്യം വർദ്ധിപ്പിച്ചും വിവാഹാവശ്യങ്ങൾക്ക് കൊടുത്തു വരുമാനം വർദ്ധിപ്പിക്കാം.

"അദ്ധ്വാനമാണ് ഏറ്റവും നല്ല പ്രാർത്ഥന"

സിസ്റ്റർ നിവേദിത

"സ്വാതന്ത്ര്യമെന്നത് ഇന്ത്യയിലെ ജനങ്ങളുടെ സ്വാതന്ത്ര്യമായിരിയ്ക്കണം. അത് അവരെ ഭരിയ്ക്കുന്നവരുടെ സ്വാതന്ത്ര്യമായിരിക്കരുത്. സ്വാതന്ത്ര്യം താഴെ നിന്നും ആരംഭിയ്ക്കണം "

മഹാത്മാഗന്ധി

6

ഉപസംഹാരം

സ്വാതന്ത്ര്യാനന്തരം നിലവിൽ വന്ന സർക്കാർ ക്ഷേമരാഷ്ട്രമെന്ന ലക്ഷ്യത്തിൽ ഊന്നൽ നല്കി വികസന പ്രക്രിയയെ ത്വരിതപ്പെടുത്തുവാനായി പഞ്ചവത്സര പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കി. കുറഞ്ഞ സമയം കൊണ്ട് കൂടുതൽ വികസനം എന്നതായിരുന്നു ഉദ്ദേശം. കേന്ദ്രീകൃതമായ വൻകിട വ്യവസായങ്ങൾ വഴി രാജ്യത്തെ വ്യവസായവൽകരിയ്ക്കാമെന്ന് നാം ആഗ്രഹിച്ചു. ശ്രമിച്ചു. ഒരളവോളം വിജയിച്ചു. പക്ഷെ നമുക്കു വേണ്ടതു ലഭിയ്ക്കാതെ പോയി. ഇതേ സമയം രാഷ്ട്ര പിതാവിന്റെ അഭിലാഷം വിസ്മ്രിക്കാതെ ഗ്രാമീണ വ്യവസായങ്ങൾക്കും വിവിധ പദ്ധതികളും, ഏജൻസികളും ഏർപ്പെടുത്തി. ഗ്രാമങ്ങളിൽ സ്വയം ഭരണ സ്ഥാപനങ്ങൾ എന്ന പേരിൽ നില നിന്നിരുന്ന പഞ്ചായത്തുകൾക്ക് മേല്പറഞ്ഞ പദ്ധതികളുമായി യാതൊരു ബന്ധവും ഉണ്ടായിരുന്നില്ല. അവ നികുതി പിരിയ്ക്കാനും, റോഡു വെട്ടാനും, ജനനവും മരണവും രേഖപ്പെടുത്തി സൂക്ഷിയ്ക്കാനും ഉള്ള സർക്കാർ വക ഏജൻസിയായി പ്രവർത്തിച്ചു വന്നു.

എന്നാൽ ഇന്ന് ഒരു പുനർ ചിന്തനം നടന്നിരിക്കുന്നു. സ്വയം ഭരണാധികാരത്തോടു കൂടിയ പഞ്ചായത്ത് രാജ് സംവിധാനം രൂപീകൃതമായിരിക്കുന്നു. ഗ്രാമസഭകളുടെ കർത്തവ്യം അതായാണ് വിവക്ഷിക്കപ്പെട്ടിരിക്കുന്നത്. വികസനം യാഥാർത്ഥമാക്കാൻ പഞ്ചായത്തിനും കഴിയും. ഇതു കൊണ്ട് ഉള്ള നേട്ടങ്ങൾ പലതാണ്. ആ പ്രദേശത്തിന്റെ ആവശ്യങ്ങൾ കണ്ടറിയാനും ലഭ്യമായ വിഭവങ്ങൾ ഏതൊക്കെ എന്ന് മനസ്സിലാക്കാനും പഞ്ചായത്തുകൾക്ക് സാധിക്കും. ലഭ്യമായ വിഭവങ്ങൾ പരമാവധി ഉപയോഗിച്ച് ആവശ്യങ്ങൾ നിറവേറ്റാൻ സഹായിക്കുന്ന കർമ്മപരിപാടിക്കു രൂപം നൽകാൻ സാധിക്കും

.ജനങ്ങൾ തീരുമാനിച്ച് ജനങ്ങൾക്കു വേണ്ടി ജനങ്ങൾ നടപ്പിലാക്കുന്ന പദ്ധതി ആയതു കൊണ്ട് ജന പങ്കാളിത്തം പൂർണ്ണ അർത്ഥത്തിൽ ഉറപ്പാക്കാൻ സാധിയ്ക്കും. വിവിധ ഏജൻസികളേയും, സന്നദ്ധ സംഘടനകളേയും ഏകോപിപ്പിച്ച് ലക്ഷ്യമിട്ട സമയത്തു തന്നെ പദ്ധതികൾ പൂർത്തിയാക്കാൻ എളുപ്പമാണ്. സന്നദ്ധ സംഘടനകളും, മറ്റു ഏജൻസികളും ചേർന്ന് നടത്തുന്ന പ്രവർത്തനങ്ങൾ നിരീക്ഷിക്കാനും ഗതി നിയന്ത്രണം ഫലപ്രദമായി സാധിക്കുവാനും വിലയിരുത്തുവാനും, പരിശോധിക്കുവാനും പ്രദേശിക സമിതികൾക്കു കഴിയും. ആസൂത്രണവും, നിർവ്വഹണവും, പരിശോധനയും ഗുണഭോക്താക്കാൾ തന്നെ നടത്തുന്നതുകൊണ്ട് എല്ലാ പ്രവർത്തനങ്ങളിലും സുതാര്യത സൂക്ഷിയ്ക്കുന്നതിലൂടെ അഴിമതിയും,ധൂർത്തും, ദുർവിനിയോഗവും തടയാനും കഴിയും. ജനകീയ ആസൂത്രണത്തിന്റെ ഈ പഞ്ചായത്തിലെ പ്രഥമ ഉൽപന്നമായ ഈ വികസന രേഖ തയ്യറാക്കിയിരിക്കുന്നതും മേൽപറഞ്ഞ മേൻമകൾ കണ്ടു കൊണ്ടാണ്. ഇതിലും സർക്കാരിന്റെ ആത്മാർത്ഥതയും ഇച്ഛാ ശക്തിയും ഒരു പ്രധാന ഘടകം ആണ്. പിന്നെ ലഭ്യമായ അധികാരങ്ങൾ വിനിയോഗിക്കുന്നതിനുള്ള പഞ്ചായത്തു സമിതിയുടെ തയ്യാറെടുപ്പ് മറ്റൊരു ഘടകം ആണ്. മാമൂൽ വിട്ട് ജനങ്ങൾ ഇത്തരമൊരു മാറ്റത്തിന് തയ്യാറാകുകയും വേണം. അങ്ങനെ ജനങ്ങളിലും, ജന പ്രതിനിധികളിലും വളർന്നു വരുന്ന പ്രതീക്ഷകൾക്കും, ഇച്ഛാശക്തിയ്ക്കും ഫല സിദ്ധിലഭിക്കട്ടെ എന്ന ആസംശയോടു കൂടി ഈ രേഖ ഇവിടെ ഉപസംഹരിയ്ക്കട്ടെ.

1. നിലവിലുള്ള ഉപഭോക്താക്കൾ
   a. ഗാർഹികം – 3702
   b. വ്യാപാരം – 360
   c. വ്യാവസായികം – 29
   d. കാർഷികം – 96

2. കണക്ഷൻ കൊടുക്കേണ്ടവ
   a. സാധാരണ 300
   b. OTP 60
   c. OYEC 50

3. അവസാനം നൽകിയ കണക്ഷന്റെ അപേക്ഷ തീയതി 30 – 9 – 92

4. സ്ട്രീറ്റ് ലൈറ്റുകളുടെ എണ്ണം
   a. ബൾബ് 40W – 185
      60W – 75
   b. ട്യൂബ് 11

5. ആകെ വൈദ്യുതീകരിച്ച ഹരിജൻ കോളനികൾ 2

6. തൻവർഷ കണക്ഷനുകൾ
   സാധാരണ 100
   OTP 100
   OYEC 100

7. സ്ട്രീറ്റ് ലൈറ്റ് പ്രതിമാസ ചെലവ് 3670രൂപ

1.	ആകെ ട്രാൻസ്ഫോർമറുകളുടെ ശേഷി	13
2.	ആകെ വാണിജ്യമേഖലയിലെ ഉപയോഗം	9%

പാചക ആവശ്യത്തിന് വിറക് ഉപയോഗിക്കുന്നവരാണ് ഗ്രാമത്തിലെഅധികം പേരും. ഇന്ധനാവശ്യത്തിനായി മരക്കഷ്ണങ്ങൾ, തെങ്ങോല, കൊതുമ്പ്, ചിരട്ട, മടൽ, നാളികേരതൊണ്ട് തുടങ്ങിയവയും L.P.G. ഗോബർ ഗ്യാസ്, വൈദ്യുതി എന്നിവയും ഉപയോഗിക്കുന്നു. ഒന്നുരണ്ടിടങ്ങളിൽ ഗോബർ ഗ്യാസ് സംവിധാനങ്ങൾ ഉണ്ടെങ്കിലുംഅവ പ്രവർത്തനക്ഷമമല്ല. L.P.G. ഗ്യാസ് സ്റ്റൗ ഉപയോഗം ഏറിവരുന്നുണ്ടെങ്കിലും ലഭ്യതയുടെ പരിമിതികൾ ഈ ദിശയിലുള്ള വളർച്ച മുരടിപ്പിക്കുന്നു. വിറകാവശ്യത്തിന് വൃക്ഷങ്ങൾ വെട്ടി നശിപ്പിക്കുന്നത് ഭീതിതമായ അനിവാര്യതയായി വളരുന്നു. അനൗപചാരിക സർവ്വെയിൽ നിന്ന് ഒരു മാസത്തെ പ്രതിശീർഷ വിറക് ഉപയോഗം 710 മെട്രിക് ടൺ ആണെന്ന് കാണുന്നു. ഇത് നാളികേരതൊണ്ടിന്റേയും ചിരട്ടയുടേയും വിറകാവശ്യത്തിനുള്ള അധിക ഉപയോഗം ആണ് ശ്രദ്ധിക്കപ്പെടേണ്ടത്. 40% ത്തിലേറെ ഇത്തരം ഇന്ധനവസ്തുക്കൾ പ്രത്യുൽപാദനപരമല്ലാത്ത മാർഗ്ഗത്തിൽ ചെലവഴിക്കുന്നു. 1112 ലിറ്റർ മണ്ണെണ്ണ കാർഷിക ആവശ്യത്തിന് പ്രതിമാസം ഉപയോഗിക്കുമ്പോൾ 10734 ലിറ്റർ മണ്ണെണ്ണ നാം ഗാർഹിക ഉപയോഗത്തിന് മാറ്റിവക്കുന്നു. പെട്രോൾ, ഡീസൽ ഇന്ധനങ്ങൾ വാഹനങ്ങൾക്ക് വേണ്ടിവരുമ്പോൾ അന്യസ്ഥലങ്ങളിൽനിന്നും അവ ഈ പഞ്ചായത്തിൽ കൊണ്ടുവരേണ്ടിവരുന്നു.പെട്രോൾ, ഡീസൽ എന്നിവക്കുവേണ്ടി അരൂർ, ചേർത്തല എന്നീ പ്രദേശങ്ങളെയാണ് മുഖ്യമായും നാം ആശ്രയിക്കുന്നത്.

പ്രശ്നങ്ങൾ

വോൾട്ടേജ് ക്ഷാമത്തെചൊല്ലി എല്ലാ വാർഡിലേയും ഗ്രാമസഭകളിൽ നിശിതമായ പരാതി ഉണ്ടായിരുന്നു. വഴിവിളക്കുകൾ, നിലവിലുള്ളവ പലതും പ്രകാശിക്കുന്നില്ല എന്നതാണ് സത്യം. L.T. ലൈനുകൾ വലിക്കുന്നതിനുള്ള അനുമതി ലഭ്യമാകാതിരിക്കുന്ന പ്രശ്നങ്ങൾ എല്ലാ വാർഡുകളിലും നിലനിൽക്കുന്നുണ്ട്. വഴിവിളക്കുകൾ പുതുതായി വേണ്ട സ്ഥലങ്ങൾ താഴെ വിവരിക്കുന്നു.

വാർഡ് സ്ഥാനം

1. കിണറ്റുകര കടവിൽ ലക്ഷംവീട് നീരാട്ടുകുളങ്ങര – കരീത്തറ മുട്ടുവഴി, ആന്നലത്തോട് പടിഞ്ഞാറോട്ടുള്ള വഴി.

2. തൃച്ചാറ്റുകുളം ചീപ്പുങ്കൽ റോഡ് വഴിവിളക്കുകൾ, തൃച്ചാറ്റുകുളം ക്ഷേത്രത്തിനു വടക്കുതൊട്ട് പുതിയ പാലം വരെ, ഇട വഴികളിൽ.

3. വാർഡിന്റെ ഉൾപ്രദേശങ്ങളിലേക്കുള്ള പൊതുവഴികളിലെല്ലാം വഴിവിളക്കു് സ്ഥാപിക്കുക.

4. തീരപ്രദേശമുൾപ്പടെ എല്ലാ പൊതുവഴികളിലും വഴിവിളക്ക് വേണം.

5. എല്ലാ പൊതുവഴികളിലും വഴിവിളക്ക് സ്ഥാപിക്കുക.

6. പൂച്ചാക്കൽ തോടിന്റെ ഇരുവശവും വഴിവിളക്കുകൾ സ്ഥാപിക്കുക.

7. വാഴത്തറ പ്രദേശം, അടിച്ചീരി താമരശ്ശേരി അട്ടവയൽ പ്രദേശം എന്നിവിടങ്ങളിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

സാദ്ധ്യതകൾ

1. ഗാർഹിക മേഖലയിൽ ഊർജ്ജ ഉല്പാദനത്തെപോലെതന്നെ ഊർജ്ജ സംരക്ഷണവും പ്രാധാന്യത്തോടെ കാണേണ്ടതുണ്ട്. ഇതിനായി എല്ലാ വീടുകളിലും രൂക്ഷതയേറിയ അടുപ്പുകൾ വിതരണം ചെയ്യപ്പെടേണ്ടതാവശ്യമാണ്. പ്രാദേശികമായി ലഭ്യമാകാവുന്ന ചെളി ഉപയോഗിച്ചുള്ള അടുപ്പു നിർമ്മാണം തന്നെ നടത്താവുന്നതാണ്. നാലു കന്നുകാലികളെങ്കിലും ഉള്ള വീടുകളിൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കണം. ഇത്തരുണത്തിൽ കമ്മ്യൂണിറ്റി ബയോഗ്യാസകളെക്കുറിച്ചും ആലോചിക്കാവുന്നതാണ്.

2. സൗരതാപവിനിയോഗം പരമാവധി വർദ്ധിപ്പിക്കണം.

3. പാരമ്പര്യേതര ഊർജ്ജ ശ്രോതസ്സുകളുടെ ഉപയോഗം കണ്ടെത്താൻ ശ്രമിക്കണം. ഗാർഹിക ആവശ്യങ്ങൾക്കും വ്യാവസായിക ആവശ്യങ്ങൾക്കും വൈദ്യുതി ലഭ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കണം.

4. ലൈൻ ടച്ചിംഗ് വെട്ടിമാറ്റൽ ഉൾപ്പടെ ഊർജ്ജ സംരക്ഷണ പരിപാടികൾ ആവിഷ്ക്കരിക്കണം.

5. അനെർട്ടിന്റെ സഹായത്തോടെ സൗരവിളക്കുകൾ പൊതുവഴികളിൽ നിർമ്മിക്കണം.

6. അനെർട്ടിന്റെ സൗര ടെലിവിഷൻ പൊതുസ്ഥലങ്ങളിൽ സ്ഥാപിക്കണം.

7. കാർഷിക ജൈവമാലിന്യങ്ങൾ ഉപയോഗിച്ച് തയ്യാറാക്കുന്ന വറളികളുടെ നിർമ്മാണം കുടിൽ വ്യവസായമായി പ്രോത്സാഹിപ്പിക്കണം.

8. പല വാർഡുകളിലും വൈദ്യുതീകരണത്തിനു തടസ്സം കൺസെന്റ് പ്രശ്നമാണ്. ഇത് പരിഹരിക്കാൻ പഞ്ചായത്തുതല ഇടപെടൽ പരിശോധിക്കാവുന്നതാണ്.

9. 6- ാം വാർഡിൽ മുസ്ലീം പള്ളിക്കു സമീപം ട്രാൻസ്ഫോർമർ സ്ഥാപിക്കുക

10. കാട്ടുപുറം പള്ളി പെരുമ്പളം റോഡിൽ വൈദ്യുത ലൈനുകൾ സ്ഥാപിക്കുക. നിർദ്ദേശിക്കപ്പെട്ട നടപ്പാതകൾ വഴി വൈദ്യുതിലൈൻ വലിക്കുന്നതിനുള്ള നടപടി ഉണ്ടാകണം. അങ്ങിനെ ഒരു പരിധിവരെ ഉൾപ്രദേശത്തെ വീടുകളിൽ വൈദ്യുതി എത്തിക്കാൻ കഴിയും.

11. നിലവിലുള്ള സിങ്കിൾഫേസ് ലൈനുകൾ ത്രീഫേസ് ലൈനുകളാക്കി പ്രസരണശേഷി കൂട്ടുക.

12. വോൾട്ടേജ് ക്ഷാമം രൂക്ഷമായിട്ടുള്ള പ്രദേശങ്ങളിൽ കൂടുതൽ ശേഷിയുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

"2000-മാണ്ടാകുമ്പോഴേയ്ക്കും നമുക്ക് ആവശ്യമുള്ള ഭക്ഷണം ഉണ്ടാക്കാൻ കഴിഞ്ഞേക്കും. പക്ഷെ അത് പാകം ചെയ്തു കഴിക്കാൻ നമുക്ക് സാധിച്ചില്ലെന്നു വരാം."

എം. എസ്. സ്വാമിനാഥൻ



saroja printers, aroor. ph : 0478-872265